ആരും തയാറായിട്ടില്ല എന്നതാണ് അനുഭവം. അദ്ദേഹം ചർക്കയും തക്കിളിയും കലപ്പയുമാണ് പറഞ്ഞത്. തീർച്ചയായും ഇന്ന് ലോകത്ത് തക്കിളിയും ചർക്കയും കലപ്പയുംവച്ച് മുന്നോട്ടുപോകാനാവില്ല. പക്ഷെ അദ്ദേഹം പറഞ്ഞ ആ തത്വം അധ്വാനത്തിലൂടെ, ഉൽപ്പാദനത്തിലൂടെ വേണം പുതിയ ബുദ്ധി വികസിപ്പിക്കേണ്ടതും, പുതിയ വിദ്യാഭ്യാസശൈലി രൂപീകരിക്കേണ്ടതും എന്നാണ്. ഇതുതന്നെയാണ് മാർക്സും പറഞ്ഞിട്ടുള്ളത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഇതിന്റെയൊക്കെ അടിസ്ഥാനത്തിലാണ് 1964-ൽ കോത്താരി കമ്മിഷനെ നിശ്ചയിച്ചത്. ആ കമ്മിഷൻ ആണ് നമ്മുടെ കരിക്കുലം 10+2 എന്ന രീതിയിലാക്കിയതും അതിനാവശ്യമായ സിലബസുണ്ടാക്കിയതും. പക്ഷെ അത് നടപ്പിലാക്കാൻ ശ്രമിച്ചപ്പോൾതന്നെ സ്വാഭാവികമായും അതിന്റെ സിലബസിൽ ഭാരം വർദ്ധിച്ചു, കരിക്കുലത്തിന്റെ ഭാരം വർദ്ധിച്ചു എന്നൊക്കെയുള്ള ആക്ഷേപമുണ്ടായി. അത് പരിഹരിക്കാൻ വേണ്ടിയാണ് 1977-ൽ ഈശ്വർഭായി കമ്മിറ്റിയെ നിയമിച്ചത്. ആ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചുവെങ്കിലും അന്നത്തെ ഭരണാധികാരികൾക്ക് താല്പര്യമില്ലാത്തതുകൊണ്ട് അത് ഷെൽഫിൽതന്നെയിരുന്നു. ഈശ്വർഭായി കമ്മിറ്റി റിപ്പോർട്ട് പ്രാവർത്തികമാക്കാൻ 1983-ൽ എൻ.സി.ഇ.ആർ.ടി. യെ ചുമതലപ്പെടുത്തി. എൻ.സി.ഇ.ആർ.ടി. 1985-ൽ അവരുടെ റിപ്പോർട്ട് സമർപ്പിച്ചു. അതിന്റെയൊക്കെ അടിസ്ഥാനത്തിലാണ് 1992-ൽ യശ്പാൽ കമ്മിറ്റി റിപ്പോർട്ട് വരികയും ചെയ്തു. അതിന്റെ പ്രസക്തഭാഗം മാത്രം വായിക്കാം. 'അധ്യയന മാധ്യമം മാതൃഭാഷയിലാക്കുക, കൂട്ടായ പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുക, സിലബസ്സിന്റെ അമിതഭാരം കുറയ്ക്കുക, സംസാരഭാഷയ്ക്ക് ഊന്നൽ നൽകുക, ഓർമ്മശക്തി പരീക്ഷിക്കുന്ന പരീക്ഷാസമ്പ്രദായം മാറ്റുക, നിരീക്ഷണത്തിൽ ഊന്നി നിൽക്കുന്ന രീതിയിൽ സ്വയം നിഗമനത്തിൽ വിദ്യാർത്ഥിയെ എത്തിക്കാൻ പറ്റുന്ന വിധത്തിൽ ശിശുകേന്ദ്രീകൃത വിദ്യാഭ്യാസം നടപ്പിലാക്കുക, ബഹുമാനപ്പെട്ട കാർത്തികേയൻ മറുപടി പറയുമെന്നാണ് ഞാൻ വിചാരിക്കുന്നത്. അദ്ദേഹം പറയുമ്പോൾ ഈ കാര്യങ്ങളെല്ലാം പറയണം. ഇതുതന്നെയാണ് ഡി.പി.ഇ.പി.യും പറഞ്ഞിട്ടുള്ളത്. ഇതാണ് കേരളത്തിലെ വിദ്യാഭ്യാസപദ്ധതിയെക്കുറിച്ചും പറഞ്ഞിട്ടുള്ളത്.

<u>ശ്രീ. പാലോട് രവി</u> : പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ടു ബഹുമാനപ്പെട്ട ഗുപ്തൻനായർ സാറിന്റെ പേരിവിടെ പരാമർശിക്കട്ടെ. അദ്ദേഹം രണ്ടു ദിവസങ്ങൾക്കുമുമ്പ് പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് ഇങ്ങനെ പറഞ്ഞു' കേരളത്തിൽ 1-ാം ക്ളാസ്സിൽ കളി തുടങ്ങി. ഈ കളി എവിടെ അവസാനിപ്പിക്കണമെന്ന് ഈ ഗവൺമെന്റിനറിഞ്ഞുകൂടാ. കളി അവസാനിപ്പിച്ചില്ലെങ്കിൽ അത് അപകടത്തിലാകും, ഇങ്ങനെ അദ്ദേഹം പ്രസംഗിച്ചത് നമ്മളൊക്കെ വായിച്ചതല്ലേ. പാഠ്യപദ്ധതിയിൽ കളി എവിടെ അവസാനിപ്പിക്കണമെന്ന് ഈ ഗവൺമെന്റിന് അറിഞ്ഞുകൂടാ എന്ന് കമ്മിറ്റിയുടെ ചെയർമാൻതന്നെ പറഞ്ഞിരിക്കുകയാണ്.

<u>ശ്രീ. പിരപ്പൻകോട് മുരളി</u> : ബഹുമാനപ്പെട്ട രവീ, ഗുപ്തൻനായർ സാർ പറയുന്ന എല്ലാ കാര്യത്തിനും ഉത്തരം പറയാൻ ഞാൻ ആരുമല്ല. കാരണം അദ്ദേഹത്തിന് അദ്ദേഹത്തിന്റെ അഭിപ്രായമുണ്ടാകും. പക്ഷെ ഒരു കാര്യം, കൂട്ടായ പ്രവർത്തനങ്ങളെ പ്രോൽസാഹിപ്പിക്കുക എന്നുപറയുന്നതിന്റെ അർത്ഥം വളരെ വ്യക്തമാണ്. കാരണം കുട്ടികൾക്ക് ക്രിയാപരമായ കാര്യങ്ങൾ കൊടുക്കുക എന്നതാണ്. പൗലോഫ്രേയുടെയോ മോൺടീസ്സോറിയുടെയും അതുപോലെ ഏതെങ്കിലും വിദ്യാഭ്യാസ വിചക്ഷണന്മാരുടേയോ

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ സിദ്ധാന്തം പരിശോധിക്കുമ്പോൾ അവർ മുഴുവൻ പറഞ്ഞിരിക്കുന്നത് ക്രിയയിലൂടെ കാര്യങ്ങൾ ബോധിപ്പിക്കുക എന്നുള്ളതാണ്. അതാണ് കളി. അതിനോട് ഇത്ര വലിയ..... ഏതു ക്ളാസ്സിൽ..... ബഹുമാനപ്പെട്ട രവിയുടെ അഭിപ്രായമാണ് രവി പറഞ്ഞത്. അത് എല്ലാവരും സ്വീകരിക്കണമെന്നില്ല. ഞാൻ പറഞ്ഞത് പൊതുവായ കാര്യമാണ്. ഏതു ക്ളാസ്സിൽ തുടങ്ങണമെന്നുള്ള കാര്യങ്ങൾ കുറച്ചു കൂടി ആലോചിക്കേണ്ട വിഷയമാണ്. ആ കാര്യത്തിൽ തർക്കമില്ല. കൂട്ടായ്മ വേണം. പക്ഷെ ഞാൻ പറഞ്ഞത് അതല്ല. കാളപെറ്റു എന്നു പറയുമ്പോൾ കയറെടുക്കുന്ന സമ്പ്രദായമുണ്ടല്ലോ. ഡി.പി. ഇ.പി. ഇന്നാ പിടിച്ചോ എന്നുപറഞ്ഞുകൊണ്ട് ഫാസിസ്റ്റ് വിരുദ്ധയുദ്ധമിറക്കുന്നതിനാണ് ആദരണീയരായ നമ്മുടെ ചില മഹാരഥന്മാർ തൊട്ട് എസ്.യു.സി.ഐ എന്നുപറയുന്ന വലിയ പ്രസ്ഥാനം വരെ അതിൽ എത്ര ആളുകളുണ്ടെന്ന് നമുക്കറിയാം - രായ്ക്കരാമാനം പോസ്റ്ററൊട്ടിച്ച് ആളാരാണെന്നുപോലും അറിയാത്ത ആളുകളാണ്, അവരടക്കമുള്ള ആളുകൾ സമ്പൂർണ്ണമായി ഈ സമ്പ്രദായം പിൻവലിക്കുക എന്നാണ് പറയുന്നത്. ഇതാണ് സ്ഥിതി, 1992-ൽ നരസിംഹറാവു ഗവൺമെന്റ് അംഗീകരിച്ച് നടപ്പിലാക്കാൻ ശ്രമിച്ചതും എന്നാൽ നടപ്പിലാക്കാൻ ആരും ധൈര്യം കാണിക്കാത്തതുമായ ഒരു കാര്യം 1997-ൽ ശ്രീ. പി.ജെ. ജോസഫും എൽ.ഡി.എഫും കൂടി നടപ്പിലാക്കിയാൽ അതിനെ എതിർക്കണമോ കാർത്തികേയൻ? എന്നാണ് എന്റെ ചോദ്യം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : ഡി.പി.ഇ.പി. യെ സംബന്ധിച്ച് എൽ.ഡി.എഫിൽ അഭിപ്രായവ്യത്യാസമുണ്ടോ? വ്യത്യസ്ത അഭിപ്രായമല്ലേ. എൽ.ഡി.എഫിലെ ചില ഘടകകക്ഷികളും ചില പോഷക പ്രസ്ഥാനങ്ങളും ഡി.പി. ഇ.പി. യെ സംബന്ധിച്ച് വ്യത്യസ്തമായ അഭിപ്രായം പറയുന്നത് ഒഫിഷ്യൽ വെർഷനല്ലേ?

<u>ശ്രീ. പിരപ്പൻകോട് മുരളി</u> : ബഹുമാനപ്പെട്ട രാധാകൃഷ്ണൻ, ഞാനിവിടെ എൽ.ഡി.എഫ് - ന്റെ നയപരമായ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയില്ല. ഈ ഗവൺമെന്റിന്റെ നയപരമായ പ്രശ്നങ്ങളാണ് പറയുന്നത്. ഇവിടെയിരിക്കുന്ന എൽ.ഡി.എഫ് അംഗങ്ങൾ അടങ്ങുന്നതാണ് ഗവൺമെന്റ്. ആ ഗവൺമെന്റ് നടപ്പാക്കിയ പാഠ്യപദ്ധതിയെക്കുറിച്ചാണ് പറയുന്നത്. ഇതിൽ ഓരോ ഘടകകക്ഷിക്കും അഭിപ്രായവ്യത്യാസം ഉണ്ടെന്നുള്ളത് ഇവിടെ പ്രസക്തമല്ല. അത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനറിയാം. ശ്രീ. തിരുവഞ്ചൂരിന്റെ പാർട്ടിയിലുള്ള എല്ലാ ആളുകൾക്കും എല്ലാ കാര്യത്തിലും ഒരേ അഭിപ്രായമാണോ ഉള്ളത്? അങ്ങനെയെങ്കിൽ അവർ മനുഷ്യരല്ല. കാരണം വ്യത്യസ്തമായ അഭിപ്രായമില്ലാതെ..... ഞങ്ങളെക്കുറിച്ചൊക്കെ പണ്ട് നിങ്ങളുടെ ആക്ഷേപം അതായിരുന്നു. റഷ്യയിൽ പറഞ്ഞാൽ അത് ഏറ്റുപാടുന്നവരാണെന്ന്. സ്വതന്ത്രമായി ചിന്തിക്കാൻ പാടില്ലയെന്നു പറയുന്നത് ശരിയാണോയെന്ന് അങ്ങ് പരിശോധിക്കണം. ഇതിനെയാണ് യഥാർത്ഥത്തിൽ ലക്കും ലഗാനും ഇല്ലാതെ എതിർക്കുന്നത്. അതുകൊണ്ട് തീർച്ചയായും ഈ പാഠ്യപദ്ധതി പരിഷ്ക്കരണം എന്നുപറയുന്നത് നമ്മുടെ വിദ്യാർത്ഥികളുടെ വളർച്ചയ്ക്കും സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിനും അനുകൂലമാണെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. അതിന്റെ ഭാഗമായിട്ടുള്ള അധ്യാപക പരിശീലനം. തീർച്ചയായും കഴിഞ്ഞ മൂന്നുവർഷക്കാലമായി ഒരു കാലത്തും ഇല്ലാത്തതുപോലെ അധ്യാപകർക്ക് പുനർ പരീക്ഷകളും അവർക്കാവശ്യമായ പുനർ ക്ലാസുകളും റിഫ്രഷർ കോഴ്സുകളുമൊക്കെ ധാരാളമായി നടക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നുണ്ട്. തീർച്ചയായും അത് ആവശ്യമാണ്. അതുപോലെ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ കുറേക്കൂടി സ്ട്രെങ്തെൻ ചെയ്യണം. അത് കേവലം 10-ാം ക്ലാസിന്റെ സമാന്തര വിഭാഗമായാൽ പോരാ. മറിച്ച് ടെർമിനിൽ കോഴ്സ് കഴിയുമ്പോൾ ജീവിക്കാൻ കഴിയുന്ന തൊഴിലെടുക്കാൻ പറ്റുന്ന വിധത്തിൽ അത് പുന:സംഘടിപ്പിക്കണം. പിന്നെ പ്ലസ് ടുവിന്റെ കാര്യം. അതിനെക്കുറിച്ച് ഇപ്പോൾ ആക്ഷേപങ്ങൾ പറഞ്ഞു. സർക്കാർ സ്കൂളുകൾ അപകടത്തിലാണെന്ന് ബഹുമാനപ്പെട്ട മുഹമ്മദാലി പറയുകയുണ്ടായി. മറിച്ചാണ് എന്റെ അനുഭവം. കാരണം വളരെ ആവേശത്തോടുകൂടിയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, അതുപോലെ പി.ടി.എയും മുൻകൈയെടുത്ത് ഏതാണ്ട് 256-ഓളം സ്കൂളുകളിൽ (തിരുവനന്തപുരത്തുതന്നെ എന്റെ നാട്ടിലെ സ്കൂളടക്കം ഒട്ടേറെ സ്കൂളുകളിൽ) ലബോറട്ടറി സൗകര്യവും, ലൈബ്രറിസൗകര്യവുമൊക്കെ വർദ്ധിപ്പിച്ചതിന്റെ ഫലമായി കഴിഞ്ഞ വർഷത്തേക്കാൾ മൂന്നിരട്ടി കുട്ടികളാണ് പ്രവേശത്തിനുള്ള അപേക്ഷ നൽകിയത്.

<u>ശ്രീ. ജി. കാർത്തികേയൻ</u> : അങ്ങ് പ്ലസ് ടു ഉള്ള സ്കൂളുകളിലെ സൗകര്യത്തെപ്പറ്റി പറഞ്ഞത് കേരളത്തിലെ സ്കൂളുകളെക്കുറിച്ചാണോ?

<u>ശ്രീ. പിരപ്പൻകോട് മുരളി</u> : അങ്ങ് കേരളത്തിലാണെന്ന ധാരണയിലാണ് ഞാൻ പറഞ്ഞത്. ഉഗാണ്ടയിലായിരുന്നില്ല എന്നാണ് ഞാൻ വിചാരിക്കുന്നത്. കേരളത്തിൽ അങ്ങും ഞാനും ഒരുമിച്ചു നടന്നുകാണുന്ന കാഴ്ചയാണ് പറഞ്ഞത്. വന്നാൽ വേണമെങ്കിൽ ഞാൻ കൂട്ടികൊണ്ടുപോയി കാണിക്കാം. ബുദ്ധിമുട്ടൊന്നുമില്ല. ഒരുമിച്ചു നടക്കുന്നവരാണ് ഞങ്ങൾ. പക്ഷെ, ഇവിടെ രണ്ടു സൈഡിൽ ഇരുന്നപ്പോൾ എങ്ങനെ മാറിപ്പോയെന്ന് എനിക്കറിഞ്ഞുകൂടാ. വസ്തുത ഇതാണ്. അധ്യാപക നിയമനത്തെ സംബന്ധിച്ച് കോടതിയുടെ ഇടപെടലും മറ്റുകാര്യങ്ങളുമുണ്ട്. ഹയർ സെക്കന്ററി സ്കൂൾ അധ്യാപകരുടെ ചില പ്രശ്നങ്ങളുമുണ്ട്. അത് രമ്യമായി പരിഹരിക്കണം. അത് മുഴുവൻ പ്രൊമോഷൻ തസ്തികയാക്കിയിട്ട് മാറ്റണമോയെന്ന കാര്യവും ആലോചിക്കേണ്ട വിഷയമാണ്. കാരണം പുതിയ പരിശീലനവും പുതിയ സൗകര്യവുമുണ്ടെങ്കിൽ മാത്രമേ ഈ കുട്ടികളെ പഠിപ്പിക്കാൻ കഴിയൂ എന്നാണ് എന്റെ വിശ്വാസം. അതുപോലെ മറ്റൊരു കാര്യം പറയാനുള്ളത് പ്രൊഫഷണൽ രംഗത്തെ സ്ഥിതിയെക്കുറിച്ചാണ്. ഫൈനാൻസിംഗിനെക്കുറിച്ച് പറയട്ടെ. സെൽഫ് ഫൈനാൻസിംഗ് എന്നുപറഞ്ഞ യു.ഡി.എഫിന്റെ കാലത്തുണ്ടായ കച്ചവട സ്ഥാപനങ്ങളും, പൊതുമേഖലാ - സ്വയംഭരണ സ്ഥാപനങ്ങളും കോർപ്പറേഷനുകളും സഹകരണസംഘങ്ങളും മുൻകൈയെടുത്ത് എഞ്ചിനീയറിംഗ് കോളേജുകളും മെഡിക്കൽ കോളേജുകളും തുടങ്ങാനെടുത്തിട്ടുള്ള നടപടി അങ്ങേയറ്റം ശ്ലാഘനീയമാണ്. 100 ശതമാനം ഫ്രീ സീറ്റിലും, പേയ്മെന്റ് സീറ്റിലും മെറിറ്റിൽ നടത്തുന്ന ഒരു സെൽഫ് ഫൈനാൻസിംഗ് എന്നു നിങ്ങൾ പറയുന്നതും പൊതുമേഖലാ എന്ന് ഞാൻ പറയാൻ ആഗ്രഹിക്കുന്നതുമായ സ്ഥാപനങ്ങൾ നിങ്ങളുടെ സ്ഥാപനങ്ങളെപോലെയല്ല. പഴയ യു.ഡി.എഫിന്റെ കാലത്തെ സെൽഫ് ഫൈനാൻസിംഗ് എന്നുപറയുന്നത് കാശുവാരാനുള്ള ഏർപ്പാടായിരുന്നു. മെരിറ്റ് സീറ്റിൽപോലും അവർ അഡ്മിറ്റ് ചെയ്യുന്നത് ലക്ഷക്കണക്കിനുരൂപ വാങ്ങികൊണ്ടാണ് എന്നത് ആർക്കും. വിസ്മരിക്കുവാൻ കഴിയുകയില്ല. ഇതു രണ്ടും ഒന്നാണ് എന്നുപറയുന്നത്, അലിതമ്പിയും തമ്പിയും, വേലുത്തമ്പിയും തമ്പിയും എന്നുപറയുന്നതുപോലെ രണ്ടുതമ്പിമാർ തമ്മിൽ വ്യത്യാസമുണ്ടെന്ന് എല്ലാപേർക്കും അറിയാം. അതുകൊണ്ട് അലിതമ്പി വേലുത്തമ്പി

[12 Noon]

LIBRARY ARCHIVES Kerala Legislative Assembly

ആകരുത്. വേലുത്തമ്പി വേലുത്തമ്പിയാണ്. അലിതമ്പി അലിത്തമ്പിയാണ്. അതാണ് എനിക്ക് പറയാനുള്ളത്. ഒരു കാര്യം കൂടി. സി.ബി.എസ്.ഇ. എന്നൊരു സിലബസ് ഇവിടെയുണ്ട്. ആ സിലബസിൽ 6-ാം ക്ളാസ് വരെയുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നത് അവർ തന്നെയാണ്. അതിന്റെ ഫലം എന്താണ്? കേരളത്തിൽ പയ്യന്നൂരിൽ ഒരു സ്കൂളിലെ കാര്യം നമുക്ക് അറിയാവുന്നതാണ്. അവിടെ മഹാത്മാഗാന്ധിയെ പുറംതള്ളപ്പെട്ട ഹെഗ്ഡെവാറും, ഗോൾവാർക്കറും ഒക്കെ പാഠപുസ്തങ്ങളിൽ കടന്നുവന്നു. അവർ ദൈവങ്ങളായി മാറി. സാക്ഷാൽ പരമശിവന്റെ കൂട്ടത്തിൽ ഗണപതിയുടെ കൂട്ടത്തിൽ ദൈവങ്ങളായി മാറുന്ന സ്ഥിതി. രാമനും കൃഷ്ണനും അവർക്ക് തതുല്യമായി പദവിയിലേക്ക് എത്തിച്ചേരുന്നത് നമുക്ക് ഒരിക്കലും കാണാൻ കഴിയില്ല. അതുകൊണ്ട് ഗവൺമെന്റ് ഈ കാര്യത്തിൽ ശ്രദ്ധിക്കണം. സി.ബി.എസ്.ഇ. സിലബസിലുള്ള പാഠപുസ്തകങ്ങൾ നമ്മുടെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റ് കൊടുക്കേണ്ടതാണ് എന്നതാണ് എന്റെ അഭിപ്രായം. പാഠപുസ്തകങ്ങളെക്കുറിച്ച് ഒരു വാചകം, പാഠപുസ്തകത്തിന്റെ നിർമ്മാണം കഴിഞ്ഞകാല ഗവൺമെന്റിന്റെ കാലത്തേക്കാൾ നല്ല രീതിയിൽ നടക്കുന്നുവെങ്കിലും കൃത്യമായി പാഠപുസ്തകം കിട്ടാത്തസ്ഥിതിയുണ്ട്. അതിന് പരിഹാരമുണ്ടാക്കണം. ഇനി രണ്ടു കാര്യങ്ങൾ കൂടി പറയുവാനുണ്ട്. ഒന്ന്, കലാമണ്ഡലത്തെക്കുറിച്ചാണ്. നമ്മുടെ കലാമണ്ഡലം ഒരു ഡീംഡ് യൂണിവേഴ്സിറ്റിയാക്കണമെന്ന് ആഗ്രഹാഭിലാഷങ്ങൾ പുറപ്പെടുവിച്ചിട്ട് കാലം ഏറെയായി. സാങ്കേതിക ബുദ്ധിമുട്ട് ഇല്ലാത്തതാണ് ഡീംഡ് യൂണിവേഴ്സിറ്റി. അതിന് യു.ജി.സി നോംസ് അനുസരിച്ച് ആവശ്യപ്പെടുന്നത് അഡ്മിനിസ്ട്രേറ്റീവ് ബ്ളോക്കും അക്കാദമിക് ബ്ലോക്കും ലൈബ്രറി അടക്കം 4,000 ക്യൂബിക് മീറ്റർ സ്ഥലത്തുള്ള കെട്ടിടങ്ങളുമാണ്. അക്കാദമിക്ക് ആവശ്യത്തിന് 35 ഏക്കർ സ്ഥലവും 7,333 ക്യൂബിക് മീറ്റർ കെട്ടിടവും ഉണ്ട് എന്നുള്ളത് വസ്തുതയാണ്. യു.ജി.സി. നോംസ് അനുസരിച്ച് ഇതിന് പൂർണ്ണമായും യോഗ്യതയുണ്ട്. അതിന്റെ സൗകര്യത്തെക്കുറിച്ച് ഞാൻ പറയുന്നില്ല. ഡീംഡ് യൂണിവേഴ്സിറ്റി ആയാൽ കഥകളി, കൂത്ത്, മോഹിനിയാട്ടം, തുള്ളൽ ഇവയെല്ലാം ഡിഗ്രിതലങ്ങളിലേക്ക് ഉയരുകയും ഇവിടത്തെ രാമൻകുട്ടി ആശാനെയും ഗോപി ആശാനേയും പോലുള്ള പ്രമുഖന്മാർ പ്രൊഫസർമാരായി മറ്റ് വിദേശ യൂണിവേഴ്സിറ്റികളിൽപോയി പഠിപ്പിക്കുവാനുള്ള അവസരം ലഭിക്കുകയും ചെയ്യും. 10 പൈസ സർക്കാരിന് നഷ്ടം ഉണ്ടാകുന്ന കാര്യമല്ല. ഡീംഡ് യൂണിവേഴ്സിറ്റി ആയാൽ യു.ജി.സി. ഇതിന് ആവശ്യമായ മെയിന്റനൻസ് ഗ്രാന്റും ശമ്പളവും എല്ലാം തരുന്നതാണ്. ആകെകൂടിയുള്ള ജോലി ഈ ഗവൺമെന്റ് റക്കമെന്റ് ചെയ്ത് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കലാണ്. പക്ഷെ എവിടെയോ ബ്യൂറോക്രസി വലിച്ചിട്ടിരിക്കുകയാണ്. അടിയന്തിരമായി കേരള കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിറ്റി ആക്കിമാറ്റാനുള്ള നടപടികൾക്ക് അംഗീകാരം കൊടുക്കണം. ഡീംഡ് യൂണിവേഴ്സിറ്റിയാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഒരു ചെറിയകാര്യം കൂടി പറയുവാനുള്ളത്, ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയെക്കുറിച്ചാണ്. അവിടെ നടക്കുന്ന അഴിമതികളെക്കുറിച്ച് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇവിടെ ചില ബഹുമാനപ്പെട്ട മെമ്പർമാർ സബ്മിഷൻ ഉന്നയിച്ചിട്ടുണ്ട്. ഞാൻ അത് സംബന്ധിച്ച് പറയുന്നില്ല. പറഞ്ഞാൽ ധാരാളം പറയേണ്ടിവരും. മുൻകാലത്ത് നടന്ന അഴിമതിയെ മറയിടാൻ ആ അഴിമതികളിൽനിന്നും യൂണിവേഴ്സിറ്റിയെ മോചിപ്പിച്ചുകൊണ്ടുവരുന്ന സിൻഡിക്കേറ്റിന്റെ കൈയിൽ കൂച്ചുവിലങ്ങിടാനാണെന്നാണ് എനിക്ക് തോന്നുന്നത്. മുൻവൈസ് ചാൻസലറായിരുന്ന അന്നത്തെ ചീഫ് സെക്രട്ടറി

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. രാമചന്ദ്രൻ നായർ അദ്ദേഹം യാതൊരു ലക്കും ലഗാനുമില്ലാതെ സംവരണതത്വംപോലും പാലിക്കാത്ത 406-ലധികം നിയമനങ്ങൾ നടത്തി. അതുകോടതി ഇടപെട്ട് റദ്ദുചെയ്തു. അതിനുശേഷം പുതിയ സിൻഡിക്കേറ്റ് വന്നു. പുതിയ വൈസ് ചാൻസലർ വന്നു. പുതിയ നിയമനങ്ങൾ നടത്തി. ആകെ നടത്തിയത് 186 ആണ്. അത് വകുപ്പുതിരിച്ച് പറയുവാൻ സമയം ഇല്ലാത്തതുകൊണ്ട് പറയുന്നില്ല. ഏറ്റവും കൂടുതൽ ആക്ഷേപം നടന്നത് മലയാളം ഡിപ്പാർട്ടുമെന്റിലെ നിയമനങ്ങളെക്കുറിച്ചാണ്. 70 തസ്തികകളാണ് മുമ്പ് ഉണ്ടായിരുന്നത്. കുറേ ഇല്ലാത്ത തസ്തികകൾ ഉണ്ടാക്കിയാണ് നിയമനം നടത്തിയത്. ഇപ്പോൾ അവ 22 തസ്തികകളാക്കി ചുരുക്കി. ആ 22 തസ്തികയിൽ 11 എണ്ണം എസ്.സി. എസ്.ടി മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം ചെയ്തു. 11 എണ്ണമാണ് ഓപ്പൺ മെരിറ്റിൽവരുന്നത്. ഡോ. സുകുമാർ അഴിക്കോടിനെയും, ഡോ. കുഞ്ഞുണ്ണിരാജയേയും ഡോ. ഒ.എം. അനുജനേയും സമൂഹത്തിൽ ഏറ്റവും പ്രമാണിമാരായി അംഗീകരിക്കപ്പെടുന്ന ആളുകളുടെ ബോർഡാണ് അവരെ തെരഞ്ഞെടുത്തത്. പഴയ ഓർമ്മവച്ച് പറയുന്നത് ആ തെരഞ്ഞെടുത്ത കാര്യത്തിലും അഴിമതിയുണ്ടെന്നാണ്. അതു പരിശോധിക്കണം. പിന്നെ ഫർണിച്ചർ വാങ്ങിയത്, നിങ്ങൾ അറിയേണ്ട വിഷയം, കേന്ദ്ര സർക്കാരിന്റെ എക്സ് സർവ്വീസ്മെൻ പുനരധിവാസ പദ്ധതി അനുസരിച്ച് ഉണ്ടാക്കിയ ഒരു സ്ഥാപനത്തിൽ നിന്നാണ് കാലടി യൂണിവേഴ്സിറ്റിക്ക് ഫർണിച്ചർ വാങ്ങിയത്. റിസർവ് ബാങ്ക്, ഭാരത് പെട്രോളിയം, സെൻട്രൽ പി.ഡബ്ലിയു.ഡി ഈ സ്ഥാപനങ്ങൾക്കൊക്കെ ഫർണിച്ചർ വിതരണം ചെയ്യുന്ന സ്ഥാപനമാണ്. ആ സ്ഥാപനത്തിലെ ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ അനുസരിച്ചാണ് ഈ ഫർണിച്ചർ വാങ്ങിയിട്ടുള്ളത്. സെമിനാറുകളെക്കുറിച്ച് ഇവിടെ ആക്ഷേപം പറഞ്ഞു. 32 ബിരുദാനന്തര കോഴ്സുള്ള ഒരു സർവകലാശാലയിൽ.....

<u>ശ്രീ. കെ. ബാബു</u> : ആരും ആക്ഷേപം പറഞ്ഞില്ലല്ലേ. പറയുവാൻ പോകുന്നതല്ലേയുള്ളൂ.

<u>ശ്രീ. പിരപ്പൻകോട് മുരളി</u> : ഇതിലുണ്ട്. ശ്രീ. കെ. ബാബു വായിച്ചു നോക്ക്. നിങ്ങളുടെ ആളുകൾ തന്ന കുറിപ്പിലുണ്ട്. ഈ ഉപക്ഷേപങ്ങളിൽ പറയുന്നുണ്ട് അത് വായിച്ചുനോക്കൂ. ശ്രീ. കെ. ബാബു തുള്ളണ്ട. ഉള്ളതുപറഞ്ഞാൽ തുള്ളൽ വരരുത്.

<u>ശ്രീ. കെ. ബാബു</u> : പറയുവാൻ പോകുന്ന കാര്യം ആയതുകൊണ്ട് മുൻകൂർ ജാമ്യം സ്വീകരിക്കുകയാണ്.

<u>ശ്രീ. പിരപ്പൻകോട് മുരളി</u> : മുൻകൂർ ജാമ്യത്തിന്റെ ഒരു പ്രശ്നവുമില്ല. പരസ്യമായി പറയാം; ഒരു ബുദ്ധിമുട്ടുമില്ല. നിങ്ങൾ ആരോപണം ഉന്നയിച്ചാൽ അതിനെക്കുറിച്ച് അന്വേഷിക്കുവാൻ ഒരു ബുദ്ധിമുട്ടുമില്ല. ശ്രീ. കെ. ബാബുവിന് അന്വേഷിക്കാം. വേറെ ആരും വേണ്ട. ശ്രീ. കെ. ബാബു തന്നെ വരട്ടെ. അല്ലെങ്കിൽ ശ്രീ. കെ. ബാബു നിയമിക്കുന്ന ആളെക്കൊണ്ട് അന്വേഷിപ്പിക്കാം. സംസ്കൃത സർവകലാശാലയുടെ ഈ പ്രശ്നം സംബന്ധിച്ച്, നിങ്ങൾ ഒളിച്ചോടാതിരുന്നാൽ മതി. പഴയ അഴിമതിക്കു മറ സൃഷ്ടിക്കുവാൻവേണ്ടി നിങ്ങൾ ഒളിച്ചോടാതിരുന്നാൽ മതി. നിങ്ങൾ അവതരിപ്പിച്ച മോഷനിൽ പറയുന്നുണ്ടല്ലോ; അതു സംബന്ധിച്ച് സംസാരിച്ചുകൂടേ; ഞാൻ സിൻഡിക്കേറ്റിലെ ഒരു അംഗമാണ്. അഭിമാനത്തോടുകൂടി ഞാൻ പറയുന്നു. ഈ സിൻഡിക്കേറ്റ് വന്നതിനുശേഷം ആരോപിക്കപ്പെട്ട ഒരു അഴിമതിയെങ്കിലും നിങ്ങൾക്ക് തെളിയിക്കുവാൻ കഴിയുമോ; നിങ്ങളെ ഞാൻ വെല്ലുവിളിക്കുകയാണ്. വെറുതെ

LIBRARY ARCHIVES Kerala Legislative Assembly

സംസാരിച്ചിട്ട് കാര്യമില്ല. സമയകുറവ് കാരണം ഞാൻ മറ്റു കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ലാംഗേജ് ഇൻസ്റ്റിറ്റ്യൂട്ട്, എൻസൈക്ലോപീഡിയ, സാഹിത്യ അക്കാദമി എന്നിവയിലുള്ള ജീവനക്കാർക്ക് പെൻഷൻ അനുവദിക്കണം. ജവഹർ ബാലഭവനിലെ ജീവനക്കാർക്ക് ആവശ്യമായ സേവന- വേതന വ്യവസ്ഥ ഉണ്ടാക്കണം. അതിനു മുൻകൈ എടുക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങുന്നു.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഞങ്ങൾ എതിർക്കും, നിങ്ങൾ അനുകൂലിക്കും. ഇവിടെ ചർച്ച നടക്കും, അത് പാസ്സാക്കും. നമ്മുടെ ചർച്ച കൊണ്ടൊന്നും ഒരു പ്രയോജനവും ഇല്ലെന്നാണ് എനിക്ക് പറയുവാനുള്ളത്. വളരെ പ്രധാനപ്പെട്ട വകുപ്പാണ് വിദ്യാഭ്യാസ വകുപ്പ്. ചർച്ചയിൽ അപ്പുറത്തും ഇപ്പുറത്തും ഉള്ളവർ മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങൾ ഉൾക്കൊള്ളാനും അവ നടപ്പിലാക്കാനും ഉദ്യോഗസ്ഥന്മാർ തയാറാകുന്നില്ല. ഒരു ദിവസം സഭ നടത്തുവാൻ എത്ര ചെലവുവരുന്നു?. ഒരു കാര്യവും ഇല്ലാതെയാണ് നമ്മൾ ഇവിടെനിന്ന് വാചകകസർത്ത് നടത്തുന്നത്. ഏതു വകുപ്പിന്റേതായാലും ഗുണപരമായ മാറ്റം ഉളവാക്കുവാൻ നമ്മുടെ ഈ ചർച്ചയ്ക്ക് കഴിയുന്നില്ല. ഉദ്യോഗസ്ഥന്മാർ എഴുതികൊണ്ടുവരുന്നത് ഇവിടെ പാസ്സാക്കുകയാണ് ചെയ്യുന്നത്. ഈ അടുത്ത കാലത്ത് ലെജിസ്ലേറ്റീവ് കൺട്രോൾ ഓവർ ബ്യൂറോക്രസി എന്നതിനെക്കുറിച്ച് വിദഗ്ദ്ധന്മാർ ചർച്ച നടത്തുന്നുണ്ട്. ബ്യൂറോക്രസിയിൽ നമുക്കുള്ള ആകെ മാർഗ്ഗം ഇവിടെ ചർച്ച നടത്താം എന്നത് മാത്രമാണ്. വേറെ ഒന്നുമില്ല. ഉദ്യോഗസ്ഥന്മാർക്ക് ഇഷ്ടംപോലെ പ്രവർത്തിക്കാം. വിദ്യാഭ്യാസരംഗം പ്രശ്നസങ്കീർണ്ണമാണ്. ധാരാളം പ്രശ്നങ്ങൾ നമ്മുടെ മുന്നിലുണ്ട്. അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർ കക്ഷിപരമായ ചേരിതിരിവുകൾക്കപ്പുറം നിന്നുകൊണ്ട് ഒരുമിച്ച് ഉത്തരം കാണേണ്ട ധാരാളം ചോദ്യങ്ങളാണ് വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച് നമ്മുടെ മുന്നിൽ ഉയരുന്നത്. നമ്മുടെ സംസ്ഥാനം ചില കാര്യങ്ങളിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ മുന്നിലായിരുന്നു. പക്ഷെ ഇന്ന് വളരെ പിന്നിലോട്ടുപോവുകയാണ്. നമ്മൾ ആ കാര്യത്തിൽ ആശങ്കാകുലരാണ്. എന്താണ് കേരളത്തിൽ ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ അവസ്ഥ?

Where is the wisdom, we have lost in knowledge
Where is the knowledge, we have lost in information

T.S. Eliot - ന്റെ വരികൾ പ്രസക്തമാകുന്നത് ഈ സാഹചര്യത്തിലാണ്. അറിവിൽ നഷ്ടപ്പെട്ട വിവേകം എവിടെയാണ്; വിവരത്തിലൂടെ നമുക്ക് നഷ്ടപ്പെട്ട വിജ്ഞാനം എവിടെയാണ്? അത് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിലാണ്. നമുക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി ഗിരിപ്രഭാഷണങ്ങളിലും വാചകമടിയിലും വളരെ മിടുക്കനാണ്. പക്ഷെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ പൂജ്യമാണ് എന്നുപറയാതിരിക്കുവാൻ നിർവാഹമില്ല. വാചകമേയുള്ളൂ, എല്ലാപേർക്കും ആഗ്രഹങ്ങളുണ്ട്. പലർക്കും സ്വപ്നങ്ങളുണ്ട്. ചിലർക്ക് ആദർശങ്ങളുണ്ട്. എന്നാൽ ചുരുക്കം ചിലർക്ക് മാത്രമേ പദ്ധതികൾ ഉള്ളൂ. എന്ന് വില്യം ആർദർ പറഞ്ഞിട്ടുണ്ട്. നമുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ആഗ്രഹങ്ങളും സ്വപ്നങ്ങളും ഗാനാലാപനവും ഉണ്ട്. ബാക്കി ഒന്നുമില്ല. അദ്ദേഹത്തിന് പദ്ധതികളില്ല. അതുകൊണ്ട് വരുംനൂറ്റാണ്ടിലേക്ക് കേരളത്തെ നയിക്കുന്നതിനോ വിദ്യാഭ്യാസ മേഖലയ്ക്ക് പുതിയ ദിശാബോധം നൽകുന്നതിനോ ഉതകുന്ന ഒരു പദ്ധതിയും ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനയിലില്ല. ഈ ധനാ

LIBRARY ARCHIVES Kerala Legislative Assembly

ഭൂർത്തനയിൽ ഭൂരിഭാഗം സംഖ്യയും വിലയിരുത്തിയിട്ടുള്ളത് ശമ്പളത്തിനും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമാണ്. സ്കൂൾ വിദ്യാഭ്യാസ കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പിന് ഇത്തിരി ചുമതലകളേ ഇപ്പോഴുള്ളു. സ്കോളർഷിപ്പ് നൽകുക, അധ്യാപക പരിശീലന പരിപാടികൾ നടത്തുക തുടങ്ങിയവ മാത്രമാണ്. നമ്മുടെ സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ ഒരു പ്രശ്നമാണ് ഇൻഫ്രാസ്ട്രക്ചർ ഇല്ലായ്മയുടെ കാര്യം. പ്രത്യേകിച്ച് കെട്ടിടങ്ങളില്ലാത്തതിന്റെ പ്രശ്നം വലുതാണ്. മദ്രസകളിലൊക്കെയാണ് ക്ലാസുകൾ നടത്തുന്നത്. അതെല്ലാം ഓല ഷെഡ്ഡുകളാണ്. പഞ്ചായത്തുകൾക്ക് അധികാരം കൈമാറി എന്നതിന്റെ പേരിൽ കെട്ടിടം നിർമ്മിക്കുന്ന ഉത്തരവാദിത്വത്തിൽനിന്ന് ഗവൺമെന്റ് ഒഴിഞ്ഞുമാറിയിരിക്കുകയാണ്. മുമ്പ് കാസർഗോട് ഒരു കെട്ടിടം ഇടിഞ്ഞുവീണ് ഒരു കുട്ടി മരിക്കുകയുണ്ടായി. ഈ സഭയിൽ സമ്മേളനം നടന്നുകൊണ്ടിരുന്ന ദിവസമാണ് അത് സംഭവിച്ചത്. ഇതൊക്കെ കണ്ടിട്ടൊന്നും വിദ്യാഭ്യാസ വകുപ്പ് കണ്ണുതുറക്കുന്നില്ല. കെട്ടിടങ്ങൾ നിർമ്മിക്കുന്ന ചുമതല പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. അവർക്ക് കർമ്മപരിപാടികൾ നിർവ്വഹിക്കുന്നതിനുള്ള സംഖ്യ വിദ്യാഭ്യാസവകുപ്പാണ് നൽകേണ്ടത്. പക്ഷെ വിദ്യാഭ്യാസ വകുപ്പ് ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറുകയാണ് ചെയ്യുന്നത്. ഇത് ഏറ്റവും വലിയ തെറ്റാണ്. യൂനിസെഫ് എന്ന സംഘടന പറയുന്നു 'Seven Sins of Development' ഏഴു വൻപാപങ്ങൾ ചെയ്യുകയെന്നുള്ളതാണ്. വൻപാപം ചെയ്യുകയെന്നുള്ളത് ക്രൂരമാണ്. അതിലൊരു പാപമായി പറയുന്നത് 'Development without infrastructure' എന്നാണ്. നമ്മുടെ വിദ്യാഭ്യാസ വകുപ്പ് ചെയ്തുകൊണ്ടിരിക്കുന്നത് 'യൂനിസെഫ്' പറഞ്ഞ പാപങ്ങളാണ്. കെട്ടിടമുണ്ടാക്കാതെ, ഇൻഫ്രാസ്ട്രക്ചറുണ്ടാക്കാതെ കോഴ്സുകൾ തുടങ്ങുക, പരിപാടികൾ നടത്തുക, പിന്നെ പ്രസംഗങ്ങളും. അതുകൊണ്ട് ഉത്തരവാദിത്വത്തിൽനിന്ന് ഗവൺമെന്റ് ഒഴിഞ്ഞുമാറരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഈ വർഷം എസ്.എസ്.എൽ.സി പരീക്ഷയിൽ 2,54,800 കുട്ടികൾ തോൽക്കുകയുണ്ടായി. ഉദാരമായ വാലേഷൻ, 25 മാർക്ക് മോഡറേഷൻ എന്നിവയാണ് കൊടുക്കുന്നത്. പത്തുവർഷം നിരന്തരമായി കുട്ടികളെ പഠിപ്പിച്ചിട്ട്, ലക്ഷക്കണക്കിന് കുട്ടികൾ തോൽക്കുന്നത് ഗൗരവതരമായി കാണണം. ഇന്ന് ജയിച്ചവരുടെ സ്ഥിതി എന്താണ്? അവർക്ക് എന്തെങ്കിലും രക്ഷയുണ്ടോ? അവർക്കും കോളേജുകളിൽ അഡ്മിഷൻ കിട്ടാൻ ഒരു സാധ്യതയും കാണുന്നില്ല. 550 മാർക്ക് കിട്ടിയവർക്കുവരെ കോളേജുകളിൽ അഡ്മിഷൻ ലഭിക്കുന്നില്ല. പ്ലസ് ടു വിന്റെ സ്ഥിതിയും വളരെ മോശമാണ്. ഇതിന്റെ പ്രധാനപ്പെട്ട കാരണം ഉന്നതവിദ്യാഭ്യാസരംഗത്ത് പ്ലസ് ടു-വിൽ ഇപ്പോൾ കച്ചവടമാണ്. പ്ലസ് ടു അല്ലെങ്കിൽ പ്രീ ഡിഗ്രി കടന്നിട്ടാണ് ഡിഗ്രിയിലേക്ക് പോകുന്നത്. പ്ലസ് ടു സ്ഥാപിക്കലും പ്രീ-ഡിഗ്രി ഡിലിങ്ക് ചെയ്യലും വളരെ മോശമായ രീതിയിൽ നടപ്പാക്കിയതിന്റെ ഭാഗമായാണ് ഇതു സംഭവിച്ചത്. പ്രീ ഡിഗ്രിക്കുപകരം ഗവൺമെന്റ് സ്കൂളുകളിൽ തുടങ്ങിയ പ്ലസ് ടുവിന്റെ നില ശോചനീയമാണ്. അവിടെ പോയ കുട്ടികളുടെ ഭാവി തുലഞ്ഞതുതന്നെ. പ്ലസ് ടു അനുവദിച്ചതു സംബന്ധിച്ച് അഴിമതിയുടെ ദുർഗന്ധം പുരണ്ട ഒരുപാട് കഥകൾ ചുറ്റുപാടും കേൾക്കുന്നു. ഈ വർഷം പ്ലസ് ടു അനുവദിക്കാത്തതു സംബന്ധിച്ചും പലതും കേൾക്കുന്നുണ്ട്. യാഥാർത്ഥ്യം എന്താണെന്ന് വ്യക്തമാക്കാൻ ബന്ധപ്പെട്ടവർ തയ്യാറാകണം. ഏറ്റവും മോശപ്പെട്ട കാര്യം എങ്ങനെ ചെയ്യുമെന്നുള്ളതിന് ഏറ്റവും വലിയ ഉദാഹരണമാണ് ഇപ്പോൾ പ്രീ ഡിഗ്രി ഡീലിങ്ക് ചെയ്യുന്നത് എന്നാണ് എനിക്കു പറയാനുള്ളത്. ശ്രീ. എസ്. രാധാകൃഷ്ണന്റെ ഒരു ഉദ്ധരണിയുണ്ട്; അതു ഞാൻ പറയാം. ഒരു തലമുറയുടെ വിദ്യാഭ്യാസംകൊ

LIBRARY ARCHIVES Kerala Legislative Assembly

ണ്ട് കളിക്കുമ്പോൾ നിങ്ങൾ തകർക്കുന്നത് വരാനിരിക്കുന്ന പല തലമുറകളേയുമാണ് എന്താണ്. എനിക്കു വിദ്യാഭ്യാസവകുപ്പുമന്ത്രിയോടും, അപ്പുറത്തിരിക്കുന്നവരോടും പറയാനുള്ളത്, നിങ്ങൾ തകർക്കാനിരിക്കുന്നത് വരാനിരിക്കുന്ന തലമുറകളെയാണ് എന്നു മനസ്സിലാക്കണമെന്നാണ്. പ്ലസ് ടൂ അനുവദിക്കുന്നതിൽ പിന്നോക്ക വിഭാഗങ്ങൾക്ക് ഒരുപാട് പരാതിയുണ്ട്. മുസ്ലീം ജന വിഭാഗങ്ങൾക്കും പിന്നോക്ക വിഭാഗങ്ങൾക്കും പ്ലസ് ടൂ അനുവദിക്കുന്നതിൽ അർഹമായ വിഹിതം നൽകിയിട്ടില്ല. കണക്കുകളൊക്കെ ഇവിടെ പലരും ഉദ്ധരിച്ചതാണ്. മലപ്പുറം ജില്ലയിൽ ജനസംഖ്യക്കനുസൃതമായ രീതിയിൽ പ്ലസ് ടൂ കോഴ്സുകൾ അനുവദിച്ചിട്ടില്ല. ഇവിടെയുള്ള പിന്നോക്ക വിഭാഗങ്ങൾക്ക് ഒരു ജില്ലയിലും അർഹമായ രീതിയിൽ പ്ലസ് ടൂ അനുവദിച്ചിട്ടില്ല. അതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. കാരണം പ്രീ ഡിഗ്രി ഡീലിങ്ക് ചെയ്തതിന് സമമായി കോഴ്സുകൾ അനുവദിക്കണം. അങ്ങ് കണ്ണടച്ചിരുട്ടാക്കരുത്. ഈ വർഷം എസ്.എസ്.എൽ.സി. പാസാകുന്ന കുട്ടികൾ അവിടെ എത്രയുണ്ടെന്നു നോക്കണം. അവർക്ക് ഉന്നത വിദ്യാഭ്യാസത്തിന്റെ കവാടം തുറന്നുകൊടുക്കണം. ഇവിടെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായിട്ടാണ് പ്ലസ് ടൂ വരുന്നത്. അതു ഹൈസ്കൂളുകളുടെ ഭാഗമാണ്. എല്ലാ സ്കൂളുകളിലും പ്ലസ് ടൂ കോഴ്സുകൾ തുടങ്ങാൻ ഉള്ള നടപടികൾ അങ്ങു സ്വീകരിക്കണം. അവഗണിക്കപ്പെട്ട സമൂഹങ്ങൾക്ക്, ജനവിഭാഗങ്ങൾക്കുകൂടി പ്ലസ് ടൂ അനുവദിക്കാൻ അങ്ങു തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എൻട്രൻസ് പരീക്ഷയെകുറിച്ച് വിവാദങ്ങളുണ്ടായിരിക്കുകയാണ്. എൻട്രൻസ് പരീക്ഷയെക്കുറിച്ച് സമകാലീന മലയാളത്തിൽവന്ന ഒരു വരിമാത്രം ഞാൻ വായിക്കാം; 'നിങ്ങളുടെ ബന്ധുവിന് മെഡിസിന് പ്രവേശനം വേണമെന്നു കരുതുക, പ്രവേശന പരീക്ഷ എഴുതുമ്പോൾ ഉത്തരകടലാസിൽ പേരും വിവരങ്ങളുമെല്ലാം പൂരിപ്പിച്ചാൽ മതി. ഒറ്റ ഉത്തരവും അടയാളപ്പെടുത്തരുത്. എന്നിട്ട് രജിസ്റ്റർ നമ്പരും കാശുമായി നേരെ തിരുവനന്തപുരത്ത് വണ്ടി കയറുക, പ്രവേശന പരീക്ഷയുടെ നടത്തിപ്പുകാരെ കണ്ട് നമ്പരും കാണിക്കയും സമർപ്പിക്കുക. എല്ലാം ശുഭമാകും' എന്നാണ്. ഇങ്ങനെയാണ് ഈ സമ്പ്രദായവുമായി ബന്ധപ്പെടുന്നവർ പറയുന്നത്. ഇതു വളരെ ഗൗരവതരമായി കണക്കിലെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇത്രയും വിവാദങ്ങളുണ്ടായിട്ടും എൻട്രൻസ് പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽതന്നെ നിഗൂഢമായി എൻട്രൻസ് പരീക്ഷയുടെ മൂല്യനിർണ്ണയം നടത്തണമെന്നുള്ള ദുഃശാഠ്യത്തിൽനിന്ന് അങ്ങ് പിൻമാറണം. മറ്റു വിദഗ്ദ്ധരായ ആളുകളെ, മറ്റു ഡിപ്പാർട്ടുമെന്റിലുള്ള ആളുകളെ കൂട്ടികൊണ്ട് അവരുടെയെല്ലാം ഒരു സമിതിയുടെ മുന്നിൽവച്ച് ഇതുനടത്തണം. ഇവിടെ പ്രത്യേകിച്ച് പറഞ്ഞുകേൾക്കുന്നത്, ഒരു കമ്പ്യൂട്ടർ ഓപ്പറേറ്റർ വിചാരിച്ചാൽ, അതും ഡെപ്യൂട്ടേഷനിൽ പോയ ഒരാൾ വിചാരിച്ചാൽ ഒരുപാട് തിരിമറി നടത്താൻ കഴിയുമെന്നുള്ളതാണ്. ഇതു നല്ലരീതിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അങ്ങ് ഈ പരീക്ഷാ നടത്തിപ്പിന്, വേണ്ട കാര്യങ്ങൾ ചെയ്യാൻ തയ്യാറാകണം. വിവിധ വകുപ്പുകളെയെല്ലാം കൂട്ടിച്ചേർത്തുകൊണ്ട് പണ്ടു നടന്നതുപോലെതന്നെ ഇതിന്റെ മൂല്യനിർണയം നടത്തണമെന്നാണ് എനിക്കു പറയാനുള്ളത്. ഡി.പി.ഇ.പി. യെ പറ്റി എനിക്കു പറയാനുള്ളത്. ഇതിനെ ബ്ലൈൻഡായിട്ട് എതിർക്കുന്ന കൂട്ടരല്ല ഞങ്ങൾ. ഡി.പി.ഇ.പി. നല്ലതാണെന്നു പറയുന്നവരാണ് ഞങ്ങൾ. എന്നാൽ ഇവിടെ വിവാദങ്ങൾ അതിലും ഉയർന്നിരിക്കുന്നു. ഡി.പി.ഇ.പി നല്ലതാണ്, എല്ലാം തികഞ്ഞതാണ് എന്ന് ഒരു വിഭാഗം വാദിക്കുമ്പോൾ അതു മോശമാണെന്ന് മറ്റുള്ളവരും. എനിക്കു ചോദിക്കാനുള്ളത് നല്ലതാണ്,

LIBRARY ARCHIVES Kerala Legislative Assembly

ഇത് പൂർണ്ണമായും നമ്മുടെ വിദ്യാഭ്യാസപുരോഗതിക്ക് യോജിച്ചതാണ് എന്നാണ് ആ ഭാഗത്തുള്ളവരുടെ വാദമെങ്കിൽ അവരുടെയെല്ലാം കുട്ടികളെ ഡി.പി.ഇ.പി ഉള്ള സ്കൂളുകളിലേക്ക് അയക്കാനുള്ള നടപടി സ്വീകരിക്കുമോ എന്നാണ്. ഡി.പി.ഇ.പി. യുമായി ബന്ധപ്പെട്ട് ഞാൻ ഒരു ക്യാമ്പിൽ പോകുക യുണ്ടായി. ആ ക്യാമ്പിൽ ഉയർന്നുവന്ന ഒരുപാട്ട്, അത് ഡി.പി.ഇ.പി. ക്ക് അനുകൂലമായ പദ്യമാണ്. ഒരു കർഷകത്തൊഴിലാളി സ്ത്രീയുടെ ശബ്ദ ത്തിന്റെ രീതിയിലാണ് ഇതുവരുന്നത്. 'ഇക്കണ്ടകാലം മുണ്ടും മുറുക്കിയുടു ത്തുകൊണ്ട് നിന്നെ പഠിപ്പിച്ചു, എന്തു കുന്തം പഠിച്ചെന്റെ മോനെ, മഴയറിയ ണം, പുഴയറിയണം, വിത്തറിയണം, വിതയറിയണം, നേരറിയണം എന്നാണ്. ഡി.പി. ഇ.പി. ക്ക് അനുകൂലമായി നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ ജീവിത ത്തോട് അടുക്കുന്ന വിദ്യാഭ്യാസം വേണമെന്ന് പ്രേരിപ്പിക്കാൻ വേണ്ടിയാണ് ഈ പാട്ടുപാടുന്നത്. എനിക്ക് പറയാനുള്ളത്, വിദ്യാഭ്യാസം ജീവിതവുമായി ബന്ധപ്പെടുത്തണം. നമ്മുടെ ചുറ്റുപാടുകളെല്ലാം തന്നെ ഇണക്കിക്കൊണ്ടു പോകാൻ കഴിയണം. അതു മനസ്സിലാക്കേണ്ടതുണ്ട്. കളിയുമായി മാത്രം ഇരി ക്കേണ്ടതല്ല. ഇത് കമ്പ്യൂട്ടർ യുഗമാണ്. ഇൻഫർമേഷൻ ടെക്നോളജിയെക്കു റിച്ച് നമ്മളെല്ലാം പറയുന്ന കാലമാണ്. അമേരിക്കയിലിറങ്ങിയ ഒരു മാസിക യിൽ അവിടുത്തെ കുട്ടികൾ കമ്പ്യൂട്ടർ ഉപയോഗിക്കുന്നത്, അവരെയെങ്ങനെ നേർവഴിക്കു നയിക്കുന്നത് എന്നതിനെക്കുറിച്ചുള്ള ലേഖനങ്ങൾ വന്നുകൊണ്ടി രിക്കുന്നു. വൈജ്ഞാനികമായി ലോകത്തുണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ച, ശാസ്ത്ര സാങ്കേതികരംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന പുരോഗതി ഇവ യെല്ലാംതന്നെ ഉൾക്കൊള്ളാൻ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിന് കഴിയ ണം. നാളെ വളരേണ്ട തലമുറയ്ക്ക് അതിനു കഴിയണം. അതിനുള്ള ശ്രമ മാണ് വേണ്ടത്. ഡി.പി.ഇ.പി. അതിനനുസൃതമായ രീതിയിൽ കൊണ്ടുപോക ണം. വെറും കളിയും ചിരിയുമായി മുന്നോട്ടുപോയാൽ പോരാ. നല്ല രീതി യിൽ കുട്ടികളെ വാർത്തെടുക്കുന്നതിനുതകുന്ന രീതിയിൽ മാറ്റണമെന്നു മാത്രമാണ് എനിക്കു പറയാനുള്ളത്. വിദ്യാഭ്യാസരംഗത്ത് ഒരുപാട് പോളിസി മാറ്റങ്ങളെക്കുറിച്ച് പറയുന്നുണ്ട്. അങ്ങനെ മാറ്റങ്ങൾ വരുത്തുമ്പോൾ മറ്റുള്ള വേദികളിൽ ചർച്ച ചെയ്യണം. ഡി.പി.ഇ.പി ആയാലും ഉന്നതവിദ്യാഭ്യാസ രംഗ മായാലും നമ്മുടെ സഭ ചർച്ച ചെയ്യാൻ തയാറാകണം. കേരളത്തിന്റെ വിദ്യാ ഭ്യാസരംഗം നശിപ്പിക്കുന്ന സമ്പ്രദായമാണിത്. അതുകൊണ്ടുതന്നെ ഞാൻ ഇതിനെ ശക്തമായി എതിർക്കുന്നു.

പ്രൊഫ: മീനാക്ഷി തമ്പാൻ : സർ, ഈ ധനാഭ്യർത്ഥനകളെ ശക്ത മായി പിന്തുണയ്ക്കുകയാണ്. വിദ്യാഭ്യാസരംഗത്ത് സമഗ്രമായ പരിഷ്ക്കാര ങ്ങൾ വളർത്തണമെന്നുള്ള നമ്മുടെ ദീർഘകാലത്തെ ആവശ്യം നിറവേറ്റുന്ന തിനുവേണ്ടി ഗൗരവമായി ശ്രമിക്കുന്ന എൽ.ഡി.എഫ് സർക്കാരിന്റെ വിദ്യാഭ്യാ സവകുപ്പിന്റെ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി പിൻതാങ്ങുന്നു. എനിക്കു മുമ്പു സംസാരിച്ച മെമ്പർ എസ്. എസ്.എൽ.സി പരീക്ഷയിൽ വിദ്യാർത്ഥികൾക്കുണ്ടായ പരാജയത്തെക്കുറിച്ച് പറഞ്ഞു. പത്തുവർഷം നിര ന്തരമായി പഠിച്ച് പരീക്ഷ എഴുതിയിട്ട് രണ്ടര ലക്ഷം കുട്ടികളാണ് തോറ്റിട്ടുള്ള ത്. അതെന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്? പഴയ ട്രെഡീഷണൽ സമ്പ്രദായത്തിന്റെ മഹത്വമാണോ? അതിന് യാതൊരു മാറ്റവുമില്ലാതെ തുടര ണമെന്നാണോ അപ്പുറത്തുള്ളവർ ആഗ്രഹിക്കുന്നത്? ഇപ്പോഴത്തെ അധ്യയന രീതി വിരസവും ജീവിതവുമായി യാതൊരു ബന്ധവുമില്ലാത്തതും കുട്ടികളെ കേന്ദ്രീകരിച്ചുകൊണ്ടുള്ളതല്ലാത്തതും ആയതുകൊണ്ടാണ് ഇത്രവലിയ പരാ ജയം വന്നത്. മോഡറേഷനും ഗ്രൂപ്പ് സിസ്റ്റവുമൊക്കെയുണ്ടായിട്ടാണ് ഇതു ണ്ടാകുന്നതെന്ന് അവർ ഓർമ്മിക്കുന്നുണ്ടോ എന്നെനിക്കറിയില്ല. ഇതുമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട് കേരള കൗമുദിയുടെ ഒരു മുഖപ്രസംഗം വരികയുണ്ടായി. വേദനാജനകമായ ഈ അവസ്ഥക്ക് ഒരു മാറ്റം വരുത്തുന്നതിനാണ് പുതിയ പാഠ്യപദ്ധതിയായ ഡി.പി. ഇ.പി. നടപ്പിലാക്കിയത്. ഈ പ്രോഗ്രാം നടപ്പിലാക്കിയ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് എഴുതാനറിയില്ലെന്നും മറ്റുമുള്ള പ്രചരണം തീർത്തും അടിസ്ഥാനരഹിതമാണെന്ന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ കമ്മിറ്റികളും ഗൗരവബുദ്ധിയുള്ള പത്രപ്രവർത്തകരും നടത്തിയിട്ടുള്ള സൂക്ഷ്മമായ പഠനങ്ങളിൽ തെളിഞ്ഞിരിക്കുന്നു. കണക്കുപോലും കുട്ടികളിൽ രസകരമായി മാറുന്ന ഒരു വലിയ മാറ്റം നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിരിക്കുന്നു എന്നുള്ളതാണ് സത്യം. 1986-ലെ ദേശീയ വിദ്യാഭ്യാസനയത്തിന് മൂന്നു ലക്ഷ്യങ്ങളാണുണ്ടായിരുന്നത്. സാർവത്രികമായ വിദ്യാലയ പ്രവേശനം, എല്ലാവരെയും നിലനിർത്തൽ, സാർവ്വത്രികമായ ഗുണനിലവാരം കൈവരിക്കൽ. ഇതിൽ ആദ്യത്തെ രണ്ടുകാര്യങ്ങളിലും വർഷങ്ങൾക്കുമുമ്പുതന്നെ കേരളം വലിയ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. എന്നാൽ അവസാനത്തെ കാര്യമായ സാർവ്വത്രികമായി ഗുണനിലവാരം കൈവരിക്കുക എന്ന പ്രധാനപ്പെട്ട പ്രശ്നത്തിൽ എന്താണുണ്ടായത്? അത് ആലോചിക്കുമ്പോൾ നമ്മൾ ലജ്ജിക്കുന്നുണ്ട്. National Institute of Education and Planning Administration കേരളത്തിലെ സ്കൂളുകളിൽ നടത്തിയ Base Line Assessment Study അനുസരിച്ച് പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിൽ ഇന്ത്യയിലെ സ്റ്റേറ്റുകളിൽ കേരളം 18-ാമതായിട്ടാണ് നിൽക്കുന്നത്. അതെന്തുകൊണ്ടാണ് സംഭവിക്കുന്നതെന്നുള്ളതിനെക്കുറിച്ചുള്ള ഒരു ചിന്തയുണ്ടാകണം. അതിനെ ആസ്പദമാക്കിയുള്ള പുതിയ പദ്ധതികൾ ഉണ്ടാകണം. നിലവിലുള്ള പഠന-ബോധന രീതികൾ തകരാറിൽതന്നെയാണ്. വ്യക്തമായ ലക്ഷ്യബോധമില്ല, വിദ്യാർത്ഥി പാഠങ്ങൾ ഉരുവിട്ട് മനപാഠമാക്കുന്നു, ഓർമ്മയുടെ കഴിവുമാത്രം അളക്കപ്പെടുന്നു. 1988-ൽ രൂപം നൽകിയ ദേശീയ കോർ കരിക്കുലം കുട്ടികളുടെ വ്യക്തിത്വവും മാന്യതയും അംഗീകരിക്കണമെന്നാണ് പറയുന്നത്. ഇത്തരത്തിലുള്ള പരിവർത്തനാത്മകമായ വിദ്യാഭ്യാസസമ്പ്രദായം കെട്ടിപ്പടുക്കുകയെന്ന അങ്ങേയറ്റം ശ്രമകരമായ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുകയാണ് എൽ.ഡി.എഫ് ഗവണ്മെന്റും ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രിയും. ഏറെക്കാലമായി നമ്മളൊക്കെ പൊതുവേദികളിൽവച്ചും അല്ലാതെയുമൊക്കെ ആവശ്യപ്പെട്ടിട്ടുള്ളതാണ് വിദ്യാഭ്യാസരംഗം പരിഷ്കരിക്കൽ. നിരവധി പോരായ്മകൾ നമ്മൾ ചൂണ്ടിക്കാണിക്കാറുണ്ട്. കാലോചിതമല്ലാത്ത പഴഞ്ചൻ സമ്പ്രദായമാണ്. തൊഴിലിന് ഉതകുന്നതല്ല, മൂല്യബോധം വളർത്താത്തതാണ്, മെക്കാളെ പ്രഭുക്കാർക്കുമാരെ സൃഷ്ടിക്കാൻവേണ്ടി ഉണ്ടാക്കിയതാണ്. അത് അതേപടി തുടരുന്നു,അത് വൈദേശിക സംസ്ക്കാരം അടിച്ചേൽപ്പിക്കുന്നതാണ്. ബോധന സമ്പ്രദായം യാന്ത്രികമാണ്. കർക്കശമായ ചിട്ടയും ശിക്ഷയും മന:പാഠത്തിലധിഷ്ഠിതമായ അഭ്യസനം തുടങ്ങി വളരെയധികം പരാതികൾ ഇന്നത്തെ ട്രഡീഷണൽ സമ്പ്രദായത്തെക്കുറിച്ച് നാം പറയാറുണ്ട്. എന്നാൽ സമൂലമായ ഒരു മാറ്റം പാഠ്യപദ്ധതിയിലും ബോധനരീതിയിലും മൂല്യനിർണ്ണയത്തിലും കൊണ്ടുവരുന്ന ഈ പുതിയ സമ്പ്രദായത്തെ എന്തുകൊണ്ടാണ് എതിർക്കുന്നതെന്ന് എനിക്കറിയില്ല. ഈ സാഹചര്യത്തിലാണ് പഠിതാവിന് പ്രാധാന്യം അംഗീകരിക്കുന്ന സിദ്ധാന്തങ്ങളും സമ്പ്രദായങ്ങളും പരീക്ഷിക്കാൻ തുടങ്ങിയത്. സ്വാഭാവികമായ അന്തരീക്ഷത്തിൽ സ്വന്തം അനുഭവങ്ങൾക്കും പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകുന്ന, കുട്ടികളിൽ ഉറങ്ങിക്കിടക്കുന്ന നൈസർഗ്ഗികമായ ശക്തികളെ ഉണർത്തി, മന:പാഠ പീഡനമില്ലാതാക്കി, അന്വേഷണതത്വര വളർത്തി, വിദ്യാഭ്യാസം ആഹ്ലാദകരമായ ഒരനുഭൂതിയായി മാറുന്നു എന്നുള്ളതാണ് ഈ സമ്പ്രദായത്തിന്റെ പ്രത്യേകത എന്നെനിക്കുതോന്നുന്നു. വിദ്യാഭ്യാസരംഗത്തുകൊണ്ടുവരേണ്ട പരിഷ്കാരങ്ങളെക്കുറിച്ച് രവീന്ദ്രനാഥടാഗോർ, ഈശ്വരചന്ദ്രസാഗർ തുടങ്ങി നിരവധി മഹാന്മാർ ശ്രമിച്ചിട്ടുള്ളതാണ്. ഞാൻ ഓർമ്മിക്കുന്നു My Boyhood Days എന്നുപറഞ്ഞ് ടാഗോർ എഴുതിയ തന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഓട്ടോബയോഗ്രഫിയിൽ സ്കൂളുകളിലേക്ക് കൊണ്ടുപോകാനുള്ള കുതിര വണ്ടി അദ്ദേഹത്തിന്റെ വീടിന്റെ മുന്നിലെത്തുമ്പോൾ ആൻഡമാനിലേയ്ക്ക് തന്നെ കൊണ്ടുവരാനുള്ള വണ്ടിവന്നുയെന്നു വിചാരിച്ചുകൊണ്ട് അന്ന് അവിടെയുള്ള ആ ഒരു പ്രത്യേക വിദ്യാഭ്യാസ സമ്പ്രദായത്തിൽനിന്നും രക്ഷപ്പെടാനായിട്ട് അദ്ദേഹം ശ്രമിച്ചത്. പല ശ്രമങ്ങളുമുണ്ടായിട്ടുണ്ട്. കിന്റർഗാർട്ടൻ സമ്പ്രദായം കൊണ്ടുവന്നതിനെക്കുറിച്ചുമൊക്കെ ഇവിടെ സംസാരിക്കുകയുണ്ടായി. ആധുനികമായ അറിവു സമ്പാദിക്കുന്നതിനാവശ്യമായ ഭാഷയും ഗണിതവും അടിസ്ഥാനശാസ്ത്രവുമൊക്കെ നമുക്കുണ്ടാകണം. ഒരധ്യാപിക എന്നുള്ള നിലയിൽ The three arts എന്നുപറയും. Reading, Writing and Rhythematic ഈ ബേസിക്കായ അറിവുണ്ടായിരിക്കണം എന്നുള്ളതിനെക്കുറിച്ച് ഒരു സംശയവുമില്ല. പക്ഷേ ശിശു കേന്ദ്രീകൃതമായ, പഠിതാവിന് പ്രാധാന്യം കൊടുക്കുന്ന ഈ സമ്പ്രദായത്തിൽ ഒരധ്യാപകന്റെ റോൾ ഞാൻ ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. ഒരധ്യാപിക എന്നുള്ള നിലയിൽ പോർഷൻ കവർ ചെയ്യുക എന്നുള്ളതാണ് സാധാരണ എല്ലാ അധ്യാപകരുടേയും ലക്ഷ്യം, എങ്ങനെയെങ്കിലും പോർഷൻ കവർ ചെയ്യുക, ക്ലാസുകൾ എങ്ങനെയെങ്കിലും മാനേജ് ചെയ്യുക എന്നതുമാത്രമാണ്. അതുകൊണ്ട് അതിൽനിന്നും വ്യത്യസ്തമായി ഫലപ്രദമായി പഠിപ്പിക്കുന്ന മഹാഭൂരിപക്ഷം അധ്യാപകരും മഹാമണ്ടൻമാരാണെന്ന് എഴുതിതള്ളിയ കുട്ടികൾവരെ പഠനത്തിൽ താല്പര്യമെടുക്കുന്നതാണ് ഈ സമ്പ്രദായം. ഈ സന്ദർഭത്തിൽ ഇതിനെ വളരെ ശക്തമായി എതിർത്ത ഡോ. എൻ.എ. കരീമിന്റെ ഒരു ലേഖനം ഞാൻ വായിക്കുകയുണ്ടായി. അതിലെ ചില വരികൾ ഞാനിവിടെ ഉദ്ധരിക്കാൻ ആഗ്രഹിക്കുന്നു. ''സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിലും പരിഷ്ക്കരണത്തിലും ശ്രദ്ധതിരിഞ്ഞിട്ടുള്ളത് വൈകിവന്നതാണെങ്കിലും സ്വാഗതാർഹമായ ഒരു പ്രവൃത്തിയാണ്. എന്തുകൊണ്ടെന്നാൽ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയെ ആശ്രയിച്ചാണ് ഉന്നതവിദ്യാഭ്യാസത്തിന്റെ നിലവാരം നിൽക്കുന്നത്. ഇപ്പോൾ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ദൈർഘ്യം, ഘടന, ബോധന പഠനരീതികൾ, മൂല്യനിർണ്ണയം, പാഠപുസ്തകങ്ങൾ എന്നിവയെപ്പറ്റിയെല്ലാം സമഗ്രമായ ഒരു സമീപനം ആവശ്യമാണെന്ന ബോധോദയം നമ്മുടെ ഭരണാധികാരികൾക്കുണ്ടായതിൽ സന്തോഷിക്കുന്നു. പ്രൈമറി വിദ്യാഭ്യാസ പരിഷ്ക്കരണത്തിന്റെ ചുവടുപിടിച്ച് സ്കൂൾ വിദ്യാഭ്യാസത്തിന്റെ പാഠ്യപദ്ധതി പാടെ പരിഷ്ക്കരിക്കാൻ തീരുമാനിച്ചിട്ടുള്ളതും യുക്തിസഹമായ കാര്യമാണ്.'' ഇതുപറയുന്നത് ഞങ്ങളല്ല, ഇതിനെ ഏറ്റവും ശക്തിയായി എതിർത്തിട്ടുള്ള ഡോ. എൻ.എ. കരീമാണ്. ഇതും അദ്ദേഹം പറയുന്നതാണ്. പ്രഖ്യാപിതമായ വിദ്യാഭ്യാസ സാമൂഹ്യലക്ഷ്യം നേടിയെടുത്ത് അർത്ഥപൂരകമാക്കാൻ നിരവധി പൂരകമായ നടപടികൾ ഇതോടൊപ്പം അടിയന്തിരമായി കൈക്കൊണ്ടുവെങ്കിൽ മാത്രമേ ഒരു പുതിയ വിദ്യാഭ്യാസ സമ്പ്രദായത്തിന് അവസാനമായി അടിത്തറയിട്ടുവെന്ന് നമുക്ക് അഭിമാനിക്കാൻ കഴിയൂ. ഇതിന് പൂരകമായ നിരവധി പരിപാടികൾകൊണ്ടുവന്നാൽ മാത്രമേ വിജയിപ്പിക്കാൻ കഴിയൂ എന്ന് മറ്റാരേക്കാൾ നന്നായി അറിയുന്ന ഒരു ഗവൺമെന്റും ബന്ധപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രിയും ആണ് ഇവിടെയുള്ളത്, സംശയമില്ല. ജീവിതാനുഭവങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ, സംഭവങ്ങൾ, കഥകൾ, കവിതകൾ, ഭാഷാപഠനം തുടങ്ങിയ എല്ലാ അറിവിന്റെയും കേന്ദ്രമാണ് ടീച്ചർ, ഞാൻ ഓർമ്മിക്കുന്നത് ഗോൾഡ്സ്മിത്തിന്റെ വില്ലേജ് സ്കൂൾ ടീച്ചറെക്കുറിച്ചാണ്., കുട്ടികൾ അത്ഭുതപ്പെടുകയാണ്. ഇത്രയുമധികം അറിവ് തലയിലുണ്ടല്ലോ. കാരണം മറ്റുകുട്ടികൾക്ക് യാതൊരു റോളുമില്ല ഞാൻ ഓർമ്മിക്കുന്നു. ആദ്യമായി പഠിപ്പിക്കാൻ പോയസമയത്ത് ഞാൻ വിചാരിച്ചിരുന്നത് കുട്ടികൾക്ക് ഇങ്ങോട്ടൊന്നും ചോദിക്കാൻ അവസരം കൊടുക്കാതെ ഒരൊറ്റ ലക്ചർ കൊടുത്തുപോകുക എന്നതാണ് ഏറ്റവും നല്ല പഠിപ്പിക്കൽ എന്നാണ്. അതിനുവേണ്ടി ഞാൻ high counting a bombastic words Dictionary നോക്കി പഠിക്കു

LIBRARY ARCHIVES Kerala Legislative Assembly

കയായിരുന്നു. കാരണം അങ്ങനെ ഒരു ഒഴുക്കുള്ള ഇംഗ്ലീഷിൽ നിർത്താതെ കുട്ടികളെ അമ്പരിപ്പിക്കുന്ന വിധത്തിൽ പഠിപ്പിക്കുന്നതാണ് നല്ല ഒരു അധ്യാപകനാണെന്ന് ഞാൻ വിചാരിച്ചു. എത്ര വലിയ തെറ്റാണ് ഞാൻ ചെയ്തതെന്ന എനിക്ക് പിന്നീട് മനസ്സിലായി. കാരണം ഞങ്ങൾക്കൊരു വർക്ക്ഷോപ്പുണ്ടായിരുന്നു, Teaching without lecturing എന്ന വർക്ക്ഷോപ്പിൽ ഞാൻ മൂന്നുമാസം പോയി. അവിടെ പോയപ്പോഴാണ് ഒരധ്യാപകന്റെ റോൾ എന്തായിരിക്കണമെന്ന് ഞാൻ മനസ്സിലാക്കിയത് അവിടെ ടീച്ചറിനല്ല, കുട്ടികൾക്കാണ് റോൾ. പരമാവധി give and take ഞാൻ എന്റെ അനുഭവം പറയട്ടെ, ഒരു ചെറിയ പോയം ഞാനൊരു പ്രാവശ്യം വായിക്കുന്നു, ഞാനത് അടച്ചുവയ്ക്കുന്നു. എന്നിട്ട് വിദ്യാർത്ഥിനികളോട് അത് വളരെ സൈലന്റായി മൂന്നുപ്രാവശ്യം വായിക്കാൻ പറയുന്നു. അവരും പുസ്തകം അടച്ചുവയ്ക്കുന്നു. അതിനു ശേഷം ഞാനവരോട് ഈ കവിത എഴുതിയ കവിയാരാണെന്ന് നിങ്ങൾക്ക് ഊഹിക്കാൻ കഴിയുമോ എന്നുചോദിക്കുകയാണ്. ചിലർക്ക് ഊഹിക്കാൻ കഴിയുന്നു. അതിന്റെ മെയിൻ കണ്ടന്റ് എന്താണെന്ന് ചോദിക്കുന്നു. അതുപറയാൻ കുട്ടികൾക്ക് കഴിയുന്നു, പിന്നീട് നിരവധി കോംപ്രിഹെൻസീവ് ക്വസ്റ്റ്യൻസ്, അങ്ങനെ വളരെ സജീവമായി അങ്ങോട്ടുമിങ്ങോട്ടും give and take ആയിട്ടുള്ള ഒരൊന്നാന്തരം റിലേഷൻഷിപ്പ് കൊണ്ടുവന്നു. തിരിച്ച് കോളേജിൽ പോയപ്പോൾ മൂന്നുമാസം ഞാനിത് നന്നായി പ്രയോഗിച്ചു. അതിനുശേഷം ആ പുസ്തകം അടച്ചുവച്ച് ആ പഴയ രീതിയിലേക്ക് പോവുകയാണ്. ഞാൻ പറയാൻ ആഗ്രഹിക്കുന്നത് ഇതാണ്. മാറ്റം വേണമെന്നു പറയും, മാറ്റം വരുമ്പോൾ അതുൾക്കൊള്ളാൻ നമ്മൾ തയാറല്ല എനിക്കുതോന്നുന്നത് I was so much in love in my own voice മറ്റൊരാളുടെ ശബ്ദം വേണ്ട, എന്റെ ശബ്ദം മാത്രം കേട്ടുകേട്ടു മതിയാകാത്ത ഒരു സമ്പ്രദായം. ഞാൻ ചിന്തിക്കുന്നത് ഈ മാറ്റങ്ങൾ ഉൾക്കൊള്ളാൻ ആരും തയാറല്ലെന്നുള്ളതാണ്. മാറ്റം വേണം, പക്ഷെ മാറ്റംവരുമ്പോൾ അത് അംഗീകരിക്കാൻ നമ്മൾ തയാറാകുന്നില്ല എന്നുള്ളതാണ്. അതുകൊണ്ട് വളരെ ആഹ്ലാദകരമായ ഒരു അനുഭവമായി, അധ്യാപനം ഒരു സർഗാത്മകപ്രക്രിയയായി മാറ്റിയ ഈ ഗവൺമെന്റിന്റെ വിദ്യാഭ്യാസ പരിഷ്ക്കാരങ്ങളെ ഞാൻ വളരെ ശക്തിയായി പിന്താങ്ങുന്നു. അതോടൊപ്പംതന്നെ ദേശീയധാരയിൽ നിന്ന് മാറിനിൽക്കാൻ കഴിയുകയില്ല എന്നു മനസ്സിലാക്കിക്കൊണ്ട് വളരെ ധീരമായ ഒരു നയം എൽ.ഡി.എഫ് ഗവൺമെന്റ് പ്രത്യേകിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രി എടുക്കുകയുണ്ടായി. പ്ലസ് ടു കൊണ്ടുവന്നു. സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കി. ശ്രീ. ടി.എം. ജേക്കബ് പ്രസംഗിക്കുമ്പോൾ പറയും ഞാൻ കൊണ്ടുവന്നതാണ് ഞാൻ കൊണ്ടുവന്നതാണ് എന്ന്. അദ്ദേഹം കൊണ്ടുവന്ന പ്രീ ഡിഗ്രി ബോർഡ് എവിടെകിടക്കുന്നു? പ്ലസ് ടു എവിടെ കിടക്കുന്നു? പ്രീ ഡിഗ്രി യൂണിവേഴ്സിറ്റിയിൽനിന്നും ഡീലിങ്ക് ചെയ്ത് പ്രത്യേകം ഒരു ബോർഡിന്റെ കീഴിൽ കൊണ്ടുവരണമെന്നുപറഞ്ഞ് 1986 മേയ്മാസത്തിൽ വൈസ് ചാൻസലർമാരുടെ ഒരു റിപ്പോർട്ട് ഗവൺമെന്റിന് കൊടുക്കുകയുണ്ടായി. ഇത് കോളേജിന്റെ ഭാഗമാക്കരുതെന്നുള്ളതാണ് വിദ്യാഭ്യാസ വിചക്ഷണന്മാർ ആഗ്രഹിക്കുന്നത്. അതുകൊണ്ട് ഇപ്പോഴുള്ള രീതിയിൽനിന്നും വ്യത്യസ്തമായി കാര്യങ്ങൾ പഠിക്കാൻ സഹായിക്കുന്ന വിധത്തിലുള്ള ഒരു സമീപനമുണ്ടാകണം. പ്രീ ഡിഗ്രി വേർപ്പെടുത്തുന്നതോടുകൂടി ഡിഗ്രി കോഴ്സുകളുടെയും പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സുകളുടെയും സീറ്റുകൾ വർദ്ധിപ്പിക്കണം. ആധുനികമായ കോഴ്സുകൾ ആരംഭിക്കണം. ശാസ്ത്ര സാങ്കേതിക പഠന സൗകര്യങ്ങൾ വിപുലപ്പെടുത്താൻ ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. സംസ്ഥാനത്തെ പോളിടെക്നിക്കുകളിൽ സീറ്റുകൾ വർദ്ധിപ്പിക്കണം. എനിക്ക് സെൽഫ് ഫൈനാൻസിംഗ് കോളേജുകളെക്കുറിച്ചാണ് പറയാനുള്ളത്, കാസർഗോഡ്, ചെങ്ങന്നൂർ എന്നിവിടങ്ങളിൽ സ്വാശ്രയകോളേജുകൾ ഉണ്ടായിരുന്നുവെങ്കിലും അഡ്മിഷന്റെ കാര്യത്തിലോ, എസ്.സി., എസ്.ടി ക്ക് സീറ്റുകൾ നീക്കി

LIBRARY ARCHIVES Kerala Legislative Assembly

വയ്ക്കുന്ന കാര്യത്തിലോ, പണമടയ്ക്കുന്ന കാര്യത്തിലോ എന്തെങ്കിലും ഒരു യൂണിഫോമിറ്റി ഉണ്ടായിരുന്നോ? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആദ്യം ചെയ്ത കാര്യങ്ങളിൽ ഒന്ന് സ്വാശ്രയകോളേജിലെ നിക്ഷേപ പിരിവ് നിർത്തലാക്കിയിട്ട് പകരം പകുതി ഫ്രീ സീറ്റും പകുതി പേമെന്റ് സീറ്റുമാക്കി. അങ്ങനെ ഫ്രീസീറ്റും പേമെന്റ് സീറ്റും കൊണ്ടുവന്ന സമീപനത്തിനെതിരായി യു.ഡി.എഫ് കോടതിയിൽ എന്തൊക്കെയാണ് പറഞ്ഞതെന്നറിയാമോ? ഇവിടെയുള്ളതെല്ലാം പേമെന്റ് സീറ്റുകളാക്കണം എന്നു ആർഗ്യൂമെന്റാണ് യു.ഡി.എഫ് കൊണ്ടുവന്നിട്ടുള്ളത്. മറ്റൊരുകാര്യം പറയാനുള്ളത് കോളേജുകൾ അനുവദിക്കുന്നത് സാമൂഹ്യ ഉത്തരവാദിത്വത്തോടും സാമൂഹ്യനീതി പുലർത്തിയുമായിരിക്കണം എന്നാണ്. വളരെ വലിയ ഒരു നവോത്ഥാനം തന്നെ സാംസ്ക്കാരികരംഗത്ത് കൊണ്ടുവന്ന ഗവൺമെന്റിനെക്കുറിച്ച് ഒന്നുരണ്ട് കാര്യങ്ങൾ പറയാം. ദൃശ്യ-ശ്രവ്യമേഖല മലയാളികളുടെ സാംസ്ക്കാരിക ജീവിതത്തിലെ ഏറ്റവും വലിയ ചുവടുവയ്പാണ്. എന്നാൽ തലമുറകളിൽനിന്ന് തലമുറകളിലേക്ക് കൈമാറുന്ന ഈ സാംസ്ക്കാരിക നിക്ഷേപങ്ങൾ അനാഥമാകുന്നതിനെക്കുറിച്ച് നമ്മൾ എപ്പോഴും വേദനിക്കാറുണ്ട്. ദുഃഖത്തോടെ സംസാരിക്കാറുമുണ്ട്. എന്നാൽ വളരെ ക്രിയാത്മകമായ നിലപാടാണ് സാംസ്ക്കാരിക നിക്ഷേപങ്ങൾ കാത്തുസൂക്ഷിക്കുന്നതിന് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിച്ചത്. വാണിജ്യ പ്രലോഭനങ്ങളിൽ അവശേഷിക്കുന്ന നമ്മുടെ കലാരൂപങ്ങളെ രക്ഷിക്കാനുള്ള ബാധ്യത ഏറ്റെടുത്ത് നമ്മുടെ രാജ്യത്ത് അവശേഷിച്ചിട്ടുള്ള ഒരേയൊരു കലാമണ്ഡലത്തെ സാംസ്ക്കാരിക ബോധത്തിന്റെ സ്വപ്നമായ കലാമണ്ഡലമെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. യു.ഡി.എഫ് ഗവൺമെന്റ് ചെയ്ത ഒരു കാര്യം പറയുവാൻ എന്നെ അനുവദിക്കണം. യു.ഡി.എഫിന്റെ കാലത്ത് ശ്രീ. ടി.എം. ജേക്കബിന് കലാമണ്ഡലത്തിന്റെ ചുമതലയുണ്ടായിരുന്നപ്പോൾ, സാംസ്ക്കാരികവകുപ്പിന്റെ ചുമതലയുണ്ടായിരുന്നപ്പോൾ 'Where probation of Art is the last priority. Kalamandalam glory exists the lowerst ebb' അവിടെ പോയവർ ആരൊക്കെയാണെന്ന് അറിയാമോ? ഒളപ്പമണ്ണ, രാമചന്ദ്രൻ, കാവാലം നാരായണപ്പണിക്കർ, സി.പി. ശ്രീധരൻ അങ്ങനെ എത്രയെത്ര ആളുകളാണ്. സാംസ്ക്കാരിക രംഗത്ത് അക്ഷരാർത്ഥത്തിൽ ഒരു നവോത്ഥാനം കൊണ്ടുവന്ന ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ജനാധിപത്യപരമായ പ്രവർത്തനങ്ങളെ ശ്ലാഘിച്ചുകൊണ്ട് ഞാൻ ഈ ഡിമാന്റുകളെ പിന്താങ്ങുന്നു.

<u>ശ്രീ. മാമ്മൻ മത്തായി</u> : സർ, ഞാൻ, ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കെടുകാര്യസ്ഥതയുടെയും സ്വജനപക്ഷപാതത്തിന്റെയും കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പ് അതിന്റെ പാരമ്യത്തിലെത്തിയിരിക്കുകയാണ്. അഴിമതിയുടെയും, കൈക്കൂലിയുടെയും സ്വജനപക്ഷപാതത്തിന്റെയും ദുർഗന്ധപൂരിതമായ കഥകൾകൊണ്ട് ഈ വകുപ്പ് ഇന്ന് കേരള കോൺഗ്രസിലെന്നല്ല നമ്മുടെ സംസ്ഥാനത്തൊട്ടാകെ നാണക്കേടായി മാറിയിരിക്കുകയാണ്. ഇതിനു ഉത്തമമായ ഉദാഹരണമാണ് കേരളാ സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ നടന്ന നിയമനങ്ങൾ. ഇത് സംബന്ധിച്ചു മലയാള മനോരമ പത്രത്തിൽ വന്ന ഒരു വാർത്ത ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സംസ്ഥാനത്തെ ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ വിവിധ ഉപകേന്ദ്രങ്ങളിലെ ആശ്രിത നിയമനങ്ങൾ വിവാദമാകുന്നു. ഒരു മന്ത്രിയുടെയും ഇടതുപക്ഷ ജനാധിപത്യമുന്നണിയിലെ ഘടകകക്ഷികളിൽപ്പെട്ട പ്രഗൽഭരായ രണ്ട് എം.എൽ.എ മാരുടെ ബന്ധുക്കളെയും സ്വന്തക്കാരെയും വിവിധ സ്ഥാനങ്ങളിൽ തിരുകിക്കയറ്റിയതാണ് വിവാദമായിരിക്കുന്നത്. മൂന്നു മാസത്തിനകം അൻപതോളം പേർക്ക് ഇങ്ങനെ നിയമനം ലഭിച്ചതായി അറിയുന്നു. എം.എൽ.എ മാരുടെ ബന്ധുക്കൾക്ക് പുറമെ മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ട പലരുടെയും ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും, മന്ത്രിയുടെ വീട്ടുജോലിക്കാരുടെ മക്കൾക്കും വരെ നിയമനം ലഭിച്ച

LIBRARY ARCHIVES Kerala Legislative Assembly

തായും ആരോപണമുണ്ട്. ശുപാർശയുമായെത്തുന്ന ആളിന്റെ വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് ഓരോ കേന്ദ്രങ്ങളിലും തസ്തികകൾ സൃഷ്ടിച്ചിരിക്കുകയാണ്. ശുപാർശ ചെയ്യുന്ന ആളിന്റെ യോഗ്യതകൾ അഭികാമ്യമായി നിശ്ചയിച്ചാണ് ഉയർന്ന തസ്തികകളിലേക്ക് പരസ്യം ചെയ്യുന്നത്. അപേക്ഷകരുടെ എണ്ണം ഇത്തരത്തിൽ നിയന്ത്രിച്ചിട്ടുണ്ട്. ഇഷ്ടക്കാരെ എഴുത്തുപരീക്ഷയുടെ അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്. താൽക്കാലിക ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമിക്കണമെന്നാണ് വ്യവസ്ഥയെങ്കിലും ഇവിടെ ജോലിക്ക് ബന്ധുബലം മാത്രം മതിയെന്നാണ് വ്യവസ്ഥ. ചിലരിൽ നിന്ന് പണം വാങ്ങിയെന്നും ആരോപണമുണ്ട്. അസിസ്റ്റന്റ് ട്രെയിനിംഗ് ഓഫീസർ തസ്തികയിലേക്ക് ഒന്നരലക്ഷം രൂപ വാങ്ങിയെന്നാണ് പറയുന്നത്. ആ സെന്ററുകളിൽ ആർക്കൊക്കെയാണ് നിയമനം നൽകിയത് എന്നുള്ളത് ഞാൻ വായിക്കാം. ഞാൻ ആളിന്റെ പേരും, എവിടെയാണ് ജോലി ചെയ്യുന്നതെന്നും, കേരള കോൺഗ്രസ് പാർട്ടിയുമായി അവർക്കുള്ള ബന്ധം എന്താണെന്നും വിശദീകരിക്കാം. ഞാൻ ഈ ലിസ്റ്റ് മേശപ്പുറത്തു വയ്ക്കുകയാണ് ********** ഇതൊരു അഴിമതിയല്ലേ; നെപ്പോട്ടിസം അല്ലേ?

IX. ക്രമപ്രശ്നം

അഴിമതി ആരോപണം ഉന്നയിക്കുമ്പോൾ വിഷയം സ്പെസിഫിക്കായിരിക്കണം

ഡോ. കെ.സി. ജോസഫ് : ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. അഴിമതി ആരോപണം എഴുതിക്കൊടുത്തത് ഉന്നയിക്കാൻ ബഹുമാനപ്പെട്ട മെമ്പർക്ക് അവകാശമുണ്ട്. എന്നാൽ ആരോപണങ്ങൾ സ്പെസിഫിക്ക് ആയിട്ടു പറയണം. വേഗ് ആയിട്ട് പറയുന്നത് ശരിയല്ല. ********** എത് നിയമനത്തിനാണ് എന്നു പറയണം. ഇത്തരത്തിൽ അഴിമതി ആരോപണം ഉന്നയിക്കുന്നത് ഓർഡറിലാണോ?

ശ്രീ. പി.സി. ജോർജ് : സർ, ********* ഞാൻ ക്രമപ്രശ്നം ഉന്നയിക്കുകയാണ്. ********* †എനിക്ക് എഴുതിത്തന്നിട്ടുണ്ട്. അതിൽ 1986 ലെ ചരിത്രമാണ് പറഞ്ഞിരിക്കുന്നത്. എഴുതിക്കൊടുത്ത കാര്യങ്ങൾ പറയണം.

ശ്രീ. മാമ്മൻ മത്തായി : ഈ സെന്ററിൽ വഴിവിട്ട നിയമനങ്ങൾ എങ്ങനെ നടത്തിയെന്നുള്ളതാണ് ഞാൻ സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ബന്ധുക്കളായി നാലുപേർക്ക് കൂടി മാത്രമേ ഇനി അവിടെ ജോലി കിട്ടാനുള്ളു.

ഒന്ന്-വീരപ്പൻ, രണ്ട്-നളിനി, മൂന്ന്-കണ്ണൻ, നാല്-ഉണ്ണിമേരി. പക്ഷെ ഈ നാലുപേരും പശുക്കളായതുകൊണ്ടാണ് ജോലി കിട്ടാത്തത്. അല്ലെങ്കിൽ ഈ നാലുപേർക്കുകൂടി ഈ വകുപ്പിൽ ജോലി കൊടുക്കുമായിരുന്നു. ഈ വഴിവിട്ട നിയമനത്തിന്റെ പേരെന്താണ്? കറപ്ഷൻ എന്നല്ലേ; സ്വജനപക്ഷപാതമല്ലേ. നെപ്പോട്ടിസമല്ലേ? ധൈര്യമുണ്ടെങ്കിൽ അന്വേഷണം നടത്തണം.

ഡോ. കെ.സി. ജോസഫ് . സർ, ഞാൻ ഉന്നയിച്ച പോയിന്റ് ഓഫ് ഓർഡറിനു റൂളിംഗ് വേണം. ********* എന്നു വാങ്ങി എന്നുള്ളതിനെ സംബന്ധിച്ചു സ്പെസിഫിക്ക് ആയിട്ടു പറയണം. വേഗ് ആയിട്ട് പറയാൻ പാടില്ല. അതിനെ സംബന്ധിച്ചു റൂളിംഗ് വേണം.

• ബഹു.സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖകളിൽ നിന്നും നീക്കം ചെയ്തു.

†ബഹു: സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാമ്മൻ മത്തായി . ഞാൻ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർ എനിക്ക് വളരെ കുറച്ച് സമയം മാത്രമേ അനുവദിച്ചിട്ടുള്ളു എന്നുള്ളതുകൊണ്ട് ഞാൻ മുഴുവനും വായിക്കുന്നില്ല. ഈ ലിസ്റ്റിൽ മുഴുവൻ ഡീറ്റെയ്ൽസും ഉണ്ട്. ധൈര്യം ഉണ്ടെങ്കിൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് അതിനെപ്പറ്റി അന്വേഷിക്കാമോ?..... ബഹളം..... ബഹളം..... ഇതിന്റെ പേരെന്താണ്? ഈ മന്ത്രി ചെയ്ത കറപ്ഷൻ, അഴിമതി, സ്വജനപക്ഷപാതം ഇവയൊക്കെ ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പൊതുപ്രവർത്തകരുടെ അഴിമതിയെ സംബന്ധിച്ചു അന്വേഷണം നടത്തുന്നതിന് ലോകായുക്ത് നിയമം പാസ്സാക്കിയിട്ടുണ്ടല്ലോ?. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ചാർജുള്ള ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ഉണ്ടല്ലോ. നിങ്ങൾ കാശും മേടിച്ചിട്ട് ഞങ്ങൾ സ്റ്റാമ്പും ഒട്ടിച്ച് അതിന്റെ പുറകെ നടക്കണം. ലോകായുക്ത് നിയമത്തിൽ അലിഗേഷനെ സംബന്ധിച്ചു എന്താണ് പറയുന്നത് എന്ന് അങ്ങ് നോക്കണം. 2(b) (iii) is guilty of corruption, favouritism, nepotism or lack of integrity in his capacity as such public servant; എന്നാണ്.

നടപടി എടുക്കണ്ടേ? ഇത് റഫർ ചെയ്യേണ്ടേ? അങ്ങേയ്ക്ക് മന:സാക്ഷിയുണ്ടെങ്കിൽ, ഇടതുപക്ഷ ജനാധിപത്യമുന്നണി ഈ നിയമം പാസ്സാക്കിയതിന്റെ അടിസ്ഥാനത്തിൽ ഈ ആരോപണങ്ങൾ റഫർ ചെയ്യാൻ മുഖ്യമന്ത്രിക്ക് അവകാശമുണ്ട്. അങ്ങ് ചെയ്യേണ്ടത് ഈ ലിസ്റ്റ് ക്യാൻസൽ ചെയ്യണം. ഇവിടെ ഓരോന്നിനും കയ്യടിക്കുന്ന ഭരണകക്ഷിയുണ്ടല്ലോ. അവിടുത്തെ ജോലി മുഴുവൻ ഒരു കൂട്ടർ അടിച്ചുമാറ്റിയില്ലേ? എന്നിട്ട് അഴിമതിയെപ്പറ്റി ഘോരഘോരം പ്രസംഗിക്കുകയാണ്. അങ്ങ് മന:സാക്ഷിയുണ്ടെങ്കിൽ ഈ ലിസ്റ്റ് പൂർണ്ണമായും ക്യാൻസൽ ചെയ്യണം. ഈ അഴിമതിക്കെതിരെ നടപടി എടുക്കണം. ബഹുമാനപ്പെട്ട പി.സി.ജോർജ് അഴിമതിയെന്നു കേട്ടാൽ പിന്നെ നിലത്തിരിക്കുകയില്ല. മൂരി ചാടുന്നതുപോലെയാണ് ചാടുന്നത്.

റൂളിംഗ്

മി. ചെയർമാൻ : ബഹുമാനപ്പെട്ട മെമ്പർ മാമ്മൻ മത്തായി യാതൊരു ആരോപണവും ഇവിടെ എഴുതിക്കൊടുത്തിട്ടില്ല. അതുകൊണ്ട് ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കണമെന്നു പറയുന്നത് രേഖയിൽ കാണുകയില്ല... .....ബഹളം..... ബഹളം ..... ബഹുമാനപ്പെട്ട മെമ്പർ കുറച്ചു സഹിഷ്ണുത കാണിക്കണം. ഇവിടെ I am raising an allegation aganist shri P.C. George. എന്നു മാത്രമാണ് എഴുതിയിരിക്കുന്നത്.

ശ്രീ. മാമ്മൻ മത്തായി : ഞാൻ അലിഗേഷനായിട്ടല്ല, പബ്ളിക്ക് ഡോക്കുമെന്റായി മേശപ്പുറത്ത് വച്ചതാണ്.

മി. ചെയർമാൻ ; എഴുതിക്കൊടുത്തിരിക്കുന്നുവെന്ന് പറഞ്ഞതുകൊണ്ട് പറയുകയാണ്. ശ്രീ.പി.സി.ജോർജിനെതിരെ ചില അന്വേഷണങ്ങൾ, ബഹുമാനപ്പെട്ട മന്ത്രിക്കെതിരെ an allegation regarding illegal appointments എന്നു മാത്രമേ പറഞ്ഞിട്ടുള്ളു. അന്വേഷിക്കണമെങ്കിൽ വ്യക്തമായി എഴുതിത്തരണം. വ്യക്തമായി ആരോപണം ഉന്നയിക്കാത്തിടത്തോളംകാലം ആരോപണം രേഖയിൽ ഉണ്ടായിരിക്കുന്നതല്ല.

ധനകാര്യം (തുടർച്ച)

ശ്രീ. മാമ്മൻ മത്തായി : അഴിമതിയെ സംബന്ധിച്ചു പറയുമ്പോൾ ശ്രീ. പി.സി.ജോർജ് ചാടുകയാണ്. ധാർമ്മികമായി അഴിമതിയെ സംബന്ധിച്ചു പറ

യാൻ ശ്രീ. പി.സി. ജോർജിനു എന്താണ് അവകാശം? . ശ്രീ. പി.സി. ജോർജിനെക്കുറിച്ച് ശ്രീ. ഇ.കെ. നായനാർ, 'എന്റെ നിയമസഭാ പ്രസംഗം' എന്ന പുസ്തകത്തിലെ 317 ാം മത്തെ പേജിൽ പറഞ്ഞിരിക്കുന്നത് ഞാൻ വായിക്കാം. ശ്രീ. പി.സി. ജോർജിനെതിരായി ഒരു സ്ത്രീയുടെ ഫോട്ടോ സഹിതം ഇൻഡ്യൻ എക്സ്പ്രസിൽ പബ്ളിഷ് ചെയ്ത് വന്നതാണ്. 25,000 രൂപ വാങ്ങിയതായി തെളിഞ്ഞുവെന്ന് കമ്മിഷൻ പറഞ്ഞു. കമ്മിഷൻ എടുത്ത മറ്റൊരു തീരുമാനം എന്തായിരുന്നു. ഇതിനു ആസ്പദമായ സംഭവം സാറിനു അറിയാമെന്നാണ് എന്റെ വിശ്വാസം. ഈ വിഷയം പൊതുപ്രവർത്തക അഴിമതി നിരോധന കമ്മിഷനിൽ ചർച്ച ചെയ്തു. കേസ്സായി രജിസ്റ്റർ ചെയ്തു. തെളിവെടുക്കുകയും തീരുമാനം എടുക്കുകയും ചെയ്തു.ഞാൻ അതിലെ രണ്ടും മൂന്നും പാരഗ്രാഫുകൾ വായിക്കാം. "Shortly stated that the material allegation in the petition is that Sri.P.C.George, the Ist Respondant herein , abusing his position as a public man obtained an amount of Rs.25,000/- from Sri.Kurian Joseph pw1,through his younger brother Shri.K.K.kurian pw4,sometime during September to December in the year 1981 for the purpose of securing a job as a teacher for their sister Kum.K.K.Thressiamma in Chamravattom High school".

ഇതാണ് വിഷയം. അതിന്റെ കൺക്ലൂഷനെ സംബന്ധിച്ച്

38,39 പാരഗ്രാഫുകളിൽ പറഞ്ഞിരിക്കുന്നത് ഞാൻ വായിക്കാം:

we have carefully considered the entire evidence in the case and we find that in the light of circumstances and strong probabilities of this case , the evidence of PW1, PW2, PW4 and PW5 is satisfactory believable and acceptable. Accordingly we hold that the petitioner succeeded in substantiating the allegation of corruption persuaded in the petitioner has satisfaction of the commission and the first Respondant has committed corruption with the meaning of section 3(1)(c) of the Act.

Para 39:- Under section 13(1) we have to make a declaration in our report under section 12(1) that the public men in the allegation of corruption has been substantiated should not continue to hold the post held by him. But, in view of the statement made at the Bar that the Ist Respondant was no more a Member of the Kerala Legislative Assembly as he was defeating the General election".

ശ്രീ. ജോർജ്ജ് തോറ്റത് ഭാഗ്യമായി . ഈ കേസ് ആരംഭിക്കുമ്പോൾ ജോർജ് എം.എൽ.എ യാണ്. ഇതിന്റെ വിധി വരുമ്പോൾ ദൈവാനുഗ്രഹത്താൽ തോറ്റില്ലായിരുന്നു എങ്കിൽ ശ്രീ. ജോർജിനെ ഈ വിധിയുടെ അടിസ്ഥാനത്തിൽ ചെയ്യുമായിരുന്നു. ഈ ശ്രീ. ജോർജാണ് ഇപ്പോൾ ഇവിടെ അഴിമതിയെന്നു കേട്ടപ്പോൾ കുരിശു കണ്ട ചെകുത്താനെപ്പോലെ ചാടുന്നത്. ശ്രീ. ജോർജ്, ശ്രീ. ജോർജിന്റെ കണ്ണിലെ കരട് എടുത്തിട്ട് മതി മറ്റുള്ളവന്റെ കണ്ണിലെ കോലെടുക്കുവാൻ എന്ന് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഞാൻ മുൻപ് പറഞ്ഞല്ലോ ഒരു സെന്റർ, ആ സെന്റിനെപ്പറ്റി വന്ന അടുത്ത അഴിമതി സാറിനു കേൾക്കേണ്ടേ? അടുത്ത അഴിമതി എന്നു പറയുന്നത് ഈ സെന്ററിനു വേണ്ടി പത്തനംതിട്ട ജില്ലയിൽ അവിഹിതമായി ബഹുമാന്യനായ ടി.എസ്സ്. ജോൺ എം.എൽ.എ. യുടെ ഉടമസ്ഥതയിലുള്ള കെട്ടിടം 50,000 രൂപ പ്രതിമാസം വാടകയ്ക്ക് എടുത്തിരിക്കുകയാണ്. മനോരമ റിപ്പോർട്ട് ഞാൻ വായിക്കാം. 11-12-1998 ലെ റിപ്പോർട്ടാണ്. പുതിയ സെന്ററുകളുടെ പേരിൽ കെട്ടിടത്തിന്റെ ഉൾമോടിയ്ക്കും മറ്റും ഫണ്ടുകൾ ചെലവഴിക്കുന്നതും പാർട്ടിയുടെ വേണ്ടപ്പെട്ടവരെ ലക്ഷ്യമിട്ടാണെന്ന് ആരോപണം ഉയർന്നിട്ടുണ്ട്. 11-12-'99 ലെ മനോരമ പത്രമാണ്, ജോൺ സാർ കുറി

LIBRARY ARCHIVES Kerala Legislative Assembly

ച്ചോളൂ. പത്തനംതിട്ടയിലും മറ്റുമുള്ള കെട്ടിടത്തിനു പുറമെ ഏകദേശം 50,000 രൂപ മാസവാടകയ്ക്ക് ആ ജില്ലയിലെ പാർട്ടി എം.എൽ.എ.യും, മുൻ മന്ത്രിയുമായ ഒരാളുടെ പേരിലുള്ള കെട്ടിടം എടുത്തിട്ട് മാസങ്ങൾ ആയെങ്കിലും പ്രവർത്തനം തുടങ്ങിയില്ല. അത് ആരുടെയാ സർ കെട്ടിടം? ബഹുമാനപ്പെട്ട ടി.എസ്. ജോണിന് അല്ലെന്ന് നിഷേധിക്കാമോ? പത്തനംതിട്ട ജില്ലയിൽ സർവ്വേ 107/7ബി-യിൽപ്പെട്ട ഈ സ്ഥലം 19-4-'94-ലെ 548/2-ാം നമ്പർ തീർ ആധാര പ്രകാരം കല്ലൂർപ്പാറ വില്ലേജിൽ ചാക്കോഭാഗം മുറിയിൽ തെക്കേമുറിയിൽ മത്തായി മകൻ 56 വയസ്സുള്ള ശ്രീ. ജോൺ, ഭാര്യ ഏലിക്കുട്ടി ജോൺ മകൻ ജോസുകുട്ടി ജോൺ കൂടാതെ കേരളാ കോൺഗ്രസ് പാർട്ടിയുടെ ജില്ലാ ട്രഷററും, ഭാര്യയും മകനും കൂടി ഒത്തുചേർന്ന് എഴുതിയ ആധാരപ്രകാരം മേടിച്ച സ്ഥലമാണ്. പത്തനംതിട്ട മുനിസിപ്പാലിറ്റിയിൽ 10-ാം വാർഡിലെ സ്ഥലമാണ്. ഈ കെട്ടിടം പണിക്ക് പ്ലാൻ സബ്മിറ്റ് ചെയ്തത് 1996-ലാണ്. ഇതിൽ കംപ്ലീഷനു വേണ്ടി യഥാർത്ഥ ശ്രീ. ടി.എസ്. ജോണാണ് ഒപ്പിട്ടുകൊടുത്തത്. 10-8-'98-ൽ കംപ്ലീഷനു വേണ്ടി അപേക്ഷ കൊടുത്തു, കംപ്ലീഷൻ സർട്ടിഫിക്കറ്റ് മേടിക്കുന്നതിനു മുമ്പ് ഈ കെട്ടിടം സെന്ററിനു വേണ്ടി എടുത്തു. ഇന്നും അവിടെ പ്രവർത്തനം തുടങ്ങിയിട്ടില്ല. മാസം തോറും 50,000 രൂപാവച്ച് കൊടുത്തുകൊണ്ടിരിക്കുകയാണ്. സാറിനെപ്പറ്റി എനിക്ക് പരാതി ഇല്ല. ********* ഒരു മാസം കഴിഞ്ഞപ്പോൾ ലോട്ടറി അടിച്ചോ? ഏലിക്കുട്ടി ടീച്ചറെപ്പോലെ പാവം, എനിക്കറിയാം ജീവിതത്തിൽ ലോട്ടറി പോയിട്ട് ഒരു രൂപാ മുടക്കുമോ? ജോൺ സാർ പറയട്ടെ, ******' ഇതുപോലെ അഴിമതിയുണ്ട്? പ്ലസ് ടൂ- അനുവദിച്ചതിലും നമ്മുടെ സംസ്ഥാനത്ത് 14 ജില്ലകളുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെ കണക്കനുസരിച്ച് 64 ജില്ലകളിലായി നമ്മുടെ സംസ്ഥാനത്തെ ഭാഗിച്ചിട്ട് എം.എൽ.എ.മാർക്ക് രണ്ടു ജില്ല, ജില്ലാ പ്രസിഡന്റുമാർക്ക് ഒരു ജില്ലാ, അതിൽ താഴെയുള്ളവർക്ക് അര ജില്ല. ഉദാഹരണത്തിന് ടി.എസ്. ജോൺ സാറിനാണെങ്കിൽ തിരുവല്ലയും, മല്ലപ്പള്ളിയും പുള്ളിയുടെ ഭരണത്തിലാണ്. പരിമല പാലം തൊട്ട് മാവേലിക്കര, ചിങ്ങപ്പുറംവരെ നമ്മുടെ അരിയൂരം സ്വാമിയുടേതാ. അതിനകത്ത് മറ്റൊരാളെ കൈകടത്താൻ സമ്മതിക്കില്ല. ഇങ്ങനെ നാണക്കേടുകൊണ്ട് പുറത്തിറങ്ങി' നടക്കാൻ വയ്യ. ബഹുമാനപ്പെട്ട ജോർജിന് മാണിസാറിനും ഞങ്ങൾക്കും എതിരായി അഴിമതിയുടെ ഒറ്റ ആരോപണം ഉന്നയിക്കാമോ? നിങ്ങൾക്ക് അഭിമാനം ഉണ്ടെങ്കിൽ ബഹുമാന്യനായ മുഖ്യമന്ത്രി ഒരു കാര്യം ചെയ്യണം. പണ്ട് ശ്രീ. പി. ആർ. കുറുപ്പിനെതിരെ ആരോപണം വന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, എന്റെ മന്ത്രിസഭയിൽ ഏതെങ്കിലും മന്ത്രിമാർ അഴിമതി കാണിച്ചാൽ ചത്ത എലിയെ എടുത്ത് എറിയുന്നതുപോലെ എറിയും എന്ന്. എറിയാനുള്ള ധൈര്യമുണ്ടോ? അതുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ചാർജ്ജുള്ള ധനകാര്യ വകുപ്പുമന്ത്രി ഈ ആരോപണങ്ങളെപ്പറ്റി അന്വേഷിക്കണം. നടപടി എടുക്കണം, ഈ ലിസ്റ്റ് ക്യാൻസലാക്കണം. ദുർഗന്ധം വമിക്കുന്ന അഴിമതിയുടെ കൂത്തരങ്ങായ, സ്വജന പക്ഷപാതം മാത്രം നടത്തുന്ന ധാരാളം തെളിവുകൾ ഇനിയുമുണ്ട്. പലതും വ്യക്തിപരമായതുകൊണ്ട് വായിക്കാത്തതാണ്. ഇനിയും അതിന് സമയം കിട്ടുമെന്ന് എനിക്ക് ഉറപ്പുള്ളതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

<u>മി. ചെയർമാൻ</u> : ബഹുമാനപ്പെട്ട ശ്രീ. മാമ്മൻ മത്തായിയുടെ പ്രസംഗത്തിൽ ശ്രീ. ടി.എസ്. ജോണിന്റെ ******** എഴുതിക്കൊടുക്കാത്ത ആരോപണ

---

* ബഹു. സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖകളിൽ നിന്നും നീക്കം ചെയ്തു.

' XXX ബഹു; സഭാദ്ധ്യക്ഷന്റെ നിർദ്ദേശ പ്രകാരം രേഖയിൽ നിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ ആയതിനാൽ അത് രേഖയിൽ നിന്ന് നീക്കം ചെയ്യുന്നു. പത്രങ്ങളിലും അത് വരാൻ പാടുള്ളതല്ല.

<u>ശ്രീ. സി.കെ. നാണു</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ മൂന്നു കൊല്ലത്തിനിടയ്ക്ക് കേരളത്തിൽ വിദ്യാഭ്യാസ രംഗത്ത് അടുത്ത കാലത്തൊന്നുമുണ്ടായിട്ടില്ലാത്ത പുരോഗതി എല്ലാ രംഗങ്ങളിലും പ്രത്യേകിച്ച് ആധുനിക സാങ്കേതിക വിദ്യ വളരെ ശക്തമായ രൂപത്തിൽ ലോകത്ത് വളർന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ ഇതിന് ഉപയുക്തമാക്കുന്ന രൂപത്തിൽ മാറ്റിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസവകുപ്പുമന്ത്രി വിവിധ മേഖലകളിൽ അതിനെ സംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്, അത് വിജയകരമായി കേരളത്തിലുടനീളം നടപ്പിലാക്കിക്കൊണ്ടിരുന്നത് എല്ലാവർക്കും കാണാൻ സാധിക്കുന്നതാണ്. കോളേജുകളിൽ കോഴ്സുകൾ അനുവദിക്കുന്ന അവസരത്തിൽ ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ അതുപോലെ വിവിധ മേഖലകളിൽ കമ്പ്യൂട്ടറുകളും അത്തരത്തിലുള്ള ആധുനികമായ പലതും വിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കാൻ കഴിഞ്ഞ മൂന്നു കൊല്ലത്തിനിടയ്ക്ക് നമ്മുടെ സംസ്ഥാനത്തിലെ വിദ്യാഭ്യാസ വകുപ്പിന് സാധിച്ചു എന്ന് നമുക്ക് അഭിമാനത്തോടുകൂടി പറയാൻ സാധിക്കും. കേരളത്തിലെ 256 സർക്കാർ സ്കൂളുകളിലും അതുപോലെ 260 സ്വകാര്യ സ്കൂളുകളിലും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പുതിയതായി പ്ലസ് ടു കോഴ്സ് അനുവദിച്ചിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ എനിക്ക് പറയാൻ സാധിക്കും. മടപ്പള്ളി ഗവൺമെന്റ് കോളേജിൽ പ്രീ ഡിഗ്രിക്ക് ഒഴിവാക്കിയതിനേക്കാൾ കൂടുതൽ സീറ്റുകൾ കഴിഞ്ഞ മൂന്നു കൊല്ലത്തിനിടയ്ക്ക് പ്ലസ് ടു കോഴ്സിന് അനുവദിച്ചതിന്റെ ഫലമായി, കൂടുതൽ കുട്ടികൾക്ക് പഠിക്കാനും ഉന്നതവിദ്യാഭ്യാസം നേടാനും സൗകര്യവുമുണ്ടായിരിക്കുന്നു എന്ന് അഭിമാനത്തോടുകൂടി പറയാൻ സാധിക്കും. ഞാൻ ആ മേഖലയിലെ മറ്റു ചില പ്രശ്നങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പാകെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. മുമ്പ് ഒരു കാലത്തും ഉണ്ടായിട്ടില്ലാത്തവിധം വടകരയിലെ രണ്ടു വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷയിൽ എട്ടും പന്ത്രണ്ടും റാങ്കുകൾ സംസ്ഥാനാടിസ്ഥാനത്തിൽ കരസ്ഥമാക്കി. വിദ്യാഭ്യാസവകുപ്പുമന്ത്രി ആ വിദ്യാർത്ഥികളെ അനുമോദിക്കുകയുണ്ടായി. ഇന്ന് വിദ്യാഭ്യാസ രംഗത്തുള്ള പ്രധാനമായ ഒരു പ്രശ്നം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മുമ്പാകെ കൊണ്ടുവരാൻ ആഗ്രഹിക്കുന്നു. അത് ഈ കഴിഞ്ഞ മൂന്നു കൊല്ലത്തിനിടയ്ക്ക് നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായതല്ല. *(അദ്ധ്യക്ഷവേദിയിൽ മി. ഡെ. സ്പീക്കർ)*

[1 PM] പക്ഷെ അതു കാണാൻ കഴിവുള്ള ഒരു മന്ത്രിയെന്ന നിലയ്ക്ക് ശ്രീ. പി.ജെ. ജോസഫിന് അത് പരിഹരിക്കാനുള്ള ശക്തമായ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് എനിക്കറിയാം. കഴിഞ്ഞ മൂന്നു കൊല്ലത്തിനിടയ്ക്ക് നമ്മുടെ സംസ്ഥാനത്തിലെ അദ്ധ്യാപകർക്ക് മാറ്റങ്ങളുമായി ബന്ധപ്പെടുന്ന രീതിയിൽ വേൾഡ് ബാങ്കിന്റെ സഹായത്തോടെ പല തരത്തിലുള്ള പ്രത്യേക ട്രെയിനിംഗ് കൊടുത്തുകൊണ്ടിരിക്കുന്ന അവസരത്തിലാണ് ഞാൻ ഇത് സൂചിപ്പിക്കുന്നത്. ഇപ്പോൾ എസ്.എസ്.എൽ.സി. പാസ്സായ കോഴിക്കോടുള്ള സാമ്പത്തികമായി കഴിവുള്ള രക്ഷിതാക്കളുടെ മക്കൾ തൃശ്ശൂരിൽ വരുന്നു. തൃശ്ശൂരിലെ കോളേജുകളിൽ സീറ്റ് ലഭിക്കാൻ അവർ ആഗ്രഹിക്കുന്നു. കാരണം എൻട്രൻസ് എഴുതാൻ നല്ല കോച്ചിംഗ് സെന്ററുകൾ തൃശ്ശൂരിലു

LIBRARY ARCHIVES Kerala Legislative Assembly

ണ്ട്. തൃശ്ശൂരിലെ സെന്റ് തോമസ് കോളേജിലും കേരള വർമ്മ കോളേജിലും പരിസരത്തുള്ള കോളേജുകളിലുമായി കോഴിക്കോട് ജില്ലയിലെ വിദ്യാർത്ഥികൾ വരാൻ ശ്രമിക്കുന്നു. സാമ്പത്തികമായി കഴിവുള്ള രക്ഷിതാക്കൾക്ക് മാത്രമേ അവരെ രണ്ടു കൊല്ലക്കാലം പ്രീഡിഗ്രിയോടൊപ്പം, അല്ലെങ്കിൽ പ്ലസ് ടു വിനോടൊപ്പം എൻട്രസിനുള്ള പ്രിപ്പറേഷൻ ക്ലാസുകളിൽ ചേർക്കാൻ കഴിയൂ. അതേയവസരത്തിൽ നമ്മുടെ നാട്ടിലെ ബഹുഭൂരിപക്ഷം വരുന്ന പ്ലസ് ടു വിന് പഠിക്കുന്ന കുട്ടികൾക്ക് അതുപോലെ ഗവൺമെന്റ് കോളേജുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അതിന് സാധിക്കുന്നില്ല. വിദ്യാഭ്യാസരംഗത്ത് സാമ്പത്തികമായി കഴിവുള്ള ആളുകൾ നമ്മുടെ നാട്ടിലുണ്ട്, ഡോക്ടർമാരുണ്ട്, വ്യവസായികളുണ്ട്, അങ്ങനെ സാമ്പത്തികമായി കഴിവുള്ള ആളുകൾക്ക് ഇന്നത്തെ വ്യവസ്ഥയിൽ അവരുടെ മക്കളെ ഏതു സ്കൂളിലും, ഏത് കോളേജിലും പഠിപ്പിക്കാം. അതിന് ഇന്ന് നിയമപരമായി അവകാശമുണ്ട്. പക്ഷെ ഇടത്തരക്കാരുടേയും പാവപ്പെട്ടവരുടേയും മക്കൾക്ക് പ്രത്യേകിച്ച് ഗവൺമെന്റ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അൺഎയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ നിലവാരത്തിലേക്ക് എത്താൻ കഴിയുന്നില്ല. ഇതു മാറ്റിയെടുക്കാൻ എങ്ങനെ സാധിക്കും? സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും എസ്.എസ്.എൽ.സി.യുടെ വിജയശതമാനം വർദ്ധിപ്പിക്കാൻ ആവശ്യമായ ആത്മാർത്ഥമായ ശ്രമം നടത്തേണ്ടതാണ്. നമ്മുടെ അദ്ധ്യാപകരെ ഇതു ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കണം. എന്റെ നാട്ടിലെ ശ്രീനാരായണ സ്കൂൾ, അൺഎയ്ഡഡ് ആണ്, അവിടത്തെ അദ്ധ്യാപകർക്ക് സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകർക്കു കിട്ടുന്ന ശമ്പളത്തിന്റെ പകുതിപോലും ലഭിക്കുന്നില്ല. എന്നിട്ടും ആ സ്ക്കൂളുകളിൽ നൂറുശതമാനം വിജയമാണ്. പക്ഷെ മറ്റു സ്കൂളുകളിൽ അമ്പതും അറുപതുമാണ് വിജയശതമാനം. അങ്ങനെയൊരു സാഹചര്യം നിലനിൽക്കുന്നു. ഇതു മാറ്റിയെടുക്കാൻ അദ്ധ്യാപക സംഘടനകൾ പരിശ്രമിക്കണം. അതുപോലെതന്നെ പ്ലസ് ടു അനുവദിച്ചു. സ്വകാര്യമേഖലയിൽ ധാരാളം മാനേജുമെന്റുകളുള്ള സംസ്ഥാനമാണ് കേരളം. വിദ്യാഭ്യാസ പുരോഗതിക്ക് സ്വകാര്യമാനേജുമെന്റുകൾ സുപ്രധാന പങ്കാണ് വഹിക്കുന്നത്. പ്ലസ് ടു അനുവദിച്ചതിൽ നമ്മുടെ നാട്ടിലെ ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങളെ അവഗണിച്ചു എന്ന ആക്ഷേപം ഉണ്ട്. ആ ആക്ഷേപങ്ങൾ ന്യായമാണോയെന്ന് ബഹുമാനപ്പെട്ട മന്ത്രി പരിശോധിച്ച് അതിന് പരിഹാരം കാണാൻ നടപടികൾ സ്വീകരിക്കണം. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്ന ഘട്ടത്തിൽ നിലവിലുള്ള സംവരണത്തിന്റെ അടിസ്ഥാനത്തിൽ പിന്നോക്ക വിഭാഗത്തിനും ന്യൂനപക്ഷത്തിനും ജോലി സാദ്ധ്യത കുറഞ്ഞുവരുന്ന ഘട്ടത്തിൽ സ്വകാര്യമേഖലയിലുള്ള വിദ്യാലയങ്ങളിലടക്കം പിന്നോക്ക വിഭാഗത്തിന് സംവരണം ലഭിക്കുന്നതിന് ആവശ്യമായ നടപടികളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം എന്നു ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ വി.എച്ച്.എസ്.ഇ. കോഴ്സിനെ സംബന്ധിച്ച് ഒന്നര കൊല്ലം മുമ്പ് ഞാൻ ഒരു സബ്മിഷൻ കൊടുത്ത അവസരത്തിൽ അങ്ങനെ ചില കോഴ്സുകൾക്ക് കേരളത്തിലടക്കം മറ്റു സംസ്ഥാനങ്ങളിലും അംഗീകാരം ലഭിക്കാത്തതു സംബന്ധിച്ച് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. അത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ അദ്ദേഹത്തിന്റെ സമീപനത്തിന്റെ ഫലമായി ചെവി കേൾക്കാത്തതും അംഗഭംഗം വന്നതും മന്ദബുദ്ധികളുമായ കുട്ടികളുടെ രക്ഷിതാക്കൾ വളരെ സംതൃപ്തിയോടുകൂടിയാണ് ഈ ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ നയത്തെ കാണുന്നത്. ചെറിയ നഗരങ്ങളിൽ ജോലിക്കുപോകുന്ന സ്ത്രീകൾക്കും സർക്കാർ ജീവനക്കാർക്കും താമസിക്കുന്നതിനാവശ്യമായ ഹോസ്റ്റലുകൾ നിർമ്മിക്കാൻ ഭവന നിർമ്മാണ ബോർഡ് സന്നദ്ധമാകണം എന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. അതുപോലെ സ്പോർട്സ് വകുപ്പുമന്ത്രിയോടും എനിക്ക് ഒരു അഭ്യർത്ഥനയുണ്ട്, നമ്മുടെ നാട്ടിലെ കഴിഞ്ഞകാല അനുഭവങ്ങൾ വച്ചുനോക്കുമ്പോൾ സ്പോർട്സ് താരങ്ങൾ വളർന്നുവരുന്നത് നഗരങ്ങളിൽ മാത്രമല്ല, എന്നു നമുക്ക് പറയാൻ സാധിക്കും. എന്റെ നാട്ടിൽ വർഷങ്ങളായി ഇന്ത്യൻ വോളിബാൾ ടീമിൽ കളിക്കുന്ന ആളുകൾ, കളിച്ച് വലുതായത് വടകരയെപ്പോലുള്ള ആ ചെറിയ നഗരത്തിൽ നിന്നാണ്. ഒന്നു രണ്ടു കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഞാനെന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. ആരോമലുണ്ണി, ഉണ്ണിയാർച്ച, കടത്തനാട്ടുമാക്കം, തച്ചോളിഒതേനൻ എന്നീ സിനിമകൾ കടത്തനാടുമായി ബന്ധപ്പെട്ടതായിരുന്നു. നമ്മുടെ നാട്ടിലെ നാടൻ പാട്ടുകൾ കേരളത്തിന്റെ പ്രത്യേകതയായിരുന്നു. അത് സംരക്ഷിക്കാൻ ഇന്ന് കഴിയുന്നില്ല. ഈ പ്രശ്നം പരിശോധിച്ച് കാവിൽ തച്ചോളി മാണിക്കോത്തു ക്ഷേത്രവും അവിടത്തെ നാടൻ പാട്ടുകളും സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി പുറകോട്ടുപോയ കേരളത്തെ അഭിമാനകരമായ രൂപത്തിൽ വിദ്യാഭ്യാസ രംഗത്തും മറ്റെല്ലാ രംഗത്തും മുന്നോട്ടുകൊണ്ടുവരാൻ പരിശ്രമിച്ച ഈ വിദ്യാഭ്യാസ വകുപ്പ് മന്ത്രിയെ മുക്തകണ്ഠം പ്രശംസിക്കുന്നതോടൊപ്പം ഈ ധനാഭ്യർത്ഥനകളെക്കൂടി ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. ജോണി നെല്ലൂർ</u> : സർ, ഞാൻ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പ്രധാനമായും ഞാൻ ഇവിടെ പറയാൻ ഉദ്ദേശിക്കുന്നത് വിദ്യാഭ്യാസ വകുപ്പിനെക്കുറിച്ചാണ്, അതിലേയ്ക്കു കടക്കുന്നതിനു മുമ്പ് പ്രധാനപ്പെട്ട ഒരു വകുപ്പെന്നുള്ള നിലയിൽ കേരളത്തിലെ സാംസ്ക്കാരിക വകുപ്പിനെക്കുറിച്ച് ഒരു വാക്കു പറയട്ടെ, നമുക്ക് ഇവിടെ ഒരു സാംസ്കാരിക നയം ഉണ്ടായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബഹുമാന്യനായ ടി.എം. ജേക്കബ് കൊണ്ടുവന്ന നയം എല്ലാപേരും അംഗീകരിച്ച ഒരു നയമായിരുന്നു. ഈ ഗവൺമെന്റു വന്നതിനുശേഷം രണ്ടു സാംസ്ക്കാരിക നയം പ്രഖ്യാപിച്ചു, ഇവിടെ യഥാർത്ഥത്തിൽ നടപ്പിലാക്കുന്ന സാംസ്കാരിക നയമേതാണ്? സംസ്കാരിക വകുപ്പ് രാഷ്ട്രീയവൽക്കരിച്ചിരിക്കുകയാണ്. മാർക്സിസ്റ്റു പാർട്ടിയുടെ സംസ്കാരമാണ് ഇന്ന് ഈ വകുപ്പിൽ നടമാടുന്നത്. കേരളത്തിന്റെ സംസ്കാരമല്ല. ഒരു ഉദാഹരണം മാത്രം പറയട്ടെ, ചെറുതുരുത്തിയിലെ കേരള കലാമണ്ഡലത്തിൽ നടത്തിയ കേരളീയം പരിപാടി, അമ്പതു ലക്ഷം രൂപ സർക്കാരിന്റെ ഖജനാവിൽനിന്ന് മുടക്കി നടത്തിയ പരിപാടിയാണ്. അവിടെ പങ്കെടുത്ത ആളുകൾ ആരൊക്കെയാണെന്ന് ഞാൻ വിശദീകരിക്കുന്നില്ല. പങ്കെടുത്ത ഓരോ ആളും പ്രസംഗം തുടങ്ങുമ്പോഴും സഖാവ്, സഖാവ് എന്നു പറഞ്ഞത് പ്രസംഗിച്ചത്. ആ നിയോജക മണ്ഡലത്തിന്റെ തൊട്ടടുത്ത അതിർത്തിയിൽ കഴിയുന്ന ശ്രീ. കെ.ഇ. ഇസ്മയിൽ, അദ്ദേഹത്തെപ്പോലും പങ്കെടുപ്പിക്കാതെ അവിടെ ആ ചടങ്ങ് നത്തിയപ്പോൾ അത് സംസ്ക്കാരിക മേളയോ സംഗമമോ എന്ന സംശയിക്കത്തക്ക രീതിയിൽ എ.ഐ. വൈ.എഫ്. ഒരു പോസ്റ്റർ അടിച്ചിറക്കി. മാർക്സിസ്റ്റുകാരെയല്ലാതെ വെറെയാരെയും പങ്കെടുപ്പിക്കാത്ത നയം സ്വീകരിച്ച്, സാംസ്കാരിക വകുപ്പ് ഇന്ന് മാർക്സിസ്റ്റ് പാർട്ടിയുടെ വകുപ്പാക്കി രാഷ്ട്രീയവൽക്കരിച്ച് മുന്നോട്ടു പോകുകയാണ്. ഞാൻ ആ വകുപ്പിനെ അവിടെ വിടുകയാണ്. വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച്, മന്ത്രിയോട വളരെയടുപ്പമുള്ള ആൾ ആണെ

LIBRARY ARCHIVES Kerala Legislative Assembly

ങ്കിൽ പോലും ആ വകുപ്പിൽ നടക്കുന്ന കൊള്ളരുതായ്മ കെടുകാര്യസ്ഥ എന്നിവയെക്കുറിച്ച് പറയാതിരിക്കാൻ നിർവാഹമില്ല. ഈ വകുപ്പിനെക്കുറിച്ച് നമ്മുടെ സംസ്ഥാനത്ത് കേൾക്കുന്ന വിവരങ്ങൾ എന്താണ്? ബഹുമാന്യനായ മന്ത്രിയോട് ചോദിക്കട്ടെ, നമ്മുടെ സംസ്ഥാനത്തെ ഡെപ്യൂട്ടി ഡയറക്ടർമാരുടെ ഓഫീസുകൾ അഥവാ ഡെപ്യൂട്ടി ഡയറക്ടറാഫീസുകൾ അഴിമതിയുടെ മുഖ്യമന്ത്രിയായി മാറിയില്ലേ? കാസർകോട് ഡി.ഡി. ഓഫീസിനെക്കുറിച്ച് മാർക്സിസ്റ്റ് പാർട്ടിയിലെ ഉദുമ മെമ്പർ ശ്രീ. പി. രാഘവൻ ഈ നിയമസഭയിൽ ഒരു സബ്മിഷൻ കൊണ്ടുവന്നു.

അങ്ങ് അതിന് മറുപടിയും പറഞ്ഞു. അവിടെ നടക്കുന്ന കൊള്ളരുതായ്മയെയും അഴിമതിയെയും കുറിച്ചാണ് പറഞ്ഞത്. തിരുവനന്തപുരത്തെ ഡി. ഡി. ഓഫീസിലെ പ്രവർത്തനത്തെക്കുറിച്ച് ഒരു വാർത്ത 5-ാം തീയതിയിലെ മാതൃഭൂമി പത്രത്തിലുണ്ട്. അത് എന്റെ കയ്യിലുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത് മുഴുവൻ ഞാൻ വായിക്കുന്നില്ല. "വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലെ അഴിമതിയുമായി ബന്ധപ്പെട്ട് സർക്കാർ നിലപാടിന് വിരുദ്ധമായി ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയ ഡി.ഡി.ക്ക് എതിരേ നടപടി വൈകുന്നു". അഡ്വക്കേറ്റ് ജനറലിന്റേയും വിദ്യാഭ്യാസ ഡയറക്ടറുടേയും ശുപാർശകളെ അവഗണിച്ച് തിരുവനന്തപുരം ഡെപ്യൂട്ടി ഡയറക്ടറെ സംരക്ഷിക്കുന്നതിന് പിന്നിൽ രാഷ്ട്രീയ ചരടുവലികൾ ഉണ്ടെന്ന് ആക്ഷേപം ഉയരുന്നു. അഴിമതി ആരോപണത്തിന് വിധേയരായവരെ വിടുതൽ ചെയ്യാൻ ഡെപ്യൂട്ടി ഡയറക്ടർ മന:പൂർവ്വം കാലതാമസം വരുത്തിയെന്നും പറഞ്ഞ് വിദ്യാഭ്യാസ ഡയറക്ടർ പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് ഒരു കത്ത് അയച്ചു. സ്ഥലംമാറ്റപ്പെട്ടവരെ സംരക്ഷിക്കുന്നതിനും അവർക്ക് കോടതിയിൽനിന്ന് സ്റ്റേ ഓർഡർ അനുവദിക്കുന്നതിനും സമയം നൽകാൻവേണ്ടിയായിരുന്നു ഇതെന്ന് ഡയറക്ടറുടെ കത്തിൽനിന്നും വ്യക്തമാകുന്നു. 1999 മേയ് 10-ന് ഡി.പി.ഐ. വിദ്യാഭ്യാസ സെക്രട്ടറി ശ്രീ. ജയകുമാറിന് അയച്ച കത്തിൽ ഡെപ്യൂട്ടി ഡയറക്ടർക്ക് എതിരേ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു എങ്കിലും നടപടിയുണ്ടായില്ല. പ്രധാനപ്പെട്ട കാര്യം അതിനുശേഷമാണ്. ഭരണമുന്നണിയിൽപ്പെട്ട തലസ്ഥാനത്തെ ഒരു എം.എൽ.എ.യുടെ ഇടപെടൽമൂലമാണ് നടപടി വൈകുന്നതെന്ന ആരോപണമുണ്ട്. ഒട്ടേറെ കാര്യങ്ങൾ പറയാനുണ്ട്. സമയമില്ലാത്തതുകൊണ്ട് ഞാൻ അതൊന്നും വായിക്കുന്നില്ല. തിരുവനന്തപുരം ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിന്റെ പ്രവർത്തനത്തെക്കുറിച്ച് ആക്ഷേപമില്ലാത്ത ആരാണുള്ളത്? അപ്പുറത്തുള്ള എം.എൽ.എ.മാർക്ക് ഇല്ലേ? ഇപ്പുറത്തുള്ള എം.എൽ.എ. മാർക്കില്ലേ? അവിടെ നടക്കുന്ന കൊള്ളരുതായ്മയെക്കുറിച്ച്, അവിടെത്തെ ഡി.ഡി. നടത്തുന്ന അഴിമതിയെക്കുറിച്ച് പരക്കെ ആക്ഷേപമാണ്. അതിന് സംരക്ഷണം കൊടുക്കുന്ന ആളുകളിൽ അപ്പുറത്തെ ഭരണമുന്നണിയിലെ പ്രഗൽഭനായ ഒരു എം.എൽ.എ. ഉണ്ടെന്നാണ് പരക്കെ സംസാരം. ഞാൻ ആ എം.എൽ.എ.യുടെ പേരൊന്നും പറയാൻ ഉദ്ദേശിക്കുന്നില്ല. ഈ നിയമസഭയിലെ ഒരു സീനിയർ എം.എൽ.എ. ആ ഓഫീസിൽ നടക്കുന്ന അഴിമതിയെക്കുറിച്ച്, കൊള്ളരുതായ്മയെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പിലെ ഒരു ഉന്നത ഉദ്യോഗസ്ഥനുമായി ടെലിഫോണിൽ പരാതിപ്പെട്ട് സംസാരിച്ചു. അദ്ദേഹത്തിന്റെ മറുപടി എന്താണെന്നറിയാമോ? ഞാൻ ആ ഉദ്യോഗസ്ഥന്റെ പേര് ഇവിടെ വെളിപ്പെടുത്തുന്നില്ല. കാരണം, അദ്ദേഹത്തിന് ഇനിയും അവിടെ ജോലിചെയ്യണമല്ലോ. ആ ഉദ്യോഗസ്ഥൻ സീനിയർ എം.എൽ.എ.യോട് പറഞ്ഞതാണ്. അങ്ങ് പറഞ്ഞ കാര്യം ഞാൻ കേട്ടു. പക്ഷേ, ഞാൻ നിസ്സഹായനാണ്. ഞാൻ വിളിച്ചുപറയാം. പക്ഷേ, ഡി.ഡി.

LIBRARY ARCHIVES Kerala Legislative Assembly

കേൾക്കണമെങ്കിൽ ശ്രീ. ആന്റണി രാജു പറയണം. അതിലപ്പുറത്തുള്ള ആരും പറഞ്ഞാൽ അദ്ദേഹം കേൾക്കുകയില്ല. ഒരു ഉന്നത ഉദ്യോഗസ്ഥൻ പറഞ്ഞതാണ്. അപ്പുറത്തുള്ള എം.എൽ.എ.മാരുടെ ആക്ഷേപം അതാണ്. ഞാൻ മറ്റൊരു കാര്യംകൂടി പറയാം.

പ്ലസ് ടൂ കോഴ്സിന്റെ വലിയ കാര്യത്തെക്കുറിച്ചൊക്കെ അവിടെ പറഞ്ഞു. നമ്മുടെ വിദ്യാഭ്യാസരംഗത്ത് പരിഷ്ക്കാരം കൊണ്ടുവരുന്നതിനെ ഞങ്ങളൊക്കെ സ്വാഗതം ചെയ്യുന്നവരാണ്. അങ്ങുകൂടി കൊണ്ടുവന്ന പ്രീഡിഗ്രി ബോർഡിനെ എതിർത്തവരാണ് അപ്പുറത്തുള്ളവർ. അങ്ങയുടെ നിർബന്ധത്തിന് വഴങ്ങിയാണോയെന്ന് അറിയില്ല ഇപ്പോൾ പ്ലസ് ടൂ കൊണ്ടു വന്നു. പ്ലസ് ടൂ സ്കൂളുകൾ അനുവദിച്ച കാര്യത്തിൽ വ്യാപകമായ ആക്ഷേപം നിയമസഭയിലും വെളിയിലും കേൾക്കുന്നുണ്ട്. ഈ നിയമസഭയിൽ തന്നെ ആക്ഷേപം പറഞ്ഞത് ആരാണ്? മാർക്സിസ്റ്റ് പാർട്ടിയിലെ എം.എൽ.എ. ആയ ശ്രീ. ലോനപ്പൻ നമ്പാടൻ 21-7-'97-ൽ ഈ നിയമസഭയിൽ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രസംഗിച്ച പ്രസംഗത്തിന്റെ കോപ്പിയാണ് എന്റെ കയ്യിലുള്ളത്. സമയക്കുറവുകൊണ്ട് ഞാൻ അത് മുഴുവൻ വായിക്കുന്നില്ല. അങ്ങ് പരിശോധിക്കാൻവേണ്ടിയാണ് പറയുന്നത്. അതിലെ രണ്ടുമൂന്ന് വാചകം ഞാൻ വായിക്കാം. 'സർക്കാർ സ്കൂളുകൾക്കും എയ്ഡഡ് സ്കൂളുകൾക്കും 50 ശതമാനം വീതം പ്ലസ് ടൂ അനുവദിക്കാനുള്ള തീരുമാനം പാവപ്പെട്ടവർക്ക് വലിയ അനുഗ്രഹമാണ്. പ്ലസ് ടൂവിനുവേണ്ടി സർക്കാർ അത്തരം അപേക്ഷകൾ അംഗീകരിച്ചത് തീർത്തും വിവേചനപരവും നിയമവിരുദ്ധവുമാണ്. ചില പ്രത്യേക വിഭാഗങ്ങൾക്ക് റിസർവേഷൻ ഒഴിവാക്കിക്കൊടുത്തത് ഇടതുപക്ഷ സർക്കാരിന് ഒട്ടും യോജിച്ചതല്ല. അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമനം, വിദ്യാർത്ഥി പ്രവേശനം, ഫീസ് സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പാലിച്ചുകൊള്ളാമെന്നുള്ള ഭേദഗതി പത്രമാണ് ചില മാനേജർമാർക്ക് ഒഴിവാക്കി കൊടുത്തത്. അവിടംകൊണ്ടും തീർന്നില്ല. അദ്ദേഹം വീണ്ടും പറയുന്നു. ഇന്ന് വിദ്യാഭ്യാസ കച്ചവടം അബ്കാരിയേക്കാൾ ലാഭകരമാണ്. ഒരു പ്ലസ് ടൂ കിട്ടിയാൽ ചുരുങ്ങിയത് 60 ലക്ഷം രൂപ കിട്ടും. ഒരു പോസ്റ്റിന് അഞ്ചും ആറും ലക്ഷംരൂപ വച്ചാണ് മാനേജർമാർ വാങ്ങുന്നത്. വീണ്ടും അദ്ദേഹം പറയുന്നു സർക്കാരിന്റെ കെടുകാര്യസ്ഥത കൊണ്ട് സർക്കാർ സ്കൂളുകൾ മോശമാകുന്നു. പ്ലസ് ടൂ അനുവദിച്ചതിൽ പരക്കെ ആക്ഷേപമുണ്ട്. മാർക്സിസ്റ്റ് പാർട്ടിയിലെ എം.എൽ.എ. ശ്രീ. ലോനപ്പൻ നമ്പാടൻ പറയുന്നു സംസ്ഥാനത്തെ പ്ലസ് ടൂ സ്കൂളുകൾ അനുവദിച്ചതിൽ പരക്കെ ആക്ഷേപമുണ്ട്, എന്ന്. ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പ് മന്ത്രിക്ക് ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിക്കാൻ കഴിഞ്ഞിട്ടില്ല. മുമ്പ് ശ്രീ. കെ. എം. മാണി ദുരിതാശ്വാസ ഫണ്ട് വീതിച്ചതും ഇപ്പോൾ ശ്രീ. പി.ജെ. ജോസഫ് പ്ലസ് ടൂ വീതിച്ചതും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. വിദേശയാത്ര മതിയാക്കി ഇനിയെങ്കിലും നാട്ടിലെ കാര്യങ്ങൾ നോക്കണം. എം.എൽ.എ.മാർക്കുപോലും മന്ത്രിയുടെ തിരുമുഖം കാണാൻ കഴിയുന്നില്ല. അധികാരവികേന്ദ്രീകരണം എന്നാൽ മന്ത്രിയുടെ അധികാരത്തിൽനിന്ന് മറ്റുള്ളവർക്ക് പങ്കുവച്ച് കൊടുക്കലല്ല എന്ന് ഓർക്കണം. കോൺഗ്രസ് സർക്കാരിന്റേത് പോലെ മന്ത്രിമാർ ചില പ്രത്യേക വിഭാഗത്തിന്റേയോ പ്രദേശത്തിന്റേയോ മാത്രം മന്ത്രിമാരാകുന്നത് സംസ്ഥാനത്തിന് ആക്ഷേപകരമാണ്. ഒരുവാചകംകൂടി അദ്ദേഹം പറഞ്ഞത് ഞാൻ വായിക്കാം. 1997-ലെ സർക്കാർ വീണ്ടും കേരളത്തിലെ വിദ്യാഭ്യാസത്തെ അടിമത്വത്തിലേയ്ക്കാക്കി വിടരുത്. അതുപോലെ അപ്പുറത്തിരിക്കുന്ന എന്റെ സുഹൃത്ത് ശ്രീ. ജി. സുധാകരൻ, നിയമസഭയിൽ പറഞ്ഞതല്ല, അദ്ദേഹം കേരളശബ്ദത്തിലും അതുപോലെ നിരവധി പത്രക്കാരോടും പറഞ്ഞത് പ്ലസ് ടൂ കോഴ്സ് അനുവദിക്കുന്ന കാര്യത്തിൽ വ്യാപകമായ ആക്ഷേപമുണ്ടെന്നാണ്. ഞാൻ ബഹുമാന്യനായ മന്ത്രിയോട് ചോദിക്കട്ടെ, എന്തിനാ

LIBRARY ARCHIVES Kerala Legislative Assembly

സംശയം നിലനിറുത്തുന്നത്? അങ്ങേയ്ക്ക് ഇക്കാര്യത്തെക്കുറിച്ച് ഒരു വിജിലൻസ് അന്വേഷണം നടത്താമോ? അങ്ങ് തെറ്റ് ചെയ്തു എന്നല്ല ഞാൻ പറയുന്നത്. പക്ഷേ, വ്യാപകമായ ആക്ഷേപമുണ്ട്. അങ്ങേയ്ക്ക് അന്വേഷിക്കാമെങ്കിൽ ഞാൻ കുറേ സ്കൂളുകളുടെ പേര് പറയാം. ആ സ്കൂളുകൾ അനുവദിക്കുന്ന കാര്യത്തിൽ വല്ല ക്രമക്കേടും നടന്നിട്ടുണ്ടോയെന്ന് അങ്ങ് ഒന്ന് പരിശോധിക്കണം. തിരുവനന്തപുരം, കൊല്ലം, ഈ ജില്ലകളിലെ സ്കൂളുകളുടെ കാര്യം മാത്രം പറയാം. കൊല്ലം ജില്ലയിലെ ഓടാനംപക്കം ഹൈസ്കൂൾ, എഴുകോൺ ഹൈസ്കൂൾ, അടിക്കാട് ഹൈസ്കൂൾ, പുരയിടം ഹൈസ്കൂൾ, പടാരം എസ്.എൻ. ഹൈസ്കൂൾ, കുണ്ടറ എം.എസ്.എച്ച്.എസ്. കുണ്ടറ ശ്രീകണ്ഠൻ നായർ ഹൈസ്കൂൾ, കണ്ണനല്ലൂർ ഹൈസ്കൂൾ. തിരുവനന്തപുരം ജില്ലയിൽ അരുമാനൂർ എം.വി.എച്ച്.എസ്, ന്യൂ ഹൈസ്കൂൾ നെല്ലിമൂട്, തുണ്ടത്തിൽ എച്ച്.എസ്. പോത്തൻകോട്, വെങ്ങാനൂർ ബോയ്സ് ഹൈസ്കൂൾ, വെങ്ങാനൂർ ഗേൾസ് ഹൈസ്കൂൾ. ഞാൻ സംസ്ഥാനത്തൊട്ടാകെയുള്ള സ്കൂളുകളെക്കുറിച്ച് പറയുന്നില്ല. ഈ പറഞ്ഞ രണ്ട് ജില്ലകളിലേക്ക് സ്കൂളുകൾ അനുവദിച്ച കാര്യത്തെക്കുറിച്ച് വ്യാപകമായി കേൾക്കുന്ന ആക്ഷേപങ്ങളെക്കുറിച്ചെങ്കിലും ഒരു വിജിലൻസ് അന്വേഷണം നടത്തുമോ? വ്യാപകമായ അഴിമതി ഉണ്ടായിട്ടുണ്ടെന്ന് പരക്കെ സംസാരമുണ്ട്. പത്രങ്ങളിലൂടെ വാർത്ത വന്നിട്ടുണ്ട്. ഈ പറയുന്ന അഴിമതിയെക്കുറിച്ച് ഒരു വിജിലൻസ് അന്വേഷണം നടത്താൻ അങ്ങ് തയ്യാറുണ്ടോ? അതാണ് എനിക്ക് ചോദിക്കാനുള്ളത്.

ഒരുകാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. സ്കൂൾ തുറന്നിട്ട് ഒരു മാസവും ഏഴ് ദിവസവുമായി. അങ്ങ് കാര്യക്ഷമതയുണ്ടെന്നൊക്കെ അവകാശപ്പെടുന്നുണ്ടല്ലോ. എന്താണ് നമ്മുടെ സംസ്ഥാനത്തെ സ്കൂളുകളുടെ സ്ഥിതി? 250 സ്കൂളുകളിൽ ഹെഡ്മാസ്റ്റർമാരെ നിയമിച്ചിട്ടില്ല. 30 സ്ഥലങ്ങളിൽ എ.ഇ.ഒ. മാരെ നിയമിച്ചിട്ടില്ല. മറ്റ് അനേകം ജീവനക്കാരെയും നിയമിച്ചിട്ടില്ല. കാരണമെന്താണ്? ഡി.പി.സി കൂടിയില്ല. ഡി.പി.സി. കൂടിയില്ലെന്ന് പറഞ്ഞ് 250-ഓളം സ്കൂളുകളിൽ ഹെഡ്മാസ്റ്റർമാരില്ല, എ.ഇ.ഒ. മാരില്ല. ഈ ജൂലായ് മാസം 15-ാം തീയതി സ്റ്റാഫ് ഫിക്സേഷൻ നടത്തേണ്ടതാണ്. ഇത്ര നിരുത്തരവാദപരമായി, ഇത്ര നിഷ്ക്രിയമായി പ്രവർത്തിക്കുന്ന ഈ വകുപ്പ് കുറേക്കൂടി കാര്യക്ഷമമാക്കാൻവേണ്ടി ഉപദേശം നൽകുകയാണ്. അങ്ങ് വിജിലൻസ് അന്വേഷണം നടത്താൻ തയ്യാറുണ്ടോ?

ഇവിടെ ശ്രീ. മാമ്മൻ മത്തായി പറഞ്ഞ കാര്യങ്ങളൊന്നും ഞാൻ ആവർത്തിക്കുന്നില്ല. പക്ഷേ, അദ്ദേഹം നിയമനത്തെക്കുറിച്ച് പറഞ്ഞു. ഞാൻ അങ്ങയോട് ചോദിക്കട്ടെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാൻ അങ്ങ് തയ്യാറുണ്ടോ? അങ്ങ് പി.എസ്.സി.ക്ക് വിടണം. ഇവിടെ ശ്രീ. മാമ്മൻ മത്തായി പറഞ്ഞപ്പോൾ വായിച്ച പേരുകൾ ഒന്നും ഞാൻ ആവർത്തിക്കുന്നില്ല. പക്ഷേ, 4 പേരെക്കൂടി നിയമിച്ചത് ഉണ്ട്. മാർക്സിസ്റ്റ് പാർട്ടിയുടെ നേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ഭാര്യ വിനോദിനി, ഭാര്യയുടെ സഹോദരി, തിരുവനന്തപുരം മേയർ ശ്രീ. ശിവൻകുട്ടിയുടെ ബന്ധു സുരേന്ദ്രൻ, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സത്യന്റെ സഹോദരി, ഈ നാലുപേരെയും മുമ്പ് പറഞ്ഞ രീതിയിൽ നിയമിച്ചിട്ടുണ്ട്. അങ്ങേയ്ക്ക് നിഷേധിക്കാമോ? സ്വന്തക്കാരെ, പാർട്ടിക്കാരെ മാത്രം നിയമിച്ചിട്ടുള്ളത് വഴിവിട്ട നിയമങ്ങളിലൂടെയാണ്. ആ നിയമനം റദ്ദ് ചെയ്തുകൊണ്ട് പി.എസ്.സി.ക്ക് വിടാൻ അങ്ങ് തയ്യാറാകുമോ? അങ്ങയുടെ ആത്മാർത്ഥത തെളിയിക്കേണ്ടത് അങ്ങനെയാണ്. ഇത്രമാത്രം സ്വജനപക്ഷപാതവും അഴിമതിയും വ്യാപകമായി നിൽക്കുന്ന ഒരേഒരു വകുപ്പിലേക്കുള്ള ധനാഭ്യർത്ഥന എന്നുള്ള നിലയിൽ ഇതിനെ ഞാൻ ശക്തിയായി എതിർക്കുന്നു.

298/2010

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.സി. കബീർ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. പ്രതിപക്ഷം ഇന്ന് രണ്ടും കല്പിച്ചാണ് ഇറങ്ങിയിരിക്കുന്നത്. അവർ ഇന്ന് കാളക്കൂറ്റൻ പിത്തോണിക്കടയിൽ കയറിയതുപോലെയാണ് പെരുമാറുന്നത്. ശ്രീ. പി.ജെ. ജോസഫിന്റെ കഴിവുകളേയും അദ്ദേഹത്തിന്റെ സത്യസന്ധതയേയും ചോദ്യം ചെയ്തിട്ട് യാതൊരുകാര്യവുമില്ല. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ സത്യസന്ധതയിൽ എനിക്ക് സംശയമില്ല. വിദ്യാഭ്യാസരംഗത്ത് ഒരു നല്ല ഭരണമാണ് അദ്ദേഹം നടത്തുന്നത്. ഞാൻ വിദ്യാഭ്യാസ വകുപ്പിനെക്കുറിച്ചാണ് സംസാരിക്കുന്നത്. അദ്ധ്യാപകരും വിദ്യാർത്ഥികളും സന്തുഷ്ടരാണ്. ആ വകുപ്പ് സന്തുഷ്ടമായി തന്നെ മുന്നോട്ടുപോകുന്നു. പ്രഖ്യാപിതമായനിലയിൽ പ്ലസ് ടു കോഴ്സ് അനുവദിക്കുകയും സാമാന്യേന ആക്ഷേപമില്ലാത്ത നിലയിൽ അത് കൊണ്ടുപോവുകയും ചെയ്തിട്ടുണ്ട്. അടുത്തവർഷം പരാതിയുണ്ടാകും 'പരാതിയെന്ന് പറഞ്ഞാൽ ന്യൂനപക്ഷ-പിന്നോക്ക വിഭാഗങ്ങളെ അവഗണിച്ചിട്ടുണ്ടെന്നുള്ള പരാതിയുണ്ട്. അതിൽ കാതലുണ്ടെങ്കിൽ അത് പരിഗണിക്കണം. പിന്നോക്കവിഭാഗങ്ങൾക്ക് കൊടുത്തില്ലെന്ന് അഭിപ്രായമുണ്ട്. അതൊക്കെ ഞാൻ വാദിച്ചിട്ടുണ്ട്. അതുകൊണ്ട് ന്യൂനപക്ഷ വിഭാഗങ്ങളെ തൃപ്തിപ്പെടുത്തുന്ന വിധത്തിൽ പ്ലസ് ടു വിദ്യാലയങ്ങൾ അനുവദിക്കണമെന്നാണ് എന്റെ ശുപാർശ.

ആവശ്യമില്ലാത്ത തടസ്സങ്ങളുണ്ടാക്കി ടി.ടി.സി.യുടെയും ബി.എഡ്ന്റെയും പ്രവേശനം നടത്താതെ വലിയ കുഴപ്പങ്ങളുണ്ടാക്കിയിരുന്നു. എസ്.സി.ഇ.ആർ.ടി. ഇതിനകത്ത് വന്നു കുഴപ്പമുണ്ടാക്കിയത് സത്യസന്ധമായിട്ടാണെന്ന് എനിക്ക് അഭിപ്രായമില്ല. അവർ കർണ്ണാടകത്തിലെ ബി.എഡ് കോളേജുകളെ സഹായിക്കാനുള്ള നടപടിയുമായിട്ട് കേരളത്തിൽവന്ന് കുഴപ്പമുണ്ടാക്കിയതാണെന്നാണ് എന്റെ അഭിപ്രായം. വിദ്യാഭ്യാസവകുപ്പുമന്ത്രി അതിനകത്ത് ശുഷ്ക്കാന്തി കാണിക്കുകയും ഇപ്പോൾ ബി.എഡ് അഡ്മിഷൻ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഡി.പി.ഇ.പി. യെക്കുറിച്ച് ഇതിനുമുമ്പും ഞാൻ പറഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസവകുപ്പിലെ പല പണ്ഡിതൻമാരും ലഹരിപിടിച്ച് ഡി.പി.ഇ.പി.യുടെ പിന്നാലെ ഓടുകയാണ്. പക്ഷെ എനിക്ക് അത് ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ല. എനിക്ക് വിവരമില്ലാത്തതുകൊണ്ടായിരിക്കും. എന്നാൽ അതിനകത്തുള്ള പണംകൊണ്ട് മൂത്രപ്പുരയും കക്കൂസും അടുക്കളയും ബഞ്ചും ഡസ്ക്കുമൊക്കെ ഉണ്ടാക്കുന്നതിനോട് ഞാൻ യോജിക്കുന്നു. ബാക്കിയൊന്നിനെകുറിച്ചും ഞാൻ കൂടുതൽ പറയുന്നില്ല. ഞാൻ പറഞ്ഞാൽ ബുദ്ധിമുട്ടാകും.

പ്രൈമറി സ്കൂളുകളിൽ കുട്ടികൾ കുറഞ്ഞുവരുന്നു. അതുകൊണ്ട് അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:30 എന്നാക്കണം. കുറച്ചുനാളുകൾക്കുമുമ്പേ ഇത് പറയുന്നതാണ്. ഇപ്പോൾ അതിന്റെ സമയമായി. പ്രൊട്ടക്ഷനെ സംബന്ധിച്ച് മന്ത്രി ചില താൽപ്പര്യങ്ങളൊക്കെ എടുക്കുന്നുണ്ടെങ്കിലും ആയിരത്തോളം പ്രൈമറി സ്കൂൾ അദ്ധ്യാപകർ ശമ്പളം കിട്ടാതെ ഈ നിയമസഭയ്ക്ക് ചുറ്റും പ്രദക്ഷിണം വയ്ക്കുകയാണ്. എന്തിനാണ് അവരെ ഇങ്ങനെ ചുറ്റിക്കുന്നത്? ഇതിനകത്ത് ഒരു റൗണ്ട് വരണമെങ്കിൽ അവർക്ക് ഒരു കിലോമീറ്റർ നടക്കാനുണ്ട്. അതുകൊണ്ട് പ്രൊട്ടക്ഷനെ സംബന്ധിച്ച് ഒരു നയം രൂപീകരിക്കണം. ഈ ആയിരത്തോളം വരുന്ന അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കണം, അവരെ രക്ഷിക്കണം.

സംസ്കൃത യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് എന്റെ സുഹൃത്ത് വളരെ കാര്യമായി പറഞ്ഞു. അദ്ദേഹത്തിന്റെ സത്യസന്ധതയെ ഞാൻ

ചോദ്യം ചെയ്യുന്നില്ല. പക്ഷെ അവിടത്തെ അദ്ധ്യാപകർ സെക്രട്ടേറിയറ്റിനുമുമ്പിൽ മേയ് 21-ാം തീയതി മുതൽ നിരാഹാരം കിടക്കുകയാണ്. ഒരാൾ നിരാഹാരം കിടന്ന് മരിക്കാൻ തീരുമാനിക്കുമ്പോൾ അതിന്റെ പിന്നിൽ എന്തോ സത്യമുണ്ട്. അതുകൊണ്ട് ആ അദ്ധ്യാപകരെ വിളിച്ച് സംസാരിക്കണം. അവരുടെ നിരാഹാരസമരം അവസാനിപ്പിക്കണം. ആ അദ്ധ്യാപകരോട് അന്യായം കാണിച്ചിട്ടുണ്ടെങ്കിൽ അത്തരം കൃത്രിമം ചെയ്തത് എത്ര കൊടികെട്ടിയ ഉദ്യോഗസ്ഥനാണെങ്കിലും അവന്റെ ചെവിക്ക് പിടിക്കണം.

സ്പോർട്സ് വകുപ്പിനെ സംബന്ധിച്ച് ഒന്നും പറയാതെ പോകുന്നത് ശരിയല്ലല്ലോ. ദേശീയ ഗെയിംസിൽ സ്വർണ്ണം, വെള്ളി, വെങ്കലം എന്നീ മെഡലുകൾ നേടിയ കായിക താരങ്ങൾക്ക് യഥാക്രമം 50,000, 30,000, 20,000 രൂപവീതമുള്ള ക്യാഷ് അവാർഡുകൾ കൊടുക്കുന്നത് കേരളത്തിൽ ആദ്യമാണ്. ഞാൻ അതിനെ അഭിനന്ദിക്കുന്നു. മൂന്നാറിൽ ഏഴരക്കോടി രൂപ ചെലവിലാണ് ഹൈ അൾട്ടിറ്റ്യൂഡ് സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നത്. സ്കൂൾ തലം മുതൽ കായിക പ്രതിഭകളെ കണ്ടെത്തി പരിശീലനം നൽകാൻ ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി കേരളത്തിൽ ആരംഭിച്ചിട്ടുണ്ട്.

<u>ശ്രീ. ജി. കാർത്തികേയൻ</u> : കേരളത്തിലെ സ്പോർട്സ് വകുപ്പിന്റെ ഭരണത്തെക്കുറിച്ച് അങ്ങേയ്ക്ക് മതിപ്പുണ്ടോ? അതിനെക്കുറിച്ചുള്ള അങ്ങയുടെ അഭിപ്രായമെന്താണ്? കാര്യക്ഷമമായിട്ടാണോ സ്പോർട്സ് വകുപ്പിന്റെ ഭരണം കേരളത്തിൽ നടക്കുന്നത്?

<u>ശ്രീ. വി.സി. കബീർ</u> : സ്പോർട്സിനെക്കുറിച്ച് ഞാൻ മനസ്സിലാക്കുന്നതേയുള്ളൂ. കേരളത്തിലെ മുഴുവൻ സ്പോർട്ട്സ് താരങ്ങളുടെയും നമ്മുടെയും ഒരു പ്രതീക്ഷയാണ് സ്പോർട്ട്സ് ബിൽ. നായനാർ ഗവൺമെന്റിന്റെ കാലത്ത് തന്നെ സ്പോർട്ട്സ് ബിൽ അവതരിപ്പിക്കണം, സ്പോർട്ട്സ് ബിൽ പാസ്സാക്കണമെന്ന ദൃഢനിശ്ചയത്തോടുകൂടിയാണ് മന്ത്രി മുന്നോട്ടുപോകുന്നത്.

<u>ശ്രീ. ടി.എം. ജേക്കബ്</u> : ആ സ്പോർട്ട്സ് ബിൽ അവതരിപ്പിച്ചശേഷം സെലക്ട് കമ്മിറ്റിയുടെ പരിഗണന കഴിഞ്ഞുവരുമ്പോൾ അത് പൈലറ്റ് ചെയ്യുന്നത് കബീർ മാസ്റ്ററാണോ അതോ ശ്രീ. ഷൺമുഖദാസ് ആണോ?

<u>ശ്രീ. വി.സി. കബീർ</u> : ലോകത്ത് ദൈവമുണ്ടല്ലോ. അദ്ദേഹം തീരുമാനിക്കും. സ്പോർട്ട്സ് ബിൽ ഈ സഭയിൽ അവതരിപ്പിച്ച് പാസ്സാക്കണം. അത് ഈ ഗവൺമെന്റിന്റെ മുഖമുദ്രയായി മുന്നോട്ടുകൊണ്ടുപോകണം.

കല, സംസ്ക്കാരം എന്നീ വകുപ്പുകളെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. പറയാതിരിക്കുകയാണ് നല്ലത്. കേരളീയം പരിപാടി നടത്തിയത് വളരെ ഗംഭീരമായിരുന്നു. കലയിൽ രാഷ്ട്രീയം പാടില്ല. സാഹിത്യത്തിൽ രാഷ്ട്രീയം ചിന്തിക്കാം, രാഷ്ട്രീയത്തിനുവേണ്ടി സാഹിത്യസൃഷ്ടി നടത്തരുത്. രാഷ്ട്രീയപ്രവർത്തനവും/സാഹിത്യപ്രവർത്തനവും കലാപ്രവർത്തനവും രാഷ്ട്രീയത്തിനുവേണ്ടിത്തന്നെ ആകണമെന്നില്ല. അത് നിഷ്പക്ഷമായിരിക്കണമെന്നാണ് ഈ എളിയ കബീർ മാസ്റ്ററുടെ അഭിപ്രായം. ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ശ്രീ. എൻ. സുന്ദരൻ നാടാർ.

<u>ശ്രീ. എൻ. സുന്ദരൻ നാടാർ</u> : സർ, ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. വിദ്യാഭ്യാസമേഖല ഇന്ന് ഒരു കുത്തഴിഞ്ഞ പുസ്തകമായിമാറിയിരിക്കുന്നു. വിദ്യാഭ്യാസനിലവാരം മറ്റു സംസ്ഥാനത്തേക്കാൾ താഴോ

LIBRARY ARCHIVES Kerala Legislative Assembly

ട്ടാകുന്നതിന്റെ കാരണം കണ്ടെത്തി വേണ്ട നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, പോയിന്റ് ഓഫ് ഓർഡർ. എന്റെ നിയോജകമണ്ഡലത്തിലെ ഒരു കോളേജിൽ നടന്ന സംഭവത്തെക്കുറിച്ച് എനിക്ക് ഒരു സബ്മിഷൻ ഉന്നയിക്കാനുണ്ട്. അടൂർ എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികളെ, അദ്ധ്യാപകരെ, പ്രിൻസിപ്പാളിനെ അടക്കം തല്ലിച്ചതച്ചിരിക്കുന്നു. ഇക്കാര്യങ്ങൾ ഉന്നയിക്കാൻ എനിക്ക് അവസരം നൽകണം.

<u>മി. ഡെ. സ്പീക്കർ</u> : പോയിന്റ് ഓഫ് ഓർഡർ ഇപ്പോൾ ഉന്നയിക്കുന്നതിൽ പ്രസക്തിയില്ല. ഒരു മെമ്പർ പ്രസംഗിച്ചുകഴിഞ്ഞ് തൽസ്ഥാനത്തിരുന്നു. വേറെ ഒരു മെമ്പറെ വിളിക്കുന്ന അവസരത്തിൽ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നതിൽ യാതൊരു പ്രസക്തിയുമില്ല. ബഹുമാനപ്പെട്ട മെമ്പർക്ക് ഇങ്ങനെയുള്ള കാര്യങ്ങൾ നിയമസഭാചട്ടം അനുസരിച്ചുമാത്രമേ ഉന്നയിക്കാൻ കഴിയൂ. ഇപ്പോൾ ഇത് ഉന്നയിക്കാൻ ഞാൻ അനുവദിക്കുന്നില്ല. ..... ബഹളം.....

<u>ശ്രീ. എൻ. സുന്ദരൻ നാടാർ</u> : സ്റ്റാന്റേർഡ് ഒന്നു മുതൽ ഒൻപതുവരെയുള്ള ക്ലാസ്സുകളിൽ ആൾ പ്രൊമോഷൻ നൽകുന്നത് നിലവാരത്തകർച്ചയ്ക്ക് കാരണമാണെന്നാണ് എന്റെ അഭിപ്രായം. കണ്ണുമടച്ച് എസ്.എസ്.എൽ.സി.ക്ക് മോഡറേഷൻ നൽകി വിജയശതമാനം വർദ്ധിപ്പിക്കുന്ന പ്രവണത ശരിയാണോയെന്ന് പരിശോധിക്കണം. ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഡി.പി.ഇ.പി.യെ ക്കുറിച്ച് വളരെയേറെ അഭിപ്രായങ്ങൾ പൊതുജനങ്ങളുടെ ഇടയിലുണ്ട്. കോടിക്കണക്കിന് രൂപ പാഴാക്കുന്നുവെന്നാണ് ജനങ്ങളുടെ അഭിപ്രായം. ഡി.പി.ഇ.പി. പരിപാടിയിലൂടെ സർക്കാരിന്റെ ഖജനാവ് ചോർത്തി പണം ധൂർത്തടിക്കുകയാണ്. ഡി.പി.ഇ.പിക്കുവേണ്ടി നിലവിലുള്ള അദ്ധ്യാപകരെ നിയമിച്ചതുകാരണം സ്കൂളുകളിലെ വിദ്യാഭ്യാസം പാടെ തകർന്നിരിക്കുന്നു. അത്തരം സ്കൂളുകൾ കാര്യക്ഷമമായി നടത്തിക്കുന്നതിനുവേണ്ടി അദ്ധ്യാപകരെ താൽക്കാലികമായിട്ടാണെങ്കിലും നിയമിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു. പാവപ്പെട്ട കുട്ടികൾ മുഴുവൻ സർക്കാർ സ്കൂളുകളിലാണ് പഠിക്കുന്നത്. ആയതിനാൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഇനിയും അലംഭാവം കാണിക്കരുത്. അക്ഷരം അറിഞ്ഞുകൂടാത്ത യുവതലമുറയെ സൃഷ്ടിക്കലാണ് ഡി.പി.ഇ.പി.യുടെ ഉദ്ദേശമെന്നാണ് എന്റെ വിശ്വാസം. എസ്.എസ്.എൽ.സി.ക്ക് നൽകുന്ന സർട്ടിഫിക്കറ്റ് മുമ്പ് ബുക്കായിരുന്നുവെങ്കിൽ ഇന്ന് അത് ഒരു തുണ്ടുപേപ്പറിൽ ഒതുക്കിയിരിക്കുകയാണ്. ആജീവാനാന്തം സൂക്ഷിക്കാനുള്ള സർട്ടിഫിക്കറ്റായതിനാൽ മുൻകാലങ്ങളിലെപ്പോലെ അത് ബുക്കായിത്തന്നെ നൽകണം.

പിന്നോക്കക്കാരായ നാടാർ, മുസ്ലീം പെൺകുട്ടികൾക്ക് നൽകിയിരുന്ന ലംപ്സംഗ്രാന്റ് കൊടുത്തിട്ട് മൂന്നു കൊല്ലമായി. ഈ പാവങ്ങളോടുള്ള അവഗണന അവസാനിപ്പിച്ച് ലംപ്സംഗ്രാന്റ് നൽകണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ന്യൂനപക്ഷ-പിന്നോക്കക്കാർ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ മുൻഗണന നൽകി പ്ലസ് ടു അനുവദിക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നു. എന്നാൽ അനുവദിച്ചതിൽ പല അപാകതകളുമുണ്ട്. അടുത്ത കൊല്ലമെങ്കിലും മുഴുവൻ സ്കൂളുകളിലും പ്ലസ് ടു അനുവദിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അമരവിള എൽ.എം.എസ്.ഹയർ സെക്കണ്ടറി സ്കൂളിലെയും ചെമ്പൂർ എൽ.എം.എസ്. ഹയർ സെക്കണ്ടറി സ്ക്കൂളിലെയും പ്ലസ് ടു അദ്ധ്യാപകർക്ക് ഇതുവരെ ശമ്പളം കൊടുത്തിട്ടില്ല. അത് ഉടനെ നൽകുന്നതിന് ഡിപ്പാർട്ടുമെന്റിന് നിർദ്ദേശം കൊടുക്കണം. അതുപോലെതന്നെ ഗവൺമെന്റ് ഹൈസ്കൂളുകളിലെ പല കെട്ടിടങ്ങളും തകർന്നുകിടക്കുകയാണ്. ഉദാഹരണത്തിന് പാറശ്ശാല ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിലെ കെട്ടിടം തകർന്നുകിടക്കുകയാണ്. ഇത് പുതുക്കി പണിയണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു. അത് പഞ്ചായത്തുതലത്തിൽ ഏൽപ്പിച്ചാൽ പോരാ, ഡിപ്പാർട്ടുമെന്റിനെതന്നെ ഏൽപ്പിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പാറശ്ശാല മണ്ഡലത്തിലെ കുളത്തൂർ ജെ.ടി.എസിനെ പോളിടെക്നിക്കായി ഉയർത്തി ഉത്തരവായെങ്കിലും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആ ഉത്തരവിനെ മരവിപ്പിച്ചിരിക്കുകയാണ്. ഈ കൊല്ലംതന്നെ ജെ.ടി.എസ്. അപ്ഗ്രേഡ് ചെയ്ത് പോളിടെക്നിക്കാക്കുന്നതിനുള്ള നടപടിയുണ്ടാകണം. അവിടത്തെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ പണിയും ആരംഭിക്കണം.

ഭവനനിർമ്മാണത്തെക്കുറിച്ച് ഒന്നു രണ്ട് കാര്യങ്ങൾ പറയാനുണ്ട്. വീടില്ലാത്ത ദുർബലവിഭാഗങ്ങൾക്ക് ത്രിതല പഞ്ചായത്തുകൾ മുഖേനയും മറ്റു ഭവനനിർമ്മാണ ഏജൻസിവഴിയും വീടുകൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നത് സന്തോഷകരമാണ്. എന്നാൽ സമൂഹത്തിന്റെ അടിത്തട്ടിൽ കഴിയുന്ന പനകയറ്റത്തൊഴിലാളികളെ പാടേ അവഗണിച്ചിരിക്കുകയാണ്. മൽസ്യത്തൊഴിലാളികൾക്ക് നൽകുന്ന രീതിയിലുള്ള പ്രത്യേക ഭവന നിർമ്മാണ പദ്ധതി പനകയറ്റത്തൊഴിലാളികൾക്കും നൽകി സഹായിക്കണമെന്ന് ഞാൻ ഈ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഒരു സബ്മിഷൻ അവതരിപ്പിക്കാനുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ ഒരു കോളേജിലെ പ്രിൻസിപ്പാളിനെ അടക്കം തല്ലിയിരിക്കുന്നു. അവരെ അറസ്റ്റ് ചെയ്ത് പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചിരിക്കുകയാണ്. ഈ പ്രശ്നം ഉന്നയിക്കാൻ അങ്ങ് എനിക്ക് അവസരം നൽകണം.....ബഹളം.....

അറിയിപ്പ്

<u>മി. ഡെ. സ്പീക്കർ</u> : ഇപ്പോൾ സബ്മിഷനൊന്നും അനുവദിക്കാൻ പറ്റുകയില്ല. അങ്ങ് ഞാൻ പറയുന്നത് കേൾക്കണം. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലെ സീനിയറായ ഒരു മെമ്പർ ഇത്തരത്തിൽ പെരുമാറാൻ പാടില്ല. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ ഒരു കത്ത് എഴുതിതന്നിട്ടുണ്ട്. അടൂർ എഞ്ചിനീയറിംഗ് കോളേജിലെ സൗകര്യം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമരം നടത്തിയ വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും പ്രിൻസിപ്പാളിനെയുമടക്കമുള്ളവരെ അറസ്റ്റ് ചെയ്ത് പോലീസ് സ്റ്റേഷനിൽ വച്ചിരിക്കുന്നുവെന്നും അവരെ വിടുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെടുന്നു. ഇതാണ് കത്ത്. ഇത് നടപടി സ്വീകരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിക്ക് കൈമാറിയിട്ടുണ്ട്.

ധനകാര്യം (തുടർച്ച)

<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം, ഭവന നിർമ്മാണം എന്നീ വിഷയങ്ങളെക്കുറിച്ച് നിരവധി നേട്ടങ്ങൾ സന്തോഷത്തോടുകൂടി വിവരിക്കാനുണ്ടെങ്കിലും വിദ്യാഭ്യാസമേഖലയിൽ നടപ്പിലാക്കിയിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന പുതിയ പാഠ്യപദ്ധതിയെക്കുറിച്ച് മലയാള ഭാഷയ്ക്ക് വന്നു ചേർന്നിരി ക്കുന്ന അവസ്ഥകളെക്കുറിച്ചു മാത്രമേ ഞാൻ പരാമർശിക്കാൻ ഉദ്ദേശിക്കുന്നു ള്ളൂ. എന്നാൽ ശ്രീ. ജോണി നെല്ലൂരും കവിയായ ശ്രീ. വി.സി. കബീർ മാസ്റ്ററും കലാമന്ദിരത്തിൽ വച്ചു നടന്ന 'കേരളീയ'ത്തെക്കുറിച്ച് നടത്തിയ പരാമർശത്തെപ്പറ്റി ഒരു വാക്ക് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. 1957-ൽ കേരള സംസ്ഥാനം രൂപം കൊണ്ടതിനുശേഷം ഈ കേരളത്തിൽ സർക്കാ രിന്റെ നേതൃത്വത്തിൽ നടന്നിട്ടുള്ള ഏറ്റവും വലിയ സാംസ്ക്കാരിക സംഭവമാ യിരുന്നു എന്ന് എല്ലാവരും മുക്തകണ്ഠം അംഗീകരിച്ചിട്ടുള്ളതാണ്. അതിന്റെ രാഷ്ട്രീയമായ പ്രോട്ടോകോൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചില്ല എന്നാണ് പറയുന്നത്. അതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. 'ക്ഷീരമുള്ളോ രകിടിൻ ചുവട്ടിലും ചോര തന്നെ കൊതുകിനു കൗതുകം' എന്നുപറഞ്ഞതു പോലെ നല്ല കാര്യങ്ങൾ ചെയ്യുമ്പോഴും അതിലും ദുഷ്ട ലാക്കോടുകൂടി യുള്ള ദഷ്ടി നല്ലതല്ല എന്നു മാത്രം ഞാൻ സൂചിപ്പിക്കുകയാണ്. ബഹുമാന പ്പെട്ട കബീർ മാസ്റ്റർ ഉന്നയിച്ചത് ഒരുപക്ഷേ കവി എന്നുള്ള നിലയിൽ അദ്ദേ ഹത്തെ ക്ഷണിച്ചു കാണില്ല എന്നുള്ളതുകൊണ്ടായിരിക്കാം. എന്നെ ക്ഷണി ച്ചിട്ട് എനിക്ക് പോകാൻ കഴിഞ്ഞില്ല. എനിക്ക് പരാതിയില്ല. ഞാൻ പുതിയ പാഠ്യപദ്ധതിയെക്കുറിച്ച് ചില കാര്യങ്ങൾ മാത്രം ഇവിടെ പറയുകയാണ്. ഇതി നെക്കുറിച്ച് അധികം ശ്രദ്ധിക്കാത്തവരുണ്ട്. അവർക്ക് ഒരു പാഠം എന്നുള്ള നിലയിൽ ഉദ്ദേശിച്ചുകൊണ്ട് ഞാൻ പറയുകയാണ്. വിലക്ഷണമായ വിദ്യാ ഭ്യാസ സമ്പ്രദായത്തിനു വിധേയമായ ഒരു സമൂഹത്തിന്റെ അവസ്ഥ അണു ബോംബു വീണു നശിച്ച നാഗസാക്കിയുടേയും ഹിരോഷിമയുടേയും അവസ്ഥയേക്കാൾ ഭയാനകമാണെന്ന് നാം അറിയേണ്ടതാണ്. എന്നാൽ ഒന്നര കിലോഗ്രാം തലച്ചോർ എത്രയോ ബോംബുകളേക്കാൾ ശക്തമാണ് എന്നു നാം അറിയണം. വില കുറഞ്ഞതും വിലക്ഷണവുമായ വിദ്യാഭ്യാസം കൊണ്ട് ദുഷിച്ചതും ദുർബലവുമായിത്തീർന്ന മനസ്സും ബുദ്ധിയുമുള്ള ഒരു സമൂഹം സ്വയമേ നശിക്കുകയും നശിപ്പിക്കുകയും ചെയ്യും. ഈ തിരിച്ചറിവ് പൂർണ്ണമാ യിട്ടല്ലെങ്കിലും ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ പൊതുവിദ്യാഭ്യാസത്തെ ശക്തി പ്പെടുത്താൻ ഉതകുന്ന തരത്തിലാവിഷ്ക്കരിച്ചിട്ടുള്ളതാണ് പുതിയ പാഠ്യപദ്ധ തി. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. നിലവിലുണ്ടായിരുന്ന വിദ്യാഭ്യാസ സമ്പ്രദായത്തിലെ ചില പോരായ്മകളെങ്കിലും കണക്കിലെടുത്തുകൊണ്ടു വേണം പുതിയ വിദ്യാഭ്യാസക്രമത്തിന്റെ സവിശേഷതകൾ പരിശോധിക്കാൻ. എന്തായിരുന്നു അതിന്റെ പോരായ്മകൾ? കോത്താരി കമ്മീഷന്റെയും യശ്പാൽ കമ്മിറ്റിയുടേയും റിപ്പോർട്ടുകളെ ആശ്രയിക്കുന്നതാണ് നല്ലത്. അവർ വെളിപ്പെടുത്തിയിട്ടുള്ള ഏതാനും പോരായ്മകളുണ്ട്. നിലവിലുണ്ടായി രുന്ന വിദ്യാഭ്യാസം ശിശുകേന്ദ്രീകൃതമല്ല അദ്ധ്യാപക കേന്ദ്രീകൃതമാണ്. കുട്ടി യുടെ ക്രിയാത്മക ശേഷിയെ പ്രോൽസാഹിപ്പിച്ചിരുന്നില്ല. പാഠ്യപുസ്തക കേന്ദ്രീകൃതമായിരുന്നു. ശേഷിവികസനമായിരുന്നില്ല. പഠനത്തെക്കാൾ പഠിപ്പി ക്കലിനായിരുന്നു മുൻതൂക്കം. സ്വാഭാവികവും അനുഭവാധിഷ്ഠിതവുമായിരു ന്നില്ല. മറിച്ച് യാന്ത്രിക വിദ്യാഭ്യാസമായിരുന്നു. ഭാഷയെക്കുറിച്ചുള്ള പഠനമാ യിരുന്നു. ഭാഷ സ്വായത്തമാക്കാനുള്ള അനുഭവങ്ങളല്ല കിട്ടിയിരുന്നത്. കേന്ദ്രീ കൃത പാഠ്യപദ്ധതിയായിരുന്നു. ദേശീയ സാംസ്ക്കാരികത്തനിമകളെ സ്വാംശീ കരിച്ചിരുന്നില്ല. തുടർച്ചയായതും പങ്കാളിത്തത്തോടുകൂടിയതുമായ അദ്ധ്യാ പക പരിശീലനമുണ്ടായിരുന്നില്ല. മൂല്യനിർണ്ണയം ഓർമ്മ പരിശോധന മാത്ര മായിരുന്നു. അക്കാദമിക് കാര്യങ്ങളിൽ സാമൂഹ്യ പങ്കാളിത്തത്തിന് സാദ്ധ്യത യില്ലായിരുന്നു. അദ്ധ്യാപകന്റെ സർഗ്ഗാത്മക ശക്തിയെ പരിഗണിച്ചിരുന്നില്ല. ഈ പോരായ്കളെ ഒരു പരിധിവരെ പരിഹരിച്ചുകൊണ്ടുള്ള പാഠ്യപദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

യാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഓരോ കുട്ടിക്കും നിശ്ചിതമായ ശേഷികൾ, ധാരണകൾ, മൂല്യങ്ങൾ എന്നിവ നേടുന്നതിനുവേണ്ടി വിദ്യാലയത്തിനകത്തും പുറത്തും നിന്നു ലഭിക്കേണ്ട പഠനാനുഭവങ്ങളുടെ ആകെത്തുകയാണ് പാഠ്യപദ്ധതി എന്ന് ഒരു വാചകത്തിൽ ഒതുക്കിപ്പറയാം. പുതിയ പാഠ്യപദ്ധതികളുടെ സവിശേഷതകൾ എന്താണെന്നു പരിശോധിച്ചുനോക്കാം. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട സകല ഘടകങ്ങളെക്കുറിച്ചും സമഗ്രമായ സമീപനങ്ങൾ രൂപപ്പെടുത്തിയതിനുശേഷമുള്ള പാഠ്യപദ്ധതി പരിഷ്ക്കരണം കേരളത്തിലാദ്യമാണ്. പ്രൈമറി മേഖലയിൽ സേവനമനുഷ്ഠിക്കുന്ന അദ്ധ്യാപകർ ഇതരമേഖലകളിലെ വിദഗ്ധരോടൊന്നിച്ചിരുന്ന് നിരന്തരമായ ചർച്ചകളുടേയും പരീക്ഷണങ്ങളുടേയും അടിസ്ഥാനത്തിലാണ് ഇവ രൂപീകരിച്ചത്. കുട്ടിയുടെ സ്വാഭാവികപഠനരീതിയെ അംഗീകരിച്ചുകൊണ്ടും പ്രയോജനപ്പെടുത്തിക്കൊണ്ടുമുള്ള ഒരു ബോധനരീതി ഈ പാഠ്യപദ്ധതി നിർദ്ദേശിക്കുന്നു. ഇതിനു മുമ്പും ശിശുകേന്ദ്രീകൃതബോധന രീതിയെക്കുറിച്ച് പ്രസ്താവിക്കാറുണ്ടെങ്കിലും പ്രായോഗികമാക്കാനുള്ള മൂർത്തമായ പ്രവർത്തന പദ്ധതി നിർദ്ദേശിക്കപ്പെട്ടിരുന്നില്ല. എന്നാൽ ശിശുകേന്ദ്രീകൃതപഠനം ഉറപ്പുവരുത്തുന്ന തരത്തിലുള്ള പഠനരീതിയും പാഠപുസ്തകങ്ങളും അദ്ധ്യാപന സഹായികളും അദ്ധ്യാപക പരിശീലനങ്ങളും ഇവിടെ രൂപപ്പെടുത്തിയിട്ടുണ്ട്. പഠനബോധന തന്ത്രങ്ങളിൽ ജനാധിപത്യപ്രക്രിയയ്ക്കും ശാസ്ത്രീയ രീതികൾക്കുമുള്ള സ്ഥാനം ആദ്യമായി അംഗീകരിക്കപ്പെട്ടു. വൈവിധ്യമാർന്ന അനുഭവങ്ങളിലൂടെ സ്വയം പഠിക്കുന്നതിനും സ്വന്തമായ നിഗമനങ്ങളിൽ എത്തിച്ചേരുന്നതിനുള്ള അവസരം കുട്ടിക്ക് ഒരുക്കാൻ ഇവിടെ ശ്രദ്ധിച്ചിട്ടുണ്ട്. വ്യവസ്ഥാപിത സിദ്ധാന്തങ്ങളെ കണ്ണടച്ചു വിഴുങ്ങുന്നതിലുപരി ശരിയും തെറ്റും സ്വയം കണ്ടെത്തുന്നതിനുള്ള ശാസ്ത്രീയ മനോഭാവം കുട്ടികളിൽ വളർത്താൻ അതു സഹായിക്കുന്നു. അദ്ധ്യാപകൻ സ്വയം പഠിച്ചുകൊണ്ട് കുട്ടികളെ പഠനത്തിന് സഹായിക്കുന്ന ഗവേഷകൻ എന്ന നിലയിലേക്കുയർന്നു. പഠന പ്രക്രിയയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടും പഠിക്കുന്ന രീതി സ്വായത്തമാക്കാൻ കുട്ടിയെ സഹായിച്ചുകൊണ്ടുമുള്ള ബോധന രീതിയാണ് ഈ പാഠ്യപദ്ധതി നിർദ്ദേശിക്കുന്നത്. കുട്ടിയുടെ ഓരോ മേഖലയിലുമുള്ള പുരോഗതി കൃത്യമായി നിർണ്ണയിക്കുന്നതിനും പഠന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും സഹായിക്കുന്ന രീതിയിൽ മൂല്യ നിർണ്ണയരീതി പുനഃസംഘടിപ്പിക്കപ്പെട്ടു. ശാസ്ത്രീയമായ ഗ്രേഡിംഗ് രീതി ആവിഷ്കരിച്ചു. അതോടൊപ്പം തുടർച്ചയായ മൂല്യനിർണ്ണയത്തിന് ഊന്നൽ നൽകുകയും ചെയ്തു. പുതിയ സമീപനങ്ങളുടെ കാതലായ പ്രത്യേകതകളിൽ ചിലതുമാത്രമാണ് ഇവിടെ ചൂണ്ടിക്കാട്ടിയത്. സാമൂഹ്യ ജീവിതത്തിനാവശ്യമായ ധാരണകളും ശേഷികളും മനോഭാവങ്ങളും സ്വയം ആർജ്ജിക്കാനുള്ള അവസരമൊരുക്കുന്ന പ്രൈമറി വിദ്യാഭ്യാസതലം മുതൽ ഉന്നതവിദ്യാഭ്യാസ തലംവരെ വ്യാപരിക്കുന്ന പുതിയ വിദ്യാഭ്യാസ പദ്ധതി ഭാവി സമൂഹത്തിൽ സാരവത്തായ ചലനങ്ങൾ സൃഷ്ടിക്കുമെന്നതിന് യാതൊരു സംശയവുമില്ല. വിദ്യാഭ്യാസമേഖലയിൽ സാരവത്തായ രീതിയിൽ നടപ്പിലാക്കുന്ന ഈ മാറ്റത്തെ എതിർക്കുന്ന ഒരു വിഭാഗം ഇവിടെയുണ്ട്. അവരാരാണെന്നും അവരുടെ താൽപ്പര്യമെന്താണെന്നും നാം തിരിച്ചറിയണം. പ്രീപ്രൈമറി സ്കൂൾ മുതൽ സർവകലാശാലവരെ കടന്നു കയറുന്ന വിദ്യാഭ്യാസ ബിസ്സിനസ്സ് ലോബികളാണ് മുഖ്യഎതിരാളികൾ. വിദ്യാഭ്യാസ വ്യവസായം ലാഭകരമായി നടത്തിക്കൊണ്ടുവന്നിരുന്ന ഗൈഡ്, ചോദ്യക്കടലാസ് എന്നിവയുടെ ഉൽപ്പാദനസ്ഥാപനങ്ങളാണ് വിമർശകരിൽ മറ്റൊരു വിഭാഗം. കാണാപാഠത്തിലൂന്നിയുള്ള പഠനവും പരീക്ഷയും അവസാനിക്കുന്നതോടെ ഇവർക്കുണ്ടാകുന്ന ഭീമമായ നഷ്ടമാണ് ഇതിനവരെ പ്രേരിപ്പിക്കുന്നത്. കഥയ

LIBRARY ARCHIVES Kerala Legislative Assembly

റിയാതെ ആട്ടം കാണുന്ന ജനകീയ പ്രതിരോധ സംഘങ്ങളാണ് വിമർശക രിലെ മറ്റൊരു പ്രധാന കണ്ണി. പുതിയ പാഠ്യപദ്ധതിയുടെ വിജയം വിമർശ കരെ കുറേയേറെ നിശബ്ദരാക്കിയിട്ടുണ്ട്. എങ്കിലും അവർ അടങ്ങിയിരിക്കു മെന്നു കരുതിക്കൂടാ. ഇവരെക്കാര്യക്ഷമമായി നേരിടണമെങ്കിൽ അടിയന്തിര മായും ചില നടപടികൾ ആവശ്യമാണ്. അവയിൽ ചിലതു മാത്രം സൂചിപ്പിക്ക ട്ടെ. സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ഒരേ പാഠ്യപദ്ധതിയും പഠന രീതിയും നടപ്പിലാക്കാൻ നടപടിയെടുക്കണം. പ്രീപ്രൈമറി തലം മുതൽ പ്രൈമറി തലം വരെയുള്ള വിദ്യാഭ്യാസത്തിന്റെയെങ്കിലും ബോധന മാധ്യമം മാതൃഭാഷയായിരിക്കണം. ഇംഗ്ലീഷ് ഭാഷാ പഠനം ശാസ്ത്രീയവും കാര്യക്ഷമ വുമാകുന്ന രീതിയിൽ രണ്ടാം ഭാഷാ സമീപനം നടപ്പിലാക്കണം. അദ്ധ്യാപക പരിശീലന സമ്പ്രദായം അടിമുടി അഴിച്ചു പണിയണം. വിദ്യാഭ്യാസ പരിഷ്ക രണവുമായി പൊരുത്തപ്പെടുന്ന രീതിയിൽ കെ.ഇ.ആർ ഭേദഗതി ചെയ്യണം. പുതിയ മൂല്യനിർണ്ണയ രീതിയ്ക്കനുസരിച്ച് പൊതു പരീക്ഷകളും പി.എസ്. സി. പരീക്ഷകളും പുന:സംവിധാനം ചെയ്യണം. എസ്.സി.ഇ.ആർ.ടി., 'ഡയറ്റ്' എന്നിവയുടെ പ്രവർത്തനങ്ങളെ സാമൂഹികാവശ്യത്തിനുതകും വിധം നവീക രിക്കണം. പൊതുജനങ്ങളുടെ ഇടയിൽ ബോധവൽക്കരണം നടത്തുക തുടങ്ങി പലതും ചെയ്യേണ്ടതുണ്ട്. സമഗ്രമായ സാമൂഹിക പുരോഗതിക്ക് ഉത കുന്ന വിദ്യാഭ്യാസ സമ്പ്രദായം ഉറപ്പിക്കുന്നതിനുള്ള ഇച്ഛാശക്തി ഏതു സാഹ ചര്യത്തിലും സർക്കാരിനുണ്ടായിരിക്കണം.

മലയാളഭാഷ നേരിടുന്ന നിരവധി ആപത്തുകളിൽ ചിലത് സർക്കാ രിന്റെ അടിയന്തിര ശ്രദ്ധയിൽകൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്ന്, മലയാളലിപിയുടെ പരിഷ്ക്കരണത്തെക്കുറിച്ചാണ്. ചതുരവടിവു മാറ്റി വട്ടവ ടിവു സ്വീകരിച്ചും ആവശ്യമായ എല്ലാ കൂട്ടക്ഷരങ്ങൾ നിർമ്മിച്ചും സ്വരചിഹ ങ്ങളെ സംബന്ധിച്ച് ദേശീയ കാഴ്ചപ്പാടു സ്വീകരിച്ചും ഒരു നൂറ്റാണ്ടു മുമ്പ് ബെഞ്ചമിൻ ബെയ്ലി പരിഷ്ക്കരിച്ച ലിപി, ടൈപ്പ്റൈറ്ററിന്റെ കീബോർഡിൽ മലയാള അക്ഷരങ്ങളെ ഒതുക്കിനിർത്താൻവേണ്ടി 1968-ൽ സർക്കാർ മുകൈ യെടുത്ത് പരിഷ്കരിച്ചു. എന്നാൽ ഇന്ന് കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള ടൈപ്പ്സെ റ്റിങ് സാർവ്വത്രികമായതോടെ ലിപികളുടെയും ചിഹ്നങ്ങളുടെയും എണ്ണം ഇന്ന് പ്രശ്നമല്ല. പക്ഷേ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുൻകൈയെടുത്ത് 'മലയാ ളത്തനിമ' എന്ന പേരിൽ ഇ.എം.എസ്. ന്റെ പേരുപയോഗിച്ച്, ഭാഷാ മാനവീക രണത്തിന്റെ മറവിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന ലിപി പരിഷ്കരണം ഭാഷ യുടെ സത്വസൗന്ദര്യങ്ങളെ ഹനിക്കുന്നതിനു മാത്രമേ ഉപകരിക്കു. വായ നയ്ക്ക് ഇടർച്ചവരാത്തതും എളുപ്പം എഴുതാൻ കഴിയുന്നതും അച്ചടിയിൽ സ്ഥലസമയങ്ങൾ ലാഭിക്കുന്നതുമായ കൂട്ടക്ഷരങ്ങൾ മലയാളത്തിന്റെ സ്വത്തും അനുഗ്രഹവുമാണ്. ''മലയാളത്തനിമ'' എന്ന പേരിൽ മലയാളത്തനിമ നശിപ്പി ക്കാനനുവദിക്കരുത്. മലയാളഭാഷ നേരിടുന്ന വേറൊരു വെല്ലുവിളി ലോക ത്തിലെ കമ്പ്യൂട്ടർ ഭീമൻമാരിൽനിന്നുമാണ്. അവരുടെ ഒരു കൺസോർഷ്യം 'യൂണികോഡ്' എന്ന ഒരു പുതിയ ആശയം നടപ്പിലാക്കാൻ ഒരുങ്ങുന്നു. ഒരു കമ്പ്യൂട്ടറിൽതന്നെ ലോകത്തിലെ എല്ലാ ഭാഷകളുടെയും ലിപികൾ ഉൾക്കൊ ള്ളിച്ചുകൊണ്ട് ഏതുദേശത്തുനിന്നും അന്യോന്യം സ്വന്തം ഭാഷയിൽ വിനി മയം നടത്താവുന്ന സംവിധാനമാണത്. നല്ല ആശയമാണെങ്കിലും മലയാ ളത്തെ ഉപയോഗിച്ചിരിക്കുന്നതു വികലമായിട്ടാണ്. കാരണം 128 സ്ളോട്ടുകൾ മാത്രമാണ് മലയാളത്തിനനുവദിച്ചിരിക്കുന്നത്. 'യൂണികോഡ്' പ്രസിദ്ധീകരി ച്ചിരിക്കുന്ന ലിപിസഞ്ചയം അബദ്ധജടിലമാണ്. വിശദീകരിക്കാൻ സമയമാവ ശ്യമായതുകൊണ്ട് ഞാൻ മുതിരുന്നില്ല. ലിപി വിഷയകമായ അവ്യവസ്ഥയിൽ

LIBRARY ARCHIVES Kerala Legislative Assembly

മുങ്ങിയിരിക്കുന്ന മലയാളഭാഷ സാർവ്വദേശീയമായിത്തന്നെ അവ്യവസ്ഥമാകുന്നു. സർക്കാർ ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെട്ട് മലയാളത്തിന്റെ വ്യക്തിത്വം സ്ഥാപിച്ചെടുക്കാൻ നടപടി സ്വീകരിക്കണം. മറ്റു വിഷയങ്ങളെക്കുറിച്ച് ഒന്നും പറയാൻ സമയമില്ല. ധനാഭ്യർത്ഥനകളെ വീണ്ടും പിന്താങ്ങുന്നു.

<u>ശ്രീ. കെ.സി. ജോസഫ്</u> : സർ, ഞാൻ ഈ ഡിമാന്റുകളെ എതിർക്കുന്നു. നമ്മുടെ റവന്യൂ വരുമാനത്തിന്റെ ഏതാണ്ട് 35.53 ശതമാനം ചെലവഴിക്കുന്നത് വിദ്യാഭ്യാസ മേഖലയ്ക്കാണ്. സംസ്ഥാനത്തിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ഒന്നായ വിദ്യാഭ്യാസ മേഖല ഈ ഗവണ്മെന്റിന്റെ ഭരണത്തിൻകീഴിൽ കുത്തഴിഞ്ഞ, ലക്ഷ്യബോധമില്ലാത്ത, വ്യക്തതയില്ലാത്ത ഒന്നായി മാറിയതുകൊണ്ടാണ് ഞാൻ ഈ ഡിമാന്റിനെ എതിർക്കുന്നത്. കഴിഞ്ഞ ദിവസം, തിങ്കളാഴ്ച ഈ സഭയിൽ ചില സംഭവങ്ങൾ ഉണ്ടായി. കേരള യൂണിവേഴ്സിറ്റി ഓഫീസിലുണ്ടായ ചില സംഭവങ്ങളുടെ പേരിൽ ഇവിടെ അടിയന്തിര പ്രമേയം ചർച്ച ചെയ്യപ്പെട്ടു. വളരെ നിർഭാഗ്യകരമായ ചില പരാമർശങ്ങളാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയത്. പക്ഷേ കഴിഞ്ഞ രണ്ടുമൂന്നു വർഷമായി നിങ്ങളുടെ സമീപനത്തിലുണ്ടാകുന്ന മാറ്റമാണ് ഇതിന്റെയെല്ലാം മുഖ്യമായ കാരണം. കേരള യൂണിവേഴ്സിറ്റിയിൽ ചില സമരങ്ങളുണ്ടാകുമ്പോൾ അതിനാധാരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു പകരം നിങ്ങൾ എസ്.എഫ്.ഐ.ക്കാരേയും ഗുണ്ടകളെയും ഇറക്കി ആ സമരത്തെ അടിച്ചമർത്താൻ ശ്രമിക്കുന്നു. ഇത് ഒരു പുതിയ കാര്യമാണോ? നാലു മാസം മുൻപാണ് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലും ഈ സംഭവം അരങ്ങേറിയത്. അവിടെയും ജീവനക്കാരുടെ സമരമുണ്ടായി. എസ്.എഫ്.ഐ.ക്കാരും റൗഡിപ്പടയും ചേർന്ന് ജീവനക്കാരെ ആക്രമിച്ചു. യൂണിയൻ ഓഫീസ് തല്ലിത്തകർത്തു. ഇന്നലെ ഈ സഭയിൽ ശ്രീ. ടി.കെ. ബാലൻ പറഞ്ഞു, ബഹുമാനപ്പെട്ട ഹൈക്കോടതി ബന്ദിനെ നിരോധിക്കുന്നു, പൗരാവകാശങ്ങളെ ലംഘിക്കുന്നുവെന്ന്. ഇവിടെ അധികാരത്തിന്റെ മത്ത് പിടിച്ച നിങ്ങളല്ലേ പൗരാവകാശം ലംഘിക്കുന്നത്? അവകാശ സമരങ്ങളുമായി മുന്നോട്ടു പോയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ഇന്ന് സമരങ്ങൾ ദഹിക്കുന്നില്ല. സമരം ചെയ്യുന്നത് പ്രതിപക്ഷമാണെങ്കിലും ഭരണകക്ഷിയിലെ മാർക്സിസ്റ്റ് ഇതര സംഘടനകളാണെങ്കിലും നിങ്ങൾ ആ സമരത്തെ കൈയൂക്ക് കൊണ്ട് അടിച്ചമർത്താൻ ശ്രമിക്കുന്നു. യൂണിവേഴ്സിറ്റി കോളേജിൽ എസ്.എഫ്.ഐ. ഒഴിച്ച് മറ്റാർക്കെങ്കിലും സ്വാതന്ത്ര്യമുണ്ടോ? എ.ഐ.എസ്.എഫ്-നെപ്പോലും അടിച്ചമർത്തുകയല്ലേ? പരാതികളുണ്ടായില്ലേ? നിങ്ങൾ അടിച്ചമർത്തുന്നു. ശ്രീ. ജയരാജൻ കൂത്തുപറമ്പിൽ കോളേജുണ്ടായ നാൾ മുതൽ ഇന്നുവരെ ജയിച്ചത് കെ.എസ്.യു. വാണ്. കഴിഞ്ഞ തവണ നിങ്ങൾ എതിരില്ലാതെ ജയിച്ചു. എന്താണ് കാര്യം? കെ.എസ്.യു. ക്കാരുടെ വീട്ടിൽ പോയി പറഞ്ഞു, നോമിനേഷൻ കൊടുക്കാൻ പോയാൽ നിങ്ങളുടെ മക്കൾക്ക് കൈയും കാലുമുണ്ടാവുകയില്ല എന്ന്. നിങ്ങളുടെ ഭീഷണിയിൽ ഭയപ്പെട്ട് മാതാപിതാക്കൾ കുട്ടികളെ അയച്ചില്ല. അവിടെ നോമിനേഷൻ സമർപ്പിച്ചില്ല. നിങ്ങൾ ജയിച്ചു. ഇത് നിങ്ങൾക്ക് ഭൂഷണമാണോ? അതുപോലെ ചങ്ങനാശ്ശേരി എസ്.ഡി. കോളേജിൽ, തൃശൂർ സെന്റ് തോമസ് കോളേജിൽ തുടങ്ങി ഓരോ കലാലയങ്ങളിലും നിങ്ങളുടെ അഹന്തയും അഹങ്കാരവും കൊണ്ട് നിങ്ങൾ എല്ലാവരേയും അടിച്ചമർത്തുന്നു. ഇവിടെ പറയുന്നത് കമ്മ്യൂണിസം മനുഷ്യസ്നേഹത്തിന്റെ ഉദാത്തമായ തത്വശാസ്ത്രമാണെന്നാണ്. എനിക്ക് ഓർമ്മ വരുന്നത് വയലാർ രാമവർമ്മയുടെ വരികളാണ്. " എവിടെ മർത്ത്യസ്നേഹം സാമ്യവാദമാണ് എങ്ങും, എവിടെ സാമ്യവാദം പാർട്ടി പ്രേമമാണ് എങ്ങും, എവിടെ പാർട്ടി

LIBRARY ARCHIVES Kerala Legislative Assembly

പ്രേമം നേതൃപൂജയാണ് എങ്ങും, എവിടെ നേതൃപൂജ ചുവന്ന തെമ്മാടിത്തം". ആ ചുവന്ന തെമ്മാടിത്തമാണ് ഇന്ന് കേരളത്തിലെ കലാലയങ്ങളിൽ അധികാരത്തിന്റെ അഹന്തയിൽ അഴിച്ചുവിട്ടിരിക്കുന്നത്. വിദ്യാഭ്യാസ മേഖലയിൽ ഓരോ രംഗത്തും നിങ്ങൾ പ്രതിനിധികളെ വയ്ക്കുന്നു. ഇവിടെ കഴിഞ്ഞ കാലങ്ങളിൽ ചർച്ച നടക്കുമ്പോൾ വിദ്യാഭ്യാസ വകുപ്പിന് പ്രത്യേകിച്ച് സെക്കന്ററി വിദ്യാഭ്യാസത്തിന് ഒരു ഫുൾടൈം മന്ത്രി വേണമെന്ന് ആവശ്യപ്പെടാറുണ്ടായിരുന്നു. 1957-ൽ മുണ്ടശ്ശേരി മാസ്റ്റർ മുതൽ ശ്രീ. ബഷീർവരെ അപൂർവ്വം അവസരമൊഴിച്ച് വിദ്യാഭ്യാസ വകുപ്പിന് ഒരു ഫുൾടൈം മന്ത്രിയുമുണ്ടായിരുന്നു. ഇന്നോ? വിദ്യാഭ്യാസവകുപ്പിന് പാർട്ട്ടൈം മന്ത്രി. മരാമത്ത് വകുപ്പ്, രജിസ്ട്രേഷൻ, ഭവനനിർമ്മാണം തുടങ്ങി ധാരാളം ബാദ്ധ്യതകൾ വിദ്യാഭ്യാസവകുപ്പുമന്ത്രിക്കുണ്ട്. ഒരു പാർട്ട്ടൈം മന്ത്രിയുടെ ചുമതലയിലേക്ക് ഈ വകുപ്പ് കൈമാറിയതുകൊണ്ട് അതിന്റെ കാഷ്വാലിറ്റിയായി വിദ്യാഭ്യാസമേഖല മാറിയിരിക്കുന്നു. ഇത്രയും കുത്തഴിഞ്ഞ ഒരവസ്ഥ വിദ്യാഭ്യാസ രംഗത്ത് ഉണ്ടായിട്ടുണ്ടോ? അതിനെക്കുറിച്ച് ആലോചിക്കണം. എല്ലാ കാര്യങ്ങളിലും adhoc decisions താൽക്കാലിക തീരുമാനങ്ങൾ. വ്യക്തതയില്ല. ഇന്നുരാവിലെ ശ്രീ. ടി.കെ. രാമകൃഷ്ണൻ ഒരു സാംസ്കാരിക നയം അവതരിപ്പിച്ചു. മൂന്നുവർഷമായി വിദ്യാഭ്യാസ വകുപ്പിന് ഒരു വിദ്യാഭ്യാസ നയമുണ്ടോ? നയം വേണ്ടത് ആ മേഖലയിൽ അല്ലേ? ഓരോ രംഗത്തും അവ്യക്തമായ തീരുമാനങ്ങൾ. പ്രൈമറി വിദ്യാഭ്യാസ രംഗമെടുത്താൽ ഡി.പി.ഇ.പി. യും അതിന്റെ പ്രശ്നങ്ങളും. സെക്കന്ററി വിദ്യാഭ്യാസം എടുത്താൽ പ്ലസ് ടൂവും അതിന്റെ പ്രശ്നങ്ങളും. ഉന്നത വിദ്യാഭ്യാസ മേഖലയാകെ കുത്തഴിഞ്ഞ അവസ്ഥ. മൂന്നു വർഷമായി കേരളത്തിന്റെ ഭാവിയെ ബാധിക്കുന്ന ഈ സുപ്രധാന മേഖലയിൽ ഒരു വിദ്യാഭ്യാസനയംപോലുമുണ്ടാക്കാൻ കഴിയാത്ത നിങ്ങൾക്ക് ഈ ഡിമാന്റ് ഉന്നയിക്കാൻ എന്താണ് അവകാശം? ഞാൻ ഒരു കാര്യം പറയാം. ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നപ്പോൾ ആദ്യമായി മന്ത്രി പറഞ്ഞു. മൂന്നുവർഷം കൊണ്ട് കേരളത്തിലെ യൂണിവേഴ്സിറ്റികളിൽനിന്ന് പ്രീഡിഗ്രി കോഴ്സ് ഡീലിങ്ക് ചെയ്യും എന്ന്. 1999-2000 ത്തിനു അത് പൂർത്തിയാകണ്ടേ? വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ സർക്കുലർ എന്റെ കൈയിലുണ്ട്. അദ്ദേഹം പറയുന്നത് The Government has taken a policy decision to delink pre-degree course from the colleges in the State in a phased manner. It is proposed to complete the delinking process during the period of three academic years commencing from July 1997. മൂന്ന് വർഷം രണ്ടായിരമാണ്ടാകുമ്പോൾ പൂർത്തിയാകാൻ പോകുന്നു. മൂന്നു വർഷംകൊണ്ട് ഡീലിംഗ് എത്ര ശതമാനം പൂർത്തിയായി? ഇപ്പോൾ എന്താണ് പറയുന്നത്? ഈ വർഷം പുതിയ പ്ലസ് ടൂ കോഴ്സില്ല. ഈ സഭയിൽ പ്ലസ് ടൂ കോഴ്സിനെക്കുറിച്ച് പരാമർശങ്ങളുണ്ടായി. ഈ ഗവണ്മെന്റിന് വ്യക്തമായ ഒരു നയമുണ്ടായിരുന്നെങ്കിൽ ഈ സാഹചര്യമുണ്ടാകുമായിരുന്നോ? ഈ വർഷം പുതുതായിട്ട് പ്ലസ് ടൂ കൊടുക്കുന്നില്ല, എന്താണ് കാരണം? ആദ്യവർഷം ഗവണ്മെന്റ് സ്കൂളുകളിൽ മാത്രം കൊടുത്തു. അതിനെപ്പറ്റി ധാരാളം കഥകൾ ഈ സഭയിൽ നമ്മൾ കേൾക്കുന്നുണ്ട്. ശ്രീ. ജി. സുധാകരനും ശ്രീ. ലോനപ്പൻ നമ്പാടനും അവിടെ ഇരിക്കുന്ന പലർക്കും ഈ കഥകളുടെ പിന്നിലെ കഥകൾ അറിയാം. പ്ലസ് ടൂ കോഴ്സ് വേണമെങ്കിൽ ആർക്കൊക്കെയോ രണ്ടു മൂന്നു പോസ്റ്റുകൾ കൊടുക്കണം. അതല്ലാതെ കോഴ്സ് കിട്ടുകയില്ല. കാസർഗോഡ് ജില്ലയിൽ നിന്നും ശ്രീ. പി. രാഘവൻ ഉണ്ടല്ലോ? രാജപുരം പള്ളിയിൽ ഒരു വൈദികൻ ഞായറാഴ്ച പ്രസംഗിച്ചു. എന്താണ് പറഞ്ഞത്? രാജപുരം സ്കൂളിൽ ഞങ്ങൾ പ്ലസ്

LIBRARY ARCHIVES Kerala Legislative Assembly

ടൂ-വിന് അപേക്ഷിച്ചു. പക്ഷെ കോഴ്സ് കിട്ടണമെങ്കിൽ മന്ത്രിയുടെ പാർട്ടിക്കാരനായ നേതാവ് പറഞ്ഞത് രണ്ട് പോസ്റ്റുകൾ ഞങ്ങൾക്കു വേണമെന്നാണ്. നിങ്ങൾക്ക് നിഷേധിക്കാൻ സാധിക്കുമോ? അങ്ങനെ പരസ്യമായി നിങ്ങൾ പ്ലസ് ടൂ കോഴ്സ് ലേലം വിളിച്ചുകൊണ്ടിരിക്കുന്നു. ഈ സമീപനം ശരിയാണോ? ശ്രീ. പി. രാഘവൻ അറിയാം രാജപുരം പള്ളിയിലെ ഫാദർ മൈക്കിൾ പ്രസംഗിച്ചതിനെക്കുറിച്ച് പ്ലസ് ടൂ കോഴ്സ് വേണമെങ്കിൽ മന്ത്രിയുടെ പാർട്ടിക്ക് കാണിക്ക കൊടുക്കണം. ഈ നയം ശരിയാണോ? അതുകൊണ്ടാണ് നിങ്ങൾ ഈ വർഷം പ്ലസ് ടൂ കോഴ്സുകൾ സ്വകാര്യ മേഖലയ്ക്ക് വേണ്ടെന്നു വച്ചത്. ഇലക്ഷൻ പ്രശ്നമാണല്ലോ. മുന്നോട്ടു പോയാൽ ഉണ്ടാകാവുന്ന അഴിമതിയെ ഭയപ്പെട്ടിട്ടാണോയെന്ന് എനിക്കറിയില്ല. ഇന്ന് പ്ലസ് ടൂ ഏർപ്പെടുത്തിയ സ്കൂളുകളുടെ സ്ഥിതി എന്താണ്? അവിടെ യാതൊരു സൗകര്യവുമില്ല. കുറെ ലാബ് ഉപകരണങ്ങളും കുറെ പുസ്തകങ്ങളും വാങ്ങിച്ചു കൊടുത്തു. ഞാൻ ചില സ്കൂളുകളിൽ പോയി അന്വേഷിച്ചു. ഒരിടത്തും യാതൊരു സൗകര്യവുമില്ല. പ്ലസ് ടൂ എന്നു പറയുന്നത് ഒരു ട്രാൻസിഷണൽ കോഴ്സ് അല്ലേ? സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കണ്ടേ? സൗകര്യങ്ങളില്ലാതെ ആ മേഖലയാകെ ഇന്ന് അനാഥമായി കിടക്കുകയാണ്. അവിടെ ആ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നില്ല. കഴിഞ്ഞ തവണ ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ മന്ത്രിയായിരുന്നപ്പോൾ കമ്പ്യൂട്ടർ കോഴ്സ് ആരംഭിച്ചു. അന്ന് പറഞ്ഞത് 75,000 രൂപ പിരിച്ചു കൊടുത്താൽ കമ്പ്യൂട്ടർ കോഴ്സ് ആരംഭിക്കുമെന്ന്. എന്റെ മണ്ഡലത്തിൽ രണ്ട് സ്കൂളുകൾ പണം പിരിച്ചു കൊടുത്ത് കമ്പ്യൂട്ടർ കോഴ്സ് ആരംഭിച്ചു. ഇപ്പോൾ മൂന്നാം കൊല്ലമാണ്. ഈ കൊല്ലം പറയുന്നു ഇനി അദ്ധ്യാപകരില്ല വേണമെങ്കിൽ കമ്പ്യൂട്ടർ കോഴ്സിന് അദ്ധ്യാപകരെ പി.ടി.എ. നിയമിക്കണമെന്ന്. എന്ത് നയമാണിത്? ജനങ്ങളോടും പി.ടി.എ. യോടും കോഴ്സ് ആരംഭിക്കാമെന്ന് പറഞ്ഞ് പണം വാങ്ങുക എന്നിട്ട് കോഴ്സ് ആരംഭിച്ചിട്ട് ഇപ്പോൾ പാലം വലിക്കുകയല്ലേ ചെയ്യുന്നത്. കമ്പ്യൂട്ടർ കോഴ്സിനുവേണ്ടി പ്രചാരം ഉണ്ടാകുന്ന ഈ നാട്ടിൽ കമ്പ്യൂട്ടർ കോഴ്സ് അനാഥമാകുന്നു. ഇത് നിങ്ങളുടെ നയത്തിന്റെ വൈകല്യമല്ലേ? ഈ കൊല്ലം മുതൽ സ്വാശ്രയ മേഖലയിൽ പ്രൊഫഷണൽ കോഴ്സുകൾ ആരംഭിക്കാൻ പോകുന്നു. സാധാരണഗതിയിൽ കമ്മ്യൂണിസ്റ്റ് മന്ത്രിമാർ അധികാരം ഏറ്റെടുക്കുമ്പോൾ പുന്നപ്ര വയലാറിൽ പോയി രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തും. നിങ്ങളുടെ ഒരു പരിപാടിയാണ്. പ്രൊഫഷണൽ കോഴ്സ് സ്വാശ്രയ മേഖലയ്ക്ക് നൽകാൻ തീരുമാനിച്ച ക്യാബിനറ്റ് യോഗത്തിനുമുമ്പായി ഡി.വൈ.എഫ്.ഐ. പ്രസിഡന്റ് ശ്രീ. ശർമ്മയെങ്കിലും കൂത്തുപറമ്പിൽ പോയി രക്തസാക്ഷി മണ്ഡപത്തിൽ ഒരു റീത്ത് സമർപ്പിക്കേണ്ടതായിരുന്നു. ഞങ്ങൾ ഭരിക്കുമ്പോൾ നിങ്ങൾ നടത്തിയ സമരങ്ങൾ ഇന്ന് മാറ്റി പറയുന്നു. എന്താണ് സമരത്തിനാധാരമായ കാര്യം? സ്വാശ്രയ കോളേജുകൾക്കെതിരെ വലിയ പോരാട്ടം നടത്തിയ ശ്രീ. ശർമ്മയ്ക്കും ശ്രീ. ജയരാജനും രക്തസാക്ഷികളെ കിട്ടി. നിങ്ങൾ അവിടെ നിന്നും മുന്നോട്ടുപോയി. നിങ്ങൾ അവരെ മറന്നുകൊണ്ട് ഇന്ന് പുതിയ ന്യായവാദങ്ങളുമായിട്ട് രംഗത്തു വരുന്നു. ഇവിടെ നിങ്ങൾക്ക് ചില മുദ്രാവാക്യങ്ങൾ ഉണ്ട്. എന്താണ് അത്? വിദ്യാഭ്യാസം വരേണ്യ വർഗ്ഗത്തിനുവേണ്ടിയുള്ളതാണ്. ആഗോളവൽക്കരണത്തിനുവേണ്ടി ശ്രമിക്കുകയാണ്. കാലം പോയില്ലേ? നിങ്ങൾ കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് നിരന്തരമായി ഉന്നയിച്ച ആവശ്യങ്ങൾ മറന്നുകൊണ്ട് മുന്നോട്ടു പോകുന്നു. ശ്രീ. പിണറായി വിജയന്റെ ലേഖനം ഞാൻ ദേശാഭിമാനി പത്രത്തിൽ വായിച്ചു എന്താണ് പറയുന്നത്? പ്രൊഫഷണൽ

LIBRARY ARCHIVES Kerala Legislative Assembly

കോളേജുകൾ അനിവാര്യമാണെന്ന് അദ്ദേഹം പറയുന്നു. പ്രൊഫഷണൽ കോളേജുകളുടെയും കോഴ്സുകളുടെയും എണ്ണത്തിന്റെ കാര്യത്തിൽ അയൽസംസ്ഥാനങ്ങളെക്കാൾ കേരളം വളരെ പിന്നിലാണ്. എന്ത് വൈകിയുണ്ടായ വിവരമാണിത്. കേരളത്തിൽ ആകെയുണ്ടായിരുന്നതിനേക്കാൾ കൂടുതൽ സ്ഥാപനങ്ങളും കോഴ്സുകളും ഒരൊറ്റ കൊല്ലംകൊണ്ട് ആന്ധ്രയിൽ പുതുതായി വന്നുവെന്ന് അർത്ഥം. കേരളത്തിൽ ഒരു സ്ഥാപനവും വന്നില്ല. ഒറ്റ സീറ്റുപോലും വർദ്ധിച്ചില്ല. നാം നേടിയ പൊതുവിദ്യാഭ്യാസ പരിപാടിയുമായി തട്ടിച്ചുനോക്കുമ്പോൾ പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്തെ സ്ഥിതി വളരെ ദയനീയമാണെന്ന് കണക്കുകൾ തെളിയിക്കുന്നു. ശ്രീ. പിണറായി വിജയന്റെ ലേഖനമാണ്. മാർക്സിസ്റ്റ് പാർട്ടിക്ക് ഒരു പ്രത്യേകതയുണ്ട്. ട്യൂബ് ലൈറ്റിന്റെ സ്വഭാവമാണ്. ട്യൂബ് ലൈറ്റ് ഓൺ ചെയ്താൽ കത്താൻ സമയമെടുക്കും. അതുപോലെ അവർക്ക് വിവരമുണ്ടാകാൻ അൽപ്പം സമയമെടുക്കും. ഇപ്പോൾ പത്ത് കൊല്ലത്തിന് അവർ പുറകിലാണ്. ഇന്നലെകളിൽ പറഞ്ഞതെല്ലാം വിഴുങ്ങാനുള്ള പുതിയ ന്യായങ്ങൾ അന്വേഷിക്കുന്നു. വൈകി മാത്രം ബുദ്ധി ഉദിക്കുന്നു. ഇവിടെ ഒരു കാര്യം മാത്രം ഞാൻ ചോദിക്കുന്നു. സ്വാശ്രയ കോളേജുകൾ സ്വകാര്യ മേഖലയിൽ ആവശ്യമാണെന്നും കേരളത്തിൽ സ്വകാര്യമേഖലയിൽ സ്വാശ്രയ കോളേജുകൾ അനുവദിക്കേണ്ടി വരുമെന്നും തൃശ്ശൂരിലെ പ്രസ് ക്ളബ്ബിൽ നടന്ന മീറ്റ് ദി പ്രസ് പരിപാടിയിൽ ശ്രീ. പി.ജെ. ജോസഫ് പ്രഖ്യാപിച്ചു. കേരള കൗമുദി 2.6.99 അതാണോ ഗവണ്മെന്റിന്റെ നയം. നമ്മുടെ മുഖ്യമന്ത്രി ക്യാബിനറ്റ് യോഗത്തിനുശേഷം പറഞ്ഞിരിക്കുന്നു. കേരളകൗമുദിയിൽ തന്നെ 17.3.99-ൽ വന്ന വാർത്തയാണ്, സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ സ്വകാര്യ മേഖലയിൽ അനുവദിക്കുന്ന പ്രശ്നമേയില്ലയെന്ന്. പല കേന്ദ്രങ്ങളിൽ നിന്നും ഈ ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. പക്ഷെ സ്വാശ്രയ കോളേജുകൾ സ്വകാര്യമേഖലയിൽ അനുവദിക്കേണ്ടതില്ലെന്നാണ് ഗവണ്മെന്റിന്റെ നയപരമായ തീരുമാനം. വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയുന്നു സ്വകാര്യ മേഖലയ്ക്കും കോഴ്സ് കൊടുക്കും. തെരഞ്ഞെടുപ്പായതുകൊണ്ട് നിങ്ങൾ ഒരു ചൂണ്ട കൊരുത്ത് ഇട്ടിരിക്കുകയാണ്. മുഖ്യമന്ത്രി പറയുന്നു സ്വകാര്യ മേഖലയ്ക്ക് കോഴ്സുകളില്ല എന്ന്. ആരാണ് ഗവണ്മെന്റിന്റെ നയം പറയുന്നത്, വിദ്യാഭ്യാസ വകുപ്പു മന്ത്രിയാണോ മുഖ്യമന്ത്രിയാണോ? കേരളത്തിലെ യൂണിവേഴ്സിറ്റികൾ ഇന്ന് എവിടെ എത്തി നിൽക്കുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയൊക്കെ ഇന്ന് നാഥനില്ലാത്ത ഒരവസ്ഥയിലല്ലേ? ഓരോ യൂണിവേഴ്സിറ്റിയിലേയും അവസ്ഥയെപ്പറ്റി നമുക്കറിയാം. കേരളത്തിന്റെ സമ്പത്ത് എന്നും മനുഷ്യ സമ്പത്ത് ആയിരുന്നു. നാം മുതൽമുടക്കി, നമ്മുടെ സമ്പത്ത് മാൻപവർ ആണ്. ഒരു കാലത്ത് കേന്ദ്ര സെക്രട്ടേറിയറ്റിൽ, Central Secretariat is dominated by Iyers and Menons of Kerala. ഇന്ന് മഷിയിട്ടു നോക്കിയാൽ ഒരു മലയാളി ഉണ്ടാകുമോ ഉന്നത പോസ്റ്റിൽ. ക്ളാസ് IV-ൽ കാണും. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇൻഡ്യയിലെ ഏറ്റവും പ്രശസ്തമായ സ്ഥാപനങ്ങളെടുത്താൽ ആ പട്ടികയിൽ കേരളത്തിലെ ഒരൊറ്റ കോളേജ് ഉണ്ടാകുമോ? എവിടെ എത്തി സർ. അഖിലേന്ത്യാ മത്സരപരീക്ഷകളിൽ കേരളം പിൻതള്ളപ്പെടുന്നു. മലയാളികളുടെ പേര് കാണണമെങ്കിൽ മഷിയിട്ടു നോക്കണം. അഥവാ ഒരു മലയാളി ഉണ്ടെങ്കിൽ അത് കേരളത്തിൽ പഠിച്ചവരായിരിക്കുകയില്ല. ഉന്നതൻമാരും, പണ്ഡിതന്മാരും വിദ്യാഭ്യാസ വിചക്ഷണൻമാരും കേരളത്തിൽ വി.സി. മാരായിട്ടുണ്ടായിരുന്നു. ഇപ്പോഴോ? മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാരെ കാണുമ്പോൾ വി.സി. എഴുന്നേറ്റു നിൽക്കുകയാണ്. അത്ര വിധേയത്വമാണ്. കോഴിക്കോട് യൂണിവേഴ്സിറ്റിയിലെ സെനറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ഇലക്ഷനിൽ പരാജയപ്പെട്ട ഒരു വ്യക്തിയെ ..... എനിക്ക് വൈസ് ചാൻസലർ ആകണമെന്ന് പറഞ്ഞ് ഇന്ന് വിദ്യാഭ്യാസ പണ്ഡിതന്മാർ ബയോ ഡേറ്റയുമായിട്ട് ഏരിയാ കമ്മിറ്റി ഓഫീസിലും ലോക്കൽ കമ്മിറ്റി ഓഫീസിലും കയറിയിറങ്ങുന്നു. കോഴിക്കോട് യൂണിവേഴ്സിറ്റി സെനറ്റിൽ മത്സരിച്ച് പരാജയപ്പെട്ട ഒരാളിനെ സിൻഡിക്കേറ്റംഗമാക്കി, വിമർശനങ്ങൾ ഉണ്ടായപ്പോൾ എന്തു ചെയ്തു. അദ്ദേഹത്തെ പി.വി.സി. ആക്കി. ഈ പോക്ക് എങ്ങോട്ടാണ്? വിദ്യാഭ്യാസ മേഖലയാകെ നിങ്ങളുടെ സങ്കുചിതമായ രാഷ്ട്രീയ താൽപര്യങ്ങൾക്കുവേണ്ടി പണയപ്പെടുത്തുകയല്ലേ?

[2 P.M.] ശ്രീ. എം.വി. ജയരാജൻ : സർ, അങ്ങ് സിൻഡിക്കേറ്റ് മെമ്പർമാരുടേയും സെനറ്റ് മെമ്പർമാരുടേയുമൊക്കെ യോഗ്യതയും അയോഗ്യതയുമൊക്കെ പറയുകയാണ്. കേരളാ യൂണിവേഴ്സിറ്റിയിൽ മാർക്കിൽ തട്ടിപ്പ് നടത്തി, മാർക്ക് തിരുത്തിയ, വെട്ടിപ്പ് നടത്തിയ ഒരു പ്രധാനപ്പെട്ട ആൾ അങ്ങയുടെ പാർട്ടിയുടെ നേതാവായി. ഇന്ന് കോൺഗ്രസ്സിന്റെ നേതൃസ്ഥാനത്ത് ഇരിക്കുന്നു എന്ന കാര്യം അങ്ങേക്കറിയാമോ?

ശ്രീ. കെ.സി. ജോസഫ് : പ്രിയപ്പെട്ട ജയരാജൻ അരി എത്രയെന്നു ചോദിച്ചാൽ പയറ് അഞ്ഞാഴി എന്നാണോ ഉത്തരം? ഞങ്ങൾ ഇവിടെ പറഞ്ഞത് മൂല്യശോഷണത്തെക്കുറിച്ചാണ്, അങ്ങ് മനസ്സിലാക്കുന്നുണ്ടോ. കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലുണ്ടാകുന്ന മൂല്യശോഷണത്തെക്കുറിച്ച് ഇവിടെ വലിയ പ്രതീക്ഷയോടുകൂടി ഒരു യൂണിവേഴ്സിറ്റി ഉണ്ടാക്കി. കണ്ണൂർ യൂണിവേഴ്സിറ്റി. ഞങ്ങളുണ്ടാക്കിയ മലബാർ യൂണിവേഴ്സിറ്റിയുടെ പേര് മാറ്റി കണ്ണൂർ യൂണിവേഴ്സിറ്റി എന്നാക്കി. അവിടെയും സിൻഡിക്കേറ്റ് ഉണ്ടാക്കി. യൂണിവേഴ്സിറ്റി ആക്ട് അമെന്റ് ചെയ്തിട്ട് എൽ.ഡി.എഫ്. ന്റെ കണ്ണൂർ ജില്ലാ കമ്മിറ്റിയെ സിൻഡിക്കേറ്റെന്നു പറയുന്നതായിരിക്കും നല്ലത്. എൽ.ഡി.എഫ്. ന്റെ കണ്ണൂർ ജില്ലാ കമ്മിറ്റിയിലുള്ള എല്ലാവരും സിൻഡിക്കേറ്റ് മെമ്പർമാരാണ്. അത് പോരായിരുന്നോ? ഈ സഭയിലെ പ്രതിപക്ഷക്കാരെ ആരെയെങ്കിലും അതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? പ്രതിപക്ഷത്തെ വേണ്ട. വിദ്യാഭ്യാസ മേഖലയിൽ കടലും കടലാടിയും പോലെ ബന്ധമില്ലാത്ത ആൾക്കാരെ ഉൾപ്പെടുത്തിയില്ലേ? ഇപ്പോഴും സി.പി.ഐ. ക്ക് പരാതിയാണ്. സി.പി.ഐ. മെമ്പർമാർ സിൻഡിക്കേറ്റ് യോഗത്തിൽ പോകുന്നില്ല. ഈ തരത്തിൽ വിദ്യാഭ്യാസ മേഖലയാകെ രാഷ്ട്രീയവൽക്കരിച്ചുകൊണ്ട്.....

ശ്രീ. നാലകത്ത് സൂപ്പി : വിദ്യാഭ്യാസ വകുപ്പുമന്ത്രി കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റുപാർട്ടിക്കാരനാണെങ്കിൽ അങ്ങനെ തോന്നാം. കേരളാ കോൺഗ്രസ്സുകാരനാണല്ലോ വിദ്യാഭ്യാസ വകുപ്പുമന്ത്രി. എന്നിട്ട് എന്തുകൊണ്ട് ഇങ്ങനെ സംഭവിച്ചു?

ശ്രീ. കെ.സി. ജോസഫ് : കേരളാ കോൺഗ്രസ്സുകാരനാണ് ഇദ്ദേഹമെങ്കിലും വലിയ വിധേയത്വമുള്ള അവരുടെ ആജ്ഞാനുവർത്തിയാണ്.

ഡോ. കെ.സി. ജോസഫ് : ഇവിടെ കേരളാ കോൺഗ്രസ് മന്ത്രിയില്ല. എൽ.ഡി.എഫ്. ഗവണ്മെന്റിലെ മന്ത്രിയേയുള്ളൂ.

ശ്രീ. കെ.സി. ജോസഫ് : നമ്മൾ ഇത് കാണുന്നതല്ലേ? മൂന്നു കൊല്ലം കൊണ്ട് വിദ്യാഭ്യാസ മേഖലയാകെ കുത്തഴിഞ്ഞ അവസ്ഥ ഉണ്ടാക്കി. കണ്ണൂർ യൂണിവേഴ്സിറ്റിയുടെ അവസ്ഥ ഇന്ന് എന്താണ്? നാഥനില്ലാത്ത അവസ്ഥയാണ്. കണ്ണൂർ യൂണിവേഴ്സിറ്റിയിൽ മാത്രമാണോ? മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയാണെങ്കിലും കോഴിക്കോട് യൂണിവേഴ്സിറ്റി ആണെങ്കിലും കേരളാ

LIBRARY ARCHIVES Kerala Legislative Assembly

യൂണിവേഴ്സിറ്റി ആണെങ്കിലും വിദ്യാഭ്യാസ രംഗത്ത് അഡ്ഹോക്കിസം കൊണ്ട്, ഒരു പാർട്ട്ടൈം മന്ത്രിയുടെ ശ്രദ്ധകൊണ്ട് ഈ മേഖല അനാഥമായിരിക്കുന്നു. ഞാൻ നേരത്തെ പറഞ്ഞല്ലോ. കേരളത്തിൽ 1957-ൽ മുണ്ടശ്ശേരി മാസ്റ്റർ മുതൽ ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ വരെ ഫുൾടൈം മന്ത്രിമാരുണ്ടായിരുന്നു. ഈ തരത്തിലൊരു അനാഥാവസ്ഥ, ഒരു അനൃതാബോധം ഈ മേഖലയിലുണ്ടായിരിക്കുന്നു. അതുകൊണ്ട് വിദ്യാഭ്യാസ മേഖല അനാഥമാക്കിയ നിങ്ങൾക്ക് ഈ വകുപ്പിനുവേണ്ടി ഡിമാന്റ് ഉന്നയിക്കാൻ അവകാശമില്ല. ഞാൻ ഈ ഡിമാന്റിനെ എതിർക്കുന്നു.

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> : സർ, വിദ്യാഭ്യാസ രംഗത്ത് സമഗ്രവും സമൂലവുമായ മാറ്റത്തിന് തുടക്കം കുറിക്കുന്ന പുതിയ പരിഷ്ക്കാരങ്ങൾക്കുവേണ്ടിയുള്ള ധനാഭ്യർത്ഥനകളെയും അതുപോലെ കല, സാംസ്കാരിക, കായികവിനോദം എന്നിവയ്ക്കുവേണ്ടിയുള്ള ധനാഭ്യർത്ഥനകളേയും ഞാൻ അനുകൂലിക്കുന്നു. ബഹുമാനപ്പെട്ട കെ.സി. ജോസഫ് സംസാരിക്കുന്ന സമയത്ത് പറഞ്ഞത് നമ്മുടെ ഉന്നത വിദ്യാഭ്യാസരംഗം കുത്തഴിഞ്ഞു കിടക്കുന്നു എന്നാണ്. ഉന്നത വിദ്യാഭ്യാസരംഗം മാത്രമല്ല, ഇൻഡ്യാ രാജ്യത്തെ വിദ്യാഭ്യാസമേഖലയെ ആകെ രാജ്യത്തിന്റെ വളർച്ചയ്ക്കുവേണ്ടി പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നതാണ് സ്വാതന്ത്ര ഭാരതം അനുഭവിക്കുന്ന ഏറ്റവും വലിയ പ്രയാസം. അമ്പത് വർഷം കഴിഞ്ഞിട്ടും നമ്മുടെ നാട്ടിലെ 52 ശതമാനം ആളുകൾക്ക് മാത്രമേ സാക്ഷരത കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്നത് ഈ രാജ്യം അനുഭവിക്കുന്ന ഏറ്റവും വലിയ ദുരന്തമാണ്. അതിന്റെ ഭാഗമായിട്ട് ഈ രാജ്യത്ത് എല്ലാ പ്രശ്നങ്ങളുമുണ്ടാകുന്നു. സാമ്പത്തിക-സാംസ്കാരിക മേഖലകളിലെ പ്രശ്നങ്ങളെല്ലാം അതുമായി ബന്ധപ്പെട്ട് കിടക്കുകയാണ്. നമ്മുടെ രാജ്യത്തെ മുഴുവൻ പൗരന്മാരേയും സാക്ഷരരാക്കി മാറ്റുന്നതിനും അതുപോലെ ഉത്പാദനമേഖലയിലേക്ക് അവരെ കടത്തി വിട്ടുകൊണ്ട് ഈ രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും എന്തുകൊണ്ടാണ് കഴിയാതിരുന്നത്? ഞാൻ അഖിലേന്ത്യാടിസ്ഥാനത്തിലുള്ള കാര്യങ്ങളെല്ലാം വിശദമായി പറഞ്ഞ് സമയം കളയാനാഗ്രഹിക്കുന്നില്ല. കേരളത്തിന്റെ അവസ്ഥ എന്താണ്? കേരളത്തിലെ വിദ്യാഭ്യാസത്തെ ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെടുത്താൻ എന്തുനടപടിയാണ് ഇതുവരെ സ്വീകരിച്ചിരിക്കുന്നത്? ഇപ്പോൾ സമഗ്രമായ മാറ്റത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്. പ്രീ-പ്രൈമറി തലം മുതൽ സർവ്വകലാശാലാതലം വരെയുള്ള വിദ്യാഭ്യാസ മേഖലയിൽ ജനജീവിതത്തിന് അനുഗുണമായി മാറ്റമുണ്ടാക്കാനാണ് എൽ.ഡി.എഫ്. ഗവണ്മെന്റ് ബഹുമാനപ്പെട്ട പി.ജെ. ജോസഫിന്റെ നേതൃത്വത്തിൽ ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ചരിത്രം അദ്ദേഹത്തിന് വളരെ അഭിമാനകരമായിട്ടുള്ള ഒരു സ്ഥാനം അതിന്റെ താളുകളിൽ നൽകുമെന്ന കാര്യം ഉറപ്പാണ്. വിദ്യാഭ്യാസ മേഖലയിൽ നടക്കുന്ന പരിഷ്കാരം യാഥാസ്ഥിതിക സമൂഹത്തോടു ഏറ്റുമുട്ടിക്കൊണ്ടുമാത്രമേ നടത്താൻ കഴിയുകയുള്ളൂ എന്നുള്ളതിന്റെ തെളിവാണ് ഇവിടെ കണ്ടത്. വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ച് ചർച്ച നടക്കുന്ന വേളയിൽ പോലും കാര്യമായ സംഭാവനകൾ ഒന്നും ചെയ്യാൻ കഴിയാതെ പ്രതിപക്ഷം മറ്റു ചില വിഷയങ്ങളിലേയ്ക്കാണ് ശ്രദ്ധ തിരിച്ചു വിടുന്നതിന് ഒരുങ്ങിയിട്ടുള്ളത്. ഇന്ന് നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ നടക്കുന്ന മാറ്റത്തെക്കുറിച്ച് എന്താണ് പ്രതിപക്ഷത്തിരിക്കുന്ന ബഹുമാന്യരായ നേതാക്കൾക്ക് പറയുവാനുള്ളത്? പുതിയ പാഠ്യപദ്ധതി പരിഷ്കരണത്തെക്കുറിച്ച്, പ്രീ ഡിഗ്രി ഡീലിങ്ക് ചെയ്യുന്നതിനെക്കുറിച്ച് മുൻകാലങ്ങളിൽ ഉന്നയിച്ചിരുന്ന അതിശക്തമായിട്ടുള്ള ആരോപണങ്ങൾ ഉന്നയിക്കാൻ ഈ സമയത്ത് തയ്യാറാ

LIBRARY ARCHIVES Kerala Legislative Assembly

യിട്ടില്ല. അതുമായി പൊരുത്തപ്പെട്ടു വരുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. പൊരുത്തപ്പെടാൻ കുറേക്കൂടി താമസമെടുക്കുമെന്നാണ് ഞങ്ങൾ കരുതിയിരുന്നത്. പക്ഷേ ഇപ്പോൾ പൊരുത്തപ്പെട്ടു വരുന്നു. ജനങ്ങളെ പ്രകോപിതരാക്കുന്നതിനുവേണ്ടി, കൂലിക്ക് വിലപിക്കുന്ന ചില ആളുകളുടെ ഒത്താശയോടുകൂടി ഈ പുതിയ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനെതിരെ എന്തൊക്കെ ആരോപണങ്ങളാണ് ഉന്നയിച്ചിരുന്നത്? ആ ആരോപണങ്ങളുടെ പത്തി ഇപ്പോൾ മടങ്ങിക്കൊണ്ടിരിക്കുകയാണ്. പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ശാസ്ത്രീയത അംഗീകരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇവിടെ എല്ലാ പരിഷ്കാരങ്ങളും നടപ്പാക്കുമ്പോഴും യാഥാസ്ഥിതിക സമൂഹം അതിനെ എതിർക്കുന്നതിന് തയ്യാറായിട്ടുണ്ട്. ഇൻഡ്യയുടെ ആദ്യത്തെ പ്രധാനമന്ത്രി അഭിവന്ദ്യനായ ജവഹർലാൽ നെഹ്റു പറഞ്ഞിട്ടുണ്ട്, ഇൻഡ്യൻ സമൂഹം വളരെയധികം കൺസർവേറ്റീവാണ്. ശാസ്ത്രജ്ഞന്മാർ വിളിച്ചുകൂട്ടി സ്വതന്ത്ര ഇൻഡ്യൻ കെട്ടിപ്പടുക്കേണ്ടത് എങ്ങനെയെന്നു വിസ്തരിക്കുന്ന ഒരു മീറ്റിംഗിനകത്ത് നെഹ്റു അവരോട് പറഞ്ഞത് all societies are conservative. But our country is more than normally conservative എന്നാണ്. പ്രതിപക്ഷത്തിരിക്കുന്ന ബഹുമാന്യരായ നേതാക്കന്മാരുടെ സംസാരം കേൾക്കുമ്പോൾ ഈ കേരളവും അത്തരത്തിലുള്ള കൺസർവേറ്റീവായിട്ടുള്ള ഒരുപാട് ആളുകളെ ഉൾക്കൊള്ളുന്നുവെന്നതിൽ വലിയ ലജ്ജ തോന്നുകയാണ്. ഒരു പരിഷ്ക്കാരത്തേയും അംഗീകരിക്കാൻ നിവൃത്തിയില്ല. ഇവിടെ ബഹു. ഇരിക്കൂർ എം.എൽ.എ. സംസാരിച്ചപ്പോൾ എന്താണ് പറഞ്ഞത്? ഐ.എ.എസ്./ഐ.പി.എസ്. കേഡറുകളിൽ ആളുകളെ സൃഷ്ടിക്കാൻ കഴിയാത്തതാണ് കേരളത്തിന്റെ വിദ്യാഭ്യാസത്തിന്റെ ഏറ്റവും വലിയ അപാകത എന്നല്ലേ? അതാണോ കേരളത്തിന്റെ ഏറ്റവും വലിയ അപാകത?

<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> : ഐ.എ.എസ്./ഐ.പി.എസ്. മേഖലകളിൽ ഇന്ന് കേരളത്തിന് പ്രാതിനിധ്യം കിട്ടുന്നില്ലെന്നു പറഞ്ഞു. ഐ.എ.എസ്. മൂന്നു കൊല്ലം കൊണ്ടു ഉണ്ടാകുന്നതല്ലല്ലോ. അടിസ്ഥാനപരമായി മുൻപുണ്ടായിരുന്ന വിദ്യാഭ്യാസ പദ്ധതിയുടെ തകരാറുകൊണ്ട് കേരളീയർക്ക് അഖിലേന്ത്യാ തലത്തിലുള്ള മത്സരപരീക്ഷകളിൽ മുൻപിലെത്താൻ കഴിയുന്നില്ല. ഇവിടെ നിലനിന്നിരുന്ന വിദ്യാഭ്യാസ പദ്ധതികളുടെ തകരാറാണെന്നല്ലേ അത് വ്യക്തമാക്കുന്നത്?

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> : അതാണ് ഞാൻ ഇത്രയും സമയം പറഞ്ഞത്. അത് വിശദീകരിക്കാൻ സമയമില്ലാത്തതുകൊണ്ടാണ് വിശദമായി സംസാരിക്കാത്തത്. അതല്ല ഈ കേരളത്തിലുള്ള വിദ്യാഭ്യാസ മേഖലയുടെ ഏറ്റവും വലിയ ന്യൂനത. നിങ്ങൾ ഇവിടെ പാടി പ്രകീർത്തിക്കുന്ന, നിലവിലിരിക്കുന്ന വിദ്യാഭ്യാസ പദ്ധതി കുറ്റമറ്റതാണോ? നിങ്ങളെല്ലാം സംസാരിക്കുമ്പോൾ പറഞ്ഞത് നിലവിലുണ്ടായിരുന്നത് നല്ല പദ്ധതിയായിരുന്നു. മൂന്നു വർഷംകൊണ്ടുള്ള പരിഷ്ക്കാരത്തിന്റെ ഭാഗമായി എല്ലാം കുത്തഴിഞ്ഞു പോയി എന്നാണ്. നിലവിലിരിക്കുന്ന വിദ്യാഭ്യാസ പദ്ധതിയുടെ മേന്മ എന്തായിരുന്നു? തികച്ചും പരീക്ഷാകേന്ദ്രീകൃതം മാത്രമായിരുന്നില്ലേ. ഓരോ പരീക്ഷ കഴിയുമ്പോഴും ഇവിടെ ഒരു യുദ്ധപ്പറമ്പുപോലെയാണ്. ഗാന്ധിജി പറഞ്ഞതൊക്കെ പലരും മറന്നു. ഗാന്ധിജിയുടെ ശിഷ്യന്മാരാണെന്നു അഭിമാനിക്കുന്നവർ പോലും ഗാന്ധിജിയുടെ വാർധാ വിദ്യാഭ്യാസ പദ്ധതിയെയും മറ്റും മറന്നുകൊണ്ടാണ് ഇവിടെ നിലവിലുള്ള രീതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. എനിക്ക് ചിലപ്പോൾ ഓർമ്മ വരാറുള്ളത് 'യുദ്ധം കഴിഞ്ഞു കബന്ധങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളുൻമാദ നൃത്തം ചവിട്ടിക്കുഴച്ചു രണാങ്കണം' എന്ന വരികളാണ്. പരീക്ഷ കഴിയുമ്പോൾ ആ പരീക്ഷയിലും ജയിക്കുന്ന ചെറിയ ശതമാനം പേരിൽ ഒരു പക്ഷേ സാമ്പത്തികമായി ഉയർന്ന പലരുടേയും കുട്ടികളുണ്ടാകാം. നല്ല നിലയിലുള്ള സവർണ്ണരുടെ കുട്ടികളുണ്ടാകാം. പക്ഷേ അത് കഴിഞ്ഞിട്ടുള്ള 80 ശതമാനം കുട്ടികൾ എന്തു ചെയ്യുന്നു എന്നാലോചിക്കാൻ നിങ്ങൾ ശ്രമിച്ചിരുന്നോ? ഒരു പരിശോധന നടത്താൻ ശ്രമിച്ചിരുന്നോ? പ്രൈമറി സ്കൂളിൽ ചേരുന്ന 70% കുട്ടികളേ എസ്.എസ്.എൽ.സി. ക്ളാസ്സിൽ എത്തുന്നുള്ളൂ. എസ്.എസ്.എൽ.സി. പരീക്ഷയിൽ 50% കുട്ടികൾ മാത്രമേ വിജയിക്കുന്നുള്ളൂ. എസ്.എസ്.എൽ.സി. വരെ എത്തിക്കുക എന്ന വിശാലമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ മോഡറേഷൻ അടക്കം കൊടുത്ത് ജയിപ്പിക്കുന്ന കുട്ടികളാണ്. ബാക്കി കുട്ടികൾ എങ്ങോട്ടു പോകുന്നു? ഈ തോറ്റുപോയ കബന്ധങ്ങളെ പോലെ തലങ്ങും വിലങ്ങും വീണുകിടക്കുന്ന ഈ കേരളത്തിന്റെ മക്കൾ എന്തു ചെയ്യുന്നു എന്നന്വേഷിക്കുവാനുള്ള ആർജ്ജവം ആർക്കെങ്കിലും ഇതുവരെ ഉണ്ടായിട്ടുണ്ടോ? ആ ആർജ്ജവമാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ കാണിച്ചിരിക്കുന്നത്. വിദ്യാഭ്യാസം സാർവ്വത്രികമാക്കണം. പ്രസംഗിക്കുവാനും പറയുവാനും സുന്ദരമായിട്ടുള്ള കാര്യമാണ്. ഇന്ത്യയിൽ സാർവ്വത്രിക വിദ്യാഭ്യാസം വേണമെന്ന് എല്ലാവരും പറയും. പക്ഷേ ആ സാർവ്വത്രിക വിദ്യാഭ്യാസത്തിന്റെ മുഖത്താണ് നിങ്ങൾ ഇപ്പോൾ തുപ്പുന്നത്. നിങ്ങൾക്ക് ആർക്കും അത് ഇഷ്ടമല്ലായെന്നാണ് നിങ്ങളുടെ പ്രസംഗങ്ങളിലൂടെ വ്യക്തമാക്കുന്നത്. സാർവ്വത്രിക വിദ്യാഭ്യാസം വന്നാൽ നമ്മളായിട്ട് കൈയടക്കി വച്ചിരുന്ന ചില പ്രത്യേക സൗജന്യങ്ങളും സൗകര്യങ്ങളും നാളെ ഈ പാവപ്പെട്ടവൻ വന്നിട്ട് കൊണ്ടുപോയി കളയുമോ എന്നാണ് യാഥാസ്ഥിതിക സമൂഹത്തിന്റെ ഭീതി. ആ ഭീതിയാണ് പരിഷ്കരണത്തെ എതിർത്തു കൊണ്ടുള്ള വലിയ പ്രശ്നങ്ങളായിട്ട് നാട് നീളെ അലയടിക്കുന്നത്. കേരളത്തിലെ സാധാരണജനതയ്ക്ക് അത് മനസ്സിലാകും. പുതിയ പാഠ്യപദ്ധതി പരിഷ്ക്കരണത്തിനടക്കമുള്ള പ്രശ്നങ്ങൾ മനസ്സിലാക്കാൻ കഴിയും. ഇത് എല്ലാ കാലത്തും ഉണ്ടായിട്ടുണ്ട്, പുതിയ പരിഷ്ക്കരണങ്ങൾ വരുമ്പോഴുള്ള വിമർശനങ്ങൾ കേരളപ്പിറവിയുടെ മുൻപുതന്നെ അത്തരത്തിലുള്ള കാര്യങ്ങൾ ഉണ്ടായിട്ടുണ്ടെന്നാണ് തോന്നുന്നത്. വിദ്യാഭ്യാസം പൊതുവൽക്കരിക്കാൻ നടക്കുന്ന എല്ലാ ശ്രമങ്ങളേയും പൊതുവിദ്യാഭ്യാസത്തിനുവേണ്ടി സ്വീകരിക്കുന്ന ഓരോ നടപടിയേയും യാഥാസ്ഥിതിക സമൂഹം എതിർത്തിട്ടുണ്ട്. വളരെ പ്രയാസമുണ്ട് പറയാൻ. വളരെയേറെ ബഹുമാനിക്കുന്ന നേതാവാണ് പ്രതിപക്ഷനേതാവ് ശ്രീ. എ.കെ. ആന്റണി. 1958-ൽ വിദ്യാഭ്യാസ മേഖലയിൽ സാധാരണക്കാരന്റെ കുട്ടികൾ അടക്കം നിർബന്ധമായി വന്നിരുന്നു പഠിച്ചുകൊള്ളണമെന്ന് വ്യവസ്ഥയുണ്ടാക്കുന്ന മാനേജ്മെന്റിനെ നിയന്ത്രിക്കാൻ വ്യവസ്ഥ കൊണ്ടുവരുന്ന അദ്ധ്യാപകർക്ക് പ്രതിഫലം കൊടുക്കാനാവശ്യമായ വ്യവസ്ഥ കൊണ്ടുവരുന്ന മുണ്ടശ്ശേരി മാസ്റ്ററുടെ ബില്ലിനെതിരായിട്ട് അങ്ങ് വിമോചന സമരത്തിന് പ്രേരണ കൊടുത്തിരുന്നു. ഓർക്കുമ്പോൾ വിഷമം തോന്നുകയാണ്. അങ്ങയെപ്പോലെയുള്ള ഒരാൾ ചെയ്യേണ്ട കാര്യമായിരുന്നില്ല. പക്ഷേ തുടർന്ന് ഇങ്ങോട്ട് വ്യക്തിപരമായ ബഹുമാനം നിലനിറുത്തിക്കൊണ്ടുതന്നെ പറയട്ടെ രാഷ്ട്രീയമായി അങ്ങ് എടുക്കുന്ന തീരുമാനങ്ങൾ ഒരിക്കലും അംഗീകരിക്കുവാൻ കഴിയാത്തതാണ്. സമുദായടിസ്ഥാനത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചു കിട്ടിയിട്ടില്ലെന്ന് വിരളി പിടിച്ച് വിലപിക്കേണ്ടതായി വരുന്നു. ഒരുദിവസം കൊണ്ട് പിഴുതെറിയാൻ പറ്റുന്നതല്ല വിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങൾ. സാമുദായികാടിസ്ഥാനത്തിൽ വിദ്യാഭ്യാസമേഖലയെ വിഭ

LIBRARY ARCHIVES Kerala Legislative Assembly

ജിക്കേണ്ടതായി വന്നതുതന്നെ നമ്മൾ നേരത്തെ സ്വീകരിച്ചിരുന്ന വിദ്യാഭ്യാസത്തോടുള്ള യാഥാസ്ഥിതിക മനോഭാവത്തിന്റെ ഭാഗമായിട്ടാണ്. ശ്രീ. പി.ജെ. ജോസഫ് വിചാരിച്ചാൽ ഒരു ദിവസംകൊണ്ട് പിഴുത് എറിയാൻ പറ്റുന്ന കാര്യമല്ല. അത് സംബന്ധിച്ചുള്ള പ്രശ്നങ്ങൾ വഴിയേ പറയാം. മുണ്ടശ്ശേരി മാസ്റ്ററുടെ ബില്ലിനെതിരായ വിമോചന സമരത്തെക്കുറിച്ച് എന്റെ അമ്മാവനൊക്കെ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. സ്കൂളിന് പുറത്തുനിന്നും പ്രായമായ സ്ത്രീകളെ അടക്കം സ്കൂളിനകത്തേയ്ക്ക് കൊണ്ടുവന്നിട്ട് കുട്ടികൾ ഒന്നായി കുട്ടികൾ ഒന്നായി മുന്നോട്ട് എന്ന് മുദ്രാവാക്യങ്ങൾ വിളിച്ചിരുന്നത്രെ. ആർക്ക് എതിരെ ഇടതുപക്ഷ മുന്നണി ഗവണ്മെന്റിന് എതിരായിട്ട് കുട്ടികൾ അല്ല സമരം ചെയ്തത്. കുട്ടികളാണെന്ന വ്യാജേന കോമ്പൗണ്ടിൽ കയറിയിട്ട് അന്ന് ഇടതുപക്ഷ മുന്നണി ഗവണ്മെന്റിന് എതിരായിട്ട് സമരം ചെയ്യുന്നതിന് തയ്യാറാകുകയും അട്ടിമറിക്കുകയും ചെയ്തിട്ടുണ്ട്. പിന്നെ വന്ന എല്ലാ പരിഷ്ക്കാരങ്ങളേയും അങ്ങനെ തന്നെ നേരിടാനാണ് മുതിർന്നിട്ടുള്ളത്. ഇവിടെ പുതിയ പാഠ്യപദ്ധതി പരിഷ്ക്കരണത്തെക്കുറിച്ച് പ്രൊഫ. മീനാക്ഷി തമ്പാനും അതുപോലെ എല്ലാവരും സംസാരിച്ചുകൊണ്ട് വിശദമായിട്ട് ഞാൻ പറയുന്നില്ല. ചിലർ സംസാരിക്കുമ്പോൾ പറഞ്ഞു, കളിയാണ്. പഠനം മുഴുവൻ കളിയായിട്ട് മാറുകയാണ്. വിദ്യാഭ്യാസത്തെക്കുറിച്ച് എന്ത് ധാരണയാണ് ഈ പറയുന്നവർക്കുള്ളതെന്ന് മനസ്സിലാകാത്തതുകൊണ്ടാണ്. ഇവിടെ സാർവ്വത്രികവിദ്യാഭ്യാസമായി വളർന്നു വന്നത് മെക്കാളെ പ്രഭുവിന്റെ ബുദ്ധിയാണെന്നെല്ലാം പറയുന്നത് പുതിയ കാര്യമല്ല. അതുമാത്രമല്ല പറയാനുള്ളത്, ഇംഗ്ലണ്ടിലും അമേരിക്കയിലും പോലും പരീക്ഷിച്ച് ഉപകാരപ്രദമല്ലെന്ന് കണ്ട് മാറ്റിവച്ചിട്ടുള്ള പബ്ളിക് സ്കൂളിന്റെയും ഗ്രാമർ സ്കൂളിന്റെയും മാതൃകയിൽ അന്ന് ബ്രിട്ടീഷുകാർ തുടങ്ങിയ വിദ്യാഭ്യാസത്തിന്റെ തുടർച്ചയാണിത്. നമ്മുടെ ദേശീയ പാഠ്യപദ്ധതിയിൽ മാറ്റം വരുത്തണം. വിദ്യാർത്ഥികളും അദ്ധ്യാപകരും പങ്കെടുക്കുന്ന നിരവധി പ്രവർത്തനങ്ങൾ പഠന മേഖലയിൽ ഉൾക്കൊള്ളിക്കേണ്ടതായിട്ടുണ്ട്. നിരീക്ഷണ വസ്തുക്കളും വിവരങ്ങളും ശേഖരിക്കൽ, പരീക്ഷണം, പ്രോജക്ട്, കളി രീതിയിലുള്ള പ്രവർത്തനങ്ങൾ, പഠനയാത്ര, ഇങ്ങനെ ധാരാളം കാര്യങ്ങൾ ഉൾപ്പെടുത്തണം. "Under a crual eye outurn". വല്ലാത്ത ഭീഷണിപ്പെടുത്തുന്ന നയനങ്ങൾക്കുമുമ്പിൽ 10 മണി മുതൽ 4 മണി വരെ കുട്ടികളെ തളച്ച് ഇരുത്തിയിട്ട് സ്പൂൺ ഫീഡിംഗായി വിവരം കോരി നിറയ്ക്കുന്നതാണോ വിദ്യാഭ്യാസം?

<u>പ്രൊഫ. സാവിത്രി ലക്ഷ്മണൻ</u> : ടീച്ചർ പഠിച്ചിരുന്ന കുട്ടികൾക്ക് ഒക്കെ ഈ പാഠ്യപദ്ധതി അംഗീകരിച്ചു കിട്ടാൻവേണ്ടി ഡിസ്ലെപ്സിയയും, ഡിസ്ഗ്രാഫിയയും ഒക്കെയാണ് അസുഖമെന്നുള്ളത് ടീച്ചറും അംഗീകരിച്ചു കൊടുക്കുകയാണോ? അതിനെപ്പറ്റി എന്താണ് അഭിപ്രായം. പാഠ്യപദ്ധതി പുതിയ സമ്പ്രദായത്തിലാക്കി മാറ്റാൻവേണ്ടിയാണ് മാനസികക്രമക്കേടുകൾ കുട്ടികൾക്ക് ഉണ്ടെന്ന് പറഞ്ഞത്. അതിനെപ്പറ്റിയുള്ള അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> : ടീച്ചർ കുടുകുടു പാടിക്കൊണ്ട് ഇവിടെ അവതരിപ്പിച്ച ആ ശ്രദ്ധക്ഷണിക്കലിന്റെ ഭാഗമായിട്ട് മിനിസ്റ്റർ അതിന് ഭംഗിയായിട്ട് മറുപടി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഈ സമയം അതിന് കളയുന്നില്ല. ടീച്ചർ ഒരുപാട് മുന്നോട്ടുവന്നതിൽ എനിക്ക് സന്തോഷമുണ്ട്. മുൻപുള്ള ആ അലർജി ഈ പാഠ്യപദ്ധതി പരിഷ്കരണത്തോട് ടീച്ചർ ഇപ്പോൾ പ്രകടിപ്പിക്കുന്നില്ല. തത്വത്തിൽ അംഗീകരിച്ചുവെന്നാണ് ടീച്ചർ അന്ന് പറഞ്ഞത്. അതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് കൂടുതലൊന്നും പറയുന്നി

LIBRARY ARCHIVES Kerala Legislative Assembly

ല്ല. കളിയിലൂടെയും പാട്ടിലൂടെയും കാര്യങ്ങൾ ഉൾക്കൊള്ളുന്നുവെന്നുള്ളത് പുതിയ തലമുറ നല്ല രീതിയിൽ വളർന്നുവരാനുള്ള പ്രോത്സാഹനമാണ്. കുട്ടികളും അദ്ധ്യാപകരും ഒരു പലചരക്കുകട കാണാൻ പോകുമ്പോൾ അവിടെയുള്ള സാധനങ്ങളെക്കുറിച്ച് അതിന്റെ വിലയെക്കുറിച്ച് നടത്തിപ്പിനെക്കുറിച്ച് ചോദിച്ചു മനസ്സിലാക്കി കുറിച്ചുവയ്ക്കുന്ന അവസരത്തിൽ കുട്ടിയുടെ ഓർമ്മ ശക്തി ഇവിടെ പരിശോധിക്കപ്പെടുന്നു. കുട്ടിക്ക് എഴുതാനും വായിക്കാനുമുള്ള കഴിവ് ഇവിടെ വളർന്നുവരുന്നു. ഗണിതക്രിയയിൽ കുട്ടിയുടെ കഴിവ് വളർന്നുവരുന്നു. ഇങ്ങനെ എല്ലാമേഖലയിലും വളർത്തിയെടുക്കാൻ പാകത്തിൽ ധാരാളം അനുഭവങ്ങളാണ് ഇതിൽ സ്വരൂപിച്ചിട്ടുള്ളത്. കളിയും പാട്ടുമെല്ലാം ഒരു പരിഹാസ്യമായിട്ട് പറയുകയാണ്. സാധാരണ പൗരാണിക കാലം മുതൽ തന്നെ വിദ്യാഭ്യാസകാലത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്.

'ആചാര്യോൽപാദം ആദത്തെ
പാദം ശിഷ്യ സ്വമേധയാ
പാദം സ:ബ്രഹ്മചാരിഭ്യ
പാദം കാലക്രമേണ ച:'

യഥാർത്ഥ വിദ്യാർത്ഥി എങ്ങനെയാണ് പരിസരത്തിൽനിന്നും ജീവിതത്തിൽനിന്നും പഠിക്കേണ്ടത്. ഒരു പദം മാത്രമേ ഗുരുവിൽനിന്നും ഉൾക്കൊള്ളുവാനുള്ളുവെന്ന് പറയുന്നു. പൗരാണിക പാരമ്പര്യരീതിയെല്ലാം അംഗീകരിക്കണമെന്നില്ല. പക്ഷേ അങ്ങനെ പോലും പറയുന്നിടത്ത് പാഠപുസ്തക കേന്ദ്രീകൃതമായ സായിപ്പിന്റെ വിദ്യാഭ്യാസം കുത്തിനിറച്ച് ഇതുവരെ അതിനെ വിമർശിക്കുവാൻ തോന്നിയോ? ഇവിടെ അതിൽ വിമർശനം ഉണ്ടാകുകയാണ്. ഇവിടെ അദ്ധ്യാപകൻ സഹായിയായി മാറിക്കൊണ്ട് സമൂഹത്തെക്കുറിച്ച് പഠിപ്പിക്കുകയാണ്. ഈ വളർന്നുവരുന്ന കുട്ടി നാളെ സമൂഹത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയുന്നവരായിട്ട് മാറണം. ആ കാഴ്ചപ്പാടോടുകൂടി തന്നെയാണ് പ്ലസ് ടൂ ഡീ ലിങ്ക് ചെയ്യുക എന്നുള്ള മഹത്തായ കർത്തവ്യം നിർവഹിച്ചിട്ടുള്ളത്. സെക്കന്ററി വിദ്യാഭ്യാസമേഖലയെ പ്രവർത്തികളുമായിട്ട് ബന്ധപ്പെടുത്തുക എന്ന നമ്മുടെ വിദ്യാഭ്യാസ കമ്മീഷനുകളുടെ ആഗ്രഹം സാധിക്കുവാൻ കഴിയുന്ന രീതിയിലാണ് ഈ പുതിയ പ്ലസ് ടൂ സമ്പ്രദായം കൊണ്ടുവന്നിട്ടുള്ളത്. ഇപ്പോൾ പറയുന്നത് ശ്രീ. ടി.എം. ജേക്കബ് കൊണ്ടുവന്നിട്ടുള്ള പ്രീഡിഗ്രി ബോർഡുമായിട്ട് ബന്ധപ്പെട്ടതാണ് എന്നാണ്. ആ ത്രിശങ്കുവിലുള്ള ഏർപ്പാടാണോ ഇവിടെ നടക്കുന്ന പ്ലസ് ടൂ? പ്ലസ് ടൂ ഡീ ലിങ്ക് ചെയ്തപ്പോൾ ഒരു അപാകതയുമുണ്ടായിട്ടില്ലായെന്ന് പറയുന്നില്ല. ഇത്രയും വലിയ മാറ്റം നടക്കുമ്പോൾ എവിടെയും വക്ക് പൊട്ടാതെ ഇതെല്ലാം നടത്തണമെന്നുള്ളത് സാദ്ധ്യമല്ല. പക്ഷേ കോളേജ് അന്തരീക്ഷത്തിൽനിന്നും സ്കൂൾ അന്തരീക്ഷത്തിലേയ്ക്ക് ഹയർ സെക്കന്ററി മേഖലയായിട്ട് പ്രീ-ഡിഗ്രിയെ കൊണ്ടുവരാൻ കഴിഞ്ഞുവെന്നുള്ള കാര്യം വസ്തുതയല്ലേ? ഡീ ലിങ്ക് ചെയ്ത അത്രയും സീറ്റുകളെക്കാൾ കൂടുതൽ സീറ്റ് പുതുതായിട്ട് പ്ലസ് ടൂവിൽ അനുവദിക്കപ്പെട്ടിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവിടെ ചോദ്യത്തിന് ഉത്തരമായിട്ട് പറഞ്ഞിട്ടുണ്ട്. പക്ഷേ എല്ലായിടത്തും ഒരുപോലെ ക്രമീകരിക്കാൻ കഴിഞ്ഞിട്ടുണ്ടായില്ല. വരുന്ന വർഷങ്ങളിൽ ആ ക്രമീകരണമല്ലേ നടക്കുക. അന്ന് പ്രീ-ഡിഗ്രി ബോർഡ് രൂപീകരിച്ചപ്പോൾ ഒരു ഹൈപവർ കമ്മിറ്റിയുണ്ടാക്കി. നിങ്ങൾക്ക് ഓർമ്മയില്ലേ? വിദ്യാഭ്യാസ വിദഗ്ദ്ധന്മാരടങ്ങിയ കമ്മിറ്റി എന്നാണ് പറഞ്ഞത്. ആരായിരുന്നു വിദഗ്ദ്ധൻമാർ? അന്നത്തെ ഗവണ്മെന്റ് തീരുമാനിച്ചവരായിരുന്നു. ആ വിദ്യാഭ്യാസ വിദഗ്ദ്ധന്മാർക്ക് എവിടെ ഇത്തരത്തിലുള്ള കേന്ദ്രങ്ങൾ തുടങ്ങണമെന്ന് തീരുമാനിക്കാനുള്ള അധികാരം ഉണ്ടായിരുന്നു. ഒരു കുഴപ്പവുമില്ലാത്ത കാര്യമാണോ അത്? നിരവധി അഴിമതികൾക്ക് സാധ്യ

LIBRARY ARCHIVES Kerala Legislative Assembly

തയുള്ള കാര്യമായിരുന്നു. എന്തായാലും അഴിമതിയുടെ പട്ടികയിൽ ഒരു പേരുകൂടി ചേരാത്തവിധം ആ സംഭവം നടന്നില്ലായെന്നും നമുക്ക് സമാധാനിക്കാം. ഒരുപാട് അഴിമതി നടന്നിട്ടുണ്ട്. ഇവിടെ ശ്രീ. മാമ്മൻ മത്തായി ഒരു സിക്സർ അടിച്ച ഗമയിലാണിരിക്കുന്നത്. ഞാൻ അദ്ദേഹം പറഞ്ഞതിനൊന്നും മറുപടി പറയുന്നില്ല. എനിക്ക് പറയേണ്ട കാര്യമില്ല. പക്ഷെ ആ ലിസ്റ്റ് വായിക്കുമ്പോൾ അതിനകത്ത് ഒരു തമാശ തോന്നും. ബന്ധം കാണിക്കാൻ അമ്മൂമ്മയുടെ അമ്മൂമ്മയുടെ അപ്പൂപ്പന്റെ അനിയന്റെ മകന്റെ മകൾ എന്നൊക്കെ വായിക്കുന്നതു കേട്ടു. നിങ്ങൾക്ക് അതിനുള്ള അവകാശമുണ്ടോ? എന്നാൽ ഓർക്കേണ്ടത് നിങ്ങളുടെ നേതാവ് മാണി സാറും അതുപോലെ ജേക്കബ് സാറും തമ്മിലുള്ള ഒരു ലഹള പണ്ട് പത്രത്തിൽ വന്നതാണ്. അക്കേഷ്യയെന്നും ഇത്തിളെന്നു (ഇത്തിൾക്കണ്ണി) മാണ് അവർ പരസ്പരം വിളിച്ചിരുന്നത്. എന്തിനാണ് വിളിച്ചത്? ഫ്ളഡ് റിലീഫിനുവേണ്ടിയുള്ള പണമെല്ലാം മോഷ്ടിച്ചുകൊണ്ടു പോയി എന്നൊരാൾ. ജലസേചനത്തിനുവേണ്ടിയുള്ള കാശെല്ലാം മോഷ്ടിച്ചു കൊണ്ടുപോയി എന്ന് മറ്റൊരാൾ. നിങ്ങൾ ആലോചിച്ചു നോക്കൂ. ഞങ്ങളെപ്പോലെ രാഷ്ട്രീയ രംഗത്ത് പുതുതായിട്ട് വന്നിട്ടുള്ള ആളുകൾക്ക് ഒരു തമാശയായിരുന്നു കുറേക്കാലം. ഇപ്പോൾ അതെല്ലാം ഓർത്തുപോയി എന്നു മാത്രമേ ഈ അവസരത്തിൽ ഞാൻ പറയുന്നുള്ളൂ. ഞാൻ നിങ്ങൾ പറഞ്ഞതിന് മറുപടി പറയുകയൊന്നുമല്ല. അതുപോലെ കഴിഞ്ഞ തവണ സ്വാശ്രയ കോളേജിന്റെ കാര്യം പറഞ്ഞു. ശ്രീ. കെ.സി. ജോസഫ്, കൂത്തുപറമ്പിലെ രക്തസാക്ഷി മണ്ഡപം ഒന്നു പോയി നോക്കണമെന്നു പറഞ്ഞു. ഞങ്ങളുടെ 5 പ്രിയപ്പെട്ട ചെറുപ്പക്കാർ കൂത്തുപറമ്പിൽ യു.ഡി.എഫ്. ന്റെ ഗവണ്മെന്റ് വെടിവച്ചു കൊലപ്പെടുത്തിയതിന്റെ വേദന ഇന്നും മാറിയിട്ടില്ല. പക്ഷെ എന്തിനാണ് അങ്ങനെ വെടിവച്ചുകൊലപ്പെടുത്തിയത്? ആ സംഭവം എന്തായിരുന്നു. നിങ്ങൾ അതോർക്കണം. ഇന്നത്തെ രീതിയിൽ കോ-ഓപ്പറേറ്റീവ് മേഖലയിൽ സ്വാശ്രയ കോളേജ് തുടങ്ങുന്നതിന്റെ രീതിയിലാണോ നിങ്ങളന്ന് വിദ്യാഭ്യാസം കൈകാര്യം ചെയ്തത്? നിങ്ങളാലോചിക്കേണ്ട കാര്യമാണ്. പിന്നെ സ്വകാര്യ മേഖലയോട് ഞങ്ങൾക്ക് അസ്പൃശ്യതയൊന്നുമില്ല. പക്ഷെ, ഒരു നിബന്ധനയുണ്ട്. 1995-ൽ ഇ.എം.എസ്. എഴുതിയ ഒരു ലേഖനത്തിൽ പറഞ്ഞിരിക്കുന്നത്, സി.പി.ഐ.(എം) ഉൾപ്പെടുന്ന എൽ.ഡി.എഫ്. സ്വകാര്യ മേഖലയ്ക്ക് എതിരല്ല. സ്വകാര്യ മേഖല ഗവണ്മെന്റ് നിശ്ചയിക്കുന്ന ചട്ടങ്ങൾക്കനുസരിച്ച് പ്രവർത്തിക്കണമെന്നേയുള്ളൂ. അവിടെയാണ് ഊന്നൽ.

<u>ശ്രീ. കെ.സി. ജോസഫ്</u> : അങ്ങനെയാണെങ്കിൽ നിങ്ങൾ ഇപ്പോൾ പ്രൊഫഷണൽ കോഴ്സുകൾ എന്തുകൊണ്ട് സ്വകാര്യ മേഖലയ്ക്കു കൊടുക്കുന്നില്ല?

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> : തുടക്കത്തിൽ പ്രൊഫഷണൽ കോഴ്സുകൾ കോ-ഓപ്പറേറ്റീവ് മേഖലയിൽ കൊടുക്കണമെന്നാണ് പറഞ്ഞത്. അങ്ങനെയേ പറഞ്ഞുള്ളൂ. എന്തിനാണ് ഇല്ലാത്ത കാര്യങ്ങൾ കുത്തിപ്പൊക്കി പ്രശ്നങ്ങൾ ഉണ്ടാക്കുന്നത്? സമയമാകുമ്പോൾ ഞങ്ങൾ അതു പറയാം. ഇതിന്റെ വ്യത്യാസം നിങ്ങൾ മനസ്സിലാക്കണം. അന്ന് കൂത്തുപ്പറമ്പിൽ ചെറുപ്പക്കാർ സമരം ചെയ്തപ്പോൾ ശ്രീ. എം.വി. രാഘവൻ അടക്കമുള്ള ആളുകൾ യു.ഡി.എഫ്. ഗവണ്മെന്റിന്റെ ഭാഗമായി നടത്തുന്ന കൊടിയ അഴിമതിയിൽ പ്രതിഷേധിച്ചാണ്. നിങ്ങൾക്ക് ഓർമ്മയുണ്ടോ? മന്ത്രിമാരെ വഴി തടഞ്ഞു. എന്തിനാണ് തടഞ്ഞത്? അക്കാലത്ത് പാർലമെന്റിൽ ശ്രീ. മുല്ലപ്പള്ളി

LIBRARY ARCHIVES Kerala Legislative Assembly

രാമചന്ദ്രന്റെ ചോദ്യത്തിന് ഉത്തരമായി വന്നു, പരിയാരം മെഡിക്കൽ കോളേജ് പൊതുസ്ഥാപനമല്ല. അതൊരു സ്വകാര്യ സ്ഥാപനമാണ്. അങ്ങനെയല്ലേ വന്നത്? ബഹുമാനപ്പെട്ട മന്ത്രി എസ്. ശർമ്മ കഴിഞ്ഞ ദിവസം സ്വാശ്രയ കോളേജിനെ സംബന്ധിച്ച് വിശദമായിട്ട് പറഞ്ഞിട്ടുണ്ട്. യു.ഡി.എഫ്. ഗവണ്മെന്റ് ബഡ്ജറ്റ് പ്രസംഗ സമയത്ത് ഗവണ്മെന്റിന്റെ സ്ഥാപനമാണെന്ന് അസംബ്ളിയിൽ പ്രസംഗിച്ചു. ഗവണ്മെന്റ് സ്ഥാപനമാണെന്ന് ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത രേഖകൾ ഹാജരാക്കുക, ഗവണ്മെന്റിന്റെ വിവിധ ഏജൻസികളിൽ നിന്നും ഗ്രാന്റ് കൈപ്പറ്റുക, ഗവണ്മെന്റിന്റെ സ്ഥലം മുഴുവൻ കൈക്കലാക്കുക, എന്നിട്ട് ആ മെഡിക്കൽ കോളേജിൽ ആളുകളെ ചേർക്കുമ്പോൾ കോഴ വാങ്ങി സ്വന്തം പോക്കറ്റിലാക്കുക അതാണ് എം.വി. രാഘവൻ ചെയ്തത്. ഇത് എവിടത്തെ ന്യായമാണ്? ഏതു നിബന്ധനയാണ് അംഗീകരിച്ചിട്ടുള്ളത്. പരിയാരത്ത് പൊതുജന മൂലധനം ഉപയോഗപ്പെടുത്തിക്കൊണ്ട് നിർമ്മിച്ച കെട്ടിടത്തിൽ ഈ കോളേജ് പ്രവർത്തിക്കുമ്പോൾ എൻ.ആർ.ഐ. സീറ്റ് എന്നുപറഞ്ഞുകൊണ്ട് 24 ലക്ഷം രൂപ വാങ്ങി. ആ രൂപ എവിടെയാണ്? അത് ഗവണ്മെന്റിന്റെ അക്കൗണ്ടിലാണോ? അതുപോലെതന്നെ 50 ശതമാനം ഫ്രീ സീറ്റിംഗ് സർക്കാർ കോളേജുകൾക്ക് തുല്യമായിട്ടുള്ള ഫീസേ വാങ്ങാവൂ എന്നു പറഞ്ഞിട്ട് 30,000 രൂപ വരെ ഫ്രീ സീറ്റുകൾക്ക് വാങ്ങിയതായിട്ടാണ് ആരോപണം. കോളേജിൽ ചേരാൻ 37,500 രൂപ ഇൻഡ്യാക്കാരൻ പ്രത്യേകമായിട്ട് കോഴ കൊടുക്കണമായിരുന്നു. ഇതാണോ ഇപ്പോൾ പറയുന്ന സ്വാശ്രയ കോളേജ്? ഇത് രണ്ടും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കണം. കേരളത്തിന്റെ ഖജനാവ് ധൂർത്തടിക്കുന്നതിനെതിരായിട്ടാണ് അന്ന് സമരം ചെയ്തത്. ആ സമരത്തെ ചോരയിൽ മുക്കിക്കൊന്നത് കേരളത്തിലെ ജനങ്ങൾ മറന്നുപോയിട്ടില്ല. നിങ്ങൾ ഒരു പരിഷ്കാരം പോലും വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയിട്ടില്ല. എന്നിട്ട് ഈ മാതിരിയുള്ള എല്ലാ കുതന്ത്രങ്ങളും ഒപ്പിച്ചുവയ്ക്കുകയും ചെയ്യും. അപ്പോൾ ഇവിടെ ഒരുപാട് ആരോപണങ്ങൾ പറഞ്ഞല്ലോ. "സ്കൂൾ വീതം വയ്ക്കലിൽ ചില സമുദായങ്ങളെ അവഗണിച്ചു". ഇത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ യു.ഡി.എഫ്. ഭരണകാലത്തുള്ള പ്രസ്താവനയാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ നിലയ്ക്കു നിർത്താൻ സമയമായി. ശ്രീ. രമേശ് ചെന്നിത്തല "വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കൽ, ഗുണപരമായ നിയന്ത്രണം വേണം" - ശ്രീ. ജി. കാർത്തികേയൻ. "വിദ്യാഭ്യാസരംഗത്തെ തീരുമാനങ്ങൾ യു.ഡി.എഫ്. യോഗം ചേർന്നു തീരുമാനിച്ചത്" - ശ്രീ. കുഞ്ഞാലിക്കുട്ടി. ഇതിൽ ഏതാണ് വിശ്വസിക്കേണ്ടത്? നിങ്ങളുടെ കാലത്ത് വിദ്യാഭ്യാസ മേഖലയിൽ നടന്ന കൊടിയ അഴിമതിയാണ് ഇത് സൂചിപ്പിച്ചിരിക്കുന്നത്. തീർന്നിട്ടില്ല. വൈസ് ചാൻസലർമാരെ നിയമിക്കുന്നതിനെക്കുറിച്ച് വലിയ കാര്യത്തിൽ ഇവിടെ പറഞ്ഞല്ലോ. "വി.സി. നിയമനം ഈ സർക്കാരിനു കഴിയാതെ വരും". "വി.സി. സ്ഥാനങ്ങൾ പങ്കുവയ്ക്കൽ". ഇതെല്ലാം നിങ്ങളുടെ കാലത്തെ വാർത്തകളാണ്. എന്താ പറഞ്ഞത് എന്നറിയാമോ? മൂന്നു സർവ്വകലാശാലകളിൽ വി.സി. മാരായി ഒരു നായരേയും ഒരു ഈഴവനേയും ഒരു ക്രിസ്ത്യാനിയേയും നിയമിക്കണമെന്നാണത്രെ. ആന്റണി മന്ത്രിസഭയുടെ നയപരമായ ധാരണ. മലബാർ സർവ്വകലാശാലയുടെ വി.സി. യായി മുസ്ലീമിനെ നിയമിച്ചതുകൊണ്ടാണ് പങ്കുവയ്ക്കൽ അങ്ങനെയാകാം എന്ന ധാരണയുണ്ടായത്. ഇതു നോക്കൂ, ഇത് മാതൃഭൂമി പത്രമാണ്. ഇതിൽ പറഞ്ഞിരിക്കുന്നത് ഒരു തീരുമാനം എടുക്കാൻ കഴിയാത്തതുകൊണ്ട് വി.സി. നിയമനം മാറ്റിവയ്ക്കേണ്ടിവന്നിരിക്കുന്നു എന്നാണ്. 23.2.1996 ന്റെ മാതൃഭൂമി

LIBRARY ARCHIVES Kerala Legislative Assembly

പത്രമാണ്. വേറെയുമുണ്ട് അക്കാലത്തെ വാർത്തകൾ. ' ഇന്റർവ്യൂവിൽ പങ്കെടുക്കാത്തവർക്ക് റാങ്ക്' 'പിന്നെ ഒരാൾക്ക് രണ്ട് റാങ്ക്'. യു.ഡി.എഫ്-ന്റെ കാലത്താണ്. എമ്പ്രാനൽപം കട്ടുഭുജിച്ചാൽ അമ്പലവാസികളൊക്കെ കക്കും എന്നത് ഓർമ്മവരികയാണ്. ബന്ധുക്കൾ ഏറെ, റാങ്ക് വിവാദം ആകുന്നു എന്നത് മറ്റൊരുവാർത്ത. ഇമ്മാതിരി ഒരുപാട് കാര്യങ്ങൾ ചെയ്തുകൂട്ടിയിട്ടുള്ള നിങ്ങൾ ഇവിടെ നടത്തുന്ന പരിഷ്കാരങ്ങളെക്കുറിച്ച് ഒരക്ഷരം മിണ്ടാതെ ഇത്തരം കാര്യങ്ങളുമായിട്ട് ഇറങ്ങിത്തിരിക്കുന്നത് മോശം തന്നെയാണ്. ഇനി ചില നിർദ്ദേശങ്ങളാണ് എനിക്ക് വയ്ക്കാനുള്ളത്. നമ്മുടെ ശ്രീ. കെ. സി. ജോസഫ് പറഞ്ഞതു ശരിയാണ്. സർവ്വകലാശാലാ രംഗം ഇപ്പോൾ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പോകുന്നില്ല. നമുക്ക് ലബോറട്ടറികളും ലൈബ്രറികളും ഉണ്ട്. പക്ഷെ ബിരുദപഠനം നടത്തുന്ന വിദ്യാർത്ഥികൾ അതിനെ എങ്ങനെയാണ് ഉപയോഗപ്പെടുത്തുന്നത്? ലൈബ്രറിയെ ആശ്രയിച്ചുകൊണ്ട് ബിരുദം നേടാൻ ശ്രമിക്കുന്ന ഒരു വിദ്യാർത്ഥിയെ നമുക്ക് എവിടേയും അന്വേഷിച്ചാൽ കിട്ടില്ല. അതുപോലെ ലബോറട്ടറികൾ ഉപയോഗപ്പെടുത്തുന്നില്ല. ബിരുദവും ഗവേഷണവും ജനങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നില്ല. ബിരുദ വിദ്യാർത്ഥികളെ അവരുടെ ചില പ്രോജക്ടുകളുമായി ബന്ധപ്പെട്ടുകൊണ്ട് ഗ്രാമങ്ങളിലേയ്ക്ക്, സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പറഞ്ഞയയ്ക്കണമെന്നാണ് പറയുന്നത്. മെഡിക്കൽ ബിരുദ വിദ്യാർത്ഥികളെ ഒരു ഗ്രാമത്തിന്റെ ആരോഗ്യരംഗവുമായിട്ട് ബന്ധപ്പെടുത്തി പ്രോജക്ട് ഉണ്ടാക്കാൻ പരിശീലിപ്പിക്കണം. അതുപോലെ ഓരോ ബിരുദ കേന്ദ്രത്തേയും അങ്ങനെ മാറ്റിയെടുക്കാൻവേണ്ടി ശ്രമിക്കണമെന്നാണ് എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളത്. അതുപോലെ പുതിയ ചില ബിരുദങ്ങൾ, പഠനങ്ങൾ, ഗവേഷണങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. കൃഷി, വ്യവസായം, സമ്പദ്ഘടന, ജിയോളജി, പ്ലാനിംഗ്, സഹകരണം തുടങ്ങിയ ജനജീവിതവുമായി ബന്ധപ്പെടുന്ന മേഖലകളിലേയ്ക്ക് നമ്മുടെ പോസ്റ്റ് ഗ്രാജുവേഷനേയും അതുപോലെ പ്രൊഫഷണൽ വിദ്യാഭ്യാസത്തേയുമെല്ലാം കൊണ്ടുവരേണ്ടതാണ്. ഇന്നത്തെപ്പോലെ ഡോക്ടർ, എഞ്ചിനീയർ എന്നുള്ള സമവാക്യം മാറ്റിക്കൊണ്ട് നാട്ടിൽ മാറ്റം ഉണ്ടാക്കാൻ ആവശ്യമായ രീതിയിലേയ്ക്ക് കൊണ്ടുവരേണ്ടതുണ്ട് എന്നാണ് അതിനെക്കുറിച്ച് എനിക്ക് പറയാനുള്ളത്. എല്ലാ മേഖലയിലും അതുപോലെ പരിഷ്കാരങ്ങൾ കൊണ്ടുവരേണ്ടതുണ്ട്. കായികരംഗം പ്രോത്സാഹിപ്പിക്കുന്നതിന് പി.ടി. അധ്യാപകരുടെ നിയമനം. അതുപോലെ ക്രാഫ്റ്റ്, നീഡിൽ വർക്ക് തുടങ്ങിയവയിൽ അധ്യാപകരെ പരിശീലിപ്പിച്ചുകൊണ്ട് കുട്ടികൾക്ക് ഗുണം ചെയ്യുന്ന രീതിയിൽ കൊണ്ടുവരണമെന്നാണ് എനിക്ക് പറയാനുള്ളത്. ഏതായാലും പ്രീപ്രൈമറി തലംതൊട്ട് സർവ്വകലാശാല തലംവരെ സമഗ്രമായി മാറ്റത്തിന് നാന്ദി കുറിക്കുന്ന ഈ പുതിയ വിദ്യാഭ്യാസ പദ്ധതിയേയും അതിനുവേണ്ടിയുള്ള ധനാഭ്യർത്ഥനേയും അതുപോലെ സ്പോർട്സ്, സാംസ്കാരിക വകുപ്പ് തുടങ്ങിയവയുടെ ധനാഭ്യർത്ഥനകളേയും വളരെ സന്തോഷത്തോടുകൂടി അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : അടൂർ എഞ്ചിനിയറിംഗ് കോളേജിലെ സമരത്തോടനുബന്ധിച്ചു വിദ്യാർത്ഥികളെ അറസ്റ്റു ചെയ്തത് സംബന്ധിച്ചു ഇന്ന് രാവിലെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന കാര്യത്തെക്കുറിച്ച് അന്വേഷിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി ആ വിഷയം അറിയിച്ചിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി. യുടെ കീഴിലുള്ള അടൂർ എഞ്ചിനിയറിംഗ് കോളേജിലുള്ള പഠന സൗകര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

മെച്ചപ്പെടുത്തണമെന്നും കോളേജ് വാടക കെട്ടിടത്തിൽ നിന്നും മാറ്റണമെന്നും ആവശ്യപ്പെട്ടുകൊണ്ട് മുന്നൂറോളം വിദ്യാർത്ഥികൾ ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ കോളേജ് പ്രിൻസിപ്പാളിന്റെ ഓഫീസിൽ ഇന്നു രാവിലെ 10 മണിക്ക് ഉപരോധിക്കുകയുണ്ടായി. പോലീസ് സ്ഥലത്തെത്തി നേതാക്കളെ അറസ്റ്റു ചെയ്ത് പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി 12 മണിക്ക് വിട്ടയച്ചു. സ്ഥലത്ത് ഇപ്പോൾ അനിഷ്ട സംഭവങ്ങൾ ഒന്നുമില്ല.

ഡോ. കെ.സി. ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. രാഷ്ട്രനിർമ്മാണത്തിനു വ്യക്തിയെ പ്രാപ്തനാക്കി മനുഷ്യ വിഭവശേഷിയെ ഉപയോഗപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള വിദ്യാഭ്യാസ പരിഷ്ക്കാരങ്ങൾ നടപ്പാക്കാനാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ശ്രമിച്ചു കൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസ രംഗത്ത് വരുത്തേണ്ട പരിഷ്ക്കാരങ്ങളെക്കുറിച്ച് കോത്താരി കമ്മീഷൻ വളരെ വ്യക്തമായി ചില ശുപാർശകൾ നൽകുകയുണ്ടായി. ജനങ്ങളുടെ ജീവിതാവശ്യങ്ങൾ, അഭിലാഷങ്ങൾ എന്നിവയുമായി ബന്ധപ്പെടുത്തിയുള്ള പരിഷ്കാരങ്ങൾ വഴി ദേശീയ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനായിരിക്കണം പരിഷ്കാരങ്ങൾ ഉണ്ടാകേണ്ടത് എന്ന് കോത്താരി കമ്മീഷൻ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഈ ചുവട് പിടിച്ചുകൊണ്ടാണ് കഴിഞ്ഞ 3 വർഷത്തിനിടയിൽ വിദ്യാഭ്യാസവകുപ്പിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്താൻവേണ്ടി ഈ ഗവൺമെന്റ് ശ്രമം നടത്തിയത്. ഏറ്റവും അടിസ്ഥാനപരമായ വിദ്യാഭ്യാസ മേഖല എന്നുള്ള നിലയിൽ പ്രീ പ്രൈമറി എഡ്യൂക്കേഷൻ ക്രോഡീകരിക്കുന്നതിനും ഒരു സമന്വയം ഉണ്ടാക്കുന്നതിനു വേണ്ടി പ്രീ പ്രൈമറി എഡ്യൂക്കേഷൻ ബിൽ ഇവിടെ അവതരിപ്പിച്ച് നടപടികൾ സ്വീകരിച്ചു. പ്രൈമറി വിദ്യാഭ്യാസ രംഗം മുതൽ ഹൈസ്കൂൾ തലം വരെ പാഠ്യ പദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു. കുട്ടികളിൽ അന്തർലീനമായിരിക്കുന്ന കഴിവുകൾ വികസിപ്പിക്കാൻ കഴിയത്തക്ക നിലയിലുള്ള പാഠ്യപദ്ധതി നടപ്പാക്കാനുള്ള ശ്രമമാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. ദേശീയ വിദ്യാഭ്യാസ നയത്തിന് അനുസൃതമായി കേരളത്തിന്റെ വിദ്യാഭ്യാസ രീതിയെ കൊണ്ടെത്തിക്കുന്നതിനു വേണ്ടി പ്രീഡിഗ്രി വിദ്യാഭ്യാസം കോളേജുതലത്തിൽ നിന്നും മാറ്റി സ്കൂൾ തലത്തിലേക്ക് കൊണ്ടുവരാനുള്ള ശ്രമങ്ങൾ കഴിഞ്ഞ 2 വർഷമായി നടന്നു വരുന്നു. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള ക്രിയാത്മകമായ നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചു വരുന്നു. അങ്ങനെ ഒരു വലിയ ലക്ഷ്യത്തോടുകൂടി, ആ ലക്ഷ്യത്തിൽ എത്തിച്ചേരാനുള്ള നിശ്ചയദാർഡ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങളാണ് വിദ്യാഭ്യാസ മന്ത്രി ഇപ്പോൾ നടത്തി വരുന്നത് എന്നു ചൂണ്ടിക്കാണിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. പ്രീ-ഡിഗ്രി ഡീലിങ്കിംഗ് നടന്നതിനുശേഷം കുട്ടികൾക്ക് പഠിക്കുവാൻ അവസരമില്ലെന്നുള്ള നിലയിൽ ബഹുമാനപ്പെട്ട ആലുവ മെമ്പർ അദ്ദേഹത്തിന്റെപ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ രണ്ടു വർഷം കൊണ്ട് ഡീലിങ്കിന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലയിൽ കുറവുവന്നിട്ടുള്ള പ്രീ ഡിഗ്രി സീറ്റുകളുടെ എണ്ണം വെറും 35,000 ആണ്. എന്നാൽ ആ സമയത്ത് പുതുതായി പ്ലസ് ടു അനുവദിക്കുകവഴി കഴിഞ്ഞവർഷം പുതിയ സ്കൂളുകളിലും ഈ വർഷം പഴയ സ്കൂളുകളിലും 84,000 ത്തിലേറെ സീറ്റുകൾ പ്ലസ് ടു രംഗത്ത് അനുവദിക്കുവാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. ഇതിനുപുറമെയാണ് വെക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ 20,000 സീറ്റുകൾ അനുവദിച്ചത്. 35,000 സീറ്റുകൾ പ്രീഡിഗ്രിയിൽ കുറവ് വന്നപ്പോൾ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷം സീറ്റുകൾ പ്ലസ് ടുവിലും വൊക്കേഷണൽ ഹയർ സെക്കന്ററി രംഗത്തും കൂടി ഉണ്ടാക്കുവാൻ കഴിഞ്ഞു. 10-ാം ക്ലാസ്സ് പാസ്സാകുന്ന മുഴുവൻ പേർക്കും 11-ാം ക്ലാസ്സിലേയ്ക്കോ പ്രീ-ഡിഗ്രിയ്ക്കോ അഡ്മിഷൻ കൊടുക്കാമെന്ന് ഓരു കാലത്തും ലക്ഷ്യമിട്ടിരുന്നില്ല. അതുകൊണ്ടാണ് പാരലൽ കോളേജുകൾ ആരംഭിച്ചത്. പ്രീ ഡിഗ്രി ഡീലിങ്ക് ചെയ്ത് പൂർണ്ണമാകുന്നതുവരെ യൂണിവേഴ്സിറ്റികളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തി പരീക്ഷയെഴുതുവാനുള്ള അവസരങ്ങൾ തുടർന്നും ലഭ്യമാണെന്നുള്ളത് കൊണ്ട് ഇവിടെ പഠിക്കുവാൻ അവസരമില്ലായെന്നു ബഹുമാനപ്പെട്ട ആലുവ മെമ്പർ പറഞ്ഞത് പ്രസക്തമല്ല. ഇവിടെ പ്രീ-ഡിഗ്രി ഡീലിങ്ക് ചെയ്യുന്നതിനെ കുറിച്ചു പറഞ്ഞു. പ്രീഡിഗ്രി ഡീലിങ്ക് ചെയ്തതല്ല. സ്കൂളുകൾ അനുവദിച്ചതിനെ സംബന്ധിച്ചുള്ള ആശയക്കുഴപ്പങ്ങൾ കൊണ്ടാണ് ഈ വർഷം വേണ്ടായെന്നു പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി ആവർത്തിച്ച് പ്രസ്താവനകളിലൂടെയും അറിയിപ്പുകളിലൂടെയും പറഞ്ഞു. പ്ലസ് ടു സ്കൂളുകളിൽ അധ്യാപക നിയമനം നടത്തുന്നതിനെ സംബന്ധിച്ചു പുറപ്പെടുവിച്ച ഉത്തരവിനെ സുപ്രീം കോടതിയുടെ സ്റ്റേ നിലവിലിരിക്കുന്നതുകൊണ്ട് അതിനെ സംബന്ധിച്ചു വ്യക്തമായ ഒരു രൂപമുണ്ടാകുന്നതുവരെ കൂടുതൽ സ്കൂളുകൾ അനുവദിക്കുന്നത് ഉചിതമായിരിക്കുകയില്ല എന്നാണ്. എന്നാൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഈ നിയമസഭയിലും പുറത്തും പറഞ്ഞതുപൊലെ ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽ തന്നെ പ്രീഡിഗ്രി ഡീലിങ്ക് ചെയ്ത് കോളേജ് തലത്തിൽ നിന്നും സ്കൂൾ തലത്തിലേക്ക് മാറ്റുമെന്ന പ്രഖ്യാപനം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. വസ്തുത അതായിരിക്കെ മറ്റു തരത്തിൽ പ്രചരിപ്പിക്കുന്നത് രാഷ്ട്രീയ നേട്ടങ്ങൾക്ക് വേണ്ടിയാകാം. അതിനു ഞാൻ ആരെയും കുറ്റപ്പെടുത്താനാഗ്രഹിക്കുന്നില്ല. പക്ഷെ വസ്തുത ഇതാണ്. വസ്തുത ഇതാണെന്ന് വളരെ പ്രാവശ്യം വ്യക്തമാക്കിയ ശേഷവും നിങ്ങൾ നടത്തുന്ന പ്രചരണങ്ങൾ ഈ ഗവൺമെന്റിന്റെ നടപടികളുടെ ഭാഗമായി പ്രയോജനം ലഭിക്കുന്ന വിദ്യാർത്ഥി വർഗ്ഗവും അവരുടെ രക്ഷകർത്താക്കളും അടങ്ങുന്ന കേരളത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും അംഗീകരിക്കുമെന്ന് ഞാൻ കരുതുന്നില്ല. ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടായ നേട്ടങ്ങൾ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 12 പോളിടെക്നിക്കുകൾ ആരംഭിച്ചു. 9 എണ്ണം ഗവൺമെന്റ് മേഖലയിലും 3 എണ്ണം ഗവൺമെന്റ് സ്പോൺസേർഡായി ഐ.എച്ച്.ആർ.ഡി.ഇ യിലും തുടങ്ങി. 2400 സീറ്റുകളാണ് ഈ ഗവൺമെന്റ് വന്നതിനുശേഷം പോളിടെക്നിക്കുകൾ അനുവദിച്ചത്. ഐക്യജനാധിപത്യമുന്നണി ഭരിച്ചപ്പോൾ എത്രസീറ്റുകളുണ്ടാക്കി? ഞാൻ അതിലേയ്ക്ക് പോകുന്നില്ല. കെ.ജി.റ്റി.ഇ. മുഖേനയുള്ള സാങ്കേതിക കോഴ്സുകളിൽ പഠിക്കുവാനുള്ള അവസരങ്ങൾ എത്രയോ സീറ്റുകളിൽ വർദ്ധിപ്പിച്ചു. പുതുതായി കുട്ടികൾക്ക് സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പഠനം നടത്തുവാൻ വേണ്ടിയുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. എഞ്ചിനീയറിംഗ് കോളേജുകളുടെ കാര്യം; ഈ വർഷം നടപ്പാക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചതുൾപ്പെടെ 8 എഞ്ചിനീയറിംഗ് കോളേജുകളാണുള്ളത്. അതിൽ 4 എണ്ണം ഗവൺമെന്റ് മേഖലയിലും ഒരെണ്ണം എം.ജി. യൂണിവേഴ്സിറ്റിയിലും ഒരെണ്ണം കൊച്ചിൻ യൂണിവേഴ്സിറ്റിയിലും ഐ.എച്ച്.ആർ.ഡി.ഇ. പുതുതായി ആരംഭിക്കുന്ന പ്രൊഫഷണൽ കോളേജുകൾ നടത്തുവാൻ വേണ്ടിയുള്ള സൊസൈറ്റി, ഇങ്ങനെ 8 പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ സ്ഥാപിക്കുന്നതോടുകൂടി ആധുനികമായ വിഷയങ്ങൾ പഠിക്കുവാനുള്ള അവസരങ്ങൾ കുട്ടികൾക്ക് ലഭ്യമാകുന്നു. കമ്പ്യൂട്ടർ, ഇൻഫർമേഷൻ ടെക്നോളജി, കമ്മ്യൂ

LIBRARY ARCHIVES Kerala Legislative Assembly

ണിക്കേഷൻ എന്നീ നിലകളിലുള്ള ആധുനിക കോഴ്സുകൾ തുടങ്ങിക്കൊണ്ട് സാങ്കേതിക വിദ്യാഭ്യാസ കോഴ്സുകൾ പഠിക്കുന്നതിന് ലക്ഷങ്ങൾ മുടക്കി മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് പോകേണ്ടിവരുന്ന വിദ്യാർത്ഥികൾക്ക് ഇവിടെത്തന്നെ പഠിക്കുവാനുള്ള അവസരം കൊടുക്കാൻ വെറും മൂന്നുവർഷം കൊണ്ട് ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്ന് പറഞ്ഞാൽ ബഹുമാനപ്പെട്ട മന്ത്രിയെയും ഗവൺമെന്റിനെയും അനുമോദിക്കുവാൻ ഇവിടെ ആര് എന്തു പറഞ്ഞാലും കേരളത്തിലെ ജനങ്ങൾ തയ്യാറാകുമെന്ന ഉത്തമവിശ്വാസം ഞങ്ങൾക്കുണ്ട്. ഈ നിലയിലുള്ള പ്രവർത്തനങ്ങൾ ഇനിയും തുടർന്നുകൊണ്ടുപോകേണ്ടതായിട്ടുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഇവിടെ അധികാരത്തിലേറുമ്പോൾ പറഞ്ഞ വാഗ്ദാനങ്ങൾക്കനുസരിച്ച് കേരളത്തിലെ കുട്ടികൾക്ക് പഠിക്കുവാൻ, അവരെ സ്വയം പര്യാപ്തമാക്കുവാൻ, അവർക്ക് രാഷ്ട്ര നിർമ്മാണത്തിൽ പങ്കാളിത്തം വഹിക്കുവാൻ കഴിയത്തക്ക വിധത്തിൽ സമൂഹത്തിന്റെ ഉത്തമഭാഗമാക്കി മാറ്റുവാൻ കഴിയത്തക്ക നിലയിലുള്ള വിദ്യാഭ്യാസ അവസരങ്ങൾ കേരളത്തിൽ തന്നെ ഉണ്ടാക്കേണ്ടതായിട്ടുണ്ട്. ആ ശ്രമങ്ങൾ ഇനിയും തുടരേണ്ടതായിട്ടുണ്ട്. ആ പ്രവർത്തനങ്ങളിലൂടെ മുന്നോട്ട് പോകുമ്പോൾ തീർച്ചയായും ആക്ഷേപങ്ങളുണ്ടാകാം. ആ ആക്ഷേപങ്ങൾ, ഈ നിലയിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നത് തടയുവാനാണ്. സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി ജനങ്ങളുടെ ഉന്നമനത്തിനു വേണ്ടി, അവരുടെ ക്ഷേമത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുമ്പോൾ വിറളിപിടിക്കുന്ന ആളുകൾ തീർച്ചയായും അതിന്റെ ഗുണമേന്മ ഇല്ലായ്മപ്പെടുത്തുവാൻ അതിന് പോറലേൽപ്പിക്കുവാൻ, മങ്ങലേൽപ്പിക്കുവാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടത്തും.

മറ്റൊരു പ്രധാനപ്പെട്ട രംഗമാണ് ഭവനനിർമ്മാണം. ഇവിടെ ഉണ്ടായിട്ടുള്ള നേട്ടം ചില്ലറയാണോ? കഴിഞ്ഞ അഞ്ചുവർഷത്തെ ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ കുറവായിരുന്നു എന്ന് പറയുന്നില്ല. റവന്യൂ ടവർ, മറ്റു വികസനപരിപാടികളൊക്കെ പല സ്ഥലങ്ങളിലും ഏറ്റെടുത്തിട്ടുണ്ട്. അതൊന്നും ഇല്ലെന്ന് പറയാം. പക്ഷെ പ്രയോറിറ്റി എന്തിനാണ്? ഈ രാജ്യത്തെ ദുർബ്ബലജനങ്ങൾക്ക് തലചായ്ക്കാൻ ഇടംകൊടുക്കുക, അതായത് സ്വന്തമായി കൂരയില്ലാത്തവർക്ക് കൂര കൊടുക്കുക എന്നുള്ള വലിയ ലക്ഷ്യം നേടുവാൻ വേണ്ടിയാണ് ഹൗസിംഗ് ബോർഡ് സ്ഥാപിതമായതെങ്കിൽ ആ ലക്ഷ്യത്തിനനുസൃതമായി അഞ്ചു വർഷക്കാലം പ്രവർത്തിക്കാൻ കഴിഞ്ഞോ? യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 5 വർഷം കൊണ്ട് ഇക്കണോമിക്കലി വീക്കർ സെക്ഷന് ഹൗസിംഗ് ബോർഡ് വീട് നിർമ്മിക്കുവാൻ അനുവാദം നൽകും. നൽകിയത് 16,630 എണ്ണമാണ്. മാണി സാറിനോട് തർക്കത്തിന് ഞാനില്ല. ഹൗസിംഗ് ബോർഡിന്റെയോ പ്ലാനിംഗ് ബോർഡിന്റെയോ ആവരുടെ ഇവാലുവേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുമാണ് ഇത് പറയുന്നത്. മാണിസാറിനെ കുറ്റപ്പെടുത്താൻ പറയുന്നതല്ല. ഹൗസിംഗ് ബോർഡോ, മറ്റു സ്ഥാപനങ്ങളോ മോശമായിരുന്നുവെന്നു പറയാൻ ഞാനാഗ്രഹിക്കുന്നില്ല. മാണിസാറിന്റെ കഴിവുകളെ കുറച്ചുകൂടി ഞാൻ ആഗ്രഹിക്കുന്നില്ല.

<u>ശ്രീ. കെ.എം. മാണി</u> : നിങ്ങൾ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിനെക്കൊണ്ട് നുണ എഴുതിപ്പിച്ചില്ലേ, 16,000 വീടെന്നു പറയുന്നത്.

<u>ഡോ. കെ.സി. ജോസഫ്</u> : എനിക്കറിയത്തില്ല. മാണിസാർ അങ്ങനെ പറയുമായിരിക്കും. കാരണം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തൊഴിൽ രഹിതരുടെ എണ്ണം, എംപ്ലോയ്മെന്റ് എക്സേഞ്ചിൽ പേരു രജിസ്റ്റർ ചെയ്ത

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾ ഇത്ര? ഇത്രപേർക്ക് തൊഴിൽകൊടുത്തു എന്നുവരുത്താൻ വേണ്ടി തൊഴിൽ രഹിതരുടെ എണ്ണം കൃത്രിമമായി കുറച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഒരു എക്സ്പീരിയൻസിൽ പ്രവർത്തനത്തെ വ്യക്തിപരമായി വിമർശിക്കാനോ അങ്ങയുടെ കഴിവുകളെ ആക്ഷേപിക്കാനോ, അങ്ങയുടെ അഡ്മിനിസ്ട്രേറ്റീവ് കപ്പാസിറ്റിയെ കുറച്ചുകാണിക്കാനോ ആഗ്രഹിക്കുന്നില്ല. സീനിയർ നേതാവാണ് എന്നുള്ള നിലയിൽ സകലബഹുമാനവുമുണ്ട്. എന്നെ രാഷ്ട്രീയത്തിലേയ്ക്ക് കൊണ്ടുവരാൻ മുൻകൈയെടുത്ത ആളെന്ന നിലയിൽ എല്ലാ ബഹുമാനവും ആദരവും നിലനിർത്തിക്കൊണ്ട് പറയുകയാണ്. പക്ഷേ ഹൗസിംഗ് ബോർഡിന്റെ 5 വർഷക്കാലത്തെ പ്രവർത്തനത്തിനിടയിൽ ഹൗസിംഗ് ബോർഡിലൂടെ ഇക്കണോമിക്കലി വീക്കർ സെക്ഷനുവേണ്ടി അനുവാദം നൽകിയത് 16,630 വീടുകൾക്കാണെന്ന് ഔദ്യോഗികരേഖകൾ പറയുന്നു. അതിൽ തന്നെ പൂർത്തിയായ വീടുകളുടെ എണ്ണം 8,650 ആണ്. ആ സ്ഥാനത്ത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഇക്കണോമിക്കി വീക്കർ സെക്ഷന് നിർമ്മിച്ചുകൊടുക്കാൻ സാങ്ഷനായ വീടുകളുടെ എണ്ണം ഒരു ലക്ഷത്തിനാൽപ്പതിനായിരം. 16,000-ന്റെ സ്ഥാനത്താണത്. പണി തീർന്ന വീടുകൾ 1,00,964. കഴിഞ്ഞ ഗവൺമെന്റ് 5 വർഷംകൊണ്ട് 16,000 അനുവദിച്ച് 8,000 തീർത്ത സ്ഥാനത്ത് ഞങ്ങൾ 1,40,000 അനുവദിച്ചതിൽ സമയബന്ധിതമായി പണിപൂർത്തിയാക്കിയത് 1,00,964 വീടുകളാണ്. കഴിഞ്ഞ ഗവൺമെന്റ് 5 വർഷക്കാലംകൊണ്ട് ദുർബല ജനവിഭാഗങ്ങൾക്കുവേണ്ടി ചെലവാക്കിയത് 21.17 കോടിരൂപയായിരുന്നുവെങ്കിൽ ഈ ഗവൺമെന്റ് 3 മൂന്നു വർഷം കൊണ്ട് 311.43 കോടിരൂപ ചെലവാക്കി.

<u>ശ്രീ. കെ.എം. മാണി</u> : 1998-ൽ പഴയ നിയമസഭാ കെട്ടിടത്തിൽ സമ്മേളനം കൂടിക്കൊണ്ടിരുന്നപ്പോൾ ശ്രീ. സി.എഫ്. തോമസ് ഡോക്യുമെന്റസ് വച്ച് നിങ്ങളുടെ പബ്ലിക് റിലേഷൻസിന്റെ ഫിഗർ തെറ്റാണെന്ന് സ്ഥാപിച്ചതാണ്. വീണ്ടും അതുവച്ചുകൊണ്ട് സംസാരിച്ചാൽ ശരിയാകുമോ?

<u>ഡോ. കെ.സി. ജോസഫ്</u> : ശ്രീ. സി.എഫ്. തോമസ് നിയമസഭയിൽ പറയുന്നതുകൊണ്ട് വല്ല കാര്യമുണ്ടോ? പ്ലാനിംഗ് ബോർഡ് ഗവൺമെന്റിന് കൊടുത്ത കണക്കനുസരിച്ച്.....

<u>ശ്രീ. സി.എഫ്. തോമസ്</u> : നിയമസഭയിൽ ഔദ്യോഗികമായി എല്ലാ രേഖകളും കണക്കുകളും ഉദ്ധരിച്ചുകൊണ്ട് പ്രസംഗിച്ചപ്പോൾ ആണ് നിങ്ങൾക്ക് ആർക്കും ഈ ആക്ഷേപം ഉണ്ടായിരുന്നില്ലല്ലോ?

<u>ഡോ. കെ.സി. ജോസഫ്</u> : എക്കണോമിക്കലി വീക്കർ സെക്ഷനു വേണ്ടി കൊടുത്ത കാര്യമാണ് ഞാൻ പറഞ്ഞത്. ഹൗസിംഗ് സൊസൈറ്റി, ഹൗസിംഗ് ഫെഡറേഷൻ, എസ്.സി/എസ്.ടി, ഫിഷറീസ് മറ്റ് ഏജൻസികൾ ഇങ്ങനെയുള്ളതെല്ലാംകൂടി വേറെയുണ്ടാകും. ഹൗസിംഗ് ബോർഡിന്റെ ഔദ്യോഗിക രേഖ രേഖയായിട്ട് നില്ക്കുകയില്ലേ? ആ രേഖയ്ക്ക് അനുസരണമായി ഈ നിലയിൽ അധികാരത്തിൽ വന്നുകൊണ്ട് ജനങ്ങൾക്കുകൊടുത്ത വാഗ്ദാനം പാലിക്കുവാൻവേണ്ടി പ്രവർത്തിക്കുമ്പോൾ ഞാൻ പറഞ്ഞതുപോലെ കേരളാ കോൺഗ്രസ് പാർട്ടിയുടെ യശസ്സിന് ചില ലക്ഷ്യങ്ങളുണ്ടാകും. ബഹുമാനപ്പെട്ട മാമ്മൻ മത്തായിയും മറ്റ് ആൾക്കാരും പറഞ്ഞതിൽ ചില രാഷ്ട്രീയ ലക്ഷ്യങ്ങൾ ഉണ്ടാകാം. ശ്രീ. പി.ജെ. ജോസഫിന്റെ നേതൃത്വത്തിലുള്ള കേരളാ കോൺഗ്രസ് പാർട്ടി ആദ്യമായിട്ട് അധികാരത്തിൽ വരുകയല്ല. ഇതിനു മുമ്പും അധികാരത്തിൽ വന്നിട്ടുണ്ട്. ശ്രീ. പി.ജെ. ജോസഫിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഇവിടെ ഞാൻ പറയേണ്ട കാര്യമില്ല. കേരള

LIBRARY ARCHIVES Kerala Legislative Assembly

ത്തിലെ ജനങ്ങൾക്ക് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഉത്തമബോധ്യമുണ്ട്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ എന്തായിരുന്നു; ഏത് തരത്തിലാണ്; ഏത് ദിശയിലേക്കാണ് പോകുക എന്നുള്ളത് സംബന്ധിച്ച് കേരളത്തിലെ ജനങ്ങൾക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ട്. അവർ അനുഭവിച്ചറിയുന്നവരാണ്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ വിദ്യാഭ്യാസ വകുപ്പിൽ, ഹൗസിംഗിൽ എല്ലാ രംഗത്തും ജനങ്ങൾ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ആ നിലയിലുള്ള പ്രവർത്തനങ്ങൾ നൂറിരട്ടി ഇവിടത്തെ ദുർബല ജനവിഭാഗങ്ങൾക്കുവേണ്ടി, പഠനസൗകര്യങ്ങൾ ഉണ്ടാക്കണമെന്ന് ആഗ്രഹിക്കുന്ന കുട്ടികൾക്കുവേണ്ടി അവരുടെ മാതാപിതാക്കൾക്കുവേണ്ടി, കേരള സംസ്ഥാനത്തിനുവേണ്ടി പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരിക്കുമ്പോൾ ഇങ്ങനെ മൂടുപടം ഉണ്ടാക്കുവാൻ വേണ്ടി..... ശ്രീ. മാമ്മൻ മത്തായി ഇവിടെ പറഞ്ഞകാര്യം എഴുതിതന്ന് ആരോപണം ഉന്നയിക്കുവാൻ ആർക്കും അവകാശമുണ്ട്. പക്ഷേ അത് സ്പെസിഫിക്കായിരിക്കണം. അങ്ങനെ സ്പെസിഫിക്കായിട്ട് ഒരു ആക്ഷേപം ഇവിടെ ഉന്നയിക്കപ്പെട്ടിട്ടില്ല. നിയമനങ്ങൾ സംബന്ധിച്ച്. കേരളാ സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ നടത്തിയെന്ന് ആരോപിക്കുന്ന ഇല്ലീഗൽ നിയമനങ്ങളെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. ആഡിയോ വിഷ്വൽ ആൻറ് റിപ്രോഗ്രാഫിക് സെന്റർ ഇപ്പോൾ പുതിയതായി തുടങ്ങിയ സ്ഥാപനമല്ല. അവിടത്തെ മാനേജിംഗ് ഡയറക്ടർ ' ഈ ഗവൺമെന്റ് വന്നതിനുശേഷം നിയമിച്ച ആളല്ല. ബഹുമാനപ്പെട്ട ഇ.ടി. മുഹമ്മദ് ബഷീർ വിദ്യാഭ്യാസ വകുപ്പു മന്ത്രിയായിരുന്ന സമയത്ത് നിയമിച്ച ശ്രീ. സലീം തന്നെയാണ് ഇപ്പോഴും മാനേജിംഗ് ഡയറക്ടർ. ഇതുപോലുള്ള ഗവൺമെന്റ് ഓർഗനൈസേഷനിൽ ഒഴിവ് വരുമ്പോൾ കോൺട്രാക്ട് അപ്പോയിൻമോന്റ് ഡെയ്‌ലി വേജസ് ഇങ്ങനെയൊക്കെ നിയമിക്കുന്നത് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ മാത്രമല്ല. പണ്ടും ഇപ്പോഴും ഗവൺമെന്റ് ഓർഗനൈസേഷനിൽ ഇങ്ങനെയുള്ള നിയമനങ്ങളാണ് നടത്താറുള്ളത്. അങ്ങനെ നിയമനം നടത്തുമ്പോൾ അതിൽ കേരളാ കോൺഗ്രസ് സി. പി.എം ഉം കോൺഗ്രസ്സും ഒക്കെ ഉണ്ടാകും. ഇപ്പോൾ ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ പഴയതുപോലെയല്ല. പണ്ട് ഏതാനും സ്ഥലങ്ങളിൽ ചില ട്രെയിനിംഗ് കോഴ്സ് മാത്രം നടത്തിയിരുന്ന സ്ഥാപനം ആയിരുന്നുവെങ്കിൽ ഇന്ന് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ ഒരു പ്രൊഡക്ഷൻ സെന്ററായി. കേരള ഖജനാവിലേയ്ക്ക് ലാഭം ഉണ്ടാക്കിക്കൊടുക്കുന്ന ഒരു പ്രൊഡക്ഷൻ സെന്ററായി വികസിപ്പിച്ചതിൽ കൂടുതൽ തൊഴിലവസരങ്ങൾ അവിടെ ഉണ്ടായിട്ടുണ്ട്. കോൺട്രാക്ട് അപ്പോയിൻമെന്റ് നടത്തിയിട്ടുണ്ടാകാം. ഡെയ്‌ലി വേജസ് അപ്പോയിന്റ്മെന്റ് നടത്തിയിട്ടുണ്ടാകാം. അതിൽ കേരളാ കോൺഗ്രസുകാരുണ്ടാകാം. മറ്റ് പാർട്ടിക്കാരും ഉണ്ടാകാം. ഇപ്പോൾ നിലവിൽ ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ പ്രവർത്തിക്കുന്ന ജീവനക്കാരിൽ 70 ശതമാനം പേരെങ്കിലും കോൺഗ്രസ്സുകാരും മുസ്ലീം ലീഗ് അടക്കമുള്ള യു.ഡി.എഫ്. നോട് അനുഭാവമുള്ളവരാണെന്നുപറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളാ കോൺഗ്രസ്സ് പാർട്ടിക്ക് എതിരെ ചില ആക്ഷേപങ്ങൾ വന്നിട്ടുണ്ട്. പാർട്ടിയെ പ്രതിനിധീകരിച്ചുകൊണ്ട് മറുപടി പറയുവാൻ ഞാൻ മാത്രമേയുള്ളൂ.

<u>ശ്രീ. കെ. ബാബു</u> : മന്ത്രി ഉണ്ടല്ലോ?

<u>ഡോ. കെ.സി. ജോസഫ്</u> : മന്ത്രി മന്ത്രിയെക്കുറിച്ച് പറയും. കേരളാ കോൺഗ്രസ്സ് പാർട്ടിയെക്കുറിച്ച് പറഞ്ഞകാര്യം മാത്രമാണ് ഞാൻ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ലിസ്റ്റുവച്ചതിൽ എന്റെ അഡ്രസ്സിൽ ഒരാളുടെ പേര് പറഞ്ഞു. ശ്രീ. ജോ ജോസഫ് തായങ്കരി. 1987-ൽ കാര്യവട്ടം യൂണിവേഴ്സിറ്റിയിൽ കെ. എസ്.യു. വിന്റെ ഔദ്യോഗിക സ്ഥാനാർത്ഥിയായി മൽസരിച്ച ആളാണ് ശ്രീ. ജോ ജോസഫ് തായങ്കരി. അദ്ദേഹത്തിന്റെ പിതാവ് കർഷക കോൺഗ്രസ്സിന്റെ ഭാരവാഹിയാണ്. ആക്ടീവ് മെമ്പർഷിപ്പ് കോൺഗ്രസ്സിലുള്ള ആളാണ്.

ശ്രീ. മാമ്മൻ മത്തായി : ആളെ അറിയുമോ?

ഡോ. കെ.സി. ജോസഫ് : ആളെ അറിയാം. ഞാൻ പത്തിരുപത് കൊല്ലമായിട്ട് കുട്ടനാട്ടിനെ പ്രതിനിധീകരിക്കുന്നു. എല്ലാ പാർട്ടിക്കാരെയും അറിയാം. അല്ലാതെ ഞാൻ വെറുതേ പറയുകയാണോ? കുറെക്കാലമായി അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹത്തെ ക്യാൻസൽ ചെയ്യേണ്ട കാര്യമില്ല. ആരെയും ക്യാൻസൽ ചെയ്യേണ്ടതില്ല. ഇതുപോലുള്ള സ്ഥാപനങ്ങളിലെ നിയമനരീതിയിൽ ശ്രീ. പി.ജെ. ജോസഫ് മന്ത്രിയായി ചാർജ്ജെടുത്തതിനുശേഷം ഒരു ഭേദഗതിയും വരുത്തിയിട്ടില്ല. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ മന്ത്രിയായിരുന്നപ്പോൾ നടന്ന അതേ നിയമനങ്ങളുടെ അതേ മാർഗ്ഗങ്ങളാണ് തുടർന്നിട്ടുള്ളത്. ആ സ്ഥാപനം പ്രൊഡക്ഷൻ സെന്റർ ആയിട്ട് വികസിപ്പിച്ചപ്പോൾ നിയമനങ്ങൾ ആവശ്യാനുസരണം വേണ്ടിവന്നു. അതിൽ കേരളാ കോൺഗ്രസ്സ്, ലീഗ് ഇവരുടെയൊക്കെ ബന്ധുക്കളും ഉണ്ടാകാം. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ പറയട്ടെ, അവരൊക്കെ അയോഗ്യരാണെന്ന് ഞാൻ പറയുന്നില്ല. കോൺട്രാക്ട് അപ്പോയിന്റ്മെന്റ് അല്ലാതെ അവിടെ സ്ഥിരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ജീവനക്കാരൻ നിശ്ചിത യോഗ്യത ഇല്ലാത്തവരാണെന്ന് വന്നാൽ തീർച്ചയായും ആരോപണം ഉന്നയിക്കാം. നിയമനങ്ങളിൽ യോഗ്യത അയവുവരുത്തിക്കൊണ്ട് (ഞങ്ങളുടെ ഏതെങ്കിലും ബന്ധുക്കൾ, എന്റെ ബന്ധുക്കളും ഞങ്ങളുടെ ബന്ധുക്കളും ആരുമില്ല.) നിയമിച്ചുവെന്ന് പറയുവാൻ കഴിയുകയില്ല. പഴയ കാലത്ത് നടന്ന നിയമനങ്ങളിലെ ബന്ധുക്കളുടെ ലിസ്റ്റ് ഒക്കെ എന്റെ കൈവശമുണ്ട്. ഞാൻ പറയുന്നില്ല. ആ നിലയിൽ ഒരു വിവാദം ഉണ്ടാക്കാനല്ല. പക്ഷേ ഒരു കാര്യം ശ്രീ. പി.ജെ. ജോസഫിനെയും കേരളാ കോൺഗ്രസ്സ് പാർട്ടിയെയും ആക്ഷേപിച്ച് കേരളാ കോൺഗ്രസ്സിന് മാത്രം കൊടുത്ത് എന്നുപറഞ്ഞ് ഇതിൽ വിള്ളലുണ്ടാക്കി ഞങ്ങളെ മോശമാക്കി, വെടക്കാക്കി തനിക്കാക്കുവാൻ കഴിയുമെന്ന് കരുതുന്നുണ്ടെങ്കിൽ നിങ്ങൾ വെച്ച വെള്ളം വാങ്ങിയേരേ എന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ. പ്ലസ് ടൂ സ്കൂളുകൾ അനുവദിച്ചത് സംബന്ധിച്ച് ആക്ഷേപം ഉണ്ടെന്നു പറഞ്ഞു, പ്ലസ് ടൂ സ്കൂളുകൾ അനുവദിച്ചത് സംബന്ധിച്ച് മുൻപ് ഇവിടെ വിവാദമുണ്ടായപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ് പ്ലസ് ടൂ അനുവദിക്കുന്നതിനുള്ള മാനദണ്ഡം, അപേക്ഷകൾ സ്വീകരിച്ച് ജില്ലാ കളക്ടർ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഇങ്ങനെ മൂന്ന് അംഗങ്ങൾ അടങ്ങുന്ന സമിതി പരിശോധിച്ച് നിശ്ചിത യോഗ്യത ഉള്ളവരെ കണ്ടുപിടിച്ച് ഹയർ സെക്കന്ററി ഡയറക്ടറേറ്റിലേയ്ക്ക് അയച്ചുകൊടുത്തതിൽനിന്നും 50 ശതമാനം ഗവൺമെന്റ് 50 ശതമാനം പ്രൈവറ്റ് എന്നുള്ള നിലയിലാണ് സ്കൂളുകൾ അനുവദിച്ചത്. കേരളാ കോൺഗ്രസ്സുകാരായ 6 എം.എൽ.എ. മാരുണ്ട്. കോർപ്പറേറ്റ് ഏജൻസീസ്.....

ശ്രീ. കെ. ബാബു : രാജപുരം പള്ളിയിലെ കാര്യവും അങ്ങ് പറയണം.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. സി.പി. ബാലൻ വൈദ്യർ]

ഡോ. കെ.സി. ജോസഫ് : രാജപുരത്തെക്കുറിച്ച് ഞാൻ പറയാം. കോർപ്പറേറ്റ് ഏജൻസിയല്ലാതെ ഒന്നു കൊടുത്തത് പൂഞ്ഞാറിലാണ്. പണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ബി.ജെ.പി. യുടെ സ്ഥാനാർത്ഥിയായി മൽസരിച്ച കേരളവർമ്മ രാജായുടെ യാണ്, പൂഞ്ഞാർ കുടുംബത്തിലെയാണ്. ബാക്കിയെല്ലാം ഒന്നുകിൽ എൻ. എസ്.എസ്, അല്ലെങ്കിൽ എസ്.എൻ.ഡി.പി. അല്ലെങ്കിൽ അരമന എന്നിങ്ങനെ ഉള്ള കോർപ്പറേറ്റ് ഏജൻസിയുടെ കയ്യിലാണ്. അപ്പുറത്തു നിന്നുള്ള മെമ്പർമാർ രാജപുരം സ്കൂളല്ല. രാജപുരം സ്കൂളിനെപ്പറ്റി പറഞ്ഞു. അച്ചനെ ക്കുറിച്ച് ഞാൻ പറയുന്നില്ല. അച്ചന്റെ ലക്ഷ്യത്തെക്കുറിച്ചും പറയുന്നില്ല. രാജ പുരം സ്കൂൾ എന്നു പറയുന്നത്, കോട്ടയം ഡയോസിസിൽ ബിഷപ് കുന്ന ശ്ശേരിയുടെ കോർപ്പറേറ്റ് ഏജൻസിയുടെ പരിധിയിൽ വരുന്നതാണ്. അതേ കോട്ടയം ബിഷപ് കുന്നശ്ശേരി അപ്ലൈ ചെയ്ത നാലു സ്കൂളുകൾക്ക് പ്ലസ് ടൂ കൊടുത്തിട്ടുണ്ട്. അങ്ങനെ നാലെണ്ണം ബിഷപ് ചോദിച്ചപ്പോൾ കൊടുത്തിട്ടു ണ്ട്. അങ്ങനെ നാലെണ്ണം ബിഷപ് ചോദിച്ചപ്പോൾ കൊടുത്തു. അപ്പോൾ രാജ പുരം കൊടുത്തില്ല, അച്ചനോടുള്ള വിരോധം കൊണ്ടാണെന്നു പറയുകയാ ണ്. അതു ബിഷപ്പോ അവിടെത്തെ സഭയോ വിശ്വസിക്കുമെന്നു തോന്നുന്നി ല്ല. കത്തോലിക്കാ സമുദായത്തിന്റെ അംഗീകാരമൊന്നും നിങ്ങൾ എടുക്കണ്ട. ശ്രീ. ജോണി നെല്ലൂർ പ്രസംഗിച്ചപ്പോൾ ചില സ്കൂളുകളുടെ കാര്യം പറയുക യുണ്ടായി. ഞങ്ങളുടെ എം.എൽ.എ. ശ്രീ. ആന്റണി രാജുവിന്റെ കാര്യം പറഞ്ഞു. കൊല്ലത്തുള്ള ചിലതിനെക്കുറിച്ച് പറയുകയുണ്ടായി. കോൺഗ്ര സ്സിന്റെ എം.എൽ.എ. മാർ പറഞ്ഞതുമുണ്ട്. ശ്രീ. ജോണി നെല്ലൂർ പറഞ്ഞ തിൽ.....

<u>ശ്രീ. ജോണി നെല്ലൂർ</u> : അതിലൊന്നു പറയാമോ?

<u>ഡോ. കെ.സി. ജോസഫ്</u> : പറയാം. എം.എൽ.എ. മാർ പറഞ്ഞതെല്ലാം നടന്നിട്ടില്ല. ഞാൻ പറഞ്ഞതും എല്ലാം നടന്നിട്ടില്ല. എനിക്ക് എന്റെ നിയോജക മണ്ഡലത്തിൽ എല്ലാം വേണമെന്നു തോന്നുന്നത് സ്വാഭാവികമാണ്. അങ്ങനെ പറഞ്ഞാൽ ഒന്ന് കൊട്ടറയാണ്. ബഹുമാനപ്പെട്ട എഴുകോൺ നാരായണൻ പറഞ്ഞിരിക്കുന്നത് ആ കോൺസ്റ്റിറ്റ്യൂൻസിയുടെ ജനങ്ങളുടെ ആവശ്യമാണ്. എല്ലാ സൗകര്യങ്ങളുമുള്ള സ്കൂളാണെന്ന് പറഞ്ഞ് എഴുതി ക്കൊടുത്ത ലെറ്റർ എന്റെ തയ്യിലുണ്ട്..... (ബഹളം)..... ഞാൻ കോൺഗ്രസ്സിന്റെ കാര്യമാണ് പറഞ്ഞത്.....

<u>ശ്രീ. മാമ്മൻ മത്തായി</u> : നിങ്ങളുടെ ആളുകൾ പറഞ്ഞു. .....

<u>ഡോ. കെ.സി. ജോസഫ്</u> : നമ്മുടെ ആളുകൾ പലതും പറഞ്ഞിട്ടു ണ്ടാകും. ഞാൻ നിയമസഭയിൽ പണ്ടും പറഞ്ഞിട്ടുണ്ട്, കേരളാ കോൺഗ്രസ് പാർട്ടിയിലെ എം.എൽ.എ. മാരോ ഔദ്യോഗികമായി ആരെങ്കിലുമോ കേരള ത്തിലെ ഏതെങ്കിലും സ്കൂളിന് പ്ലസ് ടൂ അനുവദിക്കുന്നതിന് പണം വാങ്ങി എന്ന് തെളിയിച്ചാൽ ഈ പ്രസ്ഥാനം അതിന്റെ മേൽ കർക്കശമായ നടപടി സ്വീകരിക്കും. ഞങ്ങൾ ഒരുമിച്ചു നിൽക്കും. ശ്രീ. പി.ജെ. ജോസഫ് ഇന്ന് പ്രവർത്തിക്കാൻ തുടങ്ങിയതല്ല. 1982-ൽ ശ്രീ. പി.ജെ. ജോസഫ് 275 സ്കൂളു കൾ സ്വകാര്യമേഖലയിൽ നോട്ടിഫൈ ചെയ്തു. ഒരെണ്ണത്തിനും ആക്ഷേപമു ണ്ടായിട്ടില്ല. ഞങ്ങൾ ആദ്യം ചെയ്യുന്നതല്ല. ശ്രീ. പി.ജെ. ജോസഫ് വിദ്യാ ഭ്യാസ വകുപ്പിന്റെ പ്രവർത്തനം നടത്തുന്നത് ആദ്യമല്ല. കേരളാ കോൺഗ്രസ് പാർട്ടി പ്രവർത്തിക്കുന്നത് ആദ്യമല്ല. ഇതുവരെ ആക്ഷേപമുണ്ടാക്കാൻ പറ്റിയി ല്ല. പബ്ലിക് സർവ്വീസ് കമ്മിഷനിൽ നിന്നും നിയമനം കൊടുക്കാമെന്നു പറഞ്ഞ് പലരും നടക്കുന്നുണ്ടാകാം. അതു കിട്ടുമ്പോൾ ഞാൻ വാങ്ങിക്കൊടു ത്തതാണെന്ന അവകാശവാദം പറഞ്ഞ് പണം പറ്റിപ്പോകുന്നവരുണ്ടാകാം. പക്ഷേ കിട്ടാത്തവർ തിരിച്ചു കൊടുക്കുന്നുണ്ട്. അതുപോലെ ആരെങ്കിലും നട

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നുണ്ടെങ്കിൽ ഞങ്ങൾക്ക് ഉത്തരവാദിത്വമില്ല. കേരളാ കോൺഗ്രസ്സിന്റെ ആരെങ്കിലും ഔദ്യോഗികമായി ചെയ്തു എന്നു ഉത്തരവാദിത്ത്വത്തോടുകൂടി പറഞ്ഞാൽ, ഇവിടെ ഞങ്ങളുടെ പാർട്ടി നേതാവ് ശ്രീ. പി.ജെ. ജോസഫുണ്ട്, പാർട്ടിയുടെ വൈസ് ചെയർമാനുണ്ട്; ഉത്തരവാദിത്വത്തോടുകൂടി തെളിയിച്ചാൽ, ബോധ്യപ്പെടുത്തിയാൽ, നടപടി എടുക്കാൻ തയ്യാറാണ്. പാർട്ടിയുടെ ഭാരവാഹി എന്ന നിലയിൽ ഞാൻ ഉത്തരവാദിത്വത്തോടുകൂടി പറയുകയാണ്. ഒരെണ്ണം തെളിയിച്ചാൽ മതി. ഞങ്ങൾ നടപടി എടുക്കാം. ആരു പറഞ്ഞാലും തെറ്റില്ല. ശ്രീ. പി.ജെ. ജോസഫിനേയോ, ഞങ്ങളുടെ മുന്നണിയിലുള്ള ഏതെങ്കിലും പാർട്ടി നേതാവിനെയോ ബോധ്യപ്പെടുത്തിയാൽ മതി.

<u>ശ്രീ. മാമ്മൻ മത്തായി</u> : ശ്രീ. സുധാകരൻ പറഞ്ഞു.

<u>ഡോ. കെ.സി. ജോസഫ്</u> : ശ്രീ. ജി. സുധാകരൻ അങ്ങനെ പറഞ്ഞിട്ടില്ല. അദ്ദേഹം ഇനി പ്രസംഗിക്കും. ഞാൻ കൂടി സിൻഡിക്കേറ്റ് മെമ്പറായിട്ടുള്ള കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ നടപടിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട ആലുവാ മെമ്പർ ഇവിടെ പറഞ്ഞു. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ 1982-87-ൽ ശ്രീ. ടി.എം. ജേക്കബ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് കൊണ്ടുവന്ന നിയമം അനുസരിച്ച് ഞങ്ങൾ അധികാരത്തിൽ വരുന്നതിനു മുൻപ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റു സിൻഡിക്കേറ്റ് മെമ്പർമാരുമുണ്ടായിരുന്നു. അവർ പഴയ ഗവൺമെന്റിന്റെ കാലത്ത് തീരുമാനങ്ങളെടുത്തതാണ്, കേരളത്തിലെവിടെയും പുതിയ എൻജിനീയറിംഗ് കോളേജുകൾ മാത്രമല്ല മെഡിക്കൽ കോളേജുകൂടി ഉണ്ടാക്കണമെന്ന് തീരുമാനമെടുത്തത്, മുഴുവൻ സ്ഥലത്തും അധികാരപരിധിയുണ്ടെന്നു പറഞ്ഞ് തീരുമാനമെടുത്ത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അടങ്ങുന്ന സിൻഡിക്കേറ്റാണ്. ഞങ്ങളിപ്പോൾ മെഡിക്കൽ കേളേജ് നടത്തണ്ട എന്നു വച്ചു. സാങ്കേതിക സ്ഥാപനങ്ങൾ എൻജിനീയറിംഗ് കോളേജ് കൊച്ചിൻ യൂണിവേഴ്സിറ്റി അല്ലാതെ ആരാണ് നടത്തേണ്ടത്? സാങ്കേതിക വികസനത്തിനു വേണ്ടി ഉണ്ടായിരിക്കുന്ന സ്ഥാപനം കൊച്ചിൻയൂണിവേഴ്സിറ്റിയല്ലാതെ അതു ആരു നടത്തണം.? അത് പഴയ സ്വാശ്രയ മോഡലല്ല. 50 ശതമാനം മെറിറ്റ് വച്ചു കൊണ്ട് സകല സംവരണ തത്വങ്ങളും പാലിച്ചുകൊണ്ട് എൻട്രൻസ് എക്സാമിനേഷന്റെ ലിസ്റ്റിൽ നിന്നും മാത്രമാണ് ഈ സ്ഥാപനങ്ങൾ നടത്താനായിട്ട് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഇടതുപക്ഷജനാധിപത്യ മുന്നണി പ്രഖ്യാപിച്ച നയങ്ങളുമായിട്ടാണ് മുന്നോട്ടു പോകുന്നത്. ശ്രീ. പി.ജെ. ജോസഫിനെയോ കേരളാ കോൺഗ്രസ്സിനെയോ ഒറ്റപ്പെടുത്തി പറഞ്ഞാൽ കേരളത്തിലെ ജനങ്ങൾ വിശ്വസിക്കുകയില്ല. എൽ.ഡി.എഫ്. ന്റെ പിൻതുണ മാറ്റാൻ കഴിയില്ല. നിങ്ങളുടെ പഴയകാല ചരിത്രം ഞാൻ പറയുന്നില്ല. അത്തരമൊരു പരസ്പര ആരോപണത്തിന് ഞാനില്ല; ഒന്നുമില്ലാത്തതുകൊണ്ടല്ല; ഞാൻ അതിനുതയ്യാറല്ല. ബഹുമാനപ്പെട്ട ബി. വിജയകുമാർ ഇത്തരമൊരു ക്രൂരതയ്ക്ക് മുതിരേണ്ടിയിരുന്നില്ല. എന്തായാലും ഈ നിലയിലൊരു പ്രതികാരവുമായിട്ട് പോകേണ്ടിയിരുന്നില്ല എന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.....(ബഹളം)..... നിശ്ചയദാർഢ്യത്തോടുകൂടി സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്കുവേണ്ടി കൊണ്ടുവന്ന ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>മി. ചെയർമാൻ</u> : ശ്രീ. നാലകത്തു സൂപ്പിക്കു ആറു മിനിറ്റ്.....(ബഹളം).....

<u>ശ്രീ. നാലകത്തു സൂപ്പി</u> : അര മണിക്കൂർ വേണം.....(ബഹളം).....

<u>മി. ചെയർമാൻ</u> : അതു ഞാൻ തീരുമാനിച്ചോളാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാമ്മൻ മത്തായി : ഡോ. കെ.സി. ജോസഫ് എത്ര മിനിറ്റ് സംസാരിച്ചു?

മി. ചെയർമാൻ : ചെയറിനെ ഉപദേശിക്കണ്ട. എല്ലാവരും സീറ്റിൽ ഇരിക്കണം. പ്രതിപക്ഷാംഗങ്ങൾ സഭയിൽ മര്യാദ കാണിക്കണം. സമയം പലർക്കും കുറച്ചധികം കിട്ടിയിട്ടുണ്ട്. അത് അപ്പുറത്തുള്ളവർക്കും കിട്ടിയിട്ടുണ്ട്. സഭയിലാണ് ഇരിക്കുന്നതെന്നു മനസ്സിലാക്കണം.....(ബഹളം) .....നിങ്ങൾ എന്നെ പഠിപ്പിക്കേണ്ട.....

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, ഡോ. കെ.സി. ജോസഫ് അദ്ദേഹത്തിന്റെ സമയം മാത്രമല്ല, ശ്രീ. ബാബു ദിവാകരൻ, ശ്രീ. ടി. നാണുമാസ്റ്റർ എന്നിവരുടെ സമയം കൂടി ചേർത്തിട്ടാണ് പ്രസംഗിച്ചത്. രണ്ടു പേരുടെ സമയം കൂടി എടുത്തു. 12 മിനിറ്റായിരുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി പറഞ്ഞു ശരിയാണ്. ഡോ. കെ.സി. ജോസഫിന് ആകെയുണ്ടായിരുന്ന സമയം 12 മിനിറ്റാണ്. എത്ര മിനിറ്റ് അദ്ദേഹം പ്രസംഗിച്ചു..... (ബഹളം).....

മി. ചെയർമാൻ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതു ശരിയാണ്. അദ്ദേഹത്തിന് 12 മിനിറ്റാണ് അനുവദിച്ചത്. ഇന്ന് പല മെമ്പർമാർക്കും അഞ്ചും പത്തും മിനിറ്റ് വരെ സമയം അധികം കിട്ടിയിട്ടുണ്ട്. സാധാരണയിൽ നിന്ന് വ്യത്യസ്തമായി വിദ്യാഭ്യാസ വകുപ്പ് ഉൾപ്പെടെയുള്ള ചർച്ച ആയതു കൊണ്ട് അഞ്ചു-പത്തു മിനിറ്റ് പല മെമ്പർമാരും കൂടുതൽ എടുത്തിട്ടുണ്ട്. ഒരാളിനു കൊടുത്തതിന് മാത്രം അസഹിഷ്ണുത കാണിക്കേണ്ട. പ്രതിപക്ഷത്തും അധികസമയം ഉപയോഗിച്ചിട്ടുണ്ട്. കർശനമായി നിയന്ത്രിക്കണമെന്നു വച്ചാൽ കർശനമായി നിയന്ത്രിക്കാം. പക്ഷേ ഇന്ന് പലർക്കും അഞ്ചു-പത്തു മിനിറ്റ് സമയം അധികം കൊടുത്തിട്ടുണ്ട്. ഞാൻ ചെയറിൽ ഇരുന്നപ്പോൾ തുടക്കം മുതൽ സമയം കർശനമായി നിയന്ത്രിച്ചിട്ടുണ്ട്. പക്ഷെ കുറച്ചു സമയവും വരുത്തിയിട്ടുണ്ട്,

[3 PM] ശ്രീ. നാലകത്തു സൂപ്പി : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇവിടെ അവസാനം പ്രസംഗിച്ച ഡോ. കെ.സി. ജോസഫ് ചില കാര്യങ്ങൾ പറഞ്ഞു. എനിക്ക് ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി.ജെ. ജോസഫിനോട് പറയാനുള്ളത് അദ്ദേഹം പ്ലസ് ടുവിന്റെ കാര്യത്തിൽ മൈനസായിപ്പോകരുതെന്നാണ്. അദ്ദേഹവും മൈനസ്സാകും, വിദ്യാഭ്യാസമേഖലയും മൈനസ്സാകും. ആ നിലയിൽ വളരെ ഔദാര്യമായി ഇത് വിടുന്നത് ശരിയല്ല. ഇവിടെ ഉന്നയിച്ച പല ആരോപണങ്ങളും ഞാൻ ആവർത്തിക്കുന്നില്ല. പ്ലസ് ടു അനുവദിച്ചതിനെ സംബന്ധിച്ചിടത്തോളം..... (ബഹളം)..... പ്രീഡിഗ്രി ഡീലിങ്ക് ചെയ്യുന്നതിന്റെ ഭാഗമായി ഡോ. കെ. സി. ജോസഫ് പറഞ്ഞവസാനപ്പിച്ചുവച്ചത്, അദ്ദേഹത്തിന്റെ കണക്കുപ്രകാരം 40,000 സീറ്റുകൾ ബാക്കിയുണ്ടാകും എന്നാണ്. എവിടെയാണ് സീറ്റ്? എന്റെ കൈയിൽ കണക്കുണ്ട്. ഇവിടെ എസ്.എസ്.എൽ.സി. പാസ്സായ കുട്ടികളുടെ കണക്കുകളെല്ലാം എന്റെ കൈയിലുണ്ട്. 2.88,588 കുട്ടികൾ എസ്.എസ്. എൽ.സി. പാസ്സായി. അതിൽ ഡിസ്റ്റിംഗ്ഷൻ 16,000, ഫസ്റ്റ് ക്ലാസ് 50,000-ത്തോളം, അപ്പോൾ 66,000 കഴിഞ്ഞു. ബാക്കിയുള്ളത് സെക്കൻഡ് ക്ലാസ്സും തേർഡ് ക്ലാസ്സും 210 മാർക്കും വാങ്ങിയ കുട്ടികളാണ്. ഇവിടെ ഡോ. കെ.സി. ജോസഫ് പറഞ്ഞ കണക്കുവച്ചു നോക്കിയാൽ ആകെ അവയിലബിൾ സീറ്റ് എന്നു പറയുന്നത് 1,90,000 ആണ്. ബാക്കി എങ്ങനെ കണക്കുകൂട്ടിയാലും

LIBRARY ARCHIVES Kerala Legislative Assembly

2,22,000 വിദ്യാർത്ഥികൾ ബാക്കിയുണ്ട്. 25,000-ത്തോളം സീറ്റുകൾ അവയിലബിളല്ല. ആ സ്ഥാനത്താണ് 40,000-ത്തോളം, 50,000-ത്തോളം സീറ്റുകൾ ബാക്കിയുണ്ടെന്ന് കണക്കുകൊടുത്തിരിക്കുന്നത്. ഇവിടെ ഡിസ്റ്റിംഗ്ഷനും ഫസ്റ്റ് ക്ലാസ്സും കിട്ടിയ കുട്ടികൾക്കുപോലും സീറ്റില്ല. പിന്നെ പ്ലസ് ടൂ എന്നു പറഞ്ഞാൽ നിങ്ങൾ എവിടെയാണ് പ്ലസ് ടൂ അനുവദിച്ചത്? ആവശ്യമുള്ള സ്ഥലങ്ങളിൽ പ്ലസ് ടൂ അനുവദിച്ചോ? പിന്നോക്ക പ്രദേശങ്ങളിൽ അനുവദിച്ചോ? പ്രീഡിഗ്രിയും ഡീലിങ്കിംഗുമില്ലാത്ത പ്രദേശങ്ങളിലെ സ്കൂളുകൾക്ക്, സ്ഥാപനങ്ങൾക്ക്, കോളേജുകൾക്ക് മതിയായ തോതിൽ അനുവദിച്ചോ? അവിടെയാണ് പ്രശ്നം. സംസ്ഥാനത്ത് ഒരു സുപ്രഭാതത്തിൽ പ്ലസ് ടൂ അനുവദിച്ചു. ഇത്ര സീറ്റുകളുണ്ടായി എന്നു പറഞ്ഞുകൊണ്ട് കാര്യമില്ല. ആവശ്യക്കാർക്ക് കിട്ടിയോ? അവിടെയാണ് പരാതി. എസ്.എൻ.ഡി.പി. ക്കാരുടെ പരാതി ഇവിടെ പറഞ്ഞല്ലോ? ഞങ്ങൾക്ക് പരാതിയുണ്ട്. എന്റെ സമുദായംഗങ്ങൾക്ക് പരാതിയുണ്ട്. ഇവിടെ സമുദായ അടിസ്ഥാനത്തിൽ വിഭജിച്ചിരിക്കുന്നതിനെക്കുറിച്ച് സംശയം പറഞ്ഞു. ആ സ്ഥലങ്ങളിൽ നീതിപൂർവ്വമായി വിതരണം ചെയ്യണം. ഈ രാജ്യത്തെ മുസ്ലിം സംഘടനകൾ, അതുപോലെ മറ്റു പിന്നോക്ക സംഘടനകൾ ഒറ്റക്കെട്ടായി വേണ്ടിവന്നാൽ ഈ കാര്യത്തിൽ ഒരു സമരരംഗത്തേയ്ക്ക് എടുത്തുചാടുമെന്നുള്ള കാര്യത്തിൽ തർക്കം വേണ്ട. ഇന്നത്തെ സ്ഥിതി എന്താണ്? ഈ കൊല്ലം അനുവദിച്ചോ? ഡോ. കെ.സി. ജോസഫ് പറഞ്ഞത് ഞങ്ങൾ ലിസ്റ്റുണ്ടാക്കി ആ നയത്തിന്റെ പേരിൽ അനുവദിച്ചതാണെന്നാണ്. അതുകൊണ്ടാണോ? നമുക്കറിയില്ല. എന്തുകൊണ്ടാണ് ലിസ്റ്റുണ്ടാക്കിയിട്ട് അനുവദിക്കാതെ ഇരിക്കുന്നത്? അവിടെയിരിക്കുന്ന ആളുകൾക്കറിയാം. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അത് തടഞ്ഞു, അതിന്റെ കാരണങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞല്ലോ? ഇനി അടുത്തകൊല്ലം പ്രീഡിഗ്രി കംപ്ലീറ്റ് ഡീലിങ്ക് ചെയ്യുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, അത് സാധിക്കുമോ? ബാക്കിയുള്ള പ്രീഡിഗ്രി ഡീലിങ്ക് ചെയ്തിട്ട് എല്ലാവർക്കും പ്ലസ് ടൂ കൊടുക്കാൻ സാധിക്കുമോ? ഗവണ്മെന്റ് സ്കൂളുകളിൽ ആയിരക്കണക്കിന് അധ്യാപകൻമാരെ നിയമിക്കാൻ സാധിക്കുമോ? എല്ലാ മാനേജ്മെന്റ് സ്കൂളുകൾക്കും കൊടുക്കാൻ തയ്യാറാകുമോ? അതുകൊണ്ടാണ് അൺഎയ്ഡഡ് മേഖലയിലും പ്ലസ് ടൂ അനുവദിക്കണമെന്ന് ഞങ്ങൾ പറയുന്നത്. പ്ലസ് ടൂ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഇവിടത്തെ ബിഷപ്പ് കൗൺസിലും മറ്റെല്ലാ സംഘടനകളും അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാവർക്കും പ്ലസ് ടൂ അനുവദിക്കണമെന്നു പറഞ്ഞ് ആവശ്യപ്പെട്ടിട്ടുണ്ട്. സ്വാശ്രയ കോളേജുകൾ നിങ്ങൾ അനുവദിച്ചില്ലേ? പഴയകാലത്ത് ഞങ്ങൾ അനുവദിച്ചപ്പോൾ എതിർത്ത ആളുകൾ ഇപ്പോഴതിനെ ന്യായീകരിച്ചു. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് മാറ്റമുണ്ടാകുന്നത് നല്ലതുതന്നെയാണ്. സ്വാശ്രയ കോളേജുകൾ അനുവദിക്കാൻ നിങ്ങൾ തീരുമാനിച്ചു. എന്നാൽ അൺഎയ്ഡഡ് മേഖലയിലും സ്വാശ്രയ കോളേജുകൾ അനുവദിക്കണം. എന്തിനാണ് സഹകരണമേഖലയിൽമാത്രം അനുവദിക്കുന്നത്? അത് നിങ്ങൾക്കുമാത്രം വീതിക്കപ്പെടാനല്ലേ? ആ സംവിധാനം നിങ്ങളിൽ മാത്രം ഒതുക്കുന്നതിന് വേണ്ടിയാണോ? അത് ഞങ്ങൾ മനസ്സിലാക്കിയതുകൊണ്ടാണ് സ്വാശ്രയകോളേജുകൾ അൺഎയ്ഡഡ് മേഖലയിലും എയ്ഡഡ് മേഖലയിലും കൊടുക്കണമെന്ന് ശക്തമായി പറയുന്നത്. കോളേജുകളായാലും പ്ലസ് ടൂ സ്കൂളുകളായാലും അനുവദിക്കാറുണ്ടോ? ഈ രാജ്യത്തെ വിദ്യാഭ്യാസ മേഖലയെ സമാനമായി കാണാൻ നിങ്ങൾ തയ്യാറായിട്ടില്ല. ഞാൻ പറയട്ടെ. ഇന്നല്ലെങ്കിൽ നാളെ നിങ്ങൾക്ക് കൊടുക്കേണ്ടിവരും. പ്രീഡിഗ്രി മുഴുവൻ അടുത്തകൊല്ലം ഡീലിങ്ക് ചെയ്യുമെന്നാണ് പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ എല്ലാം ഗവണ്മെന്റ് സ്കൂളുകൾക്കും കൊടുക്കാൻ സാധിക്കുമോ? അൺഎയ്ഡഡ് സ്കൂളിൽ കുട്ടികൾ പോകും, ഇപ്പോൾ തന്നെ ഒന്നാം ക്ലാസ്സിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു. നല്ല സ്കൂളുകൾ തേടി കുട്ടികൾ പോകുന്നു. നമ്മുടെയൊക്കെ കുട്ടികൾ എവിടെയാണ് പഠിക്കുന്നതെന്ന് നമുക്കറിയാമല്ലോ? ആ കുട്ടികളൊക്കെ അൺഎയ്ഡഡ് സ്കൂളിലേയ്ക്കു പോകും. ഇവിടെ പ്ലസ് ടൂ ഗവണ്മെന്റ് സെക്ടറിൽ അനുവദിക്കുമ്പോൾ അവിടെ നിയമിക്കുന്ന അധ്യാപകൻമാർ നാളെ പ്രൊട്ടക്ടഡ് ആകും. അല്ലെന്നു പറയാൻ സാധിക്കുമോ? ഇപ്പോൾത്തന്നെ പ്രൈമറി സ്കൂളുകളിലും സെക്കൻഡറി സ്കൂളുകളിലുമൊക്കെ പ്രൊട്ടക്ട് ടീച്ചേഴ്സിന്റെ പ്രശ്നമുണ്ട്. 10 വർഷം സർവ്വീസുള്ള അധ്യാപകൻമാർക്കുപോലും ഇന്ന് ജോലിസ്ഥിരത യില്ല. കഴിഞ്ഞ കാലത്തുണ്ടായിരുന്നതിൽ മാറ്റം വരുത്തി അത് രണ്ടുകൊല്ല മായി ചുരുക്കണമെന്ന് സംഘടനകൾ നിവേദനത്തിലൂടെ ആവശ്യപ്പെടുന്നു. ഇന്ന് നിരവധി പ്ലസ് ടൂ സ്കൂളുകൾ ഗവണ്മെന്റിൽ അനുവദിച്ച് പിന്നീട് കുട്ടി കളില്ലാതെ വരുമ്പോൾ ടീച്ചർമാരെ പ്രൊട്ടക്ടഡ് ആക്കി അവരുടെ അധിക ബാധ്യത ഏറ്റെടുക്കേണ്ട സ്ഥിതി വരില്ലേ? അവിടെയാണ് ഞങ്ങൾ അൺഎ യ്ഡഡ് വേണമെന്നുപറയുന്നത്. ഏതായാലും ആ കാര്യത്തെ സംബന്ധിച്ചിട ത്തോളം ഗവണ്മെന്റ് വളരെ ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ കണക്കുകളൊന്നും വായിക്കുന്നില്ല. വിദ്യാഭ്യാസരം ഗത്ത് സ്ഥാപനങ്ങൾ അനുവദിച്ചതിനെക്കുറിച്ച് ഞാൻ പറയുന്നില്ല. അതെല്ലാ വർക്കും അറിയാം. ഒരൊറ്റ കാര്യം പറയാം. ഇവിടെ കമ്മ്യൂണിറ്റിവൈസ് എന്നു പറയുമ്പോൾ ക്രിസ്ത്യൻ കമ്മ്യൂണിറ്റിക്ക് 109 എണ്ണം കൊടുത്തു. ഹിന്ദു കമ്മ്യൂണിറ്റിക്ക് 102 എണ്ണം കൊടുത്തു. അതേ സമയം മുസ്ലീം കമ്മ്യൂ ണിറ്റിക്ക് 49 എണ്ണമാണ് കൊടുത്തിട്ടുള്ളത്. തുല്യ ജനസംഖ്യയുള്ള പ്രാതിനി ധ്യമുള്ള ആളുകൾ .....ബഹളം ..... ഇവിടെ സ്ഥാപനങ്ങളുണ്ട്. ഇപ്പോൾ നിലവിലുള്ള അപേക്ഷ നിങ്ങൾ മാറ്റിവച്ചില്ലേ? ആ പെൻഡിംഗ് ആപ്ലിക്കേഷ നിൽ 100-ൽ ചിലാനം ആപ്ലിക്കേഷൻ മുസ്ലീം സമുദായത്തിന്റെയും പിന്നോക്ക സമുദായങ്ങളുടേതുമാണ്. ആകെ 240 അപേക്ഷകളുണ്ട്. അതിൽ എയ്ഡഡ് 147-ഉം അൺഎയ്ഡഡ് 67 ഉം. അത് കൊടുത്തില്ല. അതുപോലെ മറ്റു കമ്മ്യൂണിറ്റികൾ അപേക്ഷ കൊടുത്തില്ലേ? അതു കൊടുക്കുവാൻ എന്താണ് തടസ്സം? സ്കൂളുമായി ബന്ധപ്പെട്ടാണ് കൊടുത്തത്. ഈ അപേക്ഷ കൊടുത്തവരൊക്കെ വെറുതെ കൊടുക്കുമോ? ഒന്നുകിൽ കോളേജിനോടനു ബന്ധമായിരിക്കും. അല്ലെങ്കിൽ സ്കൂളിനോടനുബന്ധമായിരിക്കും. ഈ സ്ഥാപനങ്ങൾക്ക് എന്തുകൊണ്ട് അനുവദിച്ചുകൂടാ? അതുപോലെ കഴിഞ്ഞ പ്രാവശ്യം വളരെ കുറച്ച് കോഴ്സുകളാണ് അനുവദിച്ചത്. അതിന്റെ കണക്കു കൾ ഞാൻ വായിക്കുന്നില്ല. റേഷ്യോ അനുസരിച്ചും അവശ്യകതയനുസരിച്ചും കഴിഞ്ഞകൊല്ലം കൊടുക്കാൻ സാധിച്ചില്ല എന്നുള്ളത് വലിയ പോരായ്മത ന്നെയാണ്. ആ പോരായ്മ പരിഹരിക്കുന്നതിന് ഗവണ്മെന്റ് തയ്യാറാകണമെ ന്നാണ് ഈ കാര്യത്തെക്കുറിച്ച് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതിൽ ഇനിയും ഉദാസീനത കാണിക്കുന്നത് വളരെ അപകടം ചെയ്യും. ഈ രാജ്യത്തെ വിദ്യാഭ്യാസമേഖല, ഞാൻ ചോദിക്കട്ടെ, പൊതുവിൽ നമ്മുടെ ഉന്ന തവിദ്യാഭ്യാസരംഗത്തിന്റെ സ്ഥിതി എന്താണ്? ആശങ്കയിലാണ്. പ്രീഡിഗ്രി കഴിഞ്ഞ്, ഡിഗ്രി കഴിഞ്ഞ് കുട്ടികൾ എവിടെപ്പോകും. ഈ കുട്ടികൾ എന്തു ചെയ്യും എന്നുള്ളതു സംബന്ധിച്ച് വലിയ ആശങ്കയിലാണ്. ഈ ആശങ്ക മാറ്റു ന്നതിന് ഗവണ്മെന്റ് തയ്യാറാകേണ്ടിയിരിക്കുന്നു. ഇപ്പോൾ നിയമിച്ച പ്ലസ് ടൂ സ്കൂളുകളുടെ സ്ഥിതി എന്താണ്? ഗസ്റ്റ് ലക്ചർമാരായ കുറെ ആളുകളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അധ്യാപകൻമാരെ പി.എസ്.സി. ലിസ്റ്റിൽ നിന്നും ഗവണ്മെന്റ് സ്കൂളുകളിൽ നിയമിച്ചുകൂടേ? അതുപോലെതന്നെ കോളേജുകളിൽ പുതിയ കോഴ്സുകൾ വന്ന് പുതിയ നിയമനങ്ങൾ നടക്കുന്നില്ലേ? പ്ലസ് ടു വന്നു, പ്രീഡിഗ്രി ഡീലിങ്ക് ചെയ്തു എന്ന ഒറ്റക്കാരണം പറഞ്ഞുകൊണ്ട് ഒരൊറ്റ കോളേജിലും നിയമനം നടത്താൻ പാടില്ലെന്നാണ് ഗവണ്മെന്റ് പറഞ്ഞിട്ടുള്ളത്. അത് ശരിയാണോ? ആവശ്യത്തിനു കൊടുക്കണ്ടേ? പഠിക്കണ്ടേ? അധ്യാപകർ വേണ്ടേ? ആ സ്ഥിതിയും ഗവണ്മെന്റ് പുനഃപരിശോധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മറ്റൊന്ന് രാവിലെ ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി പ്രസംഗിച്ചപ്പോൾ എൻട്രൻസ് എക്സാമിനേഷനെ കുറിച്ച് പറഞ്ഞു. കഴിഞ്ഞ കൊല്ലം വളരെ വിവാദമുണ്ടായതാണ്. കോടതിയിൽ കേസ് പോയി. ബഹുമാനപ്പെട്ട കോടതിക്ക് മനസ്സിലായി തിരിമറി നടത്തിയെന്നുള്ളത്. ഇപ്പോൾ അതിന്റെ സ്ഥിതി എന്താണ്? ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പലതവണ പറഞ്ഞു. അങ്ങ് വെട്ടിൽ വീഴാൻ പോകുകയാണ്. ഇപ്പോൾ എൻട്രൻസ് കമ്മീഷണറുടെ ഓഫീസിലെ സ്ഥിതി എന്താണ്? അവിടെ ലവൻ എന്നുപറയുന്ന ഒരു കംപ്യൂട്ടർ പ്രോഗ്രാമറുടെ നിയന്ത്രണത്തിലാണ് കേരളത്തിലെ എൻട്രൻസ് സംവിധാനമെന്ന് പറയുന്നത് നാണക്കേടല്ലേ? ഇന്നും അതൊന്ന് മാറ്റാൻ സാധിച്ചോ? നിങ്ങൾ ഒരു മോണിറ്ററിംഗ് കമ്മിറ്റി ഉണ്ടാക്കി. ആ മോണിറ്ററിംഗ് കമ്മിറ്റിയിൽ ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ, ഹെൽത്ത് ഡയറക്ടർ, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ തുടങ്ങിയ അഞ്ചംഗ കമ്മിറ്റിയെ നിയമിച്ചു. ആ കമ്മിറ്റി ഒരു ദിവസം നാമമാത്രമായി കൂടിയതല്ലാതെ അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ഒരു involvement അവർക്ക് ഉണ്ടായിട്ടുണ്ടോ. ഇപ്പോൾ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഞാൻ ബലമായി സംശയിക്കുന്നു. ഞാൻ ഉത്തരവാദിത്വത്തോടുകൂടി പറയുന്നു ആ റാങ്ക് ലിസ്റ്റിൽ തിരിമറി നടന്നിട്ടുണ്ട്. വാല്യുവേഷനിൽ തട്ടിപ്പ് നടന്നിട്ടുണ്ടെന്ന് എന്ന് അവിടെ മോണിറ്ററിംഗ് സെൽ ഉണ്ടാക്കിയില്ല. ഞാൻ ആരേയും വ്യക്തിപരമായി ആക്ഷേപിക്കുകയില്ല. പറയാതിരിക്കാൻ നിവൃത്തി ഇല്ല. ശ്രീ. ചന്ദ്രശേഖരൻ നായർ വളരെക്കാലമായി ഹയർ എഡ്യൂക്കേഷൻ സെക്രട്ടറിയാണ്. കഴിഞ്ഞ പതിനഞ്ച് വർഷമായി കംപ്യൂട്ടർ പ്രോഗ്രാമിൽ ലവനും ഇരിക്കുന്നു. എന്താണ് ഇവരെ മാറ്റാത്തത്? ഹൈക്കോടതി വിമർശിച്ചിട്ട് പോലും നിങ്ങൾ അവരെ മാറ്റിയില്ല. അവർതന്നെയാണ് ഇന്റർവ്യൂ നടത്തുന്നതും. സെലക്ഷൻ നടത്തുന്നതും. തിരിമറിയുണ്ടാകും. കഴിഞ്ഞ തവണ ബോദ്ധ്യമായതാണ്. എന്നിട്ടും ആറേഴു പേർ പുറത്തുപോയി. രണ്ടാമത് കോടതി പറഞ്ഞിട്ട് 29 പേരെ എടുത്തില്ലേ? അവർക്ക് സീറ്റ് കൊടുക്കേണ്ടി വന്നില്ലേ? കമ്മ്യൂണിറ്റി ക്വാട്ടയിൽ നിങ്ങൾ തിരിമറി നടത്തിയത് കോടതി കണ്ടെത്തി. അവസാനം ഏഴ് പേർക്ക് കൊടുക്കാൻ പറഞ്ഞു. അവർക്കുവേണ്ടി പുതിയ സീറ്റ് വർദ്ധിപ്പിക്കാതെ നിങ്ങൾ വെയിറ്റിംഗ് ലിസ്റ്റിലുള്ള ഏഴുപേരുടെ അവസരം നഷ്ടപ്പെടുത്തിയാണ് അവർക്ക് കൊടുത്തത്. നിങ്ങൾ തെറ്റല്ലേ ചെയ്തത്. എന്നിട്ടും സുതാര്യമാണെന്നാണ് പറയുന്നത്. എന്ത് സുതാര്യം? അവിടെ വിളിച്ചാൽ ഫോൺ എടുക്കാൻ ആളില്ല. അവിടെ ഒരു പി.ആർ.ഒ. യെ നിയമിക്കാൻ തയ്യാറുണ്ടോ? എൻട്രൻസിന് വെയിറ്റേജ് മാർക്ക് കൊടുക്കണമെന്ന് വിദഗ്ദ്ധൻമാരായ എല്ലാ ആളുകളും ആവശ്യപ്പെട്ടു. പ്രീഡിഗ്രിയുടെ വെയിറ്റേജ് മാർക്ക് കൂട്ടണം. അത് കൂട്ടേണ്ടിയിരിക്കുന്നു. അതുപോലുള്ള സുതാര്യമായ കാര്യങ്ങൾ നടത്തണം. അത് വളരെ ആക്ഷേപമില്ലാത്ത രീതിയിൽ നടത്തേണ്ടിയിരിക്കുന്നു. എഞ്ചിനീയറിംഗ് കോളേജിൽ കമ്പ്യൂട്ടർ പരിചയമുള്ള ഉന്നതൻമാരായ ഉദ്യോഗ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാൻമാരുണ്ടല്ലോ, അവരെയൊക്കെ ഉൾപ്പെടുത്തി ഇത് കുറ്റമറ്റതാക്കേണ്ടതുണ്ട്. ഇനി അപകടം പറ്റിയാൽ ഞങ്ങൾ വെറുതെ വിടാൻ പോകുന്നില്ല. എൻട്രൻസ് എക്സാമിനേഷനിൽ ഇനിയും തിരിമറി നടന്നാൽ ആരായാലും ശരി ബന്ധപ്പെട്ടവരെ വെറുതെവിടാൻ പോകുന്നില്ല. കോടതി പറഞ്ഞാലും നിങ്ങൾ മാനിക്കുകയില്ല. ഇവിടത്തെ ആളുകൾ പറഞ്ഞാലും മാനിക്കുകയില്ല. സത്യം ബോധ്യമായാലും ചെയ്യുകയില്ല എന്നുപറഞ്ഞാൽ അത് ശരിയല്ല. ആർക്കുവേണ്ടിയാണ് അങ്ങ് മൗനാനുവാദം കൊടുത്തതെന്ന് എനിക്ക് അറിഞ്ഞുകൂടാ. അതുപോലെതന്നെ ഡി.പി.ഇ.പി. എന്താണ് ഡി.പി.ഇ.പി.? 'അത് നമ്മുടെ കാലത്ത് തുടങ്ങിയത്', 'നമ്മുടെ കാലത്ത് തുടങ്ങിയ'തായതുകൊണ്ട് നിങ്ങൾ ചെയ്യുന്ന നൂറുശതമാനവും ഞങ്ങൾ അംഗീകരിക്കണമെന്നുണ്ടോ? അദ്ധ്യാപകർ ഇതിന്റെ ഫണ്ട് ദുരുപയോഗം ചെയ്യുന്നു. ലോകബാങ്കിന്റെ റിപ്പോർട്ടിൽ തന്നെ വളരെ വ്യക്തമായി പറയുന്നുണ്ട്. ലോകബാങ്കിന്റെ ഗൂഢതന്ത്രമാണെന്നതിനെ സംബന്ധിച്ചിടത്തോളം വേറെ തെളിവൊന്നും വേണ്ട, ലോകബാങ്കിന്റെ റിപ്പോർട്ടുതന്നെ മതി. ഇൻഡ്യയെപ്പോലുള്ള പിന്നോക്ക രാജ്യങ്ങളിലെ മനുഷ്യന്റെ ശക്തിയെ ആഗോള മുതലാളിത്തത്തിലുള്ള വില കുറഞ്ഞ അദ്ധ്വാനശക്തിയും കമ്പോളവുമാക്കി മാറ്റാനാണ് വിദ്യാഭ്യാസ മേഖലയിൽ മുതൽമുടക്കാൻ ലോകബാങ്ക് തയ്യാറായിരിക്കുന്നതെന്ന് ലോകബാങ്കിന്റെ മുഖ്യ വിദ്യാഭ്യാസചിന്തകനായ മർലെയിൻ ഡോക്കീസ്, സാമ്പത്തിക വികസന വിഭാഗത്തിന്റെ തലവൻ, ജോൺ മിൽട്ടൺ എന്നിവരടങ്ങുന്ന ഏഴംഗ സംഘം തയ്യാറാക്കിയ 1997-ലെ റിപ്പോർട്ടിലാണ് പറയുന്നത്. നമ്മുടെ ലോകം എങ്ങോട്ട് പോകുന്നു. ഡി.പി.ഇ.പി. യിൽ പോരായ്മ ഉണ്ട്. അതിന്റെ ഫണ്ട് മിസ്യൂസ് ചെയ്യുന്നു. ട്രെയിനിംഗിന് പോകുന്ന ഉദ്യോഗസ്ഥൻമാർ അത് വേണ്ടവിധം ഉപയോഗപ്പെടുത്തുന്നില്ല. കുട്ടികൾക്ക് കളിയാണെങ്കിൽ കളി, പാട്ടാണെങ്കിൽ പാട്ട് ഈ രീതിയിൽ പോകട്ടെയെന്നുള്ള ഒരു സമീപനമാണ് അദ്ധ്യാപകർ സ്വീകരിക്കുന്നത്. അവിടെയാണ് നമുക്ക് ആക്ഷേപം. പാഠ്യപദ്ധതിയിലും കരിക്കുലത്തിലും മാറ്റം വരുത്തണം. ആ രീതിയിൽ മാറ്റം വരുത്തണമെന്നേ പറയുന്നുള്ളു. അതുപോലെതന്നെ ഏരിയാ ഇന്റൻസീവ് പ്രോഗ്രാമിന് കഴിഞ്ഞ ഗവണ്മെന്റിന്റെ വകയായി ഇൻഡ്യൻ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി അനുവദിച്ച 43 സ്കൂളുകൾ ഉണ്ട്. ആ 43 സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളം ഇല്ല. അവർ ഇന്നും ശമ്പളമില്ലാതെ കഷ്ടപ്പെടുകയാണ്. അതിനൊരു തീരുമാനം ഉണ്ടാകണം. അതോടൊപ്പം ഇവയെ എയ്ഡഡ് സ്കൂളുകളായി അംഗീകരിക്കുകയും വേണം. ഈ വക കാര്യങ്ങളിലൊക്കെ തീരുമാനമെടുക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. *(അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ.പി.എ. മജീദ്)*

<u>ശ്രീ. സി.എൻ. ജയദേവൻ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന ബഹുമാന്യരായ സുഹൃത്തുക്കൾ അവരുടെ ചർച്ചകൾ അവസാനിപ്പിച്ചത് വിദ്യാഭ്യാസരംഗത്തെക്കുറിച്ച് പറഞ്ഞുകൊണ്ടാണ് എന്നുള്ളതുകൊണ്ട് ഞാൻ കായികരംഗത്തെക്കുറിച്ചും കലാരംഗത്തെക്കുറിച്ചും കുറച്ചു കാര്യങ്ങൾ പറഞ്ഞതിനുശേഷം വിദ്യാഭ്യാസ രംഗത്തേയ്ക്കു വരാം എന്നുകരുതുകയാണ്. കായിക രംഗത്ത് ദേശീയ-അന്തർദേശീയ തലത്തിൽ വിജയം നേടിയിട്ടുള്ള കായിക താരങ്ങൾക്ക് ഓരോ വർഷവും ഇരുപതുപേരെ വീതം-സർക്കാർ സർവീസിൽ നിയമനം നൽകാനുള്ള തീരുമാനം ഇപ്പോഴും നടപ്പിലായിട്ടില്ല. കഴിഞ്ഞ ഏഴ് വർഷമായി ആരെയും നിയമിച്ചിട്ടുമില്ല. 1992-മുതൽ 1997-വരെയുള്ള അഞ്ച് വർഷം കണക്കാക്കി നൂറുപേരെ നിയമിക്കാനുള്ള നടപടിയെടുത്തെങ്കിൽപോലും ആ

LIBRARY ARCHIVES Kerala Legislative Assembly

നടപടിയെ കോടതിയിൽ ചോദ്യം ചെയ്തതിന്റെ ഭാഗമായി ഇപ്പോഴും ആ തീരുമാനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. കോടതിയുടെ സ്റ്റേ വെക്കേറ്റ് ചെയ്ത് കായികതാരങ്ങൾക്കർഹമായ നിയമനം ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ കൈക്കൊള്ളണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതു പോലെ തന്നെ നമ്മുടെ സംസ്ഥാനത്ത് പ്രഗൽഭരായ കായികതാരങ്ങൾക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിനും ആ പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കായിക ടീമുകൾ രൂപീകരിക്കുന്നതിനുമുള്ള പരിശ്രമം ഈ രംഗത്തുണ്ടാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. നമ്മുടെ സംസ്ഥാനത്ത് രണ്ട് തവണ ഫെഡറേഷൻ കപ്പ് നേടിയ പോലീസ് ഫുട്ബാൾ ടീം ഉണ്ടായിരുന്നു. ഇപ്പോൾ ആ പോലീസ് ഫുട്ബാൾ ടീം ഫലത്തിൽ ഇല്ലാതായിരിക്കുകയാണ്. ഉള്ള കളിക്കാരിൽ പലരും 40 വയസ്സ് കഴിഞ്ഞവരുമാണ്. അതുകൊണ്ട് പോലീസ് ഫുട്ബാൾ ടീം പോലുള്ള ഗവണ്മെന്റ് തലത്തിൽ നടത്താവുന്ന, കായികമേഖലയെ പരിപോഷിപ്പിക്കാവുന്ന ഇത്തരം രംഗങ്ങളിൽ കായികതാരങ്ങളെ നിയമിക്കുന്നതിനുള്ള സംവിധാനം ഗവണ്മെന്റ് നടപ്പിലാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കെൽട്രോൺ, കെ.എസ്.ഇ.ബി., കെ.എസ്.ആർ.ടി.സി., ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് തുടങ്ങിയ പൊതുമേഖലാസ്ഥാപനങ്ങളിലും ഇത്തരത്തിൽ കായിക താരങ്ങളെ നിയമിക്കാനുള്ള നടപടികൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. തൃശൂരിൽ സ്റ്റേഡിയത്തിന്റെയും സ്വിമ്മിംഗ് പൂളിന്റെയും പണി കഴിഞ്ഞ പതിനഞ്ചു വർഷങ്ങളായി നടന്നുവരികയാണ്. ഇപ്പോഴും പണി പൂർത്തിയായിട്ടില്ല. ബാങ്കുകളുമായുള്ള വായ്പകളെ സംബന്ധിച്ച ചില തർക്കങ്ങൾ ഇപ്പോൾ നിലനിൽക്കുകയാണ്. സംസ്ഥാന ഗവണ്മെന്റ് മുൻകൈ എടുത്ത് ജില്ലാ സ്പോർട്സ് കൗൺസിലും ജില്ലയിലെ ജനപ്രതിനിധികളും ബാങ്ക് അധികൃതരും ഉൾക്കൊള്ളുന്ന കോൺഫറൻസ് വിളിച്ചുകൂട്ടി സ്വിമ്മിംഗ്പൂളിന്റേയും സ്റ്റേഡിയത്തിന്റേയും പണി പൂർത്തിയാക്കാനും ഇൻഡ്യയിൽ ഏറ്റവും വലിയ സൗകര്യമുള്ള സ്വിമ്മിംഗ്പൂളാക്കി ഉയർത്തുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കലാ-സാംസ്കാരിക രംഗത്ത് പ്രസിദ്ധമായ സ്ഥാപനങ്ങളിൽ പലതും തൃശൂർ ജില്ലയിലാണ്. തൃശൂരിനെ കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനം എന്നാണ് വിശേഷിപ്പിക്കുന്നത്. വള്ളത്തോൾ നഗറിലെ സംസ്ഥാന നാടക അക്കാദമി, സാഹിത്യ അക്കാദമി, ലളിതകലാ അക്കാദമി, കലാമണ്ഡലം തുടങ്ങി തൃശൂർ ജില്ലയിൽ നിലനിൽക്കുന്ന ഇത്തരം സ്ഥാപനങ്ങൾ കഴിഞ്ഞ ഒന്നുരണ്ടു വർഷങ്ങളായി ജനകീയവത്കരിച്ചുകൊണ്ടുള്ള ധാരാളം പ്രവർത്തനങ്ങൾ നടന്നു എന്നുള്ളതിനെ ഞാൻ അഭിനന്ദിക്കുകയാണ്. അതോടൊപ്പംതന്നെ ലക്ഷക്കണക്കിന് രൂപ മുടക്കി നടത്തിയ ഇത്തരം ആഘോഷങ്ങളിൽനിന്ന് പലരെയും ഒഴിവാക്കി എന്നുള്ള വിമർശനം ശക്തമായിട്ടുണ്ട്. എം.എൽ.എ. എന്നുള്ള നിലയ്ക്ക് എന്നെയോ ശ്രീ. കെ.പി. രാജേന്ദ്രനേയോ ക്ഷണിച്ചില്ല എന്നുള്ള അർത്ഥത്തിൽ എടുക്കരുത്. അതല്ല ഞാൻ ഉദ്ദേശിക്കുന്നത്. മറിച്ച് ലക്ഷക്കണക്കിന് രൂപ ചെലവാക്കി നടത്തിയ അത്തരം പരിപാടികൾ പലതും ശുഷ്ക്കമായിരുന്നു. ആ പരിപാടിയിൽ പങ്കാളികളാക്കേണ്ട മുഴുവൻ ആളുകളെയും പങ്കാളികളാക്കിയില്ല എന്നുള്ള വിമർശനം കക്ഷിരാഷ്ട്രീയത്തിനതീതമായി അവിടെ നിലനിൽക്കുകയാണ്. ഞാൻ ഇക്കാര്യം ബഹുമാനപ്പെട്ട സാംസ്കാമിക വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതുപോലെതന്നെ അക്കാദമി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളെക്കുറിച്ചുള്ള ചില പ്രശ്നങ്ങളും അവർ ഉയർത്തിയിട്ടുണ്ട്. ആ പ്രശ്ന

LIBRARY ARCHIVES Kerala Legislative Assembly

ത്തിലും പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇനി ഞാൻ വിദ്യാഭ്യാസമേഖലയിലേയ്ക്ക് കടക്കുകയാണ്. വിദ്യാഭ്യാസരംഗത്തെക്കുറിച്ച് പറയുമ്പോൾ എനിക്ക് തോന്നിയിട്ടുള്ളത് ഈ വകുപ്പ് എന്തോ തൊട്ടാൽ പൊള്ളുന്ന ഒരു വകുപ്പാണെന്ന്. കേരളത്തിൽ ഒരിക്കലും വിദ്യാഭ്യാസ വകുപ്പിന്റെ ചുമതല ദേശീയ പാർട്ടികളുടെ പ്രതിനിധികളാരും എടുക്കാറില്ല എന്നുള്ള വിമർശനം ധാരാളമായി സഭയ്ക്ക് പുറത്ത് നടക്കുകയാണ്. ഇത് ഏറ്റെടുത്തു നടത്തിയിട്ടുള്ള പ്രാദേശിക അല്ലെങ്കിൽ സംസ്ഥാന പാർട്ടികളുടെ നേതൃത്വതലത്തിൽ പ്രവർത്തിച്ചവർ മോശക്കാരാണെന്നുള്ള അർത്ഥത്തിൽ അല്ല ഞാൻ പറയുന്നത്. അങ്ങനെയാരും തെറ്റിദ്ധരിക്കരുത്. ബഹുമാനപ്പെട്ട ശ്രീ. കെ. ചന്ദ്രശേഖരനോ ശ്രീ. ടി.എം. ജേക്കബോ ശ്രീ. ഇ.ടി. മുഹമ്മദ് ബഷീറോ ഇപ്പോഴത്തെ മന്ത്രി ശ്രീ. പി.ജെ. ജോസഫോ ഈ വകുപ്പിന്റെ ചുമതല ഏറ്റെടുത്ത് പ്രവർത്തിക്കുന്നത് മോശമാണെന്നുള്ള അർത്ഥത്തിൽ അല്ല ഞാനിത് സൂചിപ്പിച്ചത്. എങ്കിലും എന്തുകൊണ്ട് ഈ വകുപ്പിന്റെ ചുമതല ഏറ്റെടുക്കാൻ ദേശീയ പാർട്ടികൾ ആരും തയ്യാറാകുന്നില്ല എന്നുള്ള ചർച്ച സഭയ്ക്ക് പുറത്ത് ധാരാളമായി എല്ലാ മേഖലകളിലും നടക്കുന്നു എന്നുള്ള കാര്യം ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ഞാൻ വിദ്യാർത്ഥിയായിരുന്ന കാലം മുതൽതന്നെ കേൾക്കുന്ന കാര്യമാണ്. ഞാൻ വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തിലൂടെ രാഷ്ട്രീയത്തിൽ വന്നയാളാണ്. മെക്കാളെ പ്രഭു നൽകിയതും ഗുമസ്തൻമാരെ സൃഷ്ടിക്കുന്നതുമായ ഒരു വിദ്യാഭ്യാസ സമ്പ്രദായമാണ് ഇവിടെ തുടർന്നുകൊണ്ടിരിക്കുന്നതെന്ന് കെ.എസ്.യു. ആയാലും എസ്.എഫ്.ഐ. ആയാലും എല്ലാ നേതാക്കന്മാരും കാണാപാഠം പഠിച്ചതുപോലെ എല്ലാപേരും പ്രസംഗിക്കുകയാണ്. ഈ രംഗത്ത് ആരെങ്കിലും ഒരു മാറ്റം ഉണ്ടാക്കാൻവേണ്ടി ശ്രമിച്ചാൽ വലിയ കോലാഹലമായി. വിമോചന സമരംപോലും ഉണ്ടായിട്ടുള്ളത് എങ്ങനെയാണെന്ന് നമുക്ക് അറിയാം. ഈ രംഗത്ത് മാറ്റങ്ങൾ ഉണ്ടാക്കാനുള്ള പരിശ്രമം ആരെങ്കിലും തുടങ്ങിയാൽ ഉടനെ അതിനെതിരായി വലിയ പ്രക്ഷോഭണമായി, പല രൂപത്തിലുള്ളവർ പ്രതികരിക്കലായി. ആദ്യം ബുദ്ധിജീവികൾ പ്രതികരിക്കും. പിന്നീട് സംഘടനകൾ പ്രതികരിക്കലായി. സത്യത്തിൽ ഈ രംഗത്ത് ഒരു മാറ്റംവരുത്താൻവേണ്ടി ആത്മാർത്ഥമായ പരിശ്രമം ആര് തുടങ്ങിയാലും ഇവിടെ എതിർക്കപ്പെടുന്നതായിട്ടാണ് കാണുന്നത്. ഇവിടെ പല സുഹൃത്തുക്കളും സംസാരിക്കുമ്പോൾ ഇതിൽ പലതും ഞങ്ങൾ തുടങ്ങിയതാണെന്ന് പറയുകയുണ്ടായി. ഡി.പി.ഇ.പി. തുടങ്ങിയത് കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്താണ്. ഈ ഗവണ്മെന്റിന്റെ കാലത്ത് ശക്തമായി മുന്നോട്ടുകൊണ്ടുപോകാൻ തീരുമാനിച്ചിരിക്കുകയാണ്. വിദ്യാഭ്യാസരംഗത്ത് സമഗ്രമായ, ശാസ്ത്രീയമായ പരിഷ്ക്കരണം വേണമെന്ന് പലപ്പോഴും വിദ്യാർത്ഥി സംഘടനകളും അദ്ധ്യാപക സംഘടനകളുമൊക്കെ ആവശ്യപ്പെടാറുണ്ട്. ശാസ്ത്ര സാങ്കേതിക വിദ്യയുടെ വികാസത്തിനനുസൃതമായി വിദ്യാഭ്യാസരംഗത്ത് പരിഷ്കരണം ഏർപ്പെടുത്തണം. ഇന്ന് കേവലം ക്ലാസ് റൂമുകളിൽ ഒതുങ്ങിനിൽക്കുന്ന വിദ്യാഭ്യാസരീതി മാറ്റണം. ഇക്കാര്യം വിദ്യാർത്ഥി സംഘടനകളും അദ്ധ്യാപക സംഘടനകളും രക്ഷകർത്താക്കളും പൊളിറ്റിക്കൽ പാർട്ടികളുമൊക്കെ ആവശ്യപ്പെട്ടതാണ്. അതിന്റെ അടിസ്ഥാനത്തിലുള്ള ചില മാറ്റങ്ങളാണ് ഈ സംവിധാനത്തിലൂടെ ഇവിടെ നടപ്പാക്കിവരുന്നത്. ഇക്കാര്യത്തെ സംബന്ധിച്ച് ആരും ചോദിച്ചില്ലെങ്കിലും ഞാൻതന്നെ ഉത്തരം പറയുകയാണ്. കാരണം ഈ മുന്നണിക്കകത്തുതന്നെ രാഷ്ട്രീയ പാർട്ടികളുടെ പോഷക സംഘടനകളും വർഗ്ഗ ബഹുജനപ്രസ്ഥാനങ്ങളിൽ ചിലരും ഇതിനെ ചോദ്യം ചെയ്യുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കാരണം ഒരു പുതിയ നടപടിയുമായി മുന്നോട്ടുവരുമ്പോൾ ധാരാളം എതിർപ്പുകളും സംശയങ്ങളും ഉണ്ടാകാറുണ്ട്. എങ്കിലും ആ എതിർപ്പുക ളെയും സംശയങ്ങളെയും അതിജീവിച്ചുകൊണ്ട് ക്രമേണ അവർക്കുകൂടി ബോദ്ധ്യമാകത്തക്കരീതിയിൽ വിദ്യാഭ്യാസരംഗത്ത് ചില പരിഷ്കാരങ്ങളുമാ യിട്ടാണ് നമ്മുടെ വിദ്യാഭ്യാസവകുപ്പ് മുന്നോട്ടുപോകുന്നത്. അതിനുള്ള സുതാര്യമായ നടപടികളാണ് വിദ്യാഭ്യാസവകുപ്പുമന്ത്രിയും ഇടതുപക്ഷ ജനാ ധിപത്യമുന്നണി ഗവണ്മെന്റും കൈക്കൊള്ളുന്നത്. അത് പുതിയ ഉണർവിന്റെ പടവുകളാണ്. ഇപ്പോഴത്തെ കുട്ടികളെ സംബന്ധിച്ചിടത്തോളം അവർ ചോദി ക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നതിന് പഴയ സമൂഹത്തിനോ അല്ലെ ങ്കിൽ പഴയ അദ്ധ്യാപകർക്കോ കഴിയുന്നില്ല. ഞാൻ അദ്ധ്യാപകരെ കുറ്റപ്പെടു ത്തുന്നില്ല. അദ്ധ്യാപകർക്ക് പഴയതുപോലെ ഇപ്പോഴത്തെ കുട്ടികൾ ചോദി ക്കുന്ന പല ചോദ്യങ്ങൾക്കും മറുപടി പറയാൻ കഴിയാതെ വരുന്നുണ്ട്. വളരെ പ്രഗത്ഭമായ കോളേജാണ് സെന്റ് തോമസ് കോളേജ്. ഞാൻ ആ കോളേ ജിനെ കുറ്റപ്പെടുത്തുന്നില്ല. എന്റെ മകൻ പ്രീഡിഗ്രിക്ക് ആ കോളേജിൽ പഠി ക്കുകയാണ്. ഫിസിക്സിൽ ഒരു ചോദ്യം ചോദിച്ചപ്പോൾ ട്യൂഷൻ ക്ലാസ്സിൽ പോയി ചോദിക്കാനാണ് അദ്ധ്യാപകൻ പറഞ്ഞത്. ആ അദ്ധ്യാപകൻ ആരാണ് എന്ന് എനിക്കറിയില്ല. ഞാൻ ചോദിച്ചിട്ടുമില്ല. അതിന്റെ പേരിൽ ഞാൻ ഒരു ബഹളത്തിനും മുതിരുന്നില്ല. പ്രത്യേകിച്ച് കേരളത്തിലെ പുത്തൻ തലമുറ പുതിയ ചോദ്യങ്ങൾ ഉന്നയിക്കുന്നവരാണ്. ആ ചോദ്യങ്ങൾക്കനുസൃതമായി അദ്ധ്യാപകർക്ക് ഉത്തരം കൊടുക്കാനും കഴിയുന്നില്ല. വിദ്യാഭ്യാസ രംഗത്ത് സമഗ്രവും ശാസ്ത്രീയവുമായ മാറ്റങ്ങൾക്ക് ഇടതുപക്ഷജനാധിപത്യ മുന്നണി തുടങ്ങിവച്ച പ്രവർത്തനങ്ങൾക്ക് ആക്കംകൂട്ടിക്കൊണ്ട് മുന്നോട്ടുപോകുകയാ ണ്. അതിൽ ആദ്യം ചില വിമർശനങ്ങളും എതിർപ്പുകളുമുണ്ടാകാം. ഇപ്പോ ഴത്തെ പുതിയ കുട്ടികൾ ചോദിക്കുന്ന ഒന്നുരണ്ടു ചോദ്യങ്ങൾ ഞാൻ ഉദാഹര ണത്തിന് പറയുകയാണ്. കടവാവൽ മരത്തിൽ തൂങ്ങിക്കിടക്കാറാണല്ലോ പതിവ്. എങ്കിൽ അത് പ്രസവിക്കുമ്പോൾ കുഞ്ഞുങ്ങൾ താഴെവീഴില്ലേ? അണ്ണാൻ ചിതലുകളെ തിന്നുന്നതു കണ്ടു. അപ്പോൾ അത് സസ്യാഹാരമേ കഴിക്കുകയുള്ളൂവെന്നുള്ളത് ശരിയാണോ? അങ്ങനെ പുതിയ തലമുറ കുറെ ചോദ്യങ്ങൾ ചോദിക്കുകയാണ്. ഡി.പി.ഇ.പി. യുടെ ഫലമായി അത്തരം മാറ്റം ഉണ്ടായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥിതി വളരെ ശോചനീയമാണ്. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളെ മാറ്റി യെടുക്കുന്നതിന് ഗവണ്മെന്റ് ശ്രമിക്കണം. എന്റെ മണ്ഡലത്തിലെ ആർ ഗവ ണ്മെന്റ് സ്കൂളുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചു നൽകി. എം.പി. ഫണ്ടിൽ നിന്നുള്ള കാശ്, ഡിസ്ട്രിക്ട് പഞ്ചായത്തിൽനിന്നുള്ള പണം, പി.ടി. എ. പിരിച്ചെടുത്ത കാശു ഇവയെല്ലാം ഉപയോഗിച്ച് പീച്ചിയിലും പട്ടിക്കാടും അതുപോലുള്ള കുഗ്രാമങ്ങളിലും പുതിയ കെട്ടിടങ്ങൾ പണിത് പ്ലസ് ടു ആരം ഭിച്ചിട്ടുണ്ട്. അവിടെയൊക്കെ ഇപ്പോഴും സൗകര്യം പോരായെന്നാണ് പറയു ന്നത്. ശരിയാണ്. അത്തരത്തിൽ മാറ്റങ്ങൾ വരുത്താൻ അധികാര വികേന്ദ്രീക രണത്തിലൂടെ ജനകീയ പങ്കാളിത്തത്തിലൂടെ എം.പി. മാരുടെ ഫണ്ടുകൾ ഉൾപ്പെടെ ഉപയോഗിച്ചുകൊണ്ട് മാറ്റം വരുത്താനുള്ള ശ്രമങ്ങൾ നടത്തുക യാണ്. അത്തരത്തിലുള്ള മാറ്റങ്ങൾ ഈ രംഗത്ത് ഉണ്ട് എന്നുള്ളത് കാണാതെ വിമർശനങ്ങൾ ഉന്നയിക്കരുത്. വിദ്യാഭ്യാസ രംഗത്ത് എന്ത് മാറ്റങ്ങ ളുണ്ടായാലും നമ്മുടെ സംസ്ഥാനത്ത ഇപ്പോഴും ഐ.എ.എസ്., ഐ.പി. എസ്. ഉൾപ്പെടെയുള്ള ഉയർന്ന തസ്തികകളിൽ കടന്നുകയറുന്നതിന് ഒരു പാട് പ്രയാസങ്ങളുണ്ടെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. പഠിപ്പിക്കുന്നതും പഠ

LIBRARY ARCHIVES Kerala Legislative Assembly

നത്തിന് ആസൂത്രണ നടത്തുന്നതും വ്യക്തമായ മാറ്റങ്ങൾക്ക് ലക്ഷ്യമിട്ടുകൊ ണ്ടുതന്നെയാകണം.

ബീഹാറിലെ ഒരു ഗ്രാമത്തിൽ നടന്ന ഒരു കഥ ഞാൻ കേട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ കുടുംബാസൂത്രണം പഠിപ്പിക്കാൻ ഒരു ഗ്രാമത്തിൽ പോയി. ഗ്രാമീണരെ ആകെ വിളിച്ചു കൂട്ടി പ്രശ്നങ്ങളൊക്കെ പഠിപ്പിച്ചു. എല്ലാം കൈകൊണ്ടുള്ള ആംഗ്യത്തിലൂടെയായിരുന്നു. പഠിപ്പിച്ചു പോന്നത്. ഒരു വർഷത്തിനുശേഷം ആ ഉദ്യോഗസ്ഥൻമാർ ആ ഗ്രാമത്തിൽ തിരിച്ചു ചെന്നു. റിസൽട്ട് എന്താണെന്ന് അറിയാൻ. ആ ഗ്രാമത്തിൽ ജനപ്പെ രുപ്പം വർദ്ധിച്ചിരിക്കുകയാണ്. കാരണം ചോദിച്ചപ്പോൾ അവർ പറഞ്ഞത്. സാറൻമാർ വന്നു പഠിപ്പിച്ചതൊക്കെ കൈകൊണ്ട് ആംഗ്യം കാണിച്ചിട്ടാണ്. ഞങ്ങൾ ഗർഭ നിരോധനയന്ത്രം ഉപയോഗിച്ചത് കൈയിലാണ് എന്നാണ്. അതുകൊണ്ട് ജനപ്പെരുപ്പം വർദ്ധിച്ചിരിക്കുകയും ചെയ്തു. തടയപ്പെട്ടതുമില്ല. നമ്മുടെ രാജ്യത്ത് പലപ്പോഴും വിദ്യാഭ്യാസ രംഗത്ത് പരിഷ്ക്കാരങ്ങൾ ഉണ്ട് എന്നു പറഞ്ഞു നടപ്പാക്കിയ പലരും ഈ സമൂഹത്തിന് പ്രയോജനപ്പെടു ത്താൻ കഴിയില്ല. അത്തരത്തിൽ പ്രയോജനപ്പെടത്തക്ക രൂപത്തിലുള്ള പദ്ധതിയാണ് ബഹുമാനപ്പെട്ട പി.ജെ. ജോസഫിന്റെ നേതൃത്വത്തിൽ നടപ്പാ ക്കിയത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വാശ്രയകോളേജു കൾ ഉൾപ്പെടെയുള്ള പരിപാടികൾ നടപ്പാക്കി. സ്വാശ്രയകോളേജുകളുടെ കാര്യത്തിൽ ഇവിടെ ശ്രീ. നാലകത്തു സൂപ്പി ചോദിച്ചു. എന്താ സ്വകാര്യ മേഖലയിൽ ആയാൽ? ഒരു കുഴപ്പവുമില്ല എന്ന അഭിപ്രായമാണ് ഞങ്ങളുടേ ത്. തുടക്കം എന്നുള്ള നിലയിൽ സഹകരണ മേഖലയിൽ ആരംഭിക്കുന്നു. കേരളത്തിലെ എല്ലാ വിദ്യാഭ്യാസ രംഗത്തും സ്വകാര്യ മേഖലയുണ്ട്. പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, പ്ലസ് ടു, കോളേജുകളിൽ എല്ലാത്തിലും ഉണ്ട്. അതുകൊണ്ട് സ്വാശ്രയ കോളേജുകൾ എന്നുള്ള മേഖലയിൽ ഒരു ഘട്ടത്തിൽ സ്വകാര്യ മേഖലയ്ക്ക് പങ്കാളിത്തം നൽകുന്നതിന് യാതൊരു തടസ്സവും ഇല്ല എന്നാണ് സൂചിപ്പിക്കാനുള്ളത്. നമ്മുടെ സംസ്ഥാന ഗവൺമെന്റ് പ്ലാൻ ചെയ്ത കാര്യങ്ങളിൽ എല്ലാവർക്കും വീട് എന്ന സ്വപ്നം രണ്ടായിരാമാണ്ടിൽ തീരുമെന്ന ലക്ഷ്യമിട്ടുകൊണ്ടാണ് ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്. അങ്ങനെ പ്രവർത്തിക്കുമ്പോൾ 8.5 ലക്ഷം വീടുകൾ വേണ്ടി വരും എന്നാണ് ഗവൺമെന്റ് കണക്കാക്കുന്നത്. കഴിഞ്ഞ വർഷം തന്നെ ഇതിനുവേണ്ടി നട ത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് ഡോ. കെ.സി. ജോസഫ് സൂചിപ്പിക്കുകയു ണ്ടായി. ഒരു വർഷം 2.12 ലക്ഷം വീടുകൾ വീതം നിർമ്മിച്ചുകൊണ്ട് ഈ ഭവന നിർമ്മാണ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഒരു പദ്ധതി നടപ്പാക്കി വരുകയാണ്. ഈ ധനാഭ്യർത്ഥനയെ ആനുകൂലിച്ചു കൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. ജി. സുധാകരൻ</u> : ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കു ന്നു. നമ്മുടെ വിദ്യാഭ്യാസമന്ത്രി ശ്രീ. പി.ജെ ജോസഫ് അവർകൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ വിദ്യാഭ്യാസ നയം നടപ്പാക്കുവാൻ ആത്മാർത്ഥമായി പരിശ്രമിച്ചുകൊണ്ട് കഴിഞ്ഞ മൂന്നു വർഷക്കാലം നടത്തിയ പ്രവർത്തനങ്ങളെ ഈ ബഡ്ജറ്റു വർഷം മുന്നോട്ടു കൊണ്ടു പോകുന്ന ധനപ രമായ അഭ്യർത്ഥനകളെ മാനിക്കുന്ന കാര്യം ചർച്ച ചെയ്യുമ്പോൾ അദ്ദേഹത്തെ ഒറ്റപ്പെടുത്തി ആക്രമിക്കുന്നു എന്ന ഒരു തോന്നൽ ഉണ്ടാക്കുവാൻ ബഹുമാന പ്പെട്ട പ്രതിപക്ഷം ശ്രമിച്ചതായി ഒരു ധാരണ പരന്നിട്ടുണ്ട്. അങ്ങനെയുള്ള ഒരു ധാരണ ശരിയാണ് എന്നിപറയാൻ കഴിയില്ല. കാരണം ഈ ധനാഭ്യർത്ഥന

LIBRARY ARCHIVES Kerala Legislative Assembly

ചർച്ച തുടങ്ങിയ 22-ാം തീയതി മുതൽ പ്രതിപക്ഷം എടുത്ത ആ സമീപനം മന്ത്രിമാരെ ഓരോരുത്തരെ ആക്ഷേപിക്കുക എന്നതാണ്. അത് അംഗീകരിക്കാൻ നിർവാഹമില്ല. 22-ന്റെ ചർച്ചയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ നേതൃത്വത്തിൽ തന്നെ കേരളത്തിൽ ഇന്ന് ജിവിച്ചിരിക്കുന്നതിൽ ഏറ്റവും മഹാനായ രാഷ്ട്രീയ നേതാവായിട്ടുള്ള സഖാവ് നയനാരെ ഒറ്റപ്പെടുത്തി ആക്രമിക്കുവാൻ ശ്രമിച്ചത് നമ്മൾ എല്ലാവരും കണ്ടതാണ്. പക്ഷേ അത് പരാജയപ്പെട്ടു. അടുത്ത ദിവസം മറ്റൊരു ബഹുമാനപ്പെട്ട മന്ത്രിയെ ആക്രമിക്കുവാനാണ് ശ്രമിച്ചത്. അതും പരാജയപ്പെട്ടു. കഴിഞ്ഞ നിയമസഭയിൽ ഈ ഗവൺമെന്റിന്റെ പ്രഗൽഭനായ നമ്മുടെ ധനകാര്യവകുപ്പുമന്ത്രി ശ്രീ. ശിവദാസമേനോനെ ഒറ്റപ്പെടുത്തി ആക്രമിക്കാൻ ശ്രമിച്ചു. നിങ്ങളുടെ ഈ ഒറ്റപ്പെടുത്താൻ വിഫലതന്ത്രത്തിന്റെ ഒരു തുടർച്ച മാത്രമായിട്ടേ ഞാൻ ഇന്ന് ശ്രീ. പി.ജെ. ജോസഫിനെതിരെയുള്ള ആരോപണത്തെ കാണുന്നുള്ളൂ. നിങ്ങൾ വാസ്തവത്തിൽ ആക്രമിക്കുന്നത് ശ്രീ. പി.ജെ. ജോസഫിനെയല്ല. അദ്ദേഹത്തിന്റെ സംസ്ഥാന പാർട്ടിയായ കേരളാ കോൺഗ്രസ് (ജെ) യെ അല്ല. നിങ്ങൾ ആക്രമിക്കുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെയാണ്. ഈ ഗവൺമെന്റിനെയാണ്. ഇപ്പുറത്തിരിക്കുന്ന 81 അംഗങ്ങളാൽ അതിശക്തമായി സംരക്ഷിക്കപ്പെടുന്ന ജനങ്ങളാൽ സംരക്ഷിക്കപ്പെടുന്ന ഈ ഗവൺമെന്റിനെ ആക്ഷേപിക്കുന്ന നിങ്ങളുടെ രൂപം അതുകൊണ്ട് തന്നെ നിങ്ങളുടെ ശ്രമങ്ങൾ വിഫലമാകാൻ പോവുകയാണ്. വിഫലമായിക്കൊണ്ടിരിക്കുകയാണ്. നാളയും വിഫലമാകുകയേയുള്ളുവെന്ന് ഞാൻ ആദ്യമായി പറഞ്ഞു കൊള്ളട്ടെ. എന്നാൽ ഒന്ന് കൂടി എനിക്ക് പറയാനുണ്ട്. വസ്തുനിഷ്ഠവും സത്യസന്ധവുമായ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ പ്രഭാപൂരിതമാക്കാനോ ശുദ്ധീകരിക്കാനോ ആത്മാർത്ഥമായ ഉദ്ദേശത്തോടുകൂടിയുള്ള എന്തെങ്കിലും ആരോപണങ്ങളോ ആക്ഷേപങ്ങളോ ഉണ്ടെങ്കിൽ എഴുതിക്കൊടുത്ത ഉത്തരവാദിത്വമുള്ള കേന്ദ്രങ്ങളിൽ ഉന്നയിക്കുവാൻ ഞാൻ നിങ്ങളെ വെല്ലുവിളിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യന്ത്രി അന്ന് ഉന്നയിച്ച വെല്ലുവിളി ഈയവസരത്തിൽ ഞാൻ വീണ്ടും ഉന്നയിക്കുകയാണ്. അത്രമാത്രമേ എനിക്കു ഈ നിമിഷം പറയാനുള്ളൂ. ശ്രീ. പി.ജെ. ജോസഫ് ഒരു സാധാരണ വിദ്യാഭ്യാസ വകുപ്പുമന്ത്രിയല്ല. അസാധാരണമാരായ ഒട്ടേറെ വിദ്യാഭ്യാസ വകുപ്പുമന്ത്രിമാർ ഇന്ത്യയിലുണ്ടായിട്ടുണ്ട്. കേരളത്തിലുമുണ്ടായിട്ടുണ്ട്. ശ്രീ. മുണ്ടശ്ശേരി മാസ്റ്റർക്ക് അദ്ദേഹത്തിന്റേതായ ചില പ്രത്യേകതകൾ ഉണ്ട്. വ്യക്തിത്വം ഉണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കകത്തുനിന്നുകൊണ്ട് അദ്ദേഹത്തിന്റേതായ ഒരു ദർശനം വിദ്യാഭ്യാസ രംഗത്ത് അവതരിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിന് നല്ല ഇമേജിനേഷനുണ്ട്; നല്ല ഭാവനയുണ്ട്. നിങ്ങൾ ആരോകളിയാക്കി സംസാരിച്ചു. മരുഭൂമിയിൽ. മലർന്നു കിടന്ന് തുപ്പുന്നവർ ആ തുപ്പൽ മുഖത്തു വീഴുമ്പോൾ അതാണ് ഭാവനയെന്ന് കരുതരുത്. ഭാവനയെന്നുപറഞ്ഞാൽ അതല്ല. ശ്രീ. കാർത്തികേയന് ഭാവനയുണ്ടാകും. ശ്രീ. ആര്യാടന് ഭാവനയുണ്ടാകും. ശ്രീ. മാണിക്ക് ഭാവനയുണ്ടാകും. ഓരോരുത്തരുടേയും ഭാവന എങ്ങനെ നടപ്പിലാകുന്നു എന്നത് ജനങ്ങൾ വിമർശിക്കുകയോ വിമർശിക്കാതിരിക്കുകയോ ചെയ്യും. ഞാൻ മനസ്സിലാക്കിയിടത്തോളം ശ്രീ. പി. ജെ. ജോസഫിന് ഭാവനയുണ്ട്. അദ്ദേഹത്തിന് കലാകാരന്റെ ഒരു ഹൃദയമുള്ളത് ഏതോ ഒരു ദോഷമാണെന്ന് ഒരു മെമ്പർ ഇവിടെ പറഞ്ഞു. കലയെ നിങ്ങൾ ഇത്രമാത്രം ശപിക്കുവാൻ എന്താണ് കാരണം എന്ന് എനിക്ക് മനസ്സിലാകുന്നില്ല. അദ്ദേഹത്തിന് ഫിലോസഫിയുണ്ട്. ഇമേജിനേഷനുണ്ട്, ആർട്ടിസ്റ്റിക് ആയിട്ടുള്ള ഒരു ടേസ്റ്റ് ഉണ്ട്. ഇതെല്ലാം വിദ്യഭ്യാസ മേഖലയ്ക്ക് പ്രയോ

LIBRARY ARCHIVES Kerala Legislative Assembly

ജനപ്പെടുത്താം. ഞാൻ ഇന്നലെ ഇവിടെ ചർച്ച ചെയ്ത കാര്യം പരാമർശിക്കട്ടെ. ഇന്നലത്തെ ചർച്ചയിൽ ബഹുമാനപ്പെട്ട 100 ലക്ഷത്തോളം ജനങ്ങൾ രാവിലെ വായിക്കുന്ന മലയാള മനോരമ പത്രം. ഞങ്ങളെയാണ് ഏറ്റവും കൂടുതൽ എതിർക്കുന്നത്. എന്നാലും പറയുന്നു-ഈ പത്രത്തിൽ ശ്രീ. നായനാരെ വിക്രമാദിത്യനോട് ഉപമിച്ചിരിക്കുന്നു. ഈ സഭയിലെ ഒരു അംഗം പറഞ്ഞതാണെങ്കിലും അത് എട്ടുകോളം ഹെഡ്ലിംഗ് ആയിട്ട് അവതരിക്കുപ്പിമ്പോൾ, പോസിറ്റീവായി അവതരിപ്പിക്കുമ്പോൾ ഈ രാജ്യത്ത് അത് അംഗീകരിക്കപ്പെടാതിരിക്കാൻ സാദ്ധ്യതയില്ല. മുമ്പൊരിക്കൽ അതേ പത്രം ശ്രീ. നായനാരെ ശ്രീകൃഷ്ണനോടും ശ്രീ. ശിവദാസമേനോനെ അർജുനനോടും ശ്രീ. ശർമ്മയെ ഈ രാജ്യത്ത് പ്രകാശം പരത്തുന്ന സൂര്യനോടും ഉപമിച്ചു. ഇവിടെ എൽ.ഡി.എഫ്. മെമ്പർമാർ പറഞ്ഞത് 100 ലക്ഷം ജനങ്ങൾ രാവിലെ വായിക്കുന്ന മലയാള മനോരമയ്ക്കു പോലും ഈ കാര്യത്തിൽ ഒരു പോസിറ്റീവ് ടച്ചു ഇല്ലോ? എന്തുകൊണ്ട് അങ്ങനെ കഴിയുന്നു? മാർക്കിസ്റ്റു വിരോധം ഉള്ള പത്രമല്ലേ? അവർക്കു ഒരു ഐഡിയോളജിയില്ലേ? മാതൃഭൂമി ഒരു തരത്തിൽ എഴുതുന്നുണ്ട്. കേരള കൗമുദി മറ്റൊരു തരത്തിൽ എഴുതുന്നുണ്ട്. ദീപിക എഴുതുന്നുണ്ട്. ശ്രീ. കുഞ്ഞാലിക്കുട്ടി ചന്ദ്രിക (.....) നന്നായി എഴുതുന്നുണ്ട്. നിങ്ങളുടെ പത്രം വളരെ നല്ല തരത്തിലാണ് നിയമസഭയെപ്പറ്റി എഴുതുന്നത്. മംഗളവും മാതൃഭൂമിയും ഇൻഡ്യൻ എക്സ്പ്രസ്, ഹിന്ദു എഴുതുന്നത് ഓരോന്നിൽ ഞാൻ ഓരോ പത്രവും എടുത്തു പറയുന്നില്ല. ഞാൻ ദേശാഭിമാനിയെപ്പറ്റി പറയുന്നില്ല. എന്താണെന്നു വച്ചാൽ ഞങ്ങൾ ചെയ്യുന്ന കാര്യങ്ങൾക്ക് പ്രാധാന്യം നൽകേണ്ട പത്രമാണിത്. തീർച്ചയായും ശ്രീ. പി.ജെ. ജോസഫിന്റെ ഈ നീക്കം ഒരു ഹീറോയിക് അഡ് വെഞ്ചർ ആണ്... ഞാൻ പറഞ്ഞ പ്രശ്നം 150 വർഷക്കാലം കൊളോണിയൽ പാരമ്പര്യത്തിന്റെ ഭാരം ചുമക്കുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായം തന്നെയാണ് ശ്രീ. പി.ജെ. ജോസഫ് നന്നാക്കാൻ ശ്രമിക്കുന്നത്. അടിസ്ഥാന പ്രശ്നത്തിലേയ്ക്ക് ഞാൻ വരുകയാണ്. 100 വർഷക്കാലത്തെ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഭരണം, 50 വർഷക്കാലത്തെ കോൺഗ്രസ് അടക്കമുള്ള ഇൻഡ്യയുടെ സ്വാതന്ത്ര്യാനന്തര കാലം. നമ്മൾ അതല്ലേ ചുമക്കുക. അങ്ങനെ 150 വർഷക്കാലം താറുമാറായിക്കിടന്ന, അതിനിടക്ക് ഒരു മുണ്ടശ്ശേരിമാസ്റ്ററോ അതുപോലുള്ള ചില പ്രബുദ്ധരായ വിദ്യാഭ്യാസ വകുപ്പു മന്ത്രിമാരോ വിദ്യാഭ്യാസ രംഗം നന്നാക്കാൻ കേരളത്തിൽ ശ്രമിച്ചിട്ടുണ്ട്. ബഹുജന പ്രസ്ഥാനങ്ങൾ ഉയർന്നു വന്നിട്ടുണ്ട് എന്നുള്ളത് അംഗീകരിച്ചുകൊണ്ടുതന്നെ അടിസ്ഥാനപരമായി തുടർന്നുവന്ന സമ്പ്രദായത്തെ മാറ്റുവാൻ കഴിഞ്ഞിട്ടില്ല. കൊളോണിയൽ ഹാങ്ങ് ഓവർ തുടരുകയാണ്. നമ്മുടെ വിദ്യാഭ്യാസ ഉദ്യോഗസ്ഥന്മാരിൽ ഭൂരിപക്ഷവും ഈ കോളോണിയൽ ഹാങ്ങ് ഓവറിന്റെ അടിമകളാണ്. അതിന്റെ തലയൊന്ന് നേരെ നിർത്തി അവരെ ഒന്ന് നന്നാക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തിയാണ് ഇന്ന് ഇടതുപക്ഷജനാധിപത്യമുന്നണി ആർജിക്കാൻ ശ്രമിക്കുന്നത്. അതുകൊണ്ട് പഴയ കാലഘട്ടത്തിന്റെ പ്രാതസ്മരണകളുടെ പാരമ്പര്യങ്ങളുടേതായ ഈ ഭാരം നമ്മുടെ വിദ്യാഭ്യാസ മേഖലയെ മലിനമാക്കിക്കൊണ്ടിരിക്കുമ്പോൾ അത് ശ്രീ. പി.ജെ. ജോസഫിന്റെ കുറ്റമായി പറയുന്നവർ ചരിത്രം വിസ്മരിക്കുന്ന ആളുകളാണ്. നിങ്ങൾ ചരിത്രത്തെ അംഗീകരിക്കുന്നില്ല.

<u>ശ്രീ. പാലോട് രവി</u> : സർ, അങ്ങയുടെ പാർട്ടിക്ക് ഏറ്റവും നല്ല ശാസ്ത്രീയ അവബോധം നൽകുന്ന ഒരു പ്രസ്ഥാനമാണ് ശാസ്ത്ര സാഹിത്യ പരിഷത്ത്. ഇവിടെ ഞങ്ങൾ എതിർക്കുന്നു എന്നുപറയുന്നു, പക്ഷെ ഈ ശ്രീ. പി.ജെ. ജോസഫിന്റെ പരിഷ്കാരങ്ങൾ ഏറ്റവും കൂടുതൽ എതിർക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ശാസ്ത്ര സാഹിത്യ പരിഷത്താണ്. സ്വാശ്രയ കോളേജ് ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ശാസ്ത്ര സാഹിത്യ പരിഷത്ത് ഈ സെക്രട്ടേറിയറ്റിന്റെ മുന്നിൽവന്ന് ഒരു ദിവസം പൂർണ്ണമായി 24 മണിക്കൂർ നിരാഹാരം ഇരിക്കുകയുണ്ടായി. ഞങ്ങളെ മാത്രം എടുത്തു പറയുന്നതെന്തുകൊണ്ടാണ്.

<u>ശ്രീ. ജി. സുധാകരൻ</u> : സർ, Your question is very clear crystel clear ഞാൻ ഒരു കാര്യം പറഞ്ഞേയ്ക്കാം. ശാസ്ത്ര സാഹിത്യ പരിഷത്ത് നല്ല ഒരു സംഘടന തന്നെയാണ്. ഞാനും അതിൽ ഒരു മെമ്പറാണ്, അതിന്റെ ഭാരവാഹികൾക്ക് അറിയാൻ പാടില്ലായിരിക്കും, ഇവിടെ ഇരിക്കുന്ന പലരും മെമ്പർമാരാണ്. നമ്മളെല്ലാം അടങ്ങുന്ന മെമ്പർമാരുടേതായ ഒരു സംഘടനയല്ലാത്ത സ്വന്തമായൊരു സംഘടനയില്ല. അതിന്റെ ഭാരവാഹികൾക്ക് പല അഭിപ്രായങ്ങളും സ്വന്തമായിട്ടുണ്ടാകും. ശാസ്ത്ര സാഹിത്യ പരിഷത്തിനും ഉണ്ടാകും. അത് ഈ രാജ്യത്ത് ചർച്ചചെയ്യപ്പെടുന്നുണ്ട്. അത് ബഹുമാനിക്കപ്പെടേണ്ടതായിട്ടുള്ള അഭിപ്രായങ്ങളാണ്. പക്ഷെ ശാസ്ത്ര സാഹിത്യപരിഷത്തിന്റെ എല്ലാ അഭിപ്രായങ്ങളും അന്തിമ വിധിയൊന്നുമല്ല. അവർ അഭിപ്രായം പറയട്ടെ, അതിനെ സംബന്ധിച്ച് അത്രയേയുള്ളൂ. പാർട്ടിയുമായിട്ടൊന്നും അത് ബന്ധപ്പെടുത്തേണ്ട. പറഞ്ഞതൊന്നും പാർട്ടി മെമ്പർമാരൊന്നുമല്ല, അവർക്ക് പറയാൻ അവകാശമുണ്ട്. ഞാൻ പറയാൻ വന്ന പ്രശ്നം ബഹുമാന്യനായ ശ്രീ. പി.ജെ. ജോസഫിന്റെ ഈ adventures 150 വർഷകാലത്തെ കുഴപ്പങ്ങൾ പരിഹരിക്കുവാനുള്ള ഒരു adventures ആയുള്ള ഈ ശ്രമം എന്തിനോട് ഉപമിച്ചാലും ഇതേ പറ്റൂ. ഒരുപാട് ഉപമകൾ ഇവിടെ വന്നല്ലോ? വിക്രമാദിത്യനോട് ഉപമിക്കപ്പെട്ടിട്ടുണ്ട്, ശ്രീകൃഷ്ണനോട്, സൂര്യഭഗവാനോട്, സൂര്യതേജസിനോട് അതുപോലെ പലതിനോടും കമനീയമായി ഉപമിച്ചിട്ടുണ്ട്. നിങ്ങൾ വേറെ ചിലരെ ഉപമിക്കുന്നുണ്ടല്ലോ? ഞാൻ വാസ്തവത്തിനെ ഉപമ നടത്താൻ തന്നെ ആഗ്രഹിക്കുന്നു. എന്തുകൊണ്ടെന്നാൽ ട്രോജൻ യുദ്ധം മഹത്തായിട്ടുള്ള ഹോമറുടെ ഒഡീസിയും ഇല്ലിയസും അടക്കമുള്ള ഐതിഹാസികമായിട്ടുള്ള മഹത്തായ ഗ്രന്ഥങ്ങൾ നമ്മുടെ രാമായണം, ഭാഗവതം പോലെയൊക്കെതന്നെ മഹത്തായിട്ടുള്ളതാണ് ഹോമറിന്റെ ആ കൃതികളും. ട്രോജൻ യുദ്ധത്തിൽ വലിയ ഒരു നേതാവ് കൊല്ലപ്പെട്ടു. അയാളുടെ പേര് ഹെക്ടർ എന്നാണ്. കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് വർഷങ്ങളായി നടക്കുന്നത് ഒരു ട്രോജൻ യുദ്ധമാണെങ്കിൽ ആ ട്രോജൻ യുദ്ധത്തിൽ കൊല്ലപ്പെട്ട ഹെക്ടറാണ് ശ്രീ. ടി.എം. ജേക്കബ് മനസ്സിലായില്ലേ, കൊല്ലപ്പെട്ട ആ തേരാളിയാണ് ശ്രീ. ടി.എം. ജേക്കബ് നിങ്ങളുടെ പോരാളി അത് കഴിഞ്ഞ് ഹെക്ടറെ കൊന്നതാരാണ്? ഹെക്ടറെ കൊന്നത് എകിലസ് Consl ലാണ്, എന്നുപറയുന്ന ഹീറോയാണ്. ശ്രീ. ടി.എം. ജേക്കബ് പ്രീഡിഗ്രി ബോർഡ് കൊണ്ടുവന്ന് ഗവൺമെന്റിനെ തല്ലിപ്പൊളിച്ച് ജനങ്ങളിൽ നിന്നും ഒറ്റപ്പെട്ട് ഇറങ്ങിപ്പോയതിനുശേഷം പിന്നെ ഞങ്ങളുടെ ഒരു ഇടവേള, അതിനുശേഷം നിങ്ങൾ വീണ്ടും വന്നപ്പോൾ രാഷ്ട്രീയമായി, വിദ്യാഭ്യാസപരമായി കൊല്ലപ്പെട്ട ശ്രീ. ജേക്കബ് ആകുന്ന ഹെക്ടറിനെ വിദ്യാഭ്യാസവകുപ്പുമന്ത്രിയാക്കാൻ നിങ്ങൾ തയ്യാറായില്ല. വാസ്തവത്തിൽ അദ്ദേഹത്തേക്കാൾ ഭേദമാണെന്ന് നിങ്ങൾ കരുതിയ, ഞാൻ ട്രോജൻ വാറുമായി ബന്ധപ്പെടുത്തി പറയുമ്പോൾ അയാളെ വിദ്യാഭ്യാസവകുപ്പുമന്ത്രി സ്ഥാനത്ത് നിന്ന് കൊന്ന ശ്രീമാൻ ബഷീറിനെ ആ എകിലസിനെ നിങ്ങൾ വിദ്യാഭ്യാസവകുപ്പുമന്ത്രിയാക്കി. ശ്രീ. ജേക്കബ് കൊണ്ടുവന്നത് പ്രീഡിഗ്രി ബോർഡാണെങ്കിൽ, അഭിനവ എകിലസ് ആകുന്ന ശ്രീ. ബഷീർ കൊണ്ടുവന്നത് യൂണിഫൈഡ് യൂണിവേഴ്സിറ്റി നിയമമാണ്. ഏകീകൃത യൂണിവേഴ്സിറ്റി നിയമവും അൺ എയിഡഡ് കോളേജ് എന്നുള്ള ഒരു വലിയ

LIBRARY ARCHIVES Kerala Legislative Assembly

ദുരന്തവും. അദ്ദേഹത്തിന്റെ എകിലസ് ഹീൽ മുട്ടിനുതാഴെയുള്ള ഒരു ദൗർബല്യമായിരുന്നു. ആ എകിലസ് ഹീലിൽ തന്നെ അന്നു പ്രതിപക്ഷമായ ഞങ്ങൾ അടിച്ചു. അദ്ദേഹത്തിന്റെ ഗവൺമെന്റും പോയി, അഭിനവ എകിലസും മരിച്ചു. ഞങ്ങൾ വീണ്ടും വന്നിരിക്കുകയാണ്. എന്റെ ആർഗ്യുമെന്റ്, ഞാൻ ബോധപൂർവ്വം ശ്രീ. പി.ജെ. ജോസഫ് യൂലിസസ് ആണെന്ന് പറയുന്നതിനെ തടയാനാണ് ശ്രീ മാണി സാർ ശ്രമിച്ചത്. ഇതേ യുദ്ധത്തിൽ യൂളിസസ്-വില്ലാളിവീരനായ ലയൺ Lion hearted Hero എന്നാണ് യൂളിസസിന്റെ ഭാര്യയായ പെനിലോപ്പി പറയുന്നത്. The lion hearted Ulysses my Husband മനസ്സിലായോ, അഭിമാനമാണ്. ആ യൂളിസസ് യുദ്ധത്തിൽ ജയിച്ച് രാജ്യത്തേയ്ക്കു തിരിച്ചുമടങ്ങുന്നു. തിരിച്ചുമടങ്ങിയപ്പോൾ ഗോഡസ് കാലിപ്സോ എന്നുപറയുന്ന വിഷകന്യക അദ്ദേഹത്തെ തട്ടിക്കൊണ്ടുപോയി. നെവിനുന ദ്വീപിൽ തടങ്കലിൽ വച്ചു. ഓൾക്ക് അയാളെ വേൾക്കണം. അയാൾക്ക് ഇഷ്ടമല്ല, തടവിൽ വച്ചിരുന്നു. അവസാനം യഹോവയും പുണ്യവാളൻമാരുകൂടി ആലോചിച്ച് ഇദ്ദേഹത്തെ അവിടെനിന്നും മോചിപ്പിച്ച് സ്വന്തം നാട്ടിൽകൊണ്ടുപോയി നാട്ടിൽ സേയ്ഫ് ആയി എത്തിയ ഏക പോരാളി യൂളിസസാണ്, അതാണ് ശ്രീ. പി.ജെ. ജോസഫ്. അകിലസ് വീണു, ഹെക്ടർ വീണു, യൂളിസസ് തിരിച്ചെത്തി. ശ്രീ.പി.ജെ. ജോസഫ് മാത്രം രക്ഷപ്പെട്ടു. കാരണം എൽ.ഡി.എഫ് കപ്പലിലാണ് യാത്ര. അത് തകരില്ല.

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, ബഹുമാനപ്പെട്ട ശ്രീ. സുധാകരൻ മാർക്സിസ്റ്റുപാർട്ടിയുടെ കാലത്ത് വിദ്യാഭ്യാസ നിലവാരം ഉയർന്നിരിക്കുന്നുവെന്നുപറഞ്ഞതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. അങ്ങ് നേരത്തെ രണ്ടു മൂന്നുപേരുടെ വാചകങ്ങൾ ഇങ്ങനെ ഹെഡ്ലൈൻ പറഞ്ഞിട്ട് ഈ പ്രസംഗത്തിലൂടെ കേരളത്തിലെ പ്രധാനപ്പെട്ട പത്രങ്ങൾക്ക് കൊടുത്തതാണോ?

<u>ശ്രീ. ജി. സുധാകരൻ</u> : അങ്ങ് തറ മെമ്പറൊന്നും അല്ല വിവരമുള്ള മെമ്പർ ആയതുകൊണ്ട് ഞാൻ അത് വളരെ കാര്യമായിട്ടുതന്നെ പരിഗണിച്ചിരിക്കുന്നു. മറുപടി ഇല്ല, ഒരു നല്ല ഇഷ്യൂവാണ്. മാണി സാറേ, ഇത് ട്രോജൻ യുദ്ധമാണ്.

<u>ശ്രീ. കെ. എം. മാണി</u> : സർ, അങ്ങ് ഹെക്ടർ, യൂളിസസ്, അകിലസ് ഇവരെക്കുറിച്ചൊക്കെ പറഞ്ഞു. ഈ ട്രോജൻ വാറിൽ ഒരു കഥാപാത്രം കൂടിയുണ്ട് ഒരു ട്രോജൻ കുതിര, ആ കുതിര ആരാണെന്നു പറയാമോ?

<u>ശ്രീ. ജി. സുധാകരൻ</u> : രാഷ്ട്രീയമായിട്ടു പറയുകയാണെങ്കിൽ ആ ട്രോജൻ കുതിര അപ്പുറത്ത് അങ്ങുതന്നെയാണ്, അങ്ങയെ സൂക്ഷിക്കണം.

<u>ശ്രീ. പി.ജെ ഫ്രാൻസിസ്</u> : സർ, അദ്ദേഹത്തെ ഒരു ദുഷ്ടകന്യക തട്ടിക്കൊണ്ടുപോയി, അന്ന് ഒരു ഇടവേള ഉണ്ടായിരുന്നല്ലോ? ആ ഇടവേളക്കാലത്താണ് അങ്ങ് പ്രീഡിഗ്രി സ്കൂളുകളിൽ കൊടുത്തതിനെപ്പറ്റി എതിരു പറഞ്ഞ കാലഘട്ടം അതായിരുന്നോ?

<u>ശ്രീ. ജി. സുധാകരൻ</u> : ഞാൻ എതിർപ്പൊന്നും പറഞ്ഞില്ല. അനുകൂലമാണ്. ഒരുപാടുപേർ പറഞ്ഞു. ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ജില്ലാ സമ്മേളനം '96-ലോ മറ്റോ ഉത്ഘാടനം ചെയ്യുമ്പോൾ ഒരു സ്കൂൾ മാനേജർ എന്റെ Constituency-ൽ വന്നിട്ട് 5 ലക്ഷം രൂപ കൊടുത്താൽ പ്ലസ് ടു തരാമെന്ന് ആരോ കുറേപ്പേർ ചെന്നുപറഞ്ഞതായി പറഞ്ഞു. ഇങ്ങനെ കുറേ തട്ടിപ്പുകാർ ഇറങ്ങിയിട്ടുണ്ട്. ഗവൺമെന്റിന്റെ നയമല്ലെന്നാണ് ഞാൻ പ്രസംഗിച്ചത്, പത്രത്തിൽ വന്നപ്പോൾ ശാസ്ത്ര സാഹിത്യ പരിഷത്തുമായി സംസാ

LIBRARY ARCHIVES Kerala Legislative Assembly

രിച്ച് ക്ളീയറാക്കി. ചിലർ വാങ്ങിക്കുന്നുണ്ടാകും. വാങ്ങുന്നുണ്ട്. സ്വകാര്യ മാനേജ്മെന്റ് ഉള്ള സ്ഥലത്ത് കച്ചവടം നടക്കില്ലേ? പുതിയ കാര്യമാണോ? നിങ്ങളല്ലേ ഇതിന്റെ ആൾക്കാർ. അത് ഞങ്ങൾ സേഫ് ഗാർഡ് ചെയ്തോളാം. സി.പി.എം ന് ഒന്നും ഭയക്കാനില്ല. ഞാൻ പറയാൻ വന്നത് നേട്ടങ്ങളെപ്പറ്റി യാണ്. പ്രീപ്രൈമറി ബിൽ ഇവിടെവന്നു, ആ ബിൽ ആദ്യമായിട്ട് ഈ ഗവൺമെന്റല്ലേ അവതരിപ്പിച്ചത്, ഞാൻ വിശദീകരിക്കുന്നില്ല, ഉള്ളടക്കമൊക്കെ നമ്മൾ ചർച്ചചെയ്തതാണല്ലോ? പാഠ്യപദ്ധതി പരിഷ്കരണത്തെപ്പറ്റി ഏറ്റവും നന്നായി ശ്രീ. പിരപ്പൻകോട് മുരളി ഇവിടെ പറഞ്ഞു. ശ്രീമതി കെ.കെ. ഷൈലജ ടീച്ചർ, പ്രൊഫ. മീനാക്ഷിതമ്പാൻ, ശ്രീ. ജയദേവൻ തുടങ്ങിയവരും ഇതിനെകുറിച്ച് ഭംഗിയായി പറഞ്ഞു. ഞാൻ വിശദീകരിക്കുന്നില്ല, അടിസ്ഥാന പരിഷ്ക്കാരമല്ലേ? അതിന്റെ വിശദാംശങ്ങൾ പറഞ്ഞു കഴിഞ്ഞില്ലേ? മൂന്നാമ തായിട്ട് പ്രീഡിഗ്രി ഡീലിങ്ക് ചെയ്തു. പ്ലസ് ടുവും പ്രീഡിഗ്രിയും തമ്മിലുള്ള വ്യത്യാസം നിങ്ങൾ ഇതുവരെ മനസ്സിലാക്കിയിട്ടില്ല. നിങ്ങൾക്ക് ഇനി അതൊന്നും പഠിക്കാൻ ഒക്കില്ല. കാരണം നിങ്ങളെല്ലാം പ്രായം കഴിഞ്ഞവരാ ണ്. ഇനി നിങ്ങൾ പഠിക്കാൻ മക്കളെ വിട്ടാൽ മതി. ഞാൻ എന്റെ മകനെ പ്ലസ് ടുവിലാണ് ഇപ്പോൾ ചേർത്തത്. എനിക്ക് പ്ളസ് ടുവാണ് ഇഷ്ടം. എന്റെ മകനും ഭാര്യക്കും അതാണ് ഇഷ്ടം. ഞാൻ ചേർത്തിരിക്കുന്നത് ലിയോ തേർട്ടി സ്കൂളിലാണ്. ആലപ്പുഴയിൽ എന്താ കുഴപ്പം ഒന്നാംതരം എയിഡഡ് സ്കൂൾ. ഞാൻ പറഞ്ഞത് പ്രീഡിഗ്രി ബോർഡിനെക്കുറിച്ച് വൈക്കം മുഹമ്മദ് ബഷീറിന്റെ "വിശ്വവിഖ്യാതമായ മൂക്ക്" വായിച്ചിട്ടുണ്ടല്ലോ? സാധാരണ പറ യാറുള്ളത് മറ്റേയാളിന്റെ കാര്യമാണ്. അയാൾക്ക് കുട്ടികൾ ഉണ്ടാകാതിരു ന്നാൽ ഏതു സത്രീ പ്രസവിച്ചാലും അതു നമ്മുടെയാ എന്നുപറയുന്നയാൾ എട്ടുകാലി മമ്മൂഞ്ഞാണ്, അത് ഞാൻ വിട്ടു. അത് എല്ലാവരും പറഞ്ഞതു കൊണ്ട് വിടുന്നു. 'വിശ്വവിഖ്യാതമായ മൂക്ക്' മനസ്സിലാക്കിയിരിക്കേണ്ടതാണ്. അയാളുടെ 'മൂക്ക്' വളർന്ന് അബ്നോർമലായി നോർമലല്ലാതെ ഒരു സാധനം വളർന്നുവരിക, അതുപോലെ ശ്രീ. ജേക്കബിനും നോർമലല്ലാത്ത ഒരു സാധനം വളർന്നുവന്നു. ഇങ്ങനെ വളർന്നുവന്നതാ പ്രീഡിഗ്രി ബോർഡ്. അപ്പോൾ പ്രീഡിഗ്രി ബോർഡ് മോശമാണ്. ഈ വളർന്ന മൂക്ക് മുറിച്ചുകളയ ണമെന്ന് ഞങ്ങൾ പ്രതിപക്ഷം പറഞ്ഞു. അപ്പോൾ അപ്പുറത്തുനിന്ന് മാണി സാർ വരെ "മൂക്കന്റെ മൂക്ക് ഞങ്ങടെ മൂക്കേ, മൂക്കന്റെ മൂക്ക് ഞങ്ങടെ മൂക്ക്" എന്നു വിളിച്ചില്ലേ? ആന്റണി സാർ വിളിച്ചു. ശ്രീ. കാർത്തികേയൻ വിളിച്ചില്ലേ മൂക്കന്റെ മൂക്കേ ഞങ്ങടെ മൂക്ക് സിന്ദാബാദ് എന്ന്. ഞങ്ങൾക്കു മനസ്സില്ലാ വിളിക്കാൻ, ഞങ്ങൾ അബ്നോർമലായത് മുറിച്ചുകളയാനാ പറഞ്ഞത്. വിദ്യാ ഭ്യാസപരമായി അശ്ലീലമാണ്. ശരിയായതല്ല, ദേശീയ കാഴ്ചപ്പാടിന് വിരുദ്ധമാ ണ്. ശ്രീ. പി.ജെ. ജോസഫിന്റെ അതല്ല. ശ്രീ. കെ. ചന്ദ്രശേഖരൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നപ്പോൾ 60 സ്കൂളുകൾ അനുവദിച്ചിട്ടാണ് പോയത്. ഇതാണ് ദേശീയ വിദ്യാഭ്യാസനയം. പ്ലസ് ടു സ്കൂളിനോട് ചേർത്തതിന് കൂടു തൽ വിശദീകരണം വല്ലതും വേണോ? രണ്ടും രണ്ടാ. മറ്റേത് 'വിശ്വവിഖ്യാത മായ മൂക്ക്' മുറിച്ചുകളയേണ്ടത്, ഇത് ഈ രാജ്യത്ത് കറക്ടായി ഫിറ്റ് ചെയ്തി ട്ടുള്ളത്, അതാണ് അതുസംബന്ധിച്ച് പറയാനുള്ളത്. പിന്നെ ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രിയോട് ഒരു നിർദ്ദേശമുണ്ട്. ഞാൻ '96-ൽ അങ്ങേ യ്ക്കു എഴുതിത്തന്നതാ. കേരളാ സംസ്ഥാനത്തെ സകലമാന ഗവൺമെന്റ് സ്കൂളുകളിലും പ്ലസ്ടു കൊടുക്കണം. ഡവലപ് ചെയ്യേണ്ട സ്കൂളുകളെ ജില്ലാ പഞ്ചായത്ത് ഡെവലപ് ചെയ്യിപ്പിച്ചോളണം, സകലമാന ഗവൺമെന്റ് സ്കൂളുകളിലും കൊടുക്കണം. പ്രൈവറ്റ് സ്കൂളുകളിൽ അർഹതയുള്ള വർക്കെല്ലാം കൊടുക്കണം. ഇനി മൊത്തത്തിൽ പ്രഖ്യാപിക്കാനുള്ളത് എൽ. ഡി.എഫ്. ചർച്ച ചെയ്ത് ക്യാബിനറ്റ് ഒരു ലിസ്റ്റായിട്ട് ഇറക്കിയേച്ചാൽ മതി.

LIBRARY ARCHIVES Kerala Legislative Assembly

അപ്പോൾ പിന്നെ യാതൊരു തർക്കവുമില്ല, വർഷാന്ത്യം അങ്ങ് കൊടുത്തേച്ചാൽ മതി. അടുത്തവർഷത്തേക്ക്, കൊടുത്തതിൽ വലിയ പ്രാദേശിക അസമത്വമുണ്ട്, അതൊക്കെ മാറ്റണം. ഇതാണ് അതിനെ സംബന്ധിച്ചു പറയാനുള്ളത്. നിങ്ങൾ കൂത്തുപറമ്പിലെ രക്തസാക്ഷികളെപ്പറ്റി പറഞ്ഞു. രക്തസാക്ഷികളെപ്പറ്റി പറയുമ്പോൾ ശ്രീ. കെ.സി. ജോസഫിന് ഒരു തമാശയായിട്ട് തോന്നാം. ഞങ്ങളുടെ വീട്ടിലും നാട്ടിലും രക്തസാക്ഷികളുണ്ട്. ഞങ്ങൾക്ക് തമാശ പറയാൻ പറ്റില്ല. അന്ന് വെടിവച്ച് മരിക്കാതിരുന്ന ആളിവിടെ ഇരിപ്പുണ്ട്, മരിച്ചില്ല എന്നു മാത്രമേയുള്ളൂ ഏതായാലും ഇവിടെയുണ്ട്. ശ്രീ. ജയരാജൻ ഇവിടെയുണ്ട്. വെടിയേറ്റു മരിച്ചില്ല എന്നുള്ളത് ശരിയാണ്. നിങ്ങൾ പറയുന്ന വെല്ലുവിളി ഞങ്ങൾ ഏറ്റെടുത്തു. പൊതുമേഖലാ സാങ്കേതിക സ്ഥാപനങ്ങൾ ഞങ്ങൾ തുടങ്ങാൻ പോകുകയാണ്. എട്ടെണ്ണം തുടങ്ങിക്കഴിഞ്ഞു, കൊച്ചിൻ യൂണിവേഴ്സിറ്റി സഹകരണമേഖലയിലടക്കം എട്ടെണ്ണം തുടങ്ങി. ഇനി നാലെണ്ണം കൂടി തുടങ്ങുന്നുണ്ട്. മൂവായിരത്തോളം സീറ്റുകൾ പുതുതായി എൻജിനീയറിംഗിന് വരികയാണ്. നിങ്ങൾ ഈ സെൽഫ് ഫൈനാൻസിംഗിനെക്കുറിച്ചാണ് പറയുന്നത്, ആരും പറയാത്ത ഒരു പോയിന്റ് ഞാൻ പറയുകയാണ്. ഇത് ഞങ്ങൾ സ്ഥാപിക്കാൻ പോകുന്നത് ഗവൺമെന്റ് 'അണ്ടർ ടേക്കിംഗ്' എന്ന പേരിലാണ്. സെൽഫ് ഫൈനാൻസിംഗ് എന്നുള്ള പേരൊക്കെ നിങ്ങൾ കൊണ്ടുവന്നതാണ്. ഞങ്ങൾ കുറച്ചൊക്കെ അത് എല്ലാവരും ഉപയോഗിച്ചിട്ടുമുണ്ട്. പക്ഷെ ഞാൻ വ്യത്യാസം പറയുന്നു. 'സെൽഫ് ഫൈനാൻസിംഗ് 'എന്നുപറയുന്ന ഒരു സ്ഥാപനവും ഞങ്ങൾ തുടങ്ങാൻ പോകുന്നില്ല ഗവൺമെന്റിന്റെ പൂർണ്ണമായി 'അണ്ടർ ടേക്കിംഗ്' ആയിട്ടുള്ള കോ-ഓപ്പറേറ്റീവ് സെക്ടറിലും പബ്ലിക് സെക്ടറും മാത്രമേ ഇത്തരം പുതിയ കോളേജുകൾ തുടങ്ങുന്നുള്ളൂ എന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. ഇതാണോ നിങ്ങൾ തുടങ്ങിയത്. സ്വകാര്യമേഖലയിൽ ഇപ്പോൾ കൊടുക്കുന്നില്ല. എന്നുതന്നെയാ പറയുന്നത്, കൊടുക്കുമെന്ന് ആരും പറഞ്ഞിട്ടില്ല. പിന്നെ ഭാവിയിലെ കാര്യം അത് ഭാവിയിൽ തീരുമാനിക്കും. അതുകൊണ്ട് ഞങ്ങൾക്ക് ഇക്കാര്യത്തിൽ വ്യക്തമായ തീരുമാനമാണ്. സഖാവ് പിണറായി വിജയന്റെ-പാർട്ടി സംസ്ഥാന സെക്രട്ടറിയുടെ ലേഖനം ദേശാഭിമാനിയിൽ വന്നത് എന്റെ കൈയിൽ ഉണ്ട്. ഏപ്രിൽ 7-ാം തീയതിയിലേത്, ഞാൻ വായിക്കുന്നില്ല. അപ്പോൾ അത് വ്യക്തമായ നയമാണ്. കേരളത്തിലെ വിദ്യാഭ്യാസമേഖലയെ വിപ്ലവൽക്കരിക്കുവാൻ പോകുകയാണ്. 21-ാം നൂറ്റാണ്ടിലേക്ക് പോകുന്ന ഈ കേരള സംസ്ഥാനത്തിലെ ഈ കാലഘട്ടത്തിന് ഏറ്റവും അനുയോജ്യമായ ഒരു പബ്ലിക് സെക്ടർ നയമാണ് ഞങ്ങൾ ആവിഷ്കരിക്കുന്നത് നിങ്ങൾ അതിനെ തകർക്കാൻ ശ്രമിക്കുന്നു. കാരണം നിങ്ങൾ വിദ്യാഭ്യാസകച്ചവടക്കാരുടെ ഏജന്റുമാരാണ്. ഞങ്ങൾ സമ്മതിക്കുകയില്ല. ജനങ്ങൾ നിങ്ങളെ തകർക്കും. നിങ്ങൾ തുടങ്ങിയ അൺ-എയ്ഡഡ് സ്കൂളുകളെപ്പറ്റി ബ്ലേഡ് കമ്പനികൾ എന്നുള്ള പേരിൽ മനോരമയുടെതായിട്ടുള്ള റൈറ്റ് അപ്പ് ഉണ്ട്. ശ്രീ. ബി. വിജയകുമാറിന്റെ റൈറ്റ് അപ്പ് വന്നുകൊണ്ടിരിക്കുന്നു നിങ്ങൾ വായിച്ചുനോക്ക്, ഇതെല്ലാം വ്യത്യാസമാണ്, ഇതിൽനിന്ന് ഞങ്ങളെ മാറ്റിമറിക്കാൻ നിങ്ങൾ നോക്കണ്ട, എനിക്ക് രണ്ടുമൂന്നു കാര്യങ്ങൾ പറയാനുണ്ട്. 1957-ലെ കോമാട്ടിൽ അച്യുതമേനോൻ കമ്മിറ്റി റിപ്പോർട്ട് ഉണ്ട്. മലയാളം യൂണിവേഴ്സിറ്റി തലം വരെ ഔദ്യോഗിക ഭാഷയാക്കണം അതുപോലെ ഭരണഭാഷയാക്കണമെന്ന്, ഭരണഭാഷയാക്കി; സർവകലാശാലയടക്കമുള്ള Medium of Instruction ആയിട്ടില്ല അതിനെപ്പറ്റി ആലോചിക്കണം. മഹാനായ ഇ.എം. എസ് എഴുതിയ 'സമൂഹം, ഭാഷ, സാഹിത്യം' ഈ പുസ്തകത്തിൽ ഈ. എം. എസ്. ഈ വാദത്തെ സപ്പോർട്ട് ചെയ്യുന്നു. 1962-ൽ കോൺഗ്രസ് കേരളം ഭരിക്കുമ്പോൾ മാതൃഭാഷ മീഡിയം ഓഫ് ഇൻസ്ട്രക്ഷൻ ആക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ടിനെ നിങ്ങൾ തള്ളികളഞ്ഞു ആ റിപ്പോർട്ട് നടപ്പിലാക്കണമെന്നുള്ള സഖാവ് ഇ.എം.എസ്. അവതരിപ്പിച്ച പ്രമേയത്തെ വോട്ടിനിട്ട് തള്ളിയ ഭാഷാ വിരോധികളാണ് അപ്പുറത്തിരിക്കുന്നവർ. സായിപ്പൻമാരുടെ കോളോണിയൽ Hang Over അഭിമാനപൂർവം കൊണ്ടുനടക്കുന്ന നിങ്ങൾക്ക് വിദ്യാഭ്യാസപരിഷ്കരണത്തെപ്പറ്റി പറയാൻ യാതൊരു അവകാശവുമില്ല. നിങ്ങൾ തള്ളിക്കളഞ്ഞു. അതുപോലെതന്നെ ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പ് മന്ത്രിയുടെ ശ്രദ്ധയിലേക്ക് ഒരു പ്രധാനപ്പെട്ട പ്രശ്നം കൊണ്ടുവരികയാണ്. അത് ആരും ഉന്നയിച്ച പ്രശ്നമല്ല. പക്ഷെ അത് എല്ലാപേർക്കും അറിയാമായിരിക്കും. കേരളത്തിൽ സ്വകാര്യമേഖല ഇന്ന് മുൻപന്തിയിലാണ്. സ്കൂൾരംഗത്ത് അടക്കം ഇതിന് മാറ്റം ഉണ്ടാകേണ്ടത് ആവശ്യമായിട്ടുണ്ട്. ഗവൺമെന്റ് കോളേജുകൾ 46 എണ്ണമുള്ളപ്പോൾ സ്വകാര്യകോളേജുകൾ 174 എണ്ണമാണ്. അധ്യാപകരുടെ എണ്ണത്തിലും അതുപോലെ തന്നെയാണ്. പൊതുമേഖലയിൽ 3200 കോളേജ് അധ്യാപകർ മാത്രമുള്ളപ്പോൾ സ്വകാര്യമേഖലയിൽ അത് പതിനാലായിരമാണ്. സ്കൂളുകളുടെ കാര്യമെടുക്കുമ്പോഴും 977 സർക്കാർ ഹൈസ്കൂളുകളുള്ളപ്പോൾ സ്വകാര്യമേഖലയിൽ 1612 എണ്ണമാണ്. ഇങ്ങനെ മൊത്തം നോക്കിയാൽ കേരളത്തിലെ പന്ത്രണ്ടായിരത്തിതൊള്ളായിരത്തി തൊണ്ണൂറ്റിയൊമ്പത് സ്കൂളുകളിൽ ഗവൺമെന്റ് സ്കൂളുകൾ 4487 ആണ്. ഇതിനുമാറ്റം വരുത്തണം. വിദ്യാഭ്യാസം ഇപ്പോൾ നാഷണലൈസ് ചെയ്യരുത്. അത് നിങ്ങളുടെ തെറ്റായ ധാരണയാണ്. നാഷണലൈസ് ചെയ്യാൻ ഒക്കുകയില്ല. അതല്ല ഇന്നു പ്രശ്നം. ഇവിടെ പൊതുമേഖലയ്ക്ക് മുൻതൂക്കം വരുത്തുന്നതരത്തിൽ ഇപ്പോൾ ഈ ഗവൺമെന്റ് പൊതുമേഖലയിൽ മാത്രമേ ഈ പറഞ്ഞ പ്രൊഫഷണൽ കോളേജുകൾ അനുവദിക്കുന്നുള്ളു. പൊതുമേഖലകൾക്ക് മുൻതൂക്കം വരത്തക്കതരത്തിൽ പടിപടിയായി സ്വകാര്യമേഖലയിൽ ന്യായമായി നിലവിലുള്ളതെല്ലാം അംഗീകരിച്ചുകൊണ്ടും അത്യാവശ്യമുള്ളതുമാത്രം ഇനി പുതുതായി അനുവദിച്ചുകൊണ്ടും പൊതുമേഖലയെ വർദ്ധമാനമായി മുന്നോട്ടുകൊണ്ടുവന്ന് സോഷ്യലിസത്തിന്റെ മുന്നോടിയായ പൊതുമേഖലാ സങ്കല്പത്തെ തന്നെ ശക്തിപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. 1948-ലെ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ബ്യൂറോയുടെ റിപ്പോർട്ടിലെ ഒരു വാചകം ഞാൻ വായിക്കുകയാണ്. സ്വകാര്യവൽക്കരണം അന്നേ തുടങ്ങിയതാണ്. അന്നും ഇങ്ങനെ തന്നെയാണ്. 1948-ലെ കാര്യമാണ് ഞാൻ പറയുന്നത്. അന്ന് ഗവൺമെന്റ് സ്കൂളുകൾ 2547 ആയിരുന്നപ്പോൾ അന്നും പ്രൈവറ്റ് സ്കൂളുകൾ അയ്യായിരത്തിൽപ്പരമുണ്ടായിരുന്നു. ആ പ്രൊപ്പോർഷൻ ഇപ്പോഴും തുടരുകയാണ്. ആ പ്രൊപ്പോർഷൻ മാറിയിട്ടില്ല. അതിൽ ബോധപൂർവമായ മാറ്റം വരുത്താനും പ്ലസ് ടു അനുവദിച്ചാലും കോളേജ് അനുവദിച്ചാലും എൻജിനീയറിംഗ് കോളേജ് അനുവദിച്ചാലും പബ്ലിക് സെക്ടറിലേക്ക് മുൻതൂക്കം നൽകി അനുവദിക്കണം. സാമ്പത്തികമായി പ്രയാസമുള്ളതുകൊണ്ടാണല്ലോ ചില പ്രശ്നങ്ങൾ ഉണ്ടായത്. അതെല്ലാം പരിശോധിച്ചുകൊണ്ടു വേണ്ടതു ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഒരു കാര്യംകൂടി പറഞ്ഞുകൊള്ളട്ടെ, നമ്മുടെ സർവകലാശാലകൾക്ക് റിക്കോർഡ് ഗ്രാന്റാണ് ഈ ഗവൺമെന്റ് കൊടുത്തുകൊണ്ടിരിക്കുന്നത്. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ, അങ്ങ് വിദ്യാഭ്യാസ വിരുദ്ധനാണെന്നൊന്നും ഞാൻ പറയുന്നില്ല. അങ്ങേക്ക് മൂട്ടിന് താഴെ എകിലസ് ഹീൽ ഉണ്ടായിപ്പോയി. അതല്ലാതെ വേറെ കുഴപ്പമൊന്നുമില്ല. അങ്ങ് കച്ചവടം നടത്തിയെന്നല്ല, പക്ഷെ അങ്ങുപോലും യൂണിവേഴ്സിറ്റികൾക്ക് 1995-ൽ കൊടുത്തത് വെറും 14 കോടി രൂപയാണ്. മുപ്പതര കോടിരൂപയാണ് (30.5 കോടി) ഇപ്പോൾ കേരളാ സർവകലാശാലക്ക് കൊടുത്തിരിക്കുന്നത്. 100 ശതമാനത്തിന്റെ വർദ്ധന. എല്ലാ യൂണിവേഴ്സിറ്റിക്കും കേരളയ്ക്ക് 30.5 കോടി, കോഴിക്കോട് 22 കോടി, മഹാത്മാഗാന്ധി യൂണിവേ

LIBRARY ARCHIVES Kerala Legislative Assembly

ഴ്സിറ്റി 18 കോടി, സംസ്കൃത യൂണിവേഴ്സിറ്റി 10 കോടി, കണ്ണൂർ യൂണിവേ ഴ്സിറ്റി മൂന്നരക്കോടി, കൊച്ചിൻ യൂണിവേഴ്സിറ്റി 14 1/2കോടി എന്നിങ്ങനെ വർദ്ധിപ്പിച്ചുനൽകി. ഇതുപോരാ, ഉന്നത വിദ്യാഭ്യാസരംഗത്ത് യൂണിവേഴ്സിറ്റി നടത്തുന്ന ചുമതല ഗവൺമെന്റിന്റെ ചുമതലയാണ്. ഗവൺമെന്റ് ചെയ്യേണ്ട ചുമതല ഗവൺമെന്റിന്റെ ചുമതലയാണ്. ഗവൺമെന്റ് ചെയ്യേണ്ട ചുമതല അത് നിർവഹിക്കുകയാണ്. ബഹുമാനപ്പെട്ട ശിവദാസമേനോൻ സിൻഡിക്കേ റ്റിൽ ഇരുന്നിട്ടുള്ള ആളാണ്. ശ്രീ. ശർമ്മ ഇരുന്ന ആളാണ്, അങ്ങിനെ പലരും ഇവിടെയുണ്ട്, യൂണിവേഴ്സിറ്റിയ്ക്കു കുറച്ചുകൂടി അധികാരം കൊടുക്കണം. Empowered കമ്മിറ്റിയൊക്കെ എടുത്തുകളയണം, ഉദ്യോഗസ്ഥന്മാരുടെ കളി അങ്ങ് എടുത്തുമാറ്റണം. അതുപോലെ ബി.എഡ്-ന് എതിരെ NCTE നട ത്തുന്ന ഭരണഘടന വിരുദ്ധമായ ആക്രമണങ്ങൾക്ക് നേരെ വൈസ് ചാൻസലർമാരെയും കോളേജ് പ്രിൻസിപ്പൽമാരെയും വിളിക്കുന്നത് പൊതു വിദ്യാഭ്യാസ വകുപ്പുസെക്രട്ടറി ആയിരിക്കരുത്, വിദ്യാഭ്യാസവകുപ്പുമന്ത്രി തന്നെ ആയിരിക്കണം. സർവകലാശാലകളെ പൊതുവിദ്യാഭ്യാസവകുപ്പിന്റെ അനുബന്ധമാക്കിമാറ്റാൻ പാടില്ല. ഗവൺമെന്റ് തീരുമാനിച്ച് മാറ്റിയെന്നല്ല. NCTE ക്കെതിരെ ശക്തമായ നിലപാട് എടുക്കണം. നമ്മുടെ അവകാശങ്ങൾ മനസ്സിലാക്കണം. എൻജിനീയറിംഗ് കോളേജിനുനേരെ നാളെ ഇതു വരാം. അത് നമുക്ക് അംഗീകരിക്കാൻ കഴിയുകയില്ല. മറ്റന്നാൾ വ്യവസായങ്ങൾക്കു നേരെ വരാം. അത് നമുക്ക് അംഗീകരിക്കാൻ കഴിയുകയില്ല. യൂണിവേഴ്സിറ്റി ജീവനക്കാരുടെ ഓപ്ഷൻ അനുവദിക്കണം. എം.ജി. യൂണിവേഴ്സിറ്റി നിയമം ഭേദഗതി ചെയ്യണം. സംസ്കൃതയൂണിവേഴ്സിറ്റിയുടെ പ്രശ്നം തീർക്കണം. കണ്ണൂരിലെ ആറു യൂണിവേഴ്സിറ്റി സെന്ററുകളും പ്രവർത്തനക്ഷമമാക്കണം. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ പ്രശ്നങ്ങൾ പരിഹരിക്കണം. കേരള യൂണി വേഴ്സിറ്റിയിലെ ഒരു കൂട്ടം ജീവനക്കാർ പൂട്ടുതല്ലിപ്പൊളിച്ച് സിൻഡിക്കേറ്റിനെ അപമാനിച്ചതിനെതിരെ രണ്ടുനേതാക്കളെ സസ്പെൻഡ് ചെയ്തത് ചർച്ച ചെയ്ത് രമ്യമായി പരിഹരിക്കണം. സസ്പെൻഷൻ പിൻവലിക്കുന്നതിന് മുന്നോടിയായി ആ ജീവനക്കാരൻ മാപ്പുപറയുകയും അങ്ങനെ ആ പ്രശ്നം രമ്യമായി പരിഹരിക്കുകയും വേണം. പ്രതിപക്ഷനേതാവിനും ഇക്കാര്യത്തിൽ ഉത്തരവാദിത്വമുണ്ട്. പ്രഗത്ഭനായ പ്രൊ-വൈസ്ചാൻസലറുടെ മുറിയുടെ പൂട്ടാണ് അടിച്ചുപൊളിച്ചത്. പ്രൊ-വൈസ്ചാൻസലറാണ് സാക്ഷി പറഞ്ഞി രിക്കുന്നത്. സസ്പെന്റ് ചെയ്യപ്പെട്ടവരായിരിക്കും അടിച്ചുപൊളിച്ചത്. നിങ്ങൾ അടിയന്തിരപ്രമേയം കൊണ്ടുവന്നത് വസ്തുത അറിയാതെയാണ്. എന്നാലും ആരോചെയ്തിട്ടുണ്ട്. അത് തെറ്റാണ്. എങ്കിലും രമ്യമായി തീർക്കണം അങ്ങു കൂടി മുൻകൈയെടുത്ത് ക്ഷമപറഞ്ഞ് കേരളാ യൂണിവേഴ്സിറ്റിയുടെ പ്രശ്നം അവസാനിപ്പിക്കണം. ഈ മാജ്യത്തെ ചൂഷണാധിഷ്ഠിതമായ വിദ്യാഭ്യാസനയ ങ്ങളുടെ ഫലമായി നമ്മുടെ പുതിയ തലമുറയെ, വിദ്യാഭ്യാസമുള്ളവരെ ഒരു കൂട്ടം വൈറ്റ്കോളർ ക്രിമിനലുകളാക്കി മാറ്റുന്ന വലതുപക്ഷക്കാരായ നിങ്ങ ളുടെ നയങ്ങൾ അവസാനിപ്പിച്ച് ഈ രാജ്യത്തെ വിദ്യാർത്ഥി സമൂഹത്തെ 21-ാം നൂറ്റാണ്ടിലെ വൈറ്റ് കോളർ ക്രിമിനലിസത്തിൽനിന്ന് പിന്തിരിപ്പിച്ച് ഉത്തമ പൗരന്മാരാക്കി മാറ്റുന്നതിന് ഉല്പാദനവുമായി ബന്ധപ്പെടുത്തിക്കൊ ണ്ടുള്ള വിദ്യാഭ്യാസ പദ്ധതി ആവിഷ്ക്കരിക്കണം. കേരളത്തിന്റെ പ്രശസ്തി ഇന്ത്യയിലും ഇന്ത്യയ്ക്ക് വെളിയിലും ഉയർത്തണം. നമ്മുടെ സർവകലാശാല കളുടേയും പൊതുവിദ്യാഭ്യാസ പദ്ധതിയുടേയും നിലവാരം ഉയർത്തുവാൻ പരിശ്രമിക്കണം. ഈ ഗവൺമെന്റിന്റെ വിദ്യാഭ്യാസനയം പ്രവർത്തനമാരാംഭി ച്ചിട്ടേയുള്ളൂ. വിദ്യാഭ്യാസകച്ചവടക്കാരായ നിങ്ങളെ ജനങ്ങൾ പണ്ട് വെറുതെ വിട്ടു. ഇനി ഈ ഗവൺമെന്റും നിങ്ങളെ വെറുതെ വിടില്ല. നിങ്ങളുടെ കുപ്രച രണങ്ങൾ അവസാനിപ്പിച്ച് ഈ ഗവൺമെന്റിന്റെ ശരിയായ വിദ്യാ

LIBRARY ARCHIVES Kerala Legislative Assembly

ഭ്യാസനയത്തെ സഹായിക്കാൻ മുന്നോട്ടുവരണമെന്നു പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ശക്തമായി പിന്തുണയ്ക്കുന്നു.

[4 PM] ശ്രീ. ജി. കാർത്തികേയൻ : സർ, എന്റെ ദീർഘകാല സുഹൃത്തും മാർക്സിസ്റ്റ് പാർട്ടിയുടെ പുതിയ വിദ്യാഭ്യാസത്തിന്റെ വ്യാഖ്യാതാവുമായ ശ്രീ. ജി. സുധാകരൻ ഇവിടെ പ്രസംഗം അവസാനിപ്പിച്ചു. ബഹുമാനപ്പെട്ട മന്ത്രി പി.ജെ. ജോസഫിനെക്കുറിച്ച് പറയാൻ ആയിരം നാവുള്ള ഒരു അനന്തനായി മാറിയതല്ലാതെ ഈ ഗവൺമെന്റിന്റെ വിദ്യാഭ്യാസമേഖലയിലെ നേട്ടങ്ങളെക്കുറിച്ച് പറയാൻ അദ്ദേഹം തയാറായില്ലെന്ന് മാത്രമല്ല ആ മേഖലയിലേക്ക് അദ്ദേഹം കടന്നുപോയതുമില്ല. എൽ.ഡി.എഫും യു.ഡി.എഫും തമ്മിൽ ഉള്ള ഒരു വ്യത്യാസം യു.ഡി.എഫ് ഒരു പശുവിനെപ്പോലെയാണ്. ഒരു പശു അനേകം ലിറ്റർ പാൽകൊടുത്ത് ഒരു ഇടത്തരം കുടുംബത്തിലെ ജീവിതത്തെ അത് സംരക്ഷിക്കുന്നു. എന്നിട്ട് ആ പശു അവിടെ സ്വസ്ഥമായി, ഐശ്വര്യം നൽകി, ആനന്ദം നൽകി ആ വീട്ടിൽ താമസിക്കുന്നു. ഒരു കോഴി ഒരു മുട്ടയിട്ടിട്ട് വീടിന്റെ പുരപ്പുറത്തുകയറി 'കൊക്കരക്കോ, കൊക്കരക്കോ' എന്നു ബഹളം കൂട്ടുന്നു. യു.ഡി.എഫ് ഒരു പശുവും എൽ.ഡി.എഫ് ഒരു കോഴിയുമാണ്. കോഴി മുട്ടയിടുന്നത് വീട്ടുകാരെ മാത്രമല്ല, നാട്ടുകാരെ മുഴുവൻ അറിയിച്ചുകൊണ്ട്, അടുത്ത് ഒരു മോഷ്ടാവുണ്ടെങ്കിൽ ഞാൻ ഇതാ മുട്ടയിട്ടിരിക്കുന്നു. കൊണ്ടുപോകൂ എന്ന് വിളിച്ചു കൂവുന്ന, കൊക്കരക്കോ നടത്തുന്ന ഒരു കോഴിയുടെ ചിത്രമാണ് എന്റെ മനസ്സിൽ വന്നത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ.ടി.ശിവദാസമേനോൻ) : മുട്ടയിടുന്ന കോഴി കൂകിയാൽ ഞങ്ങളുടെ നാട്ടിൽ അന്നു രാത്രി കൂട്ടാൻ കോഴിയിറച്ചിയാണ്. അവലക്ഷണമാണ്.

ശ്രീ. ജി. കാർത്തികേയൻ : സർ, ഞാൻ വളരെ ബോധപൂർവം 'കൊക്കരക്കോ' എന്നു പറഞ്ഞുള്ളൂ. കൂവുമെന്ന് പറഞ്ഞില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി പറഞ്ഞത് ശരിയാണ്. അങ്ങനെ കൂകിയാൽ, ഇപ്പോൾ ശ്രീ. ജി. സുധാകരൻ ചെയ്തതുപോലെ ചെയ്താൽ കൊല്ലലാണ് മലബാറിലെ സമ്പ്രദായം.

ശ്രീ. ജി. കാർത്തികേയൻ : സർ, ഈ സഭയിൽ വിദ്യാഭ്യാസ രംഗവുമായി നേരിട്ട് ബന്ധമുള്ള ആളുകളാണ് കൂടുതലും. ഒന്നുകിൽ അദ്ധ്യാപകർ, അല്ലെങ്കിൽ വിദ്യാർത്ഥി രംഗത്തുകൂടി കടന്നുവന്നവർ. വിദ്യാഭ്യാസരംഗത്തെക്കുറിച്ച് സമൂഹത്തിന്റെ സങ്കൽപത്തെക്കുറിച്ച് നമുക്ക് ആക്ഷേപമൊന്നുമില്ല. നമ്മുടെ കുട്ടികളെ സമ്പൂർണ്ണതയിലേക്ക് നയിക്കുകയെന്നതാണ് വിദ്യാഭ്യാസം കൊണ്ട് നമ്മൾ ആഗ്രഹിക്കുന്നത്. മാറ്റങ്ങൾക്ക് തയ്യാറാവണം. പുതിയ ഒരു നൂറ്റാണ്ടു വരുന്നു. ഒരു വിളിപ്പാട് അകലെ നിൽക്കുന്ന ഒരു നൂറ്റാണ്ടിന്റെ പ്രകാശപൂർണ്ണമായ ഒരു വരവിനുവേണ്ടി ആഘോഷിക്കുവാൻ നമ്മൾ ഒരു കോടി രൂപ മാറ്റി വച്ചുവല്ലോ. പുതിയ ഒരു യുഗത്തിലേക്ക് നമ്മുടെ ലോകം നടന്നടുക്കുമ്പോൾ കേരളത്തിന്റെ വിദ്യാഭ്യാസത്തിന്റെ അടിത്തറയെക്കുറിച്ചാണ് നമുക്ക് ആലോചിക്കാനുള്ളത്. പുതിയ നൂറ്റാണ്ടിന്റെ വെല്ലുവിളിയെ നേരിടാൻ, ദേശാഭിമാനിയിലെവിടെയോ ഒരിക്കൽ വായിച്ചതുപോലെ എല്ലുറപ്പുള്ള ഒരു പുതിയ സമൂഹത്തെ വാർത്തെടുക്കുന്നതിനുവേണ്ടിയുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ ഇന്നില്ല. പണം പ്രധാനമല്ലേ? കണക്കുകൾ പറയുന്നതിനുവേണ്ടി പറയുകയല്ല. സാമ്പത്തിക അവലോകനത്തിൽ വിദ്യാഭ്യാസത്തെക്കുറിച്ചു പറയുന്നത് ഇപ്പോൾ ബഡ്ജറ്റിൽ നീക്കിവെച്ചിരിക്കുന്ന തുകയുടെ തോതും സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക വിഷമ

LIBRARY ARCHIVES Kerala Legislative Assembly

തകളും കണക്കിലെടുത്താൽ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ബഡ്ജറ്റിൽ വിഹിതം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യത പരിമിതമാണ്. വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ വർദ്ധിച്ചു വരുന്ന സാമ്പത്തികഭാരം കണക്കിലെടുത്ത് വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ദുർബല വിഭാഗങ്ങൾക്ക് അപ്രാപ്യമായി തീരത്തക്കവിധം വിഭവ സമാഹരണം നടത്തേണ്ടതുണ്ട്. അതിനു നമ്മുടെ മുന്നിൽ വല്ല പ്രോജക്ടുമുണ്ടോ? നമ്മൾ വെറുതെ പറഞ്ഞിട്ട് കാര്യമുണ്ടോ? ഇവിടെ പറഞ്ഞു പ്രീ-പ്രൈമറി എഡ്യൂക്കേഷന്റെ ബിൽ നമ്മൾ കൊണ്ടുവന്നുവെന്ന്. പ്രീ-പ്രൈമറി എഡ്യൂക്കേഷനെക്കുറിച്ചു വാചാലമായി പറഞ്ഞില്ലേ? നമ്മുടെ പ്രീ-പ്രൈമറി, പ്രൈമറി, സെക്കന്ററിതലം, പ്രീഡിഗ്രി, പ്രൊക്കേഷണൽ ഹയർ സെക്കന്ററി, പ്ലസ് ടൂ. അതിനു മുമ്പാണ് ഡി.പി.ഇ.പി. വരുന്നത്. ഞാൻ കഴിഞ്ഞ നിയമ സഭയിൽ ചോദിച്ച ഒരു കാര്യം വീണ്ടും ആവർത്തിക്കുന്നു. നമ്മൾ ഡി.പി.ഇ.പി. യെ ക്കുറിച്ച് ധാരാളം പറയുന്നല്ലോ. നിങ്ങളുടെ ആരുടെയെങ്കിലും മക്കൾ, ബന്ധുക്കൾ, ഇതിനുവേണ്ടി പ്രചരിപ്പിക്കുന്ന ബുദ്ധിജീവികളും ബുദ്ധിജീവികളല്ലാത്തവരും, ഉദ്യോഗസ്ഥൻമാർ, ഇത് റിപ്പോർട്ട് ചെയ്യുന്ന പത്രക്കാർ ഉൾപ്പെടെയുള്ള ആരുടെയെങ്കിലും കുട്ടികൾ ഡി.പി.ഇ.പി. പഠിക്കുന്നുണ്ടോ? ഞാൻ വീണ്ടും പറയുന്നു എനിക്ക് കാപട്യമില്ല. എന്റെ കുട്ടികൾ അവിടെയല്ല പഠിക്കുന്നത്. ദീർഘകാല പാരമ്പര്യമുള്ള കേരളത്തിലെ പ്രൈമറി വിദ്യാഭ്യാസത്തിന് ഒരു ബലമുള്ള അടിത്തറ വേണ്ടേ? ഞാൻ ഡി.പി.ഇ.പി. എന്നു പറയുന്ന വിദ്യാഭ്യാസ പരിഷ്കരണത്തെ എതിർക്കുകയല്ല. ശ്രീ. ഇ.ടി മുഹമ്മദ് ബഷീറിന്റെ കാലത്ത് കൊണ്ടുവന്നതാണ്. പക്ഷെ നിങ്ങൾ കൊണ്ടുവന്നത് പുതിയ പാഠ്യക്രമമാണ്. ഇവിടെ ശ്രീമതി ശൈലജ ടീച്ചർ പറഞ്ഞു പുതിയ പാഠ്യക്രമമെന്ന്. എന്താണ് പുതിയ പാഠ്യക്രമം? എന്താണ് കൊണ്ടുവന്നത്? കളിയിൽ കേന്ദ്രീകൃതമായ ഒരു വിദ്യാഭ്യാസ സമ്പ്രദായം. കളിയെന്ന് പറയുന്നത് പഠനത്തിന്റെ നിരവധി ഉപാധികളിൽ ഒന്ന് മാത്രമാണ്. പക്ഷെ, അത് പ്രാഥമിക തലത്തിലെ ഏക ഉപാധിയായി മാത്രം മാറി. പഠനം ആകസ്മികവും യാദൃശ്ചികവും. വിദ്യാഭ്യാസത്തെ നിങ്ങൾ അനൗപചാരികമാക്കിമാറ്റി. എന്താണ് വിദ്യാഭ്യാസം? ഇപ്പോൾ ഇവിടെ ശ്രീ. ജി. സുധാകരൻ ശാസ്ത്ര സാഹിത്യ പരിഷത്തിനെ തള്ളിപ്പറഞ്ഞാലും ഞാൻ തള്ളിപ്പറയുകയില്ല. വിദ്യാഭ്യാസ പരിഷ്കാരങ്ങളിൽ ശാസ്ത്ര സാഹിത്യ പരിഷത്തിന് നല്ലൊരു പങ്കുണ്ട് എന്ന് അവർ പറയുന്നു. പരിഷത്തിന്റെ അഭിപ്രായത്തിൽ പൊതു വിദ്യാഭ്യാസത്തിന്റെ ആണിക്കല്ലാണ് പ്രൈമറിഘട്ടം. കുട്ടികളുടെ സർഗ്ഗവാസനകൾ പൂവിടുന്ന കാലമാണത്. ഇവിടെ മിക്ക കുട്ടികൾക്കും കതിരിൻമേൽ വളം വെയ്ക്കുന്ന അനുഭവമാണ് ഉണ്ടാകുന്നത്. പല ഭാഷകളും ഒരുപാട് കാര്യങ്ങളും കുട്ടികളുടെ ഒഴിഞ്ഞ ചാക്കിൽ നിറയ്ക്കാനുള്ള പദ്ധതികളാണ്. നിങ്ങൾ ഇപ്പോൾ ചെയ്യുന്നത് അതാണ്. കുട്ടികളുടെ അന്വേഷണപരിചയവും ജിജ്ഞാസയും ഇതിനു തടസ്സമായതുകൊണ്ട് അവയെ കുരുന്നിലേ രക്ഷിതാക്കളും അദ്ധ്യാപകരും കൂടി നുള്ളിക്കളയുന്നു. കുട്ടികളെ പഠിപ്പിക്കുന്നതിൽ അദ്ധ്യാപകർക്ക് ശ്രദ്ധിക്കാൻ സമയമില്ല. അദ്ധ്യാപകരെക്കൊണ്ട് നിങ്ങൾ കളിപ്പിക്കുകയാണ് ചെയ്യുന്നത്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുകയാണ് കേരളത്തിലെ എല്ലാ ദളിത് സംഘടനകളും എന്തുകൊണ്ട് ഡി.പി.ഇ.പി. യെ എതിർക്കുന്നു? കേരളത്തിലെ ഭരണകക്ഷിയിലും പ്രതിപക്ഷത്തുമുള്ള ദളിത് സംഘടനകൾ എന്തുകൊണ്ട് ഇതിനെ എതിർക്കുന്നു? ഗുപ്തൻനായരും ഹൃദയകുമാരിയും പറഞ്ഞ കാര്യങ്ങൾ ഉരുവിട്ട് മന്ത്രി ജാമ്യം എടുക്കാൻ പോവുകയാണ്. ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

കുറെ പേരുകൾ വായിക്കാം. അവർ ഏത് നാട്ടിലുള്ളവരാണ്? ഡി.പി.ഇ.പി. യെ എതിർക്കുന്നവർ ശ്രീ. കൃഷ്ണയ്യർ, ഡോ. കരീം, ഡോ. സോമൻ, പ്രൊഫ. ജി. കുമാരപിള്ള, ഡോ. കെ.എം. ജോർജ്, ശ്രീ. എം.വി. ദേവൻ, മഹാകവി പാലാ നാരായണൻ നായർ, ശ്രീ. പൊൻകുന്നം വർക്കി, ഡോ. ശിവദാസൻ പിള്ള, ഡോ. എം. സുകുമാരൻ നായർ, പ്രൊഫ. പി.എൻ കരീം, പ്രൊഫ. കൃഷ്ണൻ നായർ, ശ്രീ. സി. രാധാകൃഷ്ണൻ, പ്രൊഫ. എം.കെ. സാനു, ശ്രീമതി പി. വൽസല, ഡോ .എം. ലീലാവതി, ശ്രീ. തിരുനെല്ലൂർ കരുണാകരൻ, പ്രൊഫ. കെ.ജി. ശങ്കരപിള്ള, ശ്രീ. എൻ. ഭാസ്ക്കരൻ, ശ്രീ. അബ്ദുൾ ഗഫാർ മൗലവി, ശ്രീ. കെ. കുഞ്ഞിക്കൃഷ്ണൻ, ഡോ. രാജൻ കുരിക്കൾ, ശ്രീ. പി.എൻ. പണിക്കർ, ശ്രീ. പവനൻ, ശ്രീ. എൻ. മോഹനൻ, ശ്രീ. എ.കെ. രാമകൃഷ്ണൻ, ശ്രീമതി ഒ.വി. ഉഷ, അങ്ങനെ തുടങ്ങി ധാരാളം ആളുകൾ ഉണ്ട്. ഇത് പ്രാഥമിക ഘട്ട പരീക്ഷണമാണ്. അവിടെയും ഇവിടെയും ഇരിക്കുന്ന പലരുടെയും മക്കളുടെ വിദ്യാഭ്യാസം കഴിഞ്ഞു. പലരും ഊട്ടിയിലും ഡൽഹിയിലുമൊക്കെ പഠിച്ചു വരുന്നതുകൊണ്ട് നമുക്ക് സൗകര്യപ്രദമായി പറയാം. കാരണം, നമ്മുടെ കുട്ടികളെ ഇത് ബാധിക്കുന്നില്ല. കേരളത്തിലെ പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളേയും ദളിത് വിഭാഗത്തിൽപ്പെട്ടവരെയുമാണ് ബാധിക്കുന്നത്. നിങ്ങൾ കൊണ്ടുവന്നിരിക്കുന്ന പാഠ്യക്രമം ഉണ്ടല്ലോ- നിങ്ങൾക്ക് എല്ലാം പൈങ്കിളി സ്വഭാവമാണല്ലോ. സ്കൂളുകളിൽ ഒരു ബോർഡ് വച്ചിരിക്കുന്നത് 'പ്രവേശനോൽസവം' 'കിങ്ങിണിക്കൂട്ടത്തിന് സ്വാഗതം' എന്നൊക്കെയാണ്. പ്രാദേശികമായി ഏതെങ്കിലും ഒരു പൈങ്കിളി സാഹിത്യകാരൻ എഴുതിവെയ്ക്കുന്ന ഒരു ഹെഡ്ഡിംഗിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ വിദ്യാഭ്യാസത്തെ കാണരുത്. ഐസക് നോവർ അമേരിക്കൻ പ്രസിഡന്റായിരുന്നപ്പോൾ അവിടെ അണുപരീക്ഷണത്തെക്കുറിച്ച് ഒരു ചർച്ച നടന്നു. ആ ചർച്ചയിൽ ജപ്പാൻ കടലോരത്തുവച്ച് പരീക്ഷണം നടക്കുമെന്ന് പറഞ്ഞു. അന്ന് അദ്ദേഹം വേൾഡ് ബാങ്കിന്റെ പ്രസിഡന്റായിരുന്നു. അദ്ദേഹം ചോദിച്ചു അണുപരീക്ഷണമല്ലേ? ജനങ്ങൾക്കും സമൂഹത്തിനും യാതൊരു ബുദ്ധിമുട്ടുമില്ലെങ്കിൽ അങ്ങ് എന്തുകൊണ്ട് അമേരിക്കൻ അതിർത്തി കടന്ന് ജപ്പാൻ തീരത്ത് കൊണ്ടുപോകുന്നു? അമേരിക്കയിൽതന്നേ പരീക്ഷിച്ചു കൂടെ. ഇതുപോലെയാണ് പ്ലസ് ടുവിന്റെ കാര്യം കേരളത്തിലെ ഒരു വിഭാഗം പാവപ്പെട്ട പിന്നോക്ക സമുദായത്തിലെ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകളുടെ കുട്ടികളുടെ ഭാവിയെ തുണയ്ക്കുന്നതിനു വേണ്ടി കൊണ്ടുവരുന്ന വിദ്യാഭ്യാസ സമ്പ്രദായത്തെക്കുറിച്ചു നിങ്ങൾ ഒരു വാശിയിലാണ്. ഞങ്ങൾ ഡി.പി.ഇ.പി. യെ എതിർക്കുമെന്ന് ആരെങ്കിലും പറഞ്ഞോ? ഡി.പി.ഇ.പി. യുടെ പാഠ്യക്രമത്തെക്കുറിച്ച് ആവേശപൂർവം പറഞ്ഞല്ലോ. പാഠ്യക്രമം പറയാൻ എളുപ്പമാണ്. പണ്ടത്തെ കാലമല്ല ഇത്. നമ്മൾ കൊയ്യും വയലെല്ലാം നമ്മുടെതാകും പൈങ്കിളിയെ. അതുകേട്ട് വികാരം ഇളകിയ ധാരാളം ആളുകളുണ്ട്. സ്വാത്രന്ത്യം കിട്ടിയിട്ട് 50 വർഷം പിന്നിട്ടിരിക്കുന്നു. ഡി.പി.ഇ.പി. എന്നു പറയുന്ന നിങ്ങൾ നടത്തുന്ന ഒരു പരീക്ഷണത്തെ ഞങ്ങൾ മനഃപൂർവം എതിർക്കുന്നതല്ല. കേരളത്തിലെ ഒരു വിഭാഗം വിദ്യാർത്ഥികളെ പുറകോട്ട് കൊണ്ടുപോകുമെന്നുള്ള സമ്പ്രദായമായതുകൊണ്ട്, അവരുടെ ജീവിതത്തെ ഇത് ബാധിക്കുമെന്നുള്ളത് കൊണ്ട് ഇതൊരു പ്രസ്റ്റീജ് ഇഷ്യൂ ആയിട്ട് എടുക്കാതെ ഇതിന്റെ പാഠ്യക്രമത്തിൽ മാറ്റമുണ്ടാകണം. കുട്ടികളോടൊപ്പം അദ്ധ്യാപകരെയും കുരങ്ങ് ചാടിപ്പിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായം കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ പുറകോട്ട് കൊണ്ടുപോകും.

LIBRARY ARCHIVES Kerala Legislative Assembly

മറ്റൊന്നു പ്രീപ്രൈമറി എഡ്യൂക്കേഷനാണ് . ഇവിടെ പ്രീ പ്രൈമറി എഡ്യൂക്കേഷന്റെ ബിൽ മാത്രം കൊണ്ടുവന്നാൽ മതിയോ? കേരളത്തിൽ ഇ. എം.സ് മുഖ്യമന്ത്രിയായിരുന്ന കാലത്താണ് കേരളം കണ്ട ഏറ്റവും വലിയ വിദ്യാഭ്യാസ സമരം ഉണ്ടായത്. ആ സമരം ഇ.എം.എസ്സിന്റെ കുറ്റംകൊണ്ട് ഉണ്ടായതല്ല. കേരളത്തിലെ സ്വകാര്യ വിദ്യാഭ്യാസ മേഖലയിലെ അഴിമതിക്കെതിരെ നടന്ന വിദ്യാർത്ഥികളുടെ ശക്തമായ പോരാട്ടമായിരുന്നു അത്. അന്ന് കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി ജനറൽ സെക്രട്ടറി ശ്രീ. എ.കെ. ആന്റണിയെ തല്ലിയ സംഭവം ഈ സമരവുമായി ബന്ധപ്പെട്ടാണ്. സ്വതന്ത്യ ഭാരതത്തിൽ പിറന്നുവീണ നമ്മുടെ പുതിയ തലമുറയിൽപ്പെട്ട ധാരാളം ആളുകളും ആ സമരത്തിന്റെ ഭാഗമായി ജയിലിൽപ്പോയി. അന്ന് രണാങ്കണത്തിൽ ചാടിയിറങ്ങിയ നിങ്ങളുടെയും അവരുടെയും സമരത്തിന്റെ ചരിത്രത്തെയൊന്നും ഞാൻ ചെറുതാക്കിക്കാണിക്കുന്നില്ല. സ്വകാര്യ മേഖലയിൽ നിന്നും കേരളത്തിലെ വിദ്യാഭ്യാസരംഗത്തെ മോചിപ്പിക്കുന്നതിന് അന്ന് നടത്തിയ വിദ്യാർത്ഥി വിപ്ലവത്തിലൂടെ, ആ സമരത്തിലൂടെ ഈ കേരളീയ സമൂഹം നേടിയ അടിസ്ഥാനപരമായ മാറ്റങ്ങൾ വർഷങ്ങൾക്ക് ശേഷം ഇന്ന് 21-ാം നൂറ്റാണ്ടാകാൻ പോകുമ്പോൾ എവിടെ നിൽക്കുന്നു. ഒരു കാലത്തുമില്ലാത്ത തരത്തിൽ കേരളത്തിലെ പ്രൈമറിതലം വരെയുള്ള വിദ്യാഭ്യാസ മേഖലയിൽ അഴിമതി കൊടികുത്തിവാഴുന്നു. സ്വകാര്യ വിദ്യാഭ്യാസ മേഖല കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് വരുത്തിയ എല്ലാ ഗുണപരമായ മാറ്റങ്ങളെയും ഞാൻ ബഹുമാനിച്ചുകൊണ്ട് തന്നെ പറയട്ടെ. കേരളത്തിലെ പ്രീപ്രൈമറി എഡ്യൂക്കേഷന്റെ സ്ഥിതിയെന്താണ്? ആരാണ് ഇവിടുത്തെ സമൂഹമെന്ന് പറയുന്നത്. തിരുവനന്തപുരം നഗരത്തിൽക്കൂടി ഒരു ടൂവീലറിൽ പുറകിൽ ഭാര്യയെയും ഭാര്യയുടെ മടിയിൽ ഒരു കുട്ടിയെയും പെട്രോൾ ടാങ്കിന്റെ പുറത്ത് ഒരു കുട്ടിയെയും ഇരുത്തിക്കൊണ്ടുപോകുന്ന ഇടത്തരക്കാരുണ്ടല്ലോ. അവന്റെ കുട്ടികളാണ് അവരെക്കാൾ പാവപ്പെട്ടവരുമാണ് ഇവിടുത്തെ പ്രീപ്രൈമറിയിൽ പഠിക്കുന്നത്. എന്തുകൊണ്ട്? ഡി.പി.ഇ.പി കാരണം ഒരു പേടി സമൂഹത്തിൽ വന്നു, അതുകൊണ്ട് കേരളത്തിലെ സ്വകാര്യ വിദ്യാഭ്യാസ മേഖലയിലെ പ്രീപ്രൈമറി തലങ്ങളിലേക്ക് കുട്ടികളുടെ ഒരു വലിയ കടന്നുകയറ്റം തന്നെ ഉണ്ടായി. സ്വകാര്യ സ്കൂളിൽ പലയിനത്തിലാണ് ഫീസ്, റീഫണ്ടബിൾ ഡെപ്പോസിറ്റ്, നോൺ-റീഫണ്ടബിൾ ഡെപ്പോസിറ്റ്, കാഷൻ ഡെപ്പോസിറ്റ്, സ്കൂൾ ഡെവലപ്മെന്റ് ഫണ്ട്, പ്ലേഗ്രൗണ്ട് ഫണ്ട്. സ്കൂൾ ബിൽഡിംഗ് ഫണ്ട്, ലക്ഷ്വറി കോച്ച് ഫണ്ട്, അഡ്മിഷൻ ഫീ, ട്യൂഷൻ ഫീ, കമ്പ്യൂട്ടർ ഫീ, ഇന്റർനെറ്റ് ഫീ, സ്പെഷ്യൽ ഫീ, എന്നിങ്ങനെ പോകുന്നു. അങ്ങ് ഇത് കാണുന്നുണ്ടോ? കേരളത്തിലെ ഒരു തോട്ടം മേഖലയിലെ മുതലാളി തൊഴിലാളികൾക്ക് സമയത്ത് ശമ്പളം കൊടുത്തില്ലെങ്കിൽ അസിസ്റ്റന്റ് ലേബർ ഓഫീസർ ഇടപെടുന്നതുപോലുള്ള ഒരു മര്യാദയെങ്കിലും കേരളത്തിൽ ഈ വിദ്യാഭ്യാസ രംഗത്ത് കാണിക്കുന്നുണ്ടോ? 10,000 രൂപയ്ക്കുതാഴെ ഡെപ്പോസിറ്റ് കൊടുക്കാതെ ഇവിടെ എൽ.കെ.ജി. ക്ക് അഡ്മിഷൻ കിട്ടുമോ? റീഫണ്ടബിൾ എന്നാണ് പറയുന്നത്.

മറ്റൊരു വലിയ ഹത്യ ഇവിടെ നടക്കുന്നുണ്ട്. സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. കുട്ടികൾക്ക് പത്താം ക്ലാസ്സിലേക്ക് ചെന്നു കഴിഞ്ഞാൽ അവിടെ എന്താണ് സ്ഥിതി? ഈ സ്കൂളിൽ നൂറോ, ഇരുനൂറോ കുട്ടികളല്ല ഉള്ളത്. 650 രൂപ ഒരു മാസ ഫീസ്സാണെങ്കിൽ 12 മാസത്തെ ഫീസ്മൊത്തമായി വാങ്ങുന്നു. 100 കുട്ടികളുള്ള ഒരു സ്കൂളാണെങ്കിൽ അതുമാത്രം അഞ്ചുലക്ഷം രൂപയാകുന്നു. 100 കുട്ടികൾ പഠിക്കുകയാണെങ്കിൽ ഇവിടുത്തെ ഒരു സ്വകാര്യ

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ മേഖലയിലെ ഒരു സ്കൂൾ ഏറ്റവും കുറഞ്ഞത് 13 ലക്ഷം രൂപ വാങ്ങുകയാണ്. ഇത് എത്ര പേർക്ക് കൊടുക്കാൻ കഴിയും? തിരുവനന്തപുരത്ത് സെക്രട്ടേറിയേറ്റിന്റെ മൂക്കിനു താഴെ ഇതൊക്കെ നടക്കുന്നുണ്ട്. പ്രീ പ്രൈമറി എഡ്യുക്കേഷൻ എന്നു പറഞ്ഞിട്ടു കേരളത്തിൽ മുഴുവൻ കൊലയാണ് നടക്കുന്നത്. കേരളത്തിലെ വിദ്യാർത്ഥികൾ എന്തു ചെയ്യും? പാവം രക്ഷകർത്താക്കൾ എന്തുചെയ്യും? മറ്റു സാഹചര്യങ്ങൾ ഇല്ല. നിങ്ങൾ ഒച്ച വയ്ക്കേണ്ട. നിങ്ങൾക്ക് ഇത് പറയേണ്ട കാര്യമില്ല. കാരണം നിങ്ങളുടെയൊന്നും കുട്ടികൾ അവിടേയ്ക്ക് പോകുന്നില്ല. ഡി.പി.ഇ.പി. യിൽ പോകാനല്ലേ പറയുന്നത്? ഡി.പി.ഇ.പി. യിൽ എന്ത് സുരക്ഷിതത്വമാണുള്ളത്? ഡി.പി.ഇ.പി. എന്ന വിദ്യാഭ്യാസ പരിഷ്കരണം ഇവിടെ വന്നിട്ട് നിങ്ങൾ അതിനെ രാഷ്ട്രീയവൽക്കരിക്കുന്നു. നിങ്ങൾ അതിനെ പാർട്ടിവൽക്കരിക്കുന്നു. അതിന്റെ പാഠ്യക്രമം മാറ്റുന്നതിനുവേണ്ടി നിങ്ങൾ ബുദ്ധിജീവികളെ ഏൽപ്പിച്ചു. അതുകൊണ്ടുതന്നെയാണ് ഇതൊക്കെ പറ്റിയത്. ഞങ്ങൾ പദ്ധതിയെ എതിർക്കുന്നില്ല.

പ്ലസ് ടുവിനെക്കുറിച്ച് ഇവിടെ പറഞ്ഞല്ലോ. പ്ലസ് ടുവിന്റെ സ്ഥിതിയെന്താണ്? മൂന്നു തരം വിദ്യാഭ്യാസ രീതിയാണ് ഈ തലത്തിലുള്ളത്. പ്ലസ് ടു, വൊക്കേഷണൽ ഹയർ സെക്കന്ററി, പ്രീഡിഗ്രി എന്നിവയാണ് കേരളത്തിലെ പത്താം ക്ലാസ് പാസ്സായി വരുന്ന വിദ്യാർത്ഥികൾക്ക് മൂന്നു തരത്തിലാണ് കരിക്കുലം മൂന്നു സിലബസ്, മൂന്നു പഠന സമ്പ്രദായം ഇത് നിലവിലുള്ള സമ്പ്രദായം തന്നെയാണ്. ഞാൻ സമ്മതിക്കുന്നു. പക്ഷെ ആ നിലവിലുള്ള സമ്പ്രദായത്തെ നിങ്ങൾ എങ്ങനെ കൊണ്ടു നടക്കുന്നു. പ്ലസ് ടു നിങ്ങൾക്ക് ഒരു വാശിയായിരുന്നു. കഴിഞ്ഞ തവണ വളരെ വികാരപരമായ ഭാഷയിൽ, ഭാവനയോടു കൂടി ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പ്ലസ് ടു വിന്റെ സൗകര്യങ്ങളെക്കുറിച്ച് പറഞ്ഞു. കേരളത്തിൽ പ്ലസ് ടു നടക്കുന്ന സ്കൂളുകളിലെ സ്ഥിതിയെന്താണ്? അവിടെ Suppose this is a test tube എന്നു പറഞ്ഞ് ചോക്ക് പീസ് എടുത്തു കാണിക്കുകയാണ്. അവിടത്തെ ടെസ്റ്റ് റ്റ്യൂബ് എന്നു പറയുന്നത് ചോക്ക്പീസാണ്. എവിടെയെങ്കിലും സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ? സ്കൂളിൽ പ്ലസ് ടുവിനായി നിങ്ങൾ എത്ര ലക്ഷം രൂപ മാറ്റി വച്ചു? വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ എവിടെയെങ്കിലും പെർമനന്റ് അദ്ധ്യാപകരുണ്ടോ? അദ്ധ്യയനവർഷം ആരംഭിച്ച് ആറു മാസം കഴിഞ്ഞാൽ മാത്രമാണ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ അധ്യാപകർ വരുന്നത്. പ്ലസ് ടുവിൽ എവിടെയെങ്കിലും പെർമനന്റ് അദ്ധ്യാപകരുണ്ടോ? ഇതുപറയുമ്പോൾ കോടതിയുടെ ഇടപെടലിനെക്കുറിച്ചൊക്കെ നിങ്ങൾ പറയും. അദ്ധ്യാപകരില്ലാതെ, പഠിക്കാനുള്ള സൗകര്യങ്ങളില്ലാതെ, ബെഞ്ചും ഡെസ്ക്കും ഇല്ലാതെ, ലബോറട്ടറി സൗകര്യമില്ലാതെ കേരളത്തിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്നറിയാമോ? ഈ കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങൾ ആര് നോക്കും. ഈ ഗവണ്മന്റിന് ഉത്തരവാദിത്വമില്ലേ? കേരളകൗമുദി പത്രം ഇതിനെക്കുറിച്ച് എഡിറ്റോറിയൽ എഴുതിയിട്ടുണ്ട്.' പ്ലസ് ടു ആരംഭിച്ച സർക്കാർ വിദ്യാലയങ്ങളുടെ സ്ഥിതി ഇന്നും പരമദയനീയമാണ്. അടിസ്ഥാന സൗകര്യങ്ങൾ പോയിട്ട് മൂത്രപ്പുരപോലും ഇല്ലാത്തവയാണ് ഇവയിൽ പലതും. പ്ലസ് ടു ബാച്ചുകൾ അനുവദിച്ച സ്കൂളുകളിൽ അധ്യയനം നടത്തിക്കൊണ്ടുപോകുന്നതിന് ഗവണ്മെന്റിന് കഴിയുന്നില്ല. ഉന്നതവിദ്യാഭ്യാസത്തിന്റെ നിലവാരം കൂട്ടുന്നതിനെക്കുറിച്ചും പാഠ്യപദ്ധതി പരിഷ്ക്കരണത്തെക്കുറിച്ചും ഗിരിപ്രഭാഷണം നടത്തുന്നവർ ഉന്നതവിദ്യാഭ്യാസത്തിന്റെ പടിവാതിലിൽ നടത്തിവരുന്ന ഈ നരബലി കണ്ടില്ലെന്നു നടിക്കരുത്, ഇത് കേരള

LIBRARY ARCHIVES Kerala Legislative Assembly

കൗമുദിയുടെ എഡിറ്റോറിയലാണ്. നിങ്ങൾ എന്നോട് വാശി തീർക്കണ്ട. കേരളത്തിലെ പ്ലസ് ടൂ വിദ്യാഭ്യാസം പരമദയനീയമാണ്. അവിടെ പഠിക്കുന്ന കുട്ടികളുടെയും പഠിപ്പിക്കുന്ന അധ്യാപകരുടെയും സ്ഥിതിയെന്താണ്? സമയമില്ലാത്തതുകൊണ്ട് ഞാൻ പഴയ പുരാണങ്ങളിലേയ്ക്കോ കഥകളിലേയ്ക്കോ പോകുന്നില്ല. ഇവിടെ പ്രീഡിഗ്രി ബോർഡ് കൊണ്ടുവന്നപ്പോൾ അന്നത്തെ ഗവണ്മെന്റ്, ശ്രീ. ടി.എം. ജേക്കബ് എന്താണ് പറഞ്ഞത്? ശാസ്ത്രീയമായി, പൂർണ്ണമായി അതിന്റെ ഡീലിംങ്കിംഗ് കഴിഞ്ഞതിനുശേഷമെന്നാണ് പറഞ്ഞത്. ഇപ്പോൾ ഡീലിങ്കിംഗ് പൂർത്തിയായോ? ശാസ്ത്രീയമായി കാര്യങ്ങളെ അപഗ്രഥിക്കുന്നതിനു തയ്യാറാകാതെ ഒരു വാശിയുടെ പേരിൽ, ഈഗോയുടെ ഒരു പ്രശ്നമായി അതിനെ മാറ്റിയെടുത്തശേഷം അടിസ്ഥാനസൗകര്യമില്ലാത്ത കേരളത്തിലെ മറ്റു സ്കൂളുകളിലേയ്ക്ക് പ്ലസ് ടൂ കൊണ്ടുവന്നതുതന്നെയാണ് ഇവിടെ വന്ന അടിസ്ഥാനപരമായ കുഴപ്പം.

<u>ശ്രീ. ടി.എം. ജേക്കബ്</u> : കേരളത്തിലെ ഏറ്റവും വലിയ വിചക്ഷണനും പണ്ഡിതനുമായ ശ്രീ. ജി. സുധാകരന്റെ അഭിപ്രായത്തിൽ അന്നത്തെ പ്രീഡിഗ്രി ബോർഡ് തെറ്റാണെന്ന് പറഞ്ഞു. അന്ന് ശ്രീ. പി.ജെ. ജോസഫ് ഉൾപ്പെട്ട ക്യാബിനറ്റാണ് അത് അപ്രൂവ് ചെയ്തത്. ആ ക്യാബിനറ്റിന്റെ അപ്രൂവൽ എന്നു പറയുന്നത്, കോളേജുകളിൽ നിലനിൽക്കുന്ന, യൂണിവേഴ്സിറ്റിയിൽ നിലനിൽക്കുന്ന പ്രീഡിഗ്രി അവിടെനിന്നു ഡീലിങ്ക് ചെയ്ത് സ്കൂളിന്റെ ഭാഗമാക്കണമെന്നുള്ളതാണ്. അതുതന്നെയാണ് ഇപ്പോഴും കൊണ്ടുവന്നിരിക്കുന്നത്. അത് അദ്ദേഹത്തിന് ഇതുവരെ മനസ്സിലായിട്ടില്ല.

<u>ശ്രീ. ജി. കാർത്തികേയൻ</u> : അതുതന്നെയാണ് കൊണ്ടുവന്നത്. പക്ഷെ ശാസ്ത്രീയമായിട്ട് മുന്നോട്ടുപോകാൻ കഴിഞ്ഞില്ല. അതുകൊണ്ടാണ് ഈ കുഴപ്പങ്ങൾ മുഴുവൻ വന്നിരിക്കുന്നത്. കേരളത്തിൽ പ്ലസ് ടൂ അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള ആശങ്കകളെയും ചർച്ചകളെയും കുറിച്ച് നിങ്ങൾ അന്വേഷിക്കണ്ടേ? നിങ്ങൾ അത് അറിയണ്ടേ? ഇവിടെ ശ്രീ. ജി. സുധാകരന് എന്തുപറ്റി? അദ്ദേഹത്തെ ആയിരം നാവുള്ള അനന്തൻ എന്നുള്ളതല്ല, അതിനപ്പുറം പറയേണ്ടിയിരിക്കുന്നു. അങ്ങ് യഥാർത്ഥത്തിൽ പണ്ടത്തെ ആസ്ഥാനവിദ്വാൻ എന്നുള്ള നിലയിലേയ്ക്ക് മാറി. വിക്രമാദിത്യസദസ്സിൽ രാജാവിനെ മുൻപിലിരുത്തിക്കൊണ്ട് "മന്നവേന്ദ്രാ വിളങ്ങുന്നു ചന്ദ്രനെപ്പോലെ നിൻമുഖം" എന്ന് ആസ്ഥാനകവി പാടിയതുപോലെ ശ്രീ. ജി. സുധാകരൻ പാടുകയാണ്. അങ്ങയെപ്പോലുള്ള ഒരാൾ തീർച്ചയായിട്ടും ഈ ഗവണ്മെന്റിന് പിന്തുണ കൊടുക്കണം, മന്ത്രിയെ അഭിനന്ദിക്കണം. പ്രസംഗിക്കണം. പക്ഷെ യാഥാർത്ഥ്യങ്ങൾ മറക്കരുത്.

കേരളത്തിൽ പാഠപുസ്തകങ്ങളെല്ലാം കൊടുത്തിട്ടുണ്ടോ? കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 5000 പേജുള്ള 'കാലത്തിന്റെ കണ്ണാടി' പ്രിന്റു ചെയ്യുന്നതിനു വേണ്ടിയാണ് പണവും സമ്പത്തും മാറ്റിയതെന്നുള്ള ആരോപണം ഞാൻ ഉന്നയിക്കുന്നില്ല. പക്ഷെ കേരളത്തിലെ പാവപ്പെട്ടവരുടെ കുട്ടികൾക്ക് പുസ്തകം കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടോ? എന്തുകൊണ്ട് പ്രിന്റ് ചെയ്യാൻ കഴിഞ്ഞില്ല? അടിസ്ഥാനപരമായ ആവശ്യങ്ങൾ ഉണ്ടാകണ്ടേ? കുട്ടികൾക്ക് പാഠപുസ്തകമില്ല. ഇരിക്കാനുള്ള ബഞ്ച് ഇല്ല, എഴുതാനുള്ള ഡെസ്ക് ഇല്ല, ലബോറട്ടറി സൗകര്യങ്ങളില്ല. എന്നിട്ട് നിങ്ങൾ വാചാലമായി പ്രസംഗിക്കുകയാണ്. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്തെ ആക്ഷേപിക്കുകയും എൽ.ഡി.എഫ്. വന്നതിനുശേഷമുള്ള മാറ്റങ്ങൾ പറയുകയും ചെയ്യുന്നു. എന്ത് മാറ്റമാണ്? പ്രകാശപൂർണ്ണമായ ഭാവിയെന്ന് പറഞ്ഞുകൊണ്ട് വെറുതെ മുന്നോട്ടുപോയാൽ മാത്രം മതിയോ? വിദ്യാഭ്യാസരംഗത്ത് മൗലിക

LIBRARY ARCHIVES Kerala Legislative Assembly

മായ മാറ്റങ്ങൾക്കുവേണ്ടി ഇടതുപക്ഷജനാധിപത്യമുന്നണി ഗവണ്മെന്റ് കഴിഞ്ഞ മൂന്നുവർഷക്കാലത്തിനുള്ളിൽ പ്രീപ്രൈമറിയിലും പ്രൈമറിയിലും സെക്കന്ററിയിലും ഹയർ സെക്കന്ററിയിലും യൂണിവേഴ്സിറ്റി തലത്തിലും നടത്തിയ മാറ്റങ്ങൾ എന്താണ്? അത് പറയുക. അങ്ങനെ ഏതെങ്കിലും നിങ്ങൾ പറഞ്ഞോ? യൂണിവേഴ്സിറ്റി എഡ്യൂക്കേഷന്റെ കാര്യം ഇവിടെ പറഞ്ഞു. അവസാനം ശ്രീ. ജി. സുധാകരൻ പറഞ്ഞ വാചകം ഞാൻ കടമെടുക്കുന്നു. വൈറ്റ് കോളർ ഇട്ട ഒരു സംഘം ഗുണ്ടാപ്പടയുടെ, സാമൂഹ്യവിരുദ്ധന്മാരുടെ താവളമായി സർവ്വകലാശാല വിദ്യാഭ്യാസവും സർവ്വകലാശാല ക്യാമ്പസ്സുകളും മാറരുതെന്നുള്ള അങ്ങയുടെ ആ പ്രഖ്യാപനമുണ്ടല്ലോ, ഞങ്ങൾ ഇതിനെ പരിപൂർണ്ണമായി സ്വാഗതം ചെയ്യുന്നു. പക്ഷെ, നാം കണ്ടെത്തേണ്ടത്, അന്വേഷിക്കേണ്ടത് ആ സാമൂഹ്യവിരുദ്ധന്മാർ ആരാണെന്നുള്ളതാണ്. ഞങ്ങളുടെ പാർട്ടിയിൽപ്പെട്ടവരാണെങ്കിൽ, കെ.എസ്.യു.ക്കാരാണെങ്കിൽ ഞങ്ങൾ നടപടിയെടുക്കാം. ബഹുമാനപ്പെട്ട ജി. സുധാകരൻ, പണ്ടേ ഞങ്ങളെക്കുറിച്ച് നിങ്ങൾക്ക് ഒരു ആക്ഷേപമുണ്ട്, അങ്ങനെയാകാൻ ഞങ്ങൾക്ക് കഴിയില്ലല്ലോ എന്ന് മസിൽ പവർ നോക്കുന്ന പാർട്ടിയാണോ കോൺഗ്രസ്സ്? മസിൽ പവർ നോക്കുന്ന ഒരു വിദ്യാർത്ഥി പ്രസ്ഥാനമാണോ കെ.എസ്.യു? *(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)*

കേരളത്തിലെ കോളേജു കാമ്പസുകളേയും യൂണിവേഴ്സിറ്റി കാമ്പസുകളേയും നിങ്ങൾ കലാപവേദികളാക്കി മാറ്റി. വിദ്യാഭ്യാസ രംഗത്തെ വിദ്യാർത്ഥികളുടെ സൗഹൃദത്തെ തകർത്തത് എസ്.എഫ്.ഐ.യുടെ അക്രമ വാസനയാണെന്ന് നിങ്ങൾക്ക് എല്ലാവർക്കും അറിയില്ലേ? അങ്ങ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് മെമ്പർ ആയിരുന്നല്ലോ. യൂണിവേഴ്സിറ്റിയിൽ നടന്നത് എന്താണ്? സി.പി.ഐ-യും സി.പി.എം.-ഉം തമ്മിലുള്ള ഒരു മത്സരം പ്രകടമാകാതിരിക്കുന്നതിനുവേണ്ടി പണ്ടത്തെ ഒരു മന്ത്രിയുടെ മുണ്ടുമായി ബന്ധപ്പെടുന്ന കഥ പറഞ്ഞ് ഇവിടെ നടന്ന യൂണിവേഴ്സിറ്റി ചർച്ചയുടെ അറ്റൻഷൻ ഡൈവർട്ടു ചെയ്ത മുഖ്യമന്ത്രിയുണ്ടല്ലോ. യഥാർത്ഥത്തിൽ കേരള യൂണിവേഴ്സിറ്റിയിൽ നടന്നത് എന്താണ്? സി.പി.ഐ. മെമ്പർ ഞങ്ങളോടൊപ്പം നിന്ന് മത്സരിച്ചത് മാർക്സിസ്റ്റുകാർക്ക് രസിച്ചില്ല. ആ ജയിച്ച സെനറ്റു മെമ്പറെ എസ്.എഫ്.ഐ.ക്കാർക്ക് തല്ലണമായിരുന്നു. ഞങ്ങൾ അതിനു സമ്മതിച്ചില്ല. അതുകൊണ്ട് കേരളത്തിലെ യൂണിവേഴ്സിറ്റികൾ എവിടെ നിൽക്കുന്നു എന്നു നിങ്ങൾ ആലോചിക്കുന്നത് നല്ലതാണ്. ഇവിടെ ഒരുപാട് അന്വേഷണത്തിന്റെ കാര്യം പറഞ്ഞല്ലോ. ബി.എഡ്-ന്റെ റിസൽറ്റ്, എം.കോമി-ന്റെ റിസൽറ്റ് കാലിക്കട്ട് യൂണിവേഴ്സിറ്റി റിസൽറ്റ് തോറ്റ ആളുകളെ വിജയിപ്പിച്ചത് ഇതൊക്കെയു.ഡി.എഫ്-ന്റെ കാലത്താണോ? ഞാൻ ആ കഥകളിലേക്ക് പോകുന്നില്ല. ആളുകളെ സഹായിക്കുന്ന ഏർപ്പാടുണ്ട്. പക്ഷെ തോറ്റ ആളുകളെ വിജയിപ്പിക്കുന്ന റാങ്ക് ഇല്ലാത്ത ആളിന് റാങ്ക് കൊടുക്കുന്ന... ഇന്ന് ഏതോ പത്രത്തിൽ കിടക്കുന്നു കോഴിക്കോട് യൂണിവേഴ്സിറ്റിയിലെ വാല്യൂ ചെയ്യാത്ത ഉത്തരക്കടലാസുകൾ റോഡിൽ അനാഥമായി കിടക്കുന്നു എന്ന്. അതു കിടക്കും. അവിടത്തെ വി.സി. ആരാണ്? സർവ്വകലാശാലാ വിദ്യാഭ്യാസം നോക്കലല്ലല്ലോ അദ്ദേഹത്തിന്? വേറെയാണല്ലോ പണി. ഞാൻ പേരൊന്നും പറയുന്നില്ല. യൂണിവേഴ്സിറ്റി തലത്തിൽ പണ്ടും രാഷ്ട്രീയമുണ്ടായിട്ടുണ്ട്. ഇല്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷെ സർവ്വകലാശാലയെ നിങ്ങൾ രാഷ്ട്രീയവൽക്കരിച്ചിരിക്കുന്നു. സർവ്വകലാശാല ഇതുപോലെ രാഷ്ട്രീയവൽക്കരിക്കപ്പെട്ട ഒരു ഘട്ടവുമുണ്ടായിട്ടില്ല. കേരള യൂണിവേഴ്സിറ്റി തൊട്ട് എം.ജി. യൂണിവേഴ്സിറ്റി തൊട്ട്.... എം.ജി. യൂണിവേഴ്സിറ്റിയിലെ വൈസ് ചാൻസലറുടെ റൂമിനകത്തു കയറി അയാളേയും തല്ലി കൂടെ നിന്നവരേയും തല്ലി എന്ന് വൈസ് ചാൻസലർ പത്ര

LIBRARY ARCHIVES Kerala Legislative Assembly

സമ്മേളനം നടത്തി പറഞ്ഞില്ലേ? ശ്രീ. കെ.കെ.എൻ. കുറുപ്പ് എന്നുപറയുന്ന കാലിക്കട്ട് യൂണിവേഴിസിറ്റിലെ വൈസ് ചാൻസലർക്ക് കേരളത്തിലെ എല്ലാ അക്കാദമികളിലും അംഗത്വമുണ്ട്. അക്കാദമി യോഗങ്ങളിൽ പങ്കെടുക്കുന്നതിനു മാത്രമല്ലേ ഈ വൈസ് ചാൻസലർക്ക് സമയം കിട്ടുകയുള്ളു. അവിടെ നടന്നത് എന്താണ്? യൂണിവേഴ്സിറ്റിയിലെ തെറ്റുകളെ ചോദ്യം ചെയ്ത സെനറ്റു മെമ്പർമാരെ സെക്യൂരിറ്റിക്കാരെക്കൊണ്ട് തല്ലിയ സംഭവമല്ലേ? നമ്മുടെ വിദ്യാഭ്യാസം കൊണ്ടാണ് നമ്മൾ ജീവിക്കുന്നത്. നമ്മുടെ ധാതു സമ്പത്തു കൊണ്ടോ വനസമ്പത്തുകൊണ്ടോ കായിക സമ്പത്തുകൊണ്ടോ കടൽസമ്പത്തുകൊണ്ടോ അല്ല നമ്മൾ ജീവിക്കുന്നത്. മനുഷ്യ സമ്പത്തു കൊണ്ടാണ്. നമ്മൾ ആശ്രയിക്കുന്നത് മനുഷ്യ സമ്പത്തിനെയാണ്. വിദ്യാഭ്യാസമാണ് അതിന്റെ അടിത്തറ. ഉന്നത വിദ്യാഭ്യാസ രംഗത്ത് വൈസ് ചാൻസലർ നോക്കി നിൽക്കെ സെനറ്റ് മെമ്പറെ തല്ലിയ താൽക്കാലിക ജീവനക്കാരനെ സ്ഥിരം ജീവനക്കാരനാക്കിയ ആളുകളല്ലേ നിങ്ങൾ? ആ നിങ്ങളാണോ ഉന്നത വിദ്യാഭ്യാസത്തെപ്പറ്റി പറയുന്നത്. ശ്രീ. പിരപ്പൻകോട് മുരളി അങ്ങ് ഇത് അന്വേഷിക്കണം. പിന്നെ തോറ്റ ആളെ സിൻഡിക്കേറ്റിൽ കൊണ്ടുവന്ന് പി.വി.സി.യാക്കിയതിന് ഞങ്ങൾ ആക്ഷേപം പറയുന്നില്ല. പക്ഷെ അതു ശരിയാണോ എന്ന് നിങ്ങൾ ആലോചിക്കേണ്ടതാണ്. എനിക്ക് മനസ്സിലാകാത്തത് പിരപ്പൻകോട് മുരളിക്ക് എന്തു പറ്റി? എന്റെ കയ്യിൽ ധാരാളം കടലാസുകളുണ്ട്. സംസ്കൃത യൂണിവേഴ്സിറ്റിയിൽ നടന്ന അഴിമതിയെപ്പറ്റി ഞങ്ങൾ പറയും എന്ന് ശ്രീ. മുരളി പറഞ്ഞു. ഞങ്ങൾ പറയുന്നതിനു മുമ്പ് ശ്രീ. പിരപ്പൻകോട് മുരളി പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയാനിരിക്കുകയല്ലേ? കേരളത്തിലെ കോളേജുകളിൽ അദ്ധ്യാപകരില്ല. യൂണിവേഴ്സിറ്റികളിൽ എം. പാനൽ അദ്ധ്യാപകരാണ്. കെ.എസ്.ആർ.ടി.സി.യിൽ എംപാനൽഡ് ഡ്രൈവർമാരേയും കണ്ടക്ടർമാരേയും വച്ചതുപോലെ കേരളത്തിലെ സ്കൂളിലും കോളേജുകളിലും ഗസ്റ്റ് ലക്ചേറേഴ്സാണ്. എംപാനൽഡ് ഡ്രൈവർമാരെപ്പോലെയാണിത്. യു.ജി.സി. സ്കെയിലിലുള്ള അദ്ധ്യാപകരുടെ ശമ്പളം എത്രയാണെന്നറിയാമോ? അതു കേട്ടാൽ ഞെട്ടും. പക്ഷെ ഈ എംപാനൽഡ് അദ്ധ്യാപകനു കൊടുക്കുന്നത് മൂവായിരം രൂപയാണ്. ഈ സമ്പ്രദായം മാറണ്ട? പത്തുവർഷക്കാലത്തിനുള്ളിൽ യൂണിവേഴ്സിറ്റി അക്കാഡമി തലത്തെക്കുറിച്ച് അന്വേഷിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും ഒരു കമ്മീഷൻ വയ്ക്കണമെന്ന് നിയമമുണ്ട്. 1985-ൽ മാൽക്കം ആദിശേഷയ്യ കമ്മീഷനെ വച്ചു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. ടി.എം. ജേക്കബ് ഒരു "മഹാപാതകം ചെയ്തത്" പ്രീ-ഡിഗ്രി ബോർഡ് കൊണ്ടുവന്നത്. മാൽക്കം ആദിശേഷയ്യ കമ്മിഷൻ റിപ്പോർട്ടു പ്രകാരമായിരുന്നു അത്. അതിനുശേഷം കേരളത്തിൽ ഈ രംഗത്ത് ഒരു പഠനം വേണ്ടേ? ഇതെല്ലാം വിദ്യാഭ്യാസ വിചക്ഷണന്മാരായ നമ്മൾ മാത്രം പഠിച്ചാൽ മതിയോ? സ്വാശ്രയ കോളേജുകളെപ്പറ്റി ഞാൻ പറയുന്നില്ല. ശ്രീ. കെ.സി. ജോസഫ് ഇവിടെ പറഞ്ഞു. ഇന്നൊരു സാംസ്ക്കാരിക നയം കൊണ്ടുവന്നിട്ടുണ്ട്. പഴയ നയത്തിന്റെ പുസ്തകത്തിന്റെ അളവിലും തൂക്കത്തിലും മാത്രമേ മാറ്റമുണ്ടായിട്ടുള്ളു. സാംസ്ക്കാരികമായ ഫാസിസം ഇവിടെ നിലനിൽക്കുകയാണ്. കാർഗിലിൽ, നമ്മുടെ പ്രദേശങ്ങളിലേക്ക്, പാകിസ്ഥാൻ പട്ടാളക്കാർ നടത്തിയ നുഴഞ്ഞുകയറ്റമുണ്ടല്ലോ. അതിനേക്കാൾ വലിയ, ശാസ്ത്രീയമായ രീതിയിൽ കേരളത്തിലെ എല്ലാ സാംസ്ക്കാരിക രംഗങ്ങളിലേക്കും അധികാരത്തിന്റെ ശക്തി കൊണ്ട് പതുക്കെപ്പതുക്കെ മാർക്സിസ്റ്റു പാർട്ടി നുഴഞ്ഞുകയറ്റം നടത്തുകയാണ്. സി.ഐ.എ. എന്നുപറയുന്നത് എന്താണ്? അമേരിക്കൻ സി.ഐ. ചാരൻമാർ എന്നുപറയുന്നത് നമ്മളെപ്പോലെയല്ല. നമ്മൾ കള്ളനെ പിടിക്കാൻ നോർവേയിൽ പോകുകയാണെങ്കിലും സ്വീഡനിൽ പോകുകയാണെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

പത്രസമ്മേളനം നടത്തും. നമ്മുടെ സി.ബി.ഐ. നോർവേയിലേക്ക് പോയിരിക്കുന്നു സ്വീഡനിലേക്ക് പോയിരിക്കുന്നു അല്ലെങ്കിൽ ലണ്ടനിലേക്ക് പോയിരിക്കുന്നു എന്നു പറയും. എന്നാൽ സി.ഐ.എ. എന്നുപറയുന്നത്, അവർ പതുക്കെപ്പതുക്കെ പ്രവേശിച്ച് അവരുടെ സാന്നിദ്ധ്യം റിസൽറ്റ് വരുമ്പോഴേ നമ്മൾ മനസ്സിലാക്കൂ. ഓരോ മേഖലയിലേക്കും പതുക്കെപ്പതുക്കെ കടന്ന് കടന്ന് ഇവിടെ സാംസ്ക്കാരിക ഫാസിസം നടക്കുന്നു. സാംസ്ക്കാരിക നയം വർഷം തോറും മാറ്റുന്നു. രാവിലെ പറഞ്ഞത് ഞാൻ ആവർത്തിക്കുന്നില്ല. വർഷം തോറും നാടിന്റെ സാംസ്ക്കാരിക നയം മാറുമോ; പൈതൃകം മാറുമോ; നയങ്ങൾ മാറുമോ? ഇവിടെ ശ്രീ. ജയദേവന്റെ പ്രസംഗം എന്തായിരുന്നു. ഞാൻ പറഞ്ഞതു അതാണ്. കാർഗിലിലെ കടന്നു കയറ്റം, സി.പി.എം. പ്രാദേശിക നേതാക്കന്മാർ കൂടെ നിൽക്കുന്ന സുഹൃത്തുക്കളെപ്പോലും മാറ്റി നിറുത്തിയാണ് കടന്നു കയറ്റം നടത്തുന്നത്. സാഹിത്യ അക്കാദമി സാഹിത്യകാരന്മാർക്ക് വിട്ടു കൊടുക്കണം. സംഗീത അക്കാദമി സംഗീതകാരൻമാർക്ക് വിട്ടു കൊടുക്കണം. കലാമണ്ഡലം കലാകാരന്മാർക്കു വിട്ടുകൊടുക്കണം. എല്ലാ തരത്തിലും ആ സ്ഥാപനങ്ങളിൽ നിങ്ങൾ പങ്കാളികളാകരുത്. ഇവിടെ ഫിലിം അവാർഡിൽപ്പോലും കടന്നു കയറ്റമുണ്ടായില്ലേ? ഒരു കോടി രൂപ ചെലവാക്കി സംസ്ഥാന സർക്കാർ അന്താരാഷ്ട്ര ചലചിത്രമേള കൊച്ചിയിൽ നടത്തി. ആ ചലച്ചിത്രമേളയെ മാർക്സിസ്റ്റു മേളയാക്കി. ഒരു സംശയവും വേണ്ട. ലോകത്തിന്റെ പല ഭാഗങ്ങളിലും മൂന്നാം ലോക രാജ്യങ്ങളിലും വന്നിരിക്കുന്ന മാറ്റങ്ങൾ നമുക്ക് ബോദ്ധ്യമാകാൻവേണ്ടി അതു അനുഭവവേദ്യമാകാൻവേണ്ടിയാണ് അന്താരാഷ്ട്ര ഫിലിം രംഗം നമ്മൾ ഇവിടെ ഉപയോഗിച്ചത്. ഇതു കാണാൻ ആഗ്രഹിച്ച ആളുകൾക്ക് പാസ്സുകൾ കിട്ടുന്നതിനു പകരം..... ബഹുമാനപ്പെട്ട ശർമ്മ ഇവിടെയുണ്ടല്ലോ ഇതൊക്കെ പാർട്ടി ജില്ലകൾക്ക് വിഭജിച്ചു കൊടുക്കേണ്ട കാര്യങ്ങളാണോ? അങ്ങനെയല്ല. ഇതു പാർട്ടി ജില്ലാകമ്മിറ്റിക്ക് വിഭജിച്ചു കൊടുക്കേണ്ട കാര്യങ്ങളല്ല. സ്വാഭാവികമായും നിങ്ങളുടെ ഭരണമുണ്ടാകുമ്പോൾ നിങ്ങളുടെ പങ്കാളിത്തമുണ്ടാകും. അതു ഞാൻ സമ്മതിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : അവിടെയിരിക്കുന്ന എറണാകുളം ജില്ലയിലെ ശ്രീ. കെ. ബാബുവിനോടും ഡോ. എം.എ. കുട്ടപ്പനോടും ഒക്കെ ചോദിച്ചു നോക്കണം. ഞങ്ങൾ ഒരുമിച്ച് ഇരുന്നാണ് കണ്ടത്. പിന്നെ എന്തിനാ ജില്ലാ കമ്മിറ്റിക്ക് വിഭജിച്ച് കൊടുത്ത കാര്യം പറഞ്ഞത്.

ശ്രീ. ജി. കാർത്തികേയൻ : സർ, ഡോക്ടർക്ക് ചിലപ്പോൾ ഒരു പാസ്സ് കിട്ടിക്കാണും. ഞാൻ ആ പത്രം കൊണ്ടുവന്നില്ല. അവിടെ എല്ലാ ഹാളുകളിലും കയറാവുന്ന ഗോൾഡൻ പാസ്സുകൾ അഞ്ചു വയസ്സായ കുട്ടികൾ വരെ കൊണ്ടുവന്നു എന്തുകൊണ്ടാണ്? കുട്ടികളുടെ അച്ഛനമ്മന്മാർക്ക് കിട്ടി. കുട്ടികളുടെ അച്ഛനമ്മന്മാർ ആരാണെന്ന് ഞാൻ പറയേണ്ട കാര്യമില്ലല്ലോ. ഈ കേരളത്തിന്റെ സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാവർക്കും പങ്കാളിത്തം വേണം. ആ പങ്കാളിത്തം എല്ലായിടത്തും ഉണ്ടാകുന്നില്ല. ഇവിടെ ഒരുപാടു പരാതികൾ വന്നു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, എൻസൈക്ലോപീഡിയ സാഹിത്യ അക്കാദമി അതുമായി ബന്ധപ്പെട്ടവർക്ക് പെൻഷൻ അനുവദിച്ചതായി ഇവിടെ പറഞ്ഞു. നമ്മുടെ നാട്ടിൽ സിനിമാ രംഗത്തു പ്രവർത്തിച്ച അവശ കലാകാരന്മാർ, അവർ പെൻഷൻ കൊണ്ട് മാത്രമാണ് ജീവിക്കുന്നത്. കഴിഞ്ഞ എട്ടു മാസമായി അവർക്ക് പെൻഷൻ കിട്ടിയിട്ടില്ല. അതു കിട്ടാൻ നടപടിയെടുക്കണം. കേരളത്തെ മുന്നോട്ടു കൊണ്ടുപോകാൻ മറ്റ് ഏതു മേഖലയ്ക്കും പ്രാപ്തമായ ഒരുപാട് പശ്ചാത്തലങ്ങളുണ്ട്. പക്ഷെ നമ്മളെ സംബന്ധിച്ച് ഏറ്റവും പ്രധാനമായിട്ടുള്ളത് വിദ്യാഭ്യാസ മേഖ

LIBRARY ARCHIVES Kerala Legislative Assembly

ലയാണ്. പ്രീ-പ്രൈമറി തലം മുതൽ യൂണിവേഴ്സിറ്റി തലംവരെയുള്ള വിദ്യാഭ്യാസത്തെ ശാസ്ത്രീയമായ അവബോധത്തോടുകൂടി കാണാത്തതു കൊണ്ടും എല്ലാ മേഖലയേയും രാഷ്ട്രീയവൽക്കരിക്കുന്നതിനുവേണ്ടിയും മറ്റു ചില താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയും മുന്നോട്ടു കൊണ്ടു പോകുന്ന ഒരു പ്രത്യേക സംവിധാനത്തിൽ കേരള സംസ്ഥാനത്തെ വിദ്യാഭ്യാസം കൈകാര്യം ചെയ്ത് വിദ്യാഭ്യാസ രംഗത്തെ പാടെ തകർത്തിരിക്കുന്നു. വിദ്യാഭ്യാസ രംഗത്തെക്കുറിച്ചുള്ള ചർച്ചയ്ക്ക് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ പ്രതിപക്ഷം പറഞ്ഞ കാര്യങ്ങൾക്ക് ആക്രമണ സ്വഭാവത്തോടുകൂടി മറുപടി പറയുന്നതിലുപരി വരും നാളുകളിൽ ജനസമൂഹത്തെ മുന്നോട്ടു കൊണ്ടുപോകുന്നതിനുതകുന്ന, വിദ്യാഭ്യാസ രംഗത്തെ സംശുദ്ധമാക്കാൻ ഉതകുന്ന, ക്രിയാത്മകമായ എല്ലാ മൗലികതകളും മുന്നോട്ടു കൊണ്ടു പോകുന്നതിനുള്ള ഒരു തുറന്ന സമീപനം അദ്ദേഹത്തിന്റെ മറുപടിയിൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

X. വ്യക്തിപരമായ വിശദീകരണം

<u>ശ്രീ. ടി.എസ്. ജോൺ</u> : സർ, ബഹുമാനപ്പെട്ട മാമ്മൻ മത്തായി ഇവിടെ പ്രസംഗിച്ചപ്പോൾ തെറ്റിദ്ധാരണ പരത്തുന്ന ഒരു കാര്യം പറഞ്ഞു. അദ്ദേഹത്തിന് മനസ്സിലാകാത്തതുകൊണ്ട് ഞാൻ പറയുകയാണ്. 1994-ൽ ഞാൻ എം.എൽ.എ. അല്ലാതിരുന്നപ്പോൾ അമേരിക്കയിൽ നിന്നു തിരിച്ചുവന്ന കലമണ്ണിൽ കെ.ജെ. എബ്രഹാം ഉൾപ്പെടെ ആറു പേരുൾപ്പെട്ട ഒരു പാർട്ട്ണർഷിപ്പിൽ കെ.എഫ്.സി. യിൽനിന്നും കടമെടുത്ത് ഒരു കെട്ടിടം പത്തനംതിട്ടയിൽ പണിതു. അതിൽ ഒരു ആശുപത്രി ആരംഭിച്ചു. പത്തനംതിട്ടയിലെ ആഡിയോ വിഷൽ ഓഫീസ് വെള്ളം കയറുന്ന സ്ഥലത്തായിരുന്നു പ്രവർത്തിച്ചിരുന്നത്. ഒരു ദിവസം വെള്ളം പൊങ്ങി വിലപിടിപ്പുള്ള കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഉപകരണങ്ങളും മറ്റും മുങ്ങിയപ്പോൾ പ്രസ്തുത ആശുപത്രി കെട്ടിടത്തിന്റെ ഒരു ഭാഗത്ത് അത് കൊണ്ടുവന്നുവച്ചു. 5000 സ്കയർ ഫീറ്റ് സ്ഥലം അവർക്ക് വാടകയ്ക്ക് വേണമെന്ന് ആവശ്യപ്പെട്ടു. കൊടുത്തു. നിയമാനുസൃതമുള്ള വാടക കിട്ടുന്നുണ്ട്. 50,000 രൂപ വാടക തരുന്നുവെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് സത്യവിരുദ്ധമാണ്. അതിന്റെ പകുതിപോലും വാടക ഇനത്തിൽ നൽകുന്നില്ലെന്നുള്ളതാണ് വസ്തുത. പത്തനംതിട്ടയിൽ പ്രവർത്തിച്ചുവന്ന ഒരു സ്ഥാപനം തുടർന്ന് നടത്തിക്കൊണ്ടുപോകാൻ വെള്ളം കയറാത്ത സ്ഥലം ലഭ്യമല്ലാതെ വന്നപ്പോൾ ജില്ലയിലെ സ്ഥാപനം നഷ്ടപ്പെടാതെ തുടർന്നു നടത്താൻ ആശുപത്രി നടത്തിവന്ന കെട്ടിടത്തിന്റെ ഒരു ഭാഗം വിട്ടു കൊടുത്തത് സംബന്ധിച്ച് ജില്ലയിലെ ഒരു മെമ്പർ തന്നെ ഇത്തരമൊരു ആക്ഷേപമുന്നയിക്കാൻ തയ്യാറായത് നിർഭാഗ്യകരമായി പോയിയെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ മാമ്മൻ മത്തായി</u> : സർ, ഇത് മലയാള മനോരമയിൽ വന്ന വാർത്തയാണ്.

<u>ശ്രീ. ടി.എസ്. ജോൺ</u> : സർ, മലയാള മനോരമയിൽ വന്നത് ശരിയല്ല. ഞാൻ പറഞ്ഞതാണ് ശരി.

<u>ശ്രീ. പി.സി. ജോർജ്</u> : സർ, ഇന്നലെ ബഹുമാനപ്പെട്ട മാമ്മൻ മത്തായിയും വേറെ ചില ആളുകളും നിയമസഭയ്ക്ക് പുറത്തുവച്ച് എന്നെ തകർത്തുകളയും, ശരിപ്പെടുത്തിക്കളയുമെന്നൊക്കെ പറഞ്ഞപ്പോൾ ഇതിലും

LIBRARY ARCHIVES Kerala Legislative Assembly